# ഒമ്പതാം പദ്ധതി
# നമ്മുടെ പദ്ധതി



**1996**

## ജനകീയാസൂത്രണ പ്രസ്ഥാനം

### കാവശ്ശേരി ഗ്രാമ പഞ്ചായത്ത്

## വികസനരേഖ



എന്റെ ജീവിതമാണ് എന്റെ സന്ദേശം

109-ദ

# ഒമ്പതാം പദ്ധതി
# നമ്മുടെ പദ്ധതി

## കാവശ്ശേരി ഗ്രാമ പഞ്ചായത്ത്
## വികസനരേഖ

1996

ജനകീയാസൂത്രണ പ്രസ്ഥാനം


ELECTRICAL SECTION
PADUR — [KAVASSERY GRAMA PANCHAYATH]
11 KV. LINE DIAGRAM.
O TRANSFORMER
|| LINE AB
O| TRANSFORMER CUM LINE AB
— 11 KV. LINE
= ROAD AND SUB ROAD
RIVER
KSEB
N
W
E
S



# സമർപ്പണം

" ഗ്രാമങ്ങളുടെ സ്വയം പര്യാപ്തത ലക്ഷ്യമാക്കിയ
മഹാത്മജിയുടെ പാവന സ്മരണയ്ക്കു മുമ്പിൽ
ആദരാജ്ഞലികൾ അർപ്പിച്ചുകൊണ്ടും,
ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ കൊച്ചുകേരളത്തെ
നാടിൻെറ ചരിത്രത്തിലെ മുത്തുമണിയാക്കാൻ മാനസികമായി
നേതൃത്വം നൽകിയ പ്രഗത്ഭമതികളെ ആദരിച്ചുകൊണ്ടും,
നിർദ്ദേശങ്ങളും, സഹായങ്ങളും സഹകരണങ്ങളും നൽകി
വികസന റിപ്പോർട്ട് പൂർണ്ണതയിലെത്തിച്ച
എല്ലാ ജനവിഭാഗങ്ങളോടും, വകുപ്പു ഉദ്യോഗസ്ഥന്മാരോടും
കൃതജ്ഞത രേഖപ്പെടുത്തികൊണ്ടും
ഈ റിപ്പോർട്ട് സമർപ്പിക്കുന്നു."

കെ. വാസുമാസ്റ്റർ
കൺവീനർ,
ജനകീയ ആസൂത്രണ സമിതി,
കാവശ്ശേരി ഗ്രാമപഞ്ചായത്ത്.

# എഡിറ്റോറിയൽ ബോർഡ്

❖❖❖

ഇ. സി. വേലായുധൻ
പ്രസിഡണ്ട്, ഗ്രാമപഞ്ചായത്ത്

❖

എ. അഹമ്മദ് കബീർ
വൈസ്. പ്രസിഡണ്ട്, ഗ്രാമപഞ്ചായത്ത്

❖

എ. ആണ്ടിയപ്പു
ചെയർമാൻ, സ്റ്റാൻറിംഗ് കമ്മറ്റി

❖

വി. പൊന്നുക്കുട്ടൻ
മെമ്പർ, ഗ്രാമപഞ്ചായത്ത്

❖

കെ. കേശവദാസ്
മെമ്പർ, ഗ്രാമപഞ്ചായത്ത്

❖

ഉണ്ണിക്കുമാർ മാസ്റ്റർ
വാസുദേവൻ മാസ്റ്റർ, പാടൂർ
ശിവരാമകൃഷ്ണൻ

❖

എഡിറ്റർ - ഇൻ - ചീഫ്
കെ. വാസുമാസ്റ്റർ



ശ്രീ. ഇ. എം. എസ്.
ജനകീയാസൂത്രണ ഉന്നത
തല മാർഗ്ഗ ദർശക കമ്മറ്റി
അദ്ധ്യക്ഷൻ



മുഖ്യമന്ത്രി
ശ്രീ. ഇ. കെ. നായനാർ

ചെയർമാൻ, സ്റ്റേറ്റ്
പ്ലാനിംഗ് ബോർഡ്



ശ്രീ. എ. കെ. ആൻറണി
വൈസ് ചെയർമാൻ,
ജനകീയാസൂത്രണ ഉന്നതതല
മാർഗ്ഗദർശക കമ്മറ്റി



**N. N. Krishnadas**
Member of Parliament
(Lok Sabha)

"THE NEST"
College Road,
Palakkad - Kerala
Phone: 0491 - 520001

412, V. P. House,
New Delhi
Phone: 011 -
376378

പാലക്കാട്
14-12-96

പ്രസിഡണ്ട്
കാവശ്ശേരി ഗ്രാമപഞ്ചായത്ത്

*പ്രിയ സുഹൃത്തേ,*

*കാവശ്ശേരി ഗ്രാമപഞ്ചായത്ത് വികസന സെമിനാർ 1996 ഡിസംബർ പതിനാലിന് നടക്കുന്നതറിഞ്ഞു. ജനപങ്കാളിത്തത്തോടെയുള്ള കാവശ്ശേരി ഗ്രാമപഞ്ചായത്തിന്റെ വികസനമുന്നേറ്റത്തിനും സെമിനാറിനും എന്റെ ഹൃദയപൂർവ്വകമായ ആശംസകൾ.*

സ്നേഹപൂർവ്വം

(ഒപ്പ്)
**എൻ. എൻ. കൃഷ്ണദാസ്**



**സി. കെ. രാജേന്ദ്രൻ**
(ആലത്തൂർ)
മെമ്പർ
കേരള നിയമസഭ
കരുമനശ്ശേരി
പി. ഒ. കിഴക്കഞ്ചേരി
പാലക്കാട്

ഫോൺ: വടക്കഞ്ചേരി - 255494
തിരുവനന്തപുരം - 443970/230

സ്ഥലം : കിഴക്കഞ്ചേരി

തീയതി : 10-12-96

## ആശംസാ സന്ദേശം

*ഭരണഘടനയുടെ 73, 74 ഭേദഗതികളിലൂടെ നിലവിൽ വന്ന പഞ്ചായത്തീ രാജ് സംവിധാനം അതിൻെറ ഉദ്ദേശ ലക്ഷ്യങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തന പഥത്തിലാണല്ലൊ? ജനാധിപത്യവ്യവസ്ഥയിൽ ഭരണസംവിധാന ങ്ങളുടെ ഭരണപരിഷ്കാരങ്ങളുടെ ഗുണഫലം എത്തേണ്ട കൈകളിൽ എത്തണ മെങ്കിൽ ആ വിഭാഗത്തിൽപ്പെട്ട അശരണരും പാവപ്പെട്ടവരുമായവരുടെ പങ്കാ ളിത്തം ഉറപ്പ് വരുത്തണം. ഈ ലക്ഷ്യംവെച്ച്കൊണ്ട് ഒമ്പതാം പദ്ധതി ജനകീയ പദ്ധതി ആക്കുന്നതിന്നും ആസൂത്രണപ്രക്രിയയിൽ മുമ്പ് പറഞ്ഞ ജനവിഭാഗങ്ങ ളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനും തുടങ്ങിയിട്ടുള്ള പ്രവർത്തന പരിപാടി സമാപനഘട്ടത്തിലേക്ക് കടക്കുകയാണല്ലൊ? രാഷ്ട്രീയത്തിനും സങ്കുചിത ബോധങ്ങൾക്കും അതീതമായി വൻതോതിൽ ജനപങ്കാളിത്തം തെളിയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഇതിൻെറ ഒരു ഘട്ടം എന്ന നിലയിൽ ഗ്രാമപഞ്ചായത്തിൻെറ അടിസ്ഥാന പ്രശ്നങ്ങൾ ചർച്ചക്ക് വിധേയമാക്കാൻ ചേരുന്ന വികസന സെമി നാറിനും അതിന്ന് തയ്യാറാക്കുന്ന ചരിത്രരേഖയ്ക്കും എല്ലാവിധ ആശംസകളും അറിയിക്കുന്നു*

സ്നേഹപൂർവ്വം

(ഒപ്പ്)
**സി. കെ. രാജേന്ദ്രൻ**



പി. എം. അബ്ദുറം റഹ്മാൻ
മെമ്പർ
പാലക്കാട് ജില്ലാ പഞ്ചായത്ത്



വി. സി. രാമചന്ദ്രൻ
പ്രസിഡണ്ട്
ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്



കെ. ഗോപിനാഥ്
മെമ്പർ
ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത്

## പഞ്ചായത്ത് ഭരണ സമിതി



ഇ. സി. വേലായുധൻ
(പ്രസിഡണ്ട്)



എ. അഹമ്മദ് കബീർ
(വൈസ് പ്രസിഡണ്ട്)



എ. ആണ്ടിയപ്പു
(ചെയർമാൻ
സ്റ്റാൻറിംഗ് കമ്മറ്റി)



പൊന്നുക്കുട്ടൻ



എം. കെ. കാദർ



കേശവദാസ്



രവി. കെ.



ജയാ ബാലകൃഷ്ണൻ



കെ. വി. മൈഥലി



കാർത്ത്യായനി



സുഗുണകുമാരി

## ഗ്രാമപഞ്ചായത്ത് അംഗങ്ങൾ

| വാർഡ് നമ്പർ | നിയോജകത്തിൻെറ പേര് | അംഗത്തിൻെറ പേര് | പൊതുവിവരണം |
|---|---|---|---|
| I | പത്തനാപുരം | ശ്രീ. എ. അഹമ്മദ് കബീർ | ജനറൽ |
| II | കാവശ്ശേരി | ശ്രീ. ആണ്ടിയപ്പു | " |
| III | കൊങ്ങാളക്കോട് | ശ്രീമതി കെ. വി. മൈഥിലി | വനിത |
| IV | ചുണ്ടക്കാട് | ശ്രീ. എം. കെ. കാദർ | ജനറൽ |
| V | ഇരട്ടക്കുളം | ശ്രീ. ഇ. സി. വേലായുധൻ | ഹരിജൻ സംവരണം |
| VI | കോതപുരം | ശ്രീ. വി. പൊന്നുക്കുട്ടൻ | " |
| VII | തെന്നിലാപുരം | ശ്രീമതി എം. കാർത്ത്യായനി | വനിത ഹരിജൻ സംവരണം |
| VIII | ഇരകുളം | ശ്രീമതി സി. സുഗുണകുമാരി | വനിത |
| IX | ചുങ്കം | ശ്രീമതി ജയാബാലകൃഷ്ണൻ | വനിത |
| X | പാടൂർ | ശ്രീ. പി. കേശവദാസ് | ജനറൽ |
| XI | നടക്കാവ് | ശ്രീ. കെ. രവി | ജനറൽ |

# മുൻപ്രസിഡണ്ടുമാർ


ശ്രീ. ചെല്ലപ്പൻ നായർ


ശ്രീ. കെ. വി. സ്വാമിനാഥൻ


ശ്രീ. കെ. പി. കലാധരൻ


ശ്രീ. കെ. എ. ബാലകൃഷ്ണൻ

# പഞ്ചായത്ത് ഒരു എത്തിനോട്ടം

| | |
|---|---|
| പഞ്ചായത്തിൻെറ പേര് | കാവശ്ശേരി ഗ്രാമപഞ്ചായത്ത് |
| പഞ്ചായത്ത് വിസ്തൃതി | 28.14 ച. കി മീ. |
| ഉൾപ്പെടുന്ന വില്ലേജുകൾ | കാവശ്ശേരി I, കാവശ്ശേരി II |
| ബ്ലോക്ക് പഞ്ചായത്ത് | ആലത്തൂർ |
| ജില്ലാ പഞ്ചായത്ത് | പാലക്കാട് |
| താലൂക്ക് | ആലത്തൂർ |
| ജില്ല | പാലക്കാട് |
| അസംബ്ലി നിയോജകമണ്ഡലം | ആലത്തൂർ |
| ബ്ലോക്ക് പഞ്ചായത്ത് നിയോജകമണ്ഡലം | കാവശ്ശേരി, ആലത്തൂർ |
| ലോകസഭ നിയോജകമണ്ഡലം | പാലക്കാട് |

*അതിർത്തികൾ :*

| | |
|---|---|
| വടക്ക് | തരൂർപഞ്ചായത്ത്, കുത്തനൂർ പഞ്ചായത്ത്, ഗായത്രിപുഴ |
| തെക്ക് | മംഗലം പുഴ, വടക്കഞ്ചേരി |
| കിഴക്ക് | ആലത്തൂർ പഞ്ചായത്ത് |
| പടിഞ്ഞാറ് | മംഗലം പുഴ |
| ജനസംഖ്യ | 24783 |
| പുരുഷന്മാർ | 11917 |
| സ്ത്രീകൾ | 12866 |
| ജനസാന്ദ്രത | 880.70/ ചതുരശ്ര കി. മീ. |
| സാക്ഷരത നിരക്ക് | 79.34% |
| പുരുഷ സാക്ഷരത | 87.62% |
| സ്ത്രീ | 71.80% |
| ജനനനിരക്ക് | |
| ഗ്രാമപഞ്ചായത്ത് നിയോജകമണ്ഡലം | 11 |
| ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് | ശ്രീ. ഇ. സി. വേലായുധൻ |
| ഗ്രാമപഞ്ചായത്ത് വൈ. പ്രസിഡൻറ് | ശ്രീ. എ. അഹമ്മദ് കബീർ |
| ഗ്രാമപഞ്ചായത്ത് സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ | ശ്രീ. എ. ആണ്ടിയപ്പു |

1. സർപ്പണം
2. ആമുഖം
3. പഞ്ചായത്തിന്റെ സാമൂഹിക സാംസ്കാരിക പശ്ചാത്തലം
4. പഠന പര്യടന റിപ്പോർട്ട്
5. 
    1. കൃഷിയും ജലസേചനവും
    2. മൃഗസംരക്ഷണവും, മത്സ്യബന്ധനവും
    3. വ്യവസായം - ഊർജ്ജം
    4. വിദ്യാഭ്യാസം
    5. പൊതുജനാരോഗ്യം - കുടിവെള്ളം
    6. ഗതാഗതം
    7. ഭവന നിർമ്മാണം - സാമൂഹ്യക്ഷേമം
    8. വനിത ക്ഷേമം
    9. പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം
    10. സംസ്ക്കാരം
    11. സഹകരണം
    12. വിഭവ സമാഹരണം
6. ഉപസംഹാരം
7. കുറിപ്പുകൾ



ഇ.സി. വേലായുധൻ
പ്രസിഡണ്ട്

# 1

# ആമുഖം

പിന്നിട്ട എട്ട് പഞ്ചവത്സര പദ്ധതികളിലൂടെ നടപ്പില്ലാക്കപെട്ട വികസന പ്രവർത്തനങ്ങളെല്ലാം ജനപങ്കാളിത്തത്തിൻെറ അഭാവം മൂലം നാമുദ്ദേശിച്ച ലക്ഷ്യപ്രാപ്തിയിലെത്താൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത പരമാർത്ഥമാണല്ലൊ. ജനപങ്കാളിത്തത്തോടെ നടത്തുന്ന ഒമ്പതാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതി ആവുന്നതിലൂടെ അധികാരവും ആസൂത്രണവും താഴെ തട്ടിലേക്കെത്തുകയാണ്. ഈ പ്രക്രിയക്ക് ആക്കംകൂട്ടാൻ ഭരണഘടനയുടെ 73, 74 ഭേദഗതി പ്രകാരം നിലവിൽവന്ന പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് കഴിയുമെന്ന് പ്രത്യാശിക്കാം.

സാമൂഹ്യ സാംസ്കാരിക മണ്ഡലത്തിൽ കാവശ്ശേരി പഞ്ചായത്ത് മുൻപന്തിയിലാണെങ്കിലും സമ്പത്തുൽപ്പാദനരംഗത്ത് വളരെ പുറകിലാണ്. ആലത്തൂർ ബ്ലോക്കിൽ പട്ടികജാതി വിഭാഗത്തിനായ് സംവരണം ചെയ്യപ്പെട്ട ഒരു പഞ്ചായത്താണ്. 11917 പുരുഷന്മാരും 12866 സ്ത്രീകളും ഉൾപ്പടെ 24783 ജനങ്ങളാണ് ഈ പഞ്ചായത്തിൽ ജീവിക്കുന്നത്. 1055 ഹെക്ടർ ഇരുപ്പുകൃഷിയും ഹെക്ടർ മറ്റ് കൃഷികളിലുമായി 70% ജനങ്ങളും കാർഷിക മേഖലയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്.

പരമ്പരാഗത - കുടിൽ വ്യവസായങ്ങളെ ആശ്രയിച്ചു ജീവിക്കുന്ന 10% ജനങ്ങളും ഈ പഞ്ചായത്തിലുണ്ട്. വിദ്യാഭ്യാസ രംഗത്ത് 7 എൽ. പി. സ്കൂളുകളും, 2 യു. പി. സ്കൂളുകളും, ഒരു ഹൈസ്കൂളും, ഒരു കോളേജുമാണ് ഇവിടെയുള്ളത്. ഇതിൽ സർക്കാർ മേഖലയിൽ ഒരു എൽ. പി. സ്കൂൾ മാത്രമാണുള്ളത്. പഞ്ചായത്തിൽ ഒരു പ്രാഥമിക ആരോഗ്യകേന്ദ്രം ഉണ്ടെങ്കിലും ഭൂരിഭാഗം ജനങ്ങളും ആലത്തൂർ ആശുപത്രിയെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിലെ ഗവണമെൻറ് സ്ഥാപനങ്ങളായി വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വെറ്റിനറി ആശുപത്രിയും ഐ. സി. ഡി. പി. സെൻററും വിവിധ ഓഫീസുകളായി 2 വില്ലേജ് ഓഫീസുകളും ഒരു ഇലക്ട്രിസിറ്റി ഓഫീസും കൃഷി ഭവൻ ഓഫീസുമാണുള്ളത്. രൂക്ഷമായ കുടിവെള്ളക്ഷാമം ഈ പഞ്ചായത്തിൻെറ വലിയ പ്രശ്നമാണ്. ദുർബല വിഭാഗങ്ങൾക്ക് പാർപ്പിടമില്ലാത്ത

1996 സെപ്തംബർമാസം മുതൽക്കാണ് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇതിനിടയിൽ ജില്ലാതല പഞ്ചായത്ത് തല ശിൽപ്പശാലയിൽ റിസോഴ്സസ് പേഴ്സൺമാരെ പങ്കെടുപ്പിക്കുകയും പഠന പര്യടന യാത്ര നടത്തി വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു. ഇതിനിടയിൽ റിപ്പോർട്ട് വേണ്ടത്ര മെച്ചപ്പെടുത്താൻ സമയക്കുറവ് കാരണമായിട്ടുണ്ട്.

പഞ്ചായത്തിൻെറ സമഗ്രമായ പുരോഗതിക്കുവേണ്ടി അടുത്ത അഞ്ച് വർഷകാലം കൈമെയ് മറന്ന് പ്രവർത്തിക്കാമെന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.

അവസ്ഥ ഈപഞ്ചായത്തിൽ എടുത്തുപറയേണ്ടതാണ്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ധാരാളം പ്രദേശം നമ്മുടെ പഞ്ചായത്തിലുണ്ട് എന്നാൽ അവരുടെ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. പഞ്ചായത്തിൻെറ പൊതുധാരയിലേക്ക് സ്ത്രീകളെ ഉയർത്തിക്കൊണ്ടുവരാൻ മെച്ചപ്പെട്ട തൊഴിൽ സംരഭങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു. വിഭവ സമാഹരണ രംഗത്ത് പഞ്ചായത്തിന് എത്തിപ്പിടിക്കാൻ കഴിയുന്ന മേഖല വിരളമാണ്. സഹകരണരംഗത്ത് പട്ടികജാതി വിഭാഗത്തിനായി പ്രത്യേകമായ സൊസൈറ്റിയുണ്ട്. ഒരു സർവ്വീസ് സഹകരണ ബാങ്കും അഞ്ച് പാൽസൊസൈറ്റികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

# 3

# ഭൂപ്രകൃതി

പാലക്കാട് ജില്ലയിൽ പടിഞ്ഞാറു ഭാഗത്തായി സ്ഥിതി ചെയ്യുന്ന കാവശ്ശേരി പഞ്ചായത്തിൻെറ വടക്കുകിഴക്കുഭാഗവും തെക്കു കിഴക്കു ഭാഗത്തുമായി കുന്നിൻ പ്രദേശങ്ങൾ സ്ഥിതി ചെയ്യുന്നു. ബാക്കി പ്രദേശങ്ങൾ സമതല പ്രദേശങ്ങളായി സ്ഥിതിചെയ്യുന്നു. അങ്ങിങ്ങായി ചെറിയ കുന്നിൻ പ്രദേശങ്ങളും കുറ്റിക്കാടുകളും ഉണ്ട്.

പഞ്ചായത്തിൻെറ തെക്ക് പടിഞ്ഞാറുഭാഗത്ത് മംഗലം പുഴയും വടക്കുഭാഗത്തായി ഗായത്രി പുഴയും ഒഴുകുന്നു. ഇവ രണ്ടും പാടൂർ ഭാഗത്ത് കുട്ടുമുക്ക് എന്ന സ്ഥലത്ത് വെച്ച് സന്ധിച്ചു ചീരക്കുഴി പുഴയിൽ ചേരുന്നു.

പഞ്ചായത്തിൻെറ നല്ല ഒരു ഭാഗം നെൽകൃഷിക്ക് പറ്റിയ മണ്ണായ ചുവപ്പ് കലർന്ന കളിമണ്ണാണ്. മറ്റു കുന്നിൻ ചരിവുകളിൽ റബ്ബർ, തെങ്ങ്, മരച്ചീനി, കശുമാവ് എന്നിവ കാണുന്നു. പഞ്ചായത്തിൻെറ ആകെയുള്ള വിസ്തൃതി 28.53 ച. കി. മി. ആണ് ഇതിൽ നെൽകൃഷി 100515 1 ഹെക്ടർ

നെൽകൃഷി സ്ഥലങ്ങൾ നികത്തി കെട്ടിടനിർമ്മാണത്തിന് ഉപയോഗിക്കുന്ന പ്രവണത പഞ്ചായത്തിലെ പ്രധാന റോഡുകളുടെ ഇരു വശങ്ങളിലായി കാണുന്നു. ഇത് ഒരു പരിസ്ഥിതി പ്രശ്നമായി കാണുന്നു. ഇത് പഞ്ചായത്തിലെ നെൽപ്പാടങ്ങളിൽ വെള്ള കെട്ട് ഉണ്ടാക്കുന്നുണ്ട്. കൂടാതെ റോഡുകളുടെ തകർച്ചക്കും ഈ പ്രവണത ഇടയാക്കുന്നുണ്ട്.

## ജനപ്രകൃതി

ഇന്ത്യയിൽ 1991 ൽ നടന്ന കാനേഷുമാരി കണക്കു പ്രകാരം കാവശ്ശേരി പഞ്ചായത്തിൽ 24783 ആണ്. ഇതിൽ സ്ത്രീകൾ 12866 ഉം പുരുഷൻ 11917 ഉം ആണ്. 6 വയസ്സിനു താഴെയുള്ള ആൺകുട്ടികൾ 1757 ഉം സ്ത്രീകൾ 1711 ആണ്. പഞ്ചായത്തിൻെറ പട്ടികജാതി സമുദായത്തിൽ പെട്ടവർ പുരുഷൻ 3291 ഉം സ്ത്രീകൾ 3508 ആണ്. സാക്ഷരരായ പുരുഷന്മാരുടെ എണ്ണം 8902 ഉം സ്ത്രീകൾ 8009 ആണ്.

പഞ്ചായത്തിൽ ആകെ 4362 കർഷക തൊഴിലാളികൾ ആണ് ഉള്ളത്. അവരുടെ ഇടയിൽ ദാരിദ്ര്യം ഇപ്പോഴും നിലനിൽക്കുന്നു. പല വികസന മേഖലകളിലും വളരെയധികം പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് കാവശ്ശേരി

## വാവുള്ള്യാപുരം മതൽ വാഴയ്ക്കച്ചിറ വരെ

### തലങ്ങ് നടത്തം

| | 1.25 M | 300 M | 750 M | 200 M | 300 M | 750 M | 150 M | 150 M | 200 M | 100 M |
|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചരിവ് | പീഠഭൂമി | സമതലം | കുന്നിൻ ചരിവ് | കുന്നിൻ പുറം | കുന്നിൻ ചരിവ് | സമതലം | താഴ്ന്ന സ്ഥലം | കുന്നിൻ പ്രദേശം | ചരിവ് |
| മൺതരം | ഏക്കൽ | ചുവന്ന മണ്ണ് | ചുവന്ന കരി മണ്ണ് | ചരൽ മണ്ണ് | പാറക്കെട്ട് | ചെമ്മണ്ണ് | ചരൽ മണ്ണ് | ലോമി | ചരൽ | ലോമി |
| സസ്യാവരണം | മരച്ചീനി<br>വാഴ<br>തെങ്ങ് | മരച്ചീനി<br>വാഴ<br>തെങ്ങ് | നെല്ല് | വാഴ<br>കപ്പ<br>കൂർക്ക<br>പച്ചക്കറി | കശുമാവ് | റബ്ബർ<br>മരച്ചീനി | മരച്ചീനി<br>തെങ്ങ്<br>കശുമാവ് | നെല്ല്<br>റബ്ബർ | റബ്ബർ | മരച്ചീനി<br>റബ്ബർ |
| പരിസ്ഥിതി പ്രശ്നങ്ങൾ | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | വെള്ളക്കെട്ട് | മണ്ണൊലിപ്പ് | പാറ പൊട്ടിക്കൽ | മണ്ണൊലിപ്പ്<br>പാറപൊട്ടിക്കൽ | പാറപൊട്ടിക്കൽ | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് |

## പ്ലാഴി പാലം മുതൽ കഴനി - ചുങ്കം വരെ

### വിലങ്ങ്

| | 50 M | 600 M | 200 M | 250 M | 150 M | 700 M | 250 M | 300 M | 200 M | 250 M | 1000 M |
|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചരിവ് | പീഠഭൂമി | സമതലം | സമതലം | സമതലം | പീഠഭൂമി | ചരിവ് | പീഠഭൂമി | ചരിവ് | ഉയർന്ന പ്രദേശം | സമതലം |
| മൺതരം | ഏക്കൽ മണ്ണ് | ചരൽമണ്ണ് | കരിമണ്ണ് | ചരൽ മണ്ണ് | കരിമണ്ണ് | ചരൽ മണ്ണ് | ചുവന്നമണ്ണ് | ചരൽ മണ്ണ് | ചുവപ്പു കലർന്ന് കരിമണ്ണ് | ചരൽ മണ്ണ് | ചുവപ്പ് കലർന്ന കരിമണ്ണ് |
| സസ്യാവരണം | നെല്ല് | മരച്ചീനി<br>റബ്ബർ<br>മാവ്<br>തെങ്ങ്<br>മിശ്രവിള | നെല്ല് | തെങ്ങ്<br>മാവ്<br>മരച്ചീനി | നെല്ല് | മരച്ചീനി<br>റബ്ബർ<br>മിശ്രവിള<br>തെങ്ങ് | നെല്ല്<br>റബ്ബർ<br>തെങ്ങ്<br>മിശ്രവിള | തെങ്ങ്<br>വാഴ<br>മിശ്രവിള<br>കവും | നെല്ല് | തെങ്ങ്<br>മിശ്രവിള<br>വാഴ | നെല്ല്<br>ഇഞ്ചി |
| പരിസ്ഥിതി പ്രശ്നങ്ങൾ | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | വെള്ളക്കെട്ട് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | വെള്ളക്കെട്ട് | മണ്ണൊലിപ്പ് | മണ്ണൊലിപ്പ് | വെള്ളക്കെട്ട് | വെള്ളക്കെട്ട് |

## നൊച്ചിപ്പറമ്പ് വരെ

### വിലങ്ങ് നടത്തം

| | 75 M | 750 M | 75 M | 300M | 250 M | 1150 M |
|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചരിവ് | കുന്നിൻ പ്രദേശം | ചരിവ് | കുന്നിൻ പ്രദേശം | ചരിഞ്ഞ പ്രദേശം | സമതലം |
| മൺതരം | പാറ | പാറക്കെട്ട് | ഹ്യൂമസ് | പാറക്കെട്ട് | ലോമി സോയൽ | മണൽ മണ്ണ്, കരിമണ്ണ് |
| സസ്യാ വരണം | | കശുമാവ് | റബ്ബർ മരച്ചീനി | | റബ്ബർ തെങ്ങ് തേക്ക് | നെല്ല്, തെങ്ങ്, വാഴ മരച്ചീനി, ഇഞ്ചി, മഞ്ഞൾ |
| പരിസ്ഥിതി പ്രശ്നങ്ങൾ | പാറപൊ ട്ടിക്കൽ | പാറപൊട്ടിക്കൽ | മണ്ണൊലിപ്പ് | പാറപൊട്ടിക്കൽ | മണ്ണൊലിപ്പ് | വെള്ളക്കെട്ട് മണ്ണൊലിപ്പ് |



1. തെക്കുമണ്ണ്
2. കടമ്പിടി - നായാടികോളനി
3. പാടൂർ വടക്കേത്തറ റോഡ്
4. ആശുപത്രി റോഡ് - പാടൂർ
5. ആനവളവ് - മണപ്പാടം
6. മണക്കാട് - തെന്നിലാപുരം റോഡ്
7. നടക്കാവ് റോഡ്
8. എസ്. എൻ. ആർ. റോഡ്
9. കല്ലേപ്പുള്ളി വടക്കുമുറി റോഡ്
10. കല്ലേപ്പുള്ളി - തെക്കുമുറി റോഡ്
11. ചുങ്കം - തരൂർ റോഡ്
12. ചുങ്കം-തെന്നിലാപുരം റോഡ്
13. കല്ലാമണി - വേപ്പിലശ്ശേരി - ഇരകുളം
14.
15. ഓട്ടുപുര ഗ്രാമം റോഡ്
16. പത്തനാപുരം റോഡ്
17. പെരിങ്ങാട്ടുകുന്ന് ചുണ്ടക്കാട് റോഡ്
18. ആനമാറി - അംശകച്ചേരി
19. നെല്ലിയാം കുന്നം ചുണ്ടക്കാട് റോഡ്
20. കുണ്ടുതെടി റോഡ്
21. തെന്നിലാപുരം റോഡ്
22. പാടൂർ മിനി രോഡ്
23. ഇരകുളം മുട്ടാളക്കൽ രോഡ്
24. കല്ലേപ്പുള്ളി - തെന്നിലാപുരം റോഡ്
25. ആലത്തൂർ - പഴയന്നൂർ റോഡ്

# 4

# പഠനപര്യടനം - ഒരു കുറിപ്പ്

കാവശ്ശേരി പഞ്ചായത്തിൻെറ പഠനപര്യടനം രണ്ടു ദിവസങ്ങളിലായി നടത്തി. പര്യടന സംഘം വള്ളിക്കാടിൻെറ വടക്കു ഭാഗത്തുനിന്നും യാത്ര ആരംഭിച്ചു. ഭൂപ്രകൃതിയും, വിളകളും, മൺതരിയും, ജലസ്രോതസ്സുകളും പ്രത്യേകം മനസ്സിലാക്കുന്നതിനും രേഖപ്പെടുത്തുന്നതിനും ഗ്രൂപ്പുകളായി തിരിഞ്ഞുകൊണ്ടാണ് യാത്ര തുടർന്നത്. നെൽപാടങ്ങളിലൂടെ നടന്ന് കഴനി STVLP സ്ക്കൂളിൻെറ തെക്കുഭാഗത്തുള്ള കുന്നിൻമുകളിലെത്തി. വെള്ളപ്പാറ എന്ന സ്ഥാനത്തുനിന്നുകൊണ്ട് പഞ്ചായത്തിൻെറ ഭൂരിഭാഗം പ്രദേശവും നോക്കിക്കാണാൻ കഴിഞ്ഞു. നെൽപാടങ്ങളും, തെങ്ങിൻതോപ്പുകളും കാവശ്ശേരി പഞ്ചായത്തിൻെറ മനോഹാരിത കൂട്ടുന്നു. പഠനസംഘത്തിലെ അംഗങ്ങൾ കൈവശം വെച്ചിരുന്ന ലഘുഭക്ഷണം അല്പം കഴിച്ച് വീണ്ടും യാത്ര തുടർന്നു. തെക്കുഭാഗത്തെ കുന്നിൻ ചെരിവിലൂടെ നടന്ന് കോയമ്പത്തൂർ ആര്യവൈദ്യഫാർമസിയുടെ തെന്നിലാപുരത്തുള്ള ഫാക്ടറിക്ക് അലങ്കാരമായ മംഗലം പുഴയിൽ എത്തിച്ചേർന്നു. ആലത്തൂർ ബ്ലോക്ക് പഞ്ചായത്തിൻെറ ധനസഹായത്തോടെ നിർമ്മിക്കാൻ പോകുന്ന ചെക്ക്ഡാമിൻെറ നിർദ്ദിഷ്ട സ്ഥാനം പഠനത്തിന് വിധേയമാക്കി. ചെക്ക് ഡാം വരുന്നതിലൂടെ കാവശ്ശേരി പഞ്ചായത്തിൻെറ തെന്നിലാപുരം പ്രദേശം കുടിവെള്ള ക്ഷാമത്തിൽ നിന്നും രക്ഷ നേടാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്. സമയം ഉച്ചയായി. ഭക്ഷണത്തിനുവേണ്ടി ശ്രീ. രാമചന്ദ്രൻെറ വീട്ടിൽ ചെന്നു. വളരെ വിഭവസമൃദ്ധമായ ഭക്ഷണവും, സ്നേഹമസൃണമായ സമീപനവും ആണ് അദ്ദേഹവും കുടുംബാംഗങ്ങളും കാണിച്ചത്. പഠനപര്യടന സംഘം നന്ദിപൂർവ്വം അത് സ്മരിക്കുന്നു.

ഉച്ചയ്ക്കുശേഷം ദൈവപ്പുരകുന്നിലൂടെ യാത്ര തുടരുകയും "അയ്യപ്പൻ കുടം" എന്ന ഡാം കാണുകയും ചെയ്തു. ഡാം എന്ന പേരിൽ അറിയപ്പെടുന്നുണ്ടെങ്കിലും, ഉപയോഗശൂന്യമായി കിടക്കുന്ന സാഹചര്യം വളരെ ഗൗരവവും വിചിത്രവുമായി പഠനസംഘത്തിന് തോന്നി. തുടർന്ന് കിഴക്കോട്ട് നടന്ന് പഞ്ചായത്തിൻെറ അതിർത്തിയായ ആലത്തൂർ പഞ്ചായത്ത് വരെ എത്തി.

പിറ്റെ ദിവസം പടിഞ്ഞാറെ അതിർത്തിയായ പ്ലാഴിപുഴവക്കിൽ നിന്നും ആരംഭിച്ച് കിഴക്കോട്ട് നടന്ന് വിവിധ ഭാഗങ്ങളിലൂടെ പഠന സംഘം പര്യടനം പൂർത്തിയാക്കി.

• • •

## പഠനപര്യടന സംഘം

| | | | |
|---|---|---|---|
| 1. | ബി. ആർ. ഗോപിനാഥൻ നായർ | - | Rtd. Engineer |
| 2. | കെ. എസ്. ലക്ഷ്മീനാരായണൻ | - | Rtd. Health Inspector |
| 3. | എം. കെ. മാധവൻ കുട്ടി | - | LRP |
| 4. | അശോകകുമാർ | - | പാടൂർ |
| 5. | സി. രാമചന്ദ്രൻ മാസ്റ്റർ, | - | മന്ദംപറമ്പ് |
| 6. | വി. കറുപ്പൻ | - | പാടൂർ |
| 7. | അഹമ്മദ് കബീർ | - | പഞ്ചായത്ത് വൈ. പ്രസിഡണ്ട് |
| 8. | ജെ. രവീന്ദ്രനാഥൻ പിള്ള, | - | ഉഷസ്, കാവശ്ശേരി |
| 9. | ശിവരാമകൃഷ്ണൻ | - | ഡി. ആർ. പി. |
| 10. | ഭാഗ്യലക്ഷ്മി ടീച്ചർ | - | O.P. വില്ലേജ് |
| 11. | എം. രാഗമം | - | ഡി. ആർ. പി. |
| 12. | വാസുദേവൻ മാസ്റ്റർ | - | ഡി. ആർ. പി. |
| 13. | കെ. വാസുമാസ്റ്റർ | - | കൺവീനർ, ജനകീയാസൂത്രണ സമിതി |
| 14. | എം. അഹമ്മദ്കോയ | - | Agricultural Assistant |

# 5

# കാവശ്ശേരിയുടെ ചരിത്രം

കാവശ്ശേരി പഞ്ചായത്ത് പാലക്കാട് ജില്ലയുടെ പടിഞ്ഞാറെ അതിർത്തിയിൽ കിടക്കുന്ന ഒരു പഞ്ചായത്താണ്. ഈ പഞ്ചായത്തിൻെറ 3 ഭാഗങ്ങളിലൂടെ പുഴയാണ് ഒഴുകുന്നത്. വടക്കുഭാഗത്തുകൂടി ഗായത്രി പുഴയും, തെക്കു പടിഞ്ഞാറു ഭാഗത്തുകൂടി മംഗലം പുഴയും ഒഴുകുന്നു. ഈ പുഴകളുടെ താരാട്ടുപാട്ടിൻെറ ഈണം കേട്ടാണ് ഈ കൊച്ചു പഞ്ചായത്ത് വളർച്ച പ്രാപിക്കുന്നത്.

പഞ്ചായത്തിന് കാര്യമായ ചരിത്ര കഥകൾ ഇല്ലെങ്കിലും ഇന്ത്യൻ ചരിത്രത്തിലെ ചില അപൂർവ്വ സംഭവങ്ങൾക്ക് ഈ പഞ്ചായത്ത് സാക്ഷ്യം വഹിച്ചിരുന്നു എന്നതിന് ചില തെളിവുകൾ ഈ പഞ്ചായത്തിൻെറ മണ്ണിൽ ഉറങ്ങിക്കിടക്കുന്നു. കാവശ്ശേരിയിലെ പള്ളിക്കുളത്ത് കണ്ടെടുത്ത് വട്ടെഴുത്തു ലിബിയിൽ എഴുതിയ ശിലാഫകം പണ്ട് ഇവിടെ ജൈനമതക്കാരുടെ സമ്പർക്കം ഉണ്ടായിരുന്നു എന്നതിന് ഉത്തമ ദൃഷ്ടാന്തമാണ്. ഇപ്പോൾ ആ ശിലാഫലകം തിരുവനന്തപുരം മ്യൂസിയത്തിൽ സൂക്ഷിച്ചിരിക്കയാണ്.

അതുപോലെ ചരിത്രാധിതമായി പഴക്കമുള്ള ക്ഷേത്രങ്ങളായ ശ്രീ. പരക്കാട്ടു ഭഗവതിക്ഷേത്രം, പാടൂരിൽ അയ്യപ്പക്ഷേത്രം എന്നിവയും ഇവിടെ നില കൊള്ളുന്നു. ഈ പഞ്ചായത്തിലെ മറ്റ് ക്ഷേത്രങ്ങളും ദേവലയങ്ങളും ഇവയ്ക്കുശേഷം വന്നതായി സങ്കല്പിക്കപ്പെടുന്നു. മറ്റ് മതങ്ങൾ വളരെ നല്ല രീതിയിൽ ഏകോദര സഹോദരങ്ങളെപോലെ കഴിഞ്ഞിരുന്നു എന്നതിന് തെളിവാണ് പുഴയ്ക്കൽ പള്ളി നേർച്ച.

50 കൊല്ലം വരെ ഈ പഞ്ചായത്തിലെ ഭൂരി ഭാഗം പ്രദേശങ്ങളും പൂമുള്ളിമന, കവളപ്പാറ തുടങ്ങിയ ജന്മിമാരുടെ കൈ വശമായിരുന്നു. ഭൂപരിഷ്ക്കരണ നടപടികളിലൂടെ അതെല്ലാം തന്നെ കുടിയാന്മാർക്ക് കൈവശം വന്നു. അതിലൂടെ കുടിയാന്മാർക്ക് നല്ല സാമ്പത്തിക നില കൈവരിക്കുവാൻ ഇടയാക്കിയിട്ടുണ്ട്.

കാവശ്ശേരി പഞ്ചായത്തിൽ ദേശീയ പ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ നടത്തിയ സമരങ്ങളിൽ പങ്കുകൊള്ളുവാൻ കഴിഞ്ഞിട്ടുണ്ട് എന്നത്

ഏവരെയും സന്തോഷിപ്പിക്കുന്ന ഒരു വസ്തുതയാണ്. സ്വാതന്ത്ര്യസമര പെൻഷൻ വാങ്ങുന്ന രണ്ട് കുടുംബങ്ങൾ പഞ്ചായത്തിൽ ഉണ്ട്. അതോടെപ്പം തന്നെ അയിത്തത്തിനും, അനാചാരത്തിനുമെതിരെ നടന്ന സമരത്തിലും പങ്കുകൊള്ളുവാൻ കഴിഞ്ഞിട്ടുണ്ട്. ഭൂപരിഷ്ക്കരണ സമരത്തിൽ ഈ പഞ്ചായത്തിലെ മുഴുവൻ കർഷകരും, കർഷക ത്തൊഴിലാളികളും അവരുടെതായ സംഭാവന നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. ഈ പഞ്ചായത്തിൽ ഏറ്റവും പഴക്കം ചെന്ന സ്കൂൾ എന്നത് കാവശ്ശേരിയിലെ എ. എൽ. പി. സ്കൂളാണെന്ന് രേഖകൾ സൂചിപ്പിക്കുന്നു.

പ്രസിദ്ധ പക്ഷിശാസ്ത്രജ്ഞനായ ഡോ. സലീം അലിയുടെ ശിഷ്യനായി വളർന്ന കൈലാസ അയ്യർ മകൻ നീലകണ്ഠൻ പഞ്ചായത്തിൻെറ വലിയ ഒരു സംഭാവനയാണ്. ഇന്ദുചൂഡൻ എന്ന തൂലിക നാമത്തിൽ ഇന്ത്യയിൽ അറിയപ്പെടുന്ന അദ്ദേഹത്തിൻെറ ഭവനം കൊങ്ങാളക്കോട് ആണ്. അനേകം പുസ്തകങ്ങൾ രചിച്ചിട്ടുള്ള അദ്ദേഹത്തെ ഈ അവസരത്തിൽ എത്ര സ്മരിച്ചാലും മതിയാകില്ല.

കാവശ്ശേരി പഞ്ചായത്തിൽ ആദ്യത്തെ പഞ്ചായത്ത് ബോർഡ് ശ്രീ. ബാലകൃഷ്ണൻ നായർ എന്ന ചെല്ലപ്പൻ നായരുടെ നേതൃത്വത്തിലായിരുന്നു നിലവിൽ വന്നത്. തുടർന്ന് ശ്രീ. കെ. വി. സ്വാമിനാഥൻെറ നേതൃത്വത്തിൽ 15 കൊല്ലക്കാലവും ശ്രീ. കെ. പി. കലാധരൻെറ നേതൃത്വത്തിൽ 8 വർഷവും ശ്രീ. കെ. എ. ബാലകൃഷ്ണൻെറനേതൃത്വത്തിൽ 8 വർഷവും പഞ്ചായത്തിൽ ഭരണം നടന്നത്. ഇപ്പോൾ ശ്രീ. ഇ. സി. വേലായുധൻെറ നേതൃത്വ ത്തിൽ ഭരണം നടക്കുന്നു.

കഴിഞ്ഞ 50 കൊല്ലകാലത്തിനുള്ളിൽ പഞ്ചായത്തിൽ കാർഷിക, വിദ്യാഭ്യാസ മേഖലകളിൽ കാര്യമായ പല നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇന്ന് പഞ്ചായത്ത് ഒരുപാട് നീറുന്ന പ്രശ്നങ്ങളെ നേരിടുകയാണ്. കാർഷിക മേഖലയിലെ ഉത്പാദനകുറവ്, വ്യവസായിക സ്ഥാപനങ്ങളുടെ കടന്നുകയറ്റമില്ലായ്മ കുടിവെള്ളത്തിനുവേണ്ടി നെട്ടോട്ടം ഓടുന്ന ജനാവലി വൈദ്യുതിയുടെ കുറവ് പല തരത്തിലുള്ള അസുഖങ്ങൾ പിടിപ്പെട്ട് സമ്പാദ്യത്തിൻെറ നല്ലൊരു ഭാഗം ചികിത്സക്കുവേണ്ടി ചിലവിടുന്ന അവസ്ഥ, തൊഴിലില്ലായ്മ, പിന്നോക്ക ജാതിക്കാരുടെ പുരോഗതിയിലുള്ള മുരടിപ്പ്, സ്ത്രീകളുടെ ഇടയിൽ ഇന്നും നിലനിൽക്കുന്ന വിവേചനം എന്നിവ പുരോഗതിലേക്കുള്ള മുന്നേറ്റത്തിലെ തടസങ്ങളായി ഇന്നും നിലനിൽക്കുന്നു. അതിന് ഒരു പരിഹാരമായിത്തീരണം ജനകീയാസൂത്രണം

# 5 1

# കൃഷിയും ജലസേചനവും

## കൃഷി

കാവശ്ശേരി ഗ്രാമപഞ്ചായത്തിൽ മൊത്തം ജന സംഖ്യയിൽ ഭൂരിഭാഗവും കാർഷികമേഖലയുമായി ബന്ധപ്പെട്ടവരാണ്. 1957ൽ കേരള ഭൂപരിഷ്കരണ നിയമം നടപ്പാക്കുന്നതിനു മുമ്പ് പഞ്ചായത്തിലെ കൃഷിഭൂമിയടക്കമുള്ള ഭൂസമ്പത്ത് പാലക്കാട്ടു രാജവംശം, കവളപ്പാറ മൂപ്പിൽ നായർ, പൂമുള്ളിമന, ഇരിഞ്ഞാലക്കുട സഭയോഗം, ശ്രീ പറക്കാട്ടു ഭഗവതി ദേവസ്വം തുടങ്ങിയ ഏതാനും ചില ജന്മിമാരുടെ കൈകളിലായിരുന്നു. 1952 ലെ മദ്രാസ് ആക്ട് പ്രകാരമുള്ള കുടിയായ്മ നിയമം 1954 ൽ അന്നത്തെ മദ്രാസ്സ് സംസ്ഥാനത്തിൻെറ ഭാഗമായ നമ്മുടെ ഗ്രാമപഞ്ചായത്തിലും നടപ്പാക്കപ്പെട്ടു. 1957 ലെ ആദ്യത്തെ ജനകീയ സർക്കാർ സംസ്ഥാനത്ത് അധികാരത്തിൽ വന്നപ്പോൾ നിലവിൽ വന്ന കുടി ഒഴിപ്പിക്കൽ നിരോധന നിയമവും കൃഷിക്കാരെ കാർഷിക വൃത്തിയിൽ ഉറപ്പിച്ചു നിർത്തി. 1970 ൽ ഭൂപരിഷ്കരണം വന്നതോടെ ജന്മികളുടെ അവകാശം കൂടി കുടിയാന്മാർക്ക് ലഭിച്ചു എന്നാൽ കാലാകാലങ്ങളായി മണ്ണിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ജീവിത നിലവാരത്തിന് യാതൊരു മാറ്റവും ഉണ്ടായില്ല. കൊയ്ത്തിന് 12 ന് ഒന്ന് പതവും 3 ഉം, 2.5 ഉം ഇടങ്ങഴിനെല്ല് ദിവസകൂലിയും വളരെ കാലം നിലനിന്നു. കൃഷി ഭൂമിയിലെ വരുമാനം (പാട്ടം) കൊണ്ടുമാത്രം ഉപജീവനം കഴിച്ചിരുന്ന ചെറുകിട ജന്മിമാർ പ്രസ്തുത നിയമം മൂലം വളരെയധികം കഷ്ടപ്പെട്ടു. നഷ്ടപരിഹാരത്തിനു വേണ്ടി കോടതികളിൽ കയറിയിറങ്ങിയവർ നിരവധിയാണ്.

ജന്മിത്വത്തിൻെറ കാലഘട്ടത്തിലും ഈ പഞ്ചായത്തിൽ കർഷകനും കർഷകതൊഴിലാളിയും തമ്മിലുണ്ടായിരുന്ന പരസ്പര ബഹുമാനവും - സ്നേഹവും, തൊഴിലാളിക്ക് കൃഷിപണിയിലുണ്ടായിരുന്ന താല്പര്യവും കുടിയായ്മ നിയമം വന്നതോടെ അസ്തമിക്കാൻ തുടങ്ങി. 1960 കളുടെ അവസാനഘട്ടത്തിലും 70 കളുടെ ആദ്യ ഘട്ടങ്ങളിലും അകൽച്ച കൂടുതൽ പ്രകടമായി കാണാമായിരുന്നു. ഈ ഘട്ടത്തിൽ തന്നെയായിരുന്നു കർഷകർ സേവന - വേതന വ്യവസ്ഥകൾക്കു വേണ്ടിയുള്ള ശക്തമായ പ്രക്ഷോഭങ്ങൾ നടത്തിയിട്ടുള്ളത്.

ജന്മിത്വത്തിൻെറ കാലഘട്ടത്തിൽ ജന്മിമാർ നിശ്ചയിക്കുന്ന നെല്ല് പാട്ടമായി കുടിയാന്മാർ എത്തിക്കണമായിരുന്നു. കൃതമായി പാട്ടം കൊടുക്കാത്തവരെ ഭൂമിയിൽ നിന്നും ഒഴിപ്പിച്ചിരുന്നു.

വൻകിട ജന്മിമാർ ഒരു നിശ്ചിത സംഖ്യ പ്രതിഫലമായി വാങ്ങി കൃഷിസ്ഥലം ഏതെങ്കിലും ഒരു വ്യക്തിക്ക് 12 വർഷത്തേക്ക് ആദായമെടുക്കുവാൻ അവകാശപ്പെടുത്തി കൊടുത്തിരുന്നു. പ്രസ്തുത വ്യക്തി വർഷത്തിൽ ഒന്നോ രണ്ടോ പ്രാവശ്യമായി ജന്മാവകാശത്തിന് നിശ്ചയിക്കപ്പെടുന്ന നെല്ലോ, സംഖ്യയോ ജന്മിക്ക് കൊടുക്കുമായിരുന്നു. ഇതിന് ''മിച്ചവാരം'' എന്നും, ജന്മി മറ്റൊരാൾക്ക് ഭൂമി ചാർത്തി കൊടുക്കുന്നതിന് ''കാണചാർത്ത്'' എന്നും ചാർത്തിവാങ്ങിക്കുന്ന ആളെ ''കാണാരി'' എന്നും പറയുമായിരുന്നു. 12 വർഷങ്ങൾക്കുശേഷം കാണാരി വീണ്ടും ഒരു നിശ്ചിത സംഖ്യ പ്രതിഫലമായി ഒരു വർഷത്തെ മിച്ചവാരം ജന്മിക്ക് കൊടുത്ത് കാണചാർത്ത് പുതുക്കി എഴുതുന്നതിന് ''പൊളിച്ചെഴുത്ത് ചാർത്ത്'' എന്നു പറയുന്നു. ഇതുമൂലം കാണാരിക്ക് ഒരു വ്യാഴവട്ടകാലം കൂടി അവകാശം ലഭിക്കുന്നു. കാണാരിക്ക് പ്രസ്തുതവർഷം കൊടുക്കേണ്ട മിച്ചവാരത്തിനു പുറമേ മേൽ പറഞ്ഞ പ്രതിഫലം അധികമായി നൽകേണ്ടിവരുന്നു. പ്രതിഫലം കൊടുക്കാൻ കൃഷിക്കാരന് വിഷമം നേരിടുന്ന ഘട്ടങ്ങളിൽ ജന്മി പ്രസ്തുത കൃഷഭൂമി പ്രതിഫലം നല്കുന്ന മറ്റൊരാൾക്ക് ചാർത്തി കൊടുക്കുന്നു. ഇതിന് 'മേൽച്ചാർത്ത്'' എന്നു പറയപ്പെടുന്നു.

സ്വന്തമായി കൃഷിനടത്തുവാൻ കാണാരിക്ക് സാധിക്കാതെ വരുമ്പോൾ കാണാരി കൃഷിക്കാരൻെറ കൈയിൽ നിന്ന് ഒരു നിശ്ചിത കാലത്തേക്ക് മുൻകൂറായി ഒരു സംഖ്യവാങ്ങി ഒരോ വർഷവും ഒന്നാം വിളയ്ക്കും, രണ്ടാം വിളയ്ക്കും നിശ്ചയിക്കുന്ന അളവിൽ നെല്ല് പാട്ടമായി വാങ്ങി കൃഷി പണി നടത്തുവാൻ കൃഷിക്കാരന് നല്കുന്നതിന് ''കട്ടകാണം'' എന്നും പറയുന്നു. ചിലപ്പോൾ വെറുമ്പാട്ടത്തിനും കൃഷി ഭൂമി കൊടുക്കാറുണ്ട്. കാണാരിക്ക് കുടിയാൻ (കൃഷിക്കാരൻ) ഭൂമി തിരിച്ചു കൊടുക്കുമ്പോൾ കൃഷിക്കാരൻ കാണാരിക്ക് കട്ടകാണമായി നൽകിയ നെല്ലോ, സംഖ്യയോ കൃഷിക്കാരന് തിരിച്ചു കിട്ടുന്നു. കട്ടകാണത്തിന് ചിലപ്പോൾ പലിശ നിശ്ചയിക്കാറുണ്ട്. അത് പാട്ടത്തിൽ കിഴിക്കുകയോ, കാണാരി കൃഷിക്കാരനു (കുടിയാന്) കൊടുക്കുകയോ ചെയ്യും. ജന്മി ചാർത്തിൽ പറഞ്ഞിരിക്കുന്ന മരങ്ങൾ കുടിയാൻ വെട്ടിയെടുക്കുകയാണെങ്കിൽ പ്രസ്തുത ചമയങ്ങളുടെ നാലിലൊന്നു വില ജന്മിക്ക് നല്കണം. ഇത് ''കുറ്റികാണം'' എന്ന പേരിലറിയപ്പെടുന്നു.

ജന്മിയുടെ സ്ഥലത്ത് അദ്ദേഹത്തിൻെറ സമ്മതത്തോടെ സ്ഥിരമായി വല്ല വികസന പ്രവർത്തനം നടത്തപ്പെടുകയാണെങ്കിൽ (ഉദാഃ- ഒരുപ്പൂ കൃഷി, വിളയെടുത്ത് ഇരുപ്പൂ കൃഷിസ്ഥലമാക്കുക, കുളങ്ങൾ കുഴിക്കുക, പറമ്പുകൾ കിളയെടുത്ത് കൃഷിയോഗ്യമാക്കുക) ആയതിന് ജന്മിക്ക് ഒരു സംഖ്യ ദ്രവ്യമായി നല്കണം. ഇത് ''കുഴിക്കാണം'' എന്നറിയപ്പെടുന്നു. ഇതു കൊണ്ട് മിച്ചവാരം കൂടുതലാക്കുവാനോ അതല്ലെങ്കിൽ പാട്ടം കൂടുതലാക്കുവാനോ ജന്മിക്ക് അധികാരം ഉണ്ട്. ''പാട്ടപ്പറ'' ''ചിലവുപറ'' എന്നീ രണ്ടുതരം പറകൾ അന്ന് നിലവിലുണ്ടായിരുന്നു.

''പാട്ടപ്പറ''ക്ക് രണ്ട് നാഴി നെല്ല് കൂടുതലും ''ചിലവു പറ'' ശരിയായ അളവിനുള്ളതുമായിരുന്നു. മഴയെ മാത്രം ആശ്രയിച്ച് കൃഷിചെയ്തിരുന്ന കൃഷിക്കാരന് ജന്മി നിശ്ചയിച്ച പാട്ടം (സാധാരണയായി ഒരേക്കറിന് 10 പാട്ടം അഥവാ 100 പറ നെല്ല് രണ്ട് പൂവിലിനും കൂടി) കൊടുക്കാൻ സാധിക്കാതെ വരുന്ന സന്ദർഭങ്ങളും ഉണ്ടാകാറുണ്ട്. ഈ ഘട്ടങ്ങളിൽ കുടിയിറക്ക് ഭീക്ഷണി അല്ലെങ്കിൽ പാട്ടബാക്കി തീരാശാപം പോലെ എന്നും നിലനിന്നിരുന്നു. ചിലപ്പോൾ ജന്മിയുടെ ദയവുണ്ടായി പാട്ടത്തിൽ ഇളവ് നല്കുക അപൂർവ്വമായിരുന്നു.

എല്ലാവർഷവും മകരക്കൊയ്ത്തു കഴിയുന്നതോടെ പാടങ്ങൾ ''പൊളിചാൽ' ഉഴുതിടും. മകരമാസം ഒടുവിൽ ചപ്പുചവറുകൾ കൂട്ടിവെക്കുകയും, മുറ്റം ചാണകം മെഴുകി വൃത്തിയാക്കുകയും നെല്ല് വൃത്തിയാക്കി പത്തായത്തിൽ സൂക്ഷിക്കുന്നതിനെ ''ഉച്ചാറൽ പൂട്ടൽ'' എന്നുപറയുന്നു. മകരം 27-ാം തിയ്യതി മുതൽ 29-ാംതിയ്യതി വരെ ഭൂമിദേവി ഋതുമതിയായി എന്ന സങ്കല്പത്തോടെ പാടത്ത് പണിയെടുക്കാതെയും നെല്ലിൽ പെരുമാറാതെയും ഇരിക്കുന്നു. ഈ ഇടവേളയിൽ തൊഴിലാളികൾക്ക് പണിക്കളങ്ങൾ മാറുന്നതിനും ജന്മിമാർക്ക് കുടി

യാന്മാരെ ഒഴിപ്പിക്കുന്നതിനും കുടിയാന്മാർക്ക് സ്വമേധയാ കൃഷിയിടം ഒഴിഞ്ഞു പോകുന്നതിനു മുള്ള അവസരമായി കണക്കാക്കുന്നു. മകരം 29, 30 തിയ്യതികളിൽ ചപ്പു ചവറുകൾ പാടത്ത് കൊണ്ടു പോയി തീയിട്ട് അടുത്ത വർഷത്തെ കൃഷിപ്പണി കൾക്ക് തുടക്കം കുറിക്കുന്നു. ഈ സമ്പ്രദായത്തി നെ ''ഉച്ചാറൽ തുറക്കൽ'' എന്നു പറയുന്നു. ഈ പ്രവർത്തി ചെയ്യുന്ന കുടിയാനാണ് തുടർന്നു കൃഷി ചെയ്യാനുള്ള അവകാശം. ഉച്ചാറൽ തുറന്നശേ ഷമാണ് മകര കൊയ്ത്തിന്റെ വൈയ്ക്കോൽ പണിയും, ചാരവും, വളവും പാടത്ത് വിതറുന്നതും. ''മകരത്തിൽ മഴ പെയ്താൽ മരുന്നിനും ആക'' "കുംഭത്തിൽ മഴപെയ്താൽ കുപ്പയിലും നെല്ല്" എന്നും പഴമക്കാർ പറയാറുണ്ട്. മഴയുടെ സ്വാ ധീനം അനുഭവിച്ചറിഞ്ഞ അവരുടെ പഴഞ്ചൊല്ലു കളിൽ പതിരില്ല തന്നെ കുംഭമാസത്തിലെ മഴ യിൽ മുളയ്ക്കുന്ന നമ്പ്, കള എന്നിവ ഉഴുതുമറിച്ച് പട്ടു പണിക്കുള്ള തയ്യാറെടുക്കുന്നു. കുഭമാ സത്തിൽ തന്നെ വിത്ത് ചാണകം മെഴുകിയ കള ത്തിൽ മൂന്നു ദിവസം മഞ്ഞും വെയിലും കൊള്ളി ച്ച് സൂക്ഷിക്കുന്നു. ഇതിന് ''മാമ്പൂ കാട്ടൽ'' എന്നു പറയുന്നു ഇത് വിത്തിന്റെ ഗുണമേന്മ കൂട്ടുന്നു. വിത്തു ഗുണം പത്തുഗുണം എന്ന പഴമൊഴി അന്വർ ത്ഥമാണ്.

വിഷു പുലരിയിൽ ഭൂമി പൂജ നടത്തി - ചാലിട്ട് - വിത്തിറക്കുന്നതോടുകൂടി കാർഷി കവൃത്തിയുടെ പുതുവർഷം ആരംഭിക്കുകയായി. മേടം ഒന്നാം തിയ്യതി മുതൽ പതിനാലാം തിയ്യതി വരെ അശ്വതി ഞാറ്റുവേല കാലത്ത് മഴ ലഭിച്ചാൽ പൊടി വിത നടത്തും. ആയതിന്റെ ഗുണ മേന്മ കൂടുമത്രെ ''അശ്വതിയിൽ വിത്തു വിഴണം അച്ഛ നു മക്കളുണ്ടാകണം" എന്നു പഞ്ചൊല്ലുമുണ്ട്. മഴ വൈകുന്ന പക്ഷം കാർത്തിക ഞാറ്റുവേലക്കും വിതക്കുന്നു '' കാർത്തിക പട്ട് കനകപട്ട്'' എന്നു പറയും ''പട്ടിനു വളവും വേണ്ട വളത്തിന് പട്ടും വേണ്ട'' എന്നത് പട്ടിന്റെ മേന്മയെ കാണിക്കുന്നു.

ഒന്നാം വിളയ്ക്ക് കലായ് കണ്ടങ്ങളിൽ മൂപ്പുള്ള തവളക്കണ്ണൻ, സ്വർണ്ണാലി, വെളുത്തിരി കഴമ തുടങ്ങിയ വിത്തിനങ്ങളിൽ നിന്ന് 10 മുതൽ 15 മേനിവരെ വിളവു ലഭിച്ചിരുന്നു എന്നു പറയ പ്പെടുന്നു. മൂപ്പു കുറഞ്ഞ ഇനങ്ങളായ ചമ്പാനും, ചീരയും 10മേനി ശരാശരി വിളഞ്ഞിരുന്നുവത്രെ. പൊറ്റകളിലും, പറമ്പുകളിലും, പൊറ്റമോടൻ, കരി പ്പാലി, കട്ടമോടൻ എന്നിവ കൃഷി ചെയ്തിരുന്നു. 10 മേനി വരെയും പറമ്പുകളിൽ 4 മുതൽ 8 മേനി വരെയും വിളവുണ്ടായിരുന്നു എന്നു പറയുന്നു.

കാർത്തിക കാലിൽ വെള്ളം കൂട്ടിയാൽ കളവലിയുടെ കാലമായി. കർക്കിട സംക്രമത്തിന് കൃഷിക്കാർ തൊഴിലാളികൾക്ക് അളവുകൊ ടുക്കൽ പതിവുണ്ടായിരുന്നു. കർക്കിടവാവു കഴി ഞ്ഞാൽ വയലേലകളിൽ കതിരുകൾ പഴുത്തു തടു ങ്ങുമ്പോൾ പുതിയ കതിർ വീടുകളിൽ കൊണ്ടു വന്ന് പൂജ ചെയ്ത് ''നിറ'' എന്ന ചടങ്ങ് അന്നും ഇന്നും ആചരിച്ചു വരുന്നു. ഇല്ലം നിറ, വല്ലം നിറ, പത്തായം നിറ നിറ, നിറയോ, നിറ എന്ന വിളിക ളോടെ കതിരുകൾ വീടിന്റെ പടിക്കാലിലും വീടി ന്റെ മുൻവശം, പത്തായം, അടുക്കള, തൊഴുത്ത്, തെങ്ങ് എന്നിവയിലും കതിർ കെട്ടുന്നു. കർക്കി ടവാവു കഴിഞ്ഞ ഞായറാഴ്ച നിറക്കാനും അമ്മാ വന്റെ മകളെ കെട്ടാനും മുഹൂർത്തം നോക്കണ്ട എന്ന പഴഞ്ചൊല്ലു തന്നെയുണ്ട്.

കർക്കിടം ഒടുവിലും ചിങ്ങം ആദ്യവുമായി കൊയ്ത്ത് തുടങ്ങും ആദ്യം. കൊയ്തു മണിയാ ക്കിയ (മെതിച്ച) നെല്ല് പൊലി പൂജ കഴിച്ചേ അളക്കൂ. പുതിയ നെല്ല് അരിയാക്കിയ പുത്തനരി ചോറു വെച്ച് വിവിധ വിഭവങ്ങളോടുകൂടി സദ്യയൊരുക്കും. ഇതിനെ ''പുത്തരി'' എന്ന ചടങ്ങായി കർഷകർ ആഘോഷിക്കുന്നു.

കർഷകർക്കും കർഷകത്തൊഴിലാളികൾ ക്കും ചിങ്ങമാസത്തിലെ ഓണം മാതിരിത്തന്നെ സുപ്രധാനമായ ആഘോഷമാണ് കന്നിമാസത്തി ലെ ആയില്യം മകം - മകത്തിൽ ദിവസം വയൽ വരമ്പുകളുടെ മൂലയിൽ രണ്ടു കട്ട മണ്ണ് കിളച്ച് മറി ച്ച് അവിൽ വിതയക്കും - ഈ ചടങ്ങിനെ മക കട്ട യിടൽ എന്ന് പറയുന്നു - വീടുകളിലുള്ള കന്നുകാ ലികളെ കഴുകി ആയില്യം ദിനത്തിൽ രാവിലെ അരി ക്കുറിയും മകത്തിൻ ദിനത്തിൽ മഞ്ഞക്കുറിയും ഇടീക്കുക എന്ന പതിവ് ഇന്നും നടന്നു വരുന്നു. കന്നുകാലികൾ പ്രത്യേകിച്ച് പൂട്ടു കന്നുകൾ (ഏരി ക്കന്നുകൾ) കർഷക സമ്പത്താണ് എന്ന് ആദ്യകാ ലങ്ങളിൽ വിശ്വസിച്ചിരുന്നു. ഈ കാലഘട്ടത്തിൽ

പൂട്ടുകന്നുകൾ ഇല്ലെങ്കിലും കറവ പശുക്കൾ, എരുമ, വണ്ടിക്കാളകൾ എന്നിവയെ ഈ വിധം ചെയ്യുന്നത് കർഷകരും കന്നുകാലികളും തമ്മി ലുള്ള ബന്ധത്തെ കാണിക്കുന്നു.

കന്നി കൊയ്ത്തു കഴിഞ്ഞാൽ കണ്ടങ്ങൾ രണ്ടു ചാൽ കന്നുപൂട്ടി താൾ (തണ്ട്) മയങ്ങാൻ ഇടും ലഭ്യതയനുസരിച്ച് പച്ച ചാണകവും, വീട്ടു വളപ്പുകളിൽ നിന്നും അടുത്തുള്ള കുറ്റിക്കാടു കളിൽ നിന്നും പച്ചില തൂപ്പുവെട്ടി കൊണ്ടുവന്ന് വിതറി പൂട്ടി മണ്ണിൽ ചേർക്കും. നടുവാൻ സമയമാ കുമ്പോഴേക്കും തൂപ്പുകൾ അഴുകി മണ്ണിൽ ചേർന്ന് കണ്ടങ്ങൾ പഴകി ഫലഭൂയിഷ്ടമാകുകയും ചെയ്യും. നടുവാനുള്ള ഞാറ് മൂൻകൂട്ടി തന്നെ പറമ്പുകളിൽ തയ്യാറാക്കിയിരിക്കും. മൂപ്പു കുറഞ്ഞ വൃശ്ചിക പാണ്ടിയും (3.5 മാസം മൂപ്പ്) മൂപ്പു കൂടുതലുള്ള ചിറ്റേനിയും (5 മാസം മൂപ്പ്) മാണ് നടുവാനുപയോ ഗിച്ചിരുന്നത്. ചിറ്റേനി ഞാറ് കർക്കിടകത്തിൽ തന്നെ പറമ്പുകളിൽ പാകും. പറമ്പിൽ ഞാറു പറിച്ച് മൂന്നു ദിവസം കുണ്ടകുത്തി വെക്കും ഞാറു കുണ്ടയിൽ കിടന്നു പുഴുങ്ങുന്നതുകൊണ്ട് മുഴുവൻ പുഴുക്കേടും ഇല്ലാതാകുന്നു. പിന്നീട് ഞാറ് കെട്ടു കളാക്കി എടുത്ത് ചേറ്റിൽ മുക്കി കണ്ടത്തിൽ തന്നെ ഇടുന്നു. ഇതുമൂലം ചെറുവെള്ള വേരുകൾ ധാരളമാ യിട്ടുണ്ടാകും. ഞാറു നടുവാൻ കന്നുപൂട്ടി കണ്ടം ഉഴവാക്കുന്ന സമയത്ത് ഞാറ്റു കെട്ടുകൾ വരമ്പിൽ കയറ്റിവെക്കുകയും നടുവാൻ ഞാറ്റുകെട്ട് തുറ ക്കുന്ന സമയത്ത് ഞാറിന് പൂവൻ പഴത്തിൻെറ നിറമായിരിക്കും. വെള്ള വേരുകൾ ധാരളമായി തെളിഞ്ഞു കാണാം. അത്തരം ഞാറുകൾ നടു മ്പോൾ ഒരു നുരിയെങ്കിലും അഴുകാതെ വേരു പിടി ക്കും എന്നു മാത്രമല്ല കൃഷിയെ രോഗ കീട ബാധയിൽ നിന്ന് രക്ഷിക്കുകയും ചെയ്യും നടീൽ കഴിഞ്ഞാൽ തൊഴിലാളികൾക്ക് വിഭവ സമൃദ്ധമായ സദ്യ ഒരുക്കി കൊടുക്കുന്ന പതിവുണ്ടായിരുന്നു. ഇതിന് ''ചേറ്റൊടുക്കം'' എന്നു പറയപ്പെടുന്നു. കതി രാകുമ്പോൾ ഉണ്ടാകുന്ന പുല്പോന്ത്, ചാഴി മുത ലായവയുടെ ശല്യം തീർക്കാൻ പാടശേഖരത്തി ലെ മുഴുവൻ കർഷകരും കൂട്ടായി കീടങ്ങളെ ഒരു സ്ഥലത്തേക്ക് ആട്ടി തെളിച്ച് നശിപ്പിക്കുകയായി രുന്നു പതിവ്. മുണ്ടകൻ വിളയ്ക്ക് കനാൽ വെള്ളം ഇല്ലാത്തതുകൊണ്ട് ഒരു മുഴത്തിന് മൂന്നുനരി എന്ന കണക്കിൽ ഞാറ് ഇഴകൂട്ടിവെച്ച് (പിടനുരി) നടും. കന്നിമാസം അവസാനത്തോടുകൂടി കരിഞ്ഞാറു തിരിഞ്ഞ് വെള്ളം കെട്ടിനിർത്താൻ പാകമായാൽ വരമ്പറ്റം വെള്ളം കെട്ടി നിർത്തുക പതിവാണ് കാരണം കാലവർഷം ചതിച്ചാലും വിളകൊയ്യണമ ല്ലോ. ''മുണ്ടകനു മുക്കറ്റം വെള്ളംകെട്ടണം'' എന്ന പഴഞ്ചൊല്ലുണ്ട്. വെള്ളം കൂടുതൽ കെട്ടി നിർത്തു ന്നതിനാൽ ചിനപ്പുകൾ കുറവായിരിക്കും. ശരാശരി 8 മേനി മുതൽ 12 മേനി വരെ വിളവുണ്ടായിരുന്നു വത്രെ.

സ്വാതന്ത്ര്യാനന്തരം 1951- ൽ ഒന്നാം പഞ്ചവ ത്സര പദ്ധതി തുടങ്ങിയതോടെ ഹരിത വിപ്ലവ ത്തിനു തുടക്കം കുറിച്ചു ശാസ്ത്രീയമായ കൃഷിരീ തികളുടെ അവബോധം കർഷക മനസ്സുകളിലെ ത്തിക്കാൻ ബ്ലോക്ക ഡെവലപ്പ്മെൻറ് ഓഫീസ്സി ൻെറ കീഴിൽ ഗ്രാമ സേവകന്മാർ ആത്മാർത്ഥത യോടെ പ്രവർത്തിച്ചതിൻെറ ഫലമായി വീട്ടു വളപ്പു കളിലും വയൽ വരമ്പുകളിലും പച്ചില വളചെടി കൾ നട്ടുവളർത്തുവാനും കമ്പോസ്റ്റ് വള നിർമ്മാ ണത്തിനുള്ള സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങളും നല്കപ്പെട്ടിരുന്നു.

ജപ്പാൻ സമ്പ്രദായത്തിലുള്ള വരിപിടിച്ച നടീ ലും ഇൻറർകൾട്ടിവേറ്റർ ഉപയോഗിച്ച് കളവലി യ്ക്കുവാനും പരിശീലനം നല്കിയിരുന്നു പക്ഷെ പ്രായോഗികമായി വിജയ സാദ്ധ്യത ഈ സംരഭത്തി. നുണ്ടായില്ല. ഈ കാലഘട്ടങ്ങളിൽ തന്നെ പുതിയ വിത്തിനങ്ങളായ PTB 12 പട്ടാമ്പി കാർഷിക ഗവേ ഷണ കേന്ദ്രത്തിൽ നിന്നും തമിഴ്നാട്ടിലെ ചിങ്കൽ പേട്ടിൽ നിന്ന് ചിങ്കൽ പേട്ട് ചെറുമണിയൻ, കോ യമ്പത്തൂരിൽ നിന്ന് Co 25 എന്നീ വിത്തിനങ്ങൾ രംഗപ്രവേസനം ചെയ്തു. ചെറുമണിയൻ, Co 25 എന്നിവ 13 മുതൽ 20 വരെയും PTB12 ശരാശരി 12 മേനിവരെയും വിളവു ലഭിച്ചിരുന്നു വത്രെ. 1959 ൽ മംഗലം ഡാമും 1962 ൽ പേരാമംഗലം പ്രൊജക്റ്റും കമ്മീഷൻ ചെയ്തതോടെ Co 25 ഒഴിച്ച് പഴയ വിത്തിനങ്ങൾ ക്രമേണ പുറക്കോട്ടു തള്ളപ്പെട്ടു. കൃഷി രീതിയിലെ പഴയ സമ്പ്രദായങ്ങളും ഓർ മ്മകളിലൊതുങ്ങി പുതിയ സമ്പ്രദായത്തിന് വഴി യൊരുങ്ങുകയായിരുന്നു. .

## പഴയ നെല്ലിനങ്ങളുടെ പട്ടിക

### ഒന്നാംവിള

| | |
|---|---|
| പള്ളിയാൽ (പറമ്പ്) | കലായ്കണ്ടം |
| പൊറ്റമോടൻ | തവളക്കണ്ണൻ, ചീര |
| കട്ടമോടൻ | സ്വർണ്ണാലി, ചമ്പാൽ |
| കരിപ്പാലി | വെള്ളുത്തിരികഴമ |

### രണ്ടാംവിള

| | |
|---|---|
| ഉഴുന്ന്, മുതിര, എള്ള്, കോറ | ചിറ്റേനി, വൃശ്ചിക പാണ്ടി, ചെറുമണിയൻ, |

ശാസ്ത്രീയ കൃഷിരീതി നിലവിൽ വന്നതോടുകൂടി അത്യുൽപാദനശേഷിയുള്ള പുത്തൻ വിത്തിനങ്ങളോടൊപ്പം രാസവളങ്ങളും കീടനാശിനികളും പ്രയോഗിച്ചു തുടങ്ങി ഗണ്യമായ ഉല്പാദന വർദ്ധനവിനോടൊപ്പം തന്നെ പല കോട്ടങ്ങാക്കും വഴി തെളിയിച്ചു. 70 കളുടെ അവസാനം വരെ ഒന്നാം വിളക്ക് ഡയിഞ്ച (പച്ചില ചെടി) വളർത്തി ഉഴുതുമറിച്ച് ഉഴവാക്കി നടീൽ നടത്തിയിരുന്നു. എന്നാൽ പിന്നീടത് ഉപേക്ഷിക്കപ്പെട്ടു അശാസ്ത്രീയ രീതിയിലുള്ള രാസവള പ്രയോഗവും മണ്ണിന്റെ ജൈവ സംമ്പുഷ്ടതയെ നശിപ്പിക്കുകയും ഘടനക്കും സ്വഭാവത്തിനും മാറ്റം വരുത്തുകയും ചെയ്തു. കീടനാശിനി, കളനാശിനി എന്നിവയുടെ അമിതോപയോഗം മിത്രജീവികളായ, തവള, നീർക്കോലി, ഞാഞ്ഞൂൽ (മണ്ണിര) എന്നിവയുടെ നാശം ശത്രുകീടങ്ങളുടെ ആധിക്യത്തിന് വഴിയൊരുക്കി. കൂടാതെ ചില കീടനാശിനികാക്ക് നേരെ ഇവ പ്രതിരോധ ശക്തി ആർജ്ജിക്കുകയും ചെയ്തു. 80 കളുടെ അവസാനത്തോടെ ജൈവവളങ്ങളുടെ അഭാവ മൂലവും രാസവളത്തിലൂന്നി കൊണ്ടുള്ള കൃഷിരീതി മാത്രം തുടർന്നു വന്നതിനാലും വിളവർദ്ധനവിനെ ഗണ്യമായി ബാധിച്ചു തുടങ്ങി. ഇത് കാർഷിക മേഖലയിൽ കൃഷക്കാരന് കൃഷിയോടുള്ള താല്പര്യം കുറയുവാനിടയായി. അത്യാവശ്യസമയങ്ങളിൽ കനാൽ വെള്ളത്തിന്റെ അഭാവവും കൂനിന്മേൽ കുരുപോലെയായി.

ഉല്പാദനത്തിൽ വന്നകുറവും ഉല്പന്നത്തിന്റെ വിലയിടവും മാത്രമല്ല മാറി മാറി വരുന്ന സാമൂഹ്യമാറ്റങ്ങാക്കനുസൃതമായി കൂടുതൽ വേതനം ലഭിക്കുന്ന മേഖലകളിലേക്ക് കർഷകതൊഴിലാളികളുടെ പ്രയാണവും കാർഷിക മേഖലയെ തളർത്തി. സ്ത്രീ പുരുഷ ഭേദമന്യേ കർഷകതൊഴിലാളികളുടെ വേതനത്തിൽ ഭീമമായ വർദ്ധനവും തൊഴിൽ സമയങ്ങളിൽ ഗണ്യമായ കുറവും സംഭവിച്ചു.

### കൂലി നിരക്ക്

| വർഷം | സ്ത്രീ | പുരുഷൻ |
|---|---|---|
| 1993 - 94 | 15 രൂപ മുതൽ 20 വരെ | 25 രൂപ മുതൽ 30 വരെ |
| 94 - 95 | 20 രൂപ മുതൽ 25 രൂപ വരെ | 40 - 45 |
| 95 - 96 | 25 - 30 | 60 - 70 |
| 96 - 97 | 30 - 40 | 70 - 80 |

ഇന്നത്തെ യുവതലമുറക്ക് ശരീരത്തിൽ ചളി പുരളുന്ന കാർഷിക വൃത്തിയോട് താല്പര്യകുറവു വന്നു തുടങ്ങുകയും പെൺകുട്ടികാ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളിലും ബീഡി തെരപ്പിനും, ഇഷ്ടിക നിർമ്മാണത്തിനും പോയി തുടങ്ങി. ഈ രംഗങ്ങളിൽ കൃഷി പണിയെക്കാാ മാന്യത അവർ ഇതിൽ കാണുന്നു.

## കാവശ്ശേരി ഗ്രാമപഞ്ചായത്ത് 3 - 8
## വിള വിസ്തീർണ്ണവും ഉല്പാദനവും

| വിള | വിസ്തീർണ്ണം ഹെക്ടർ | മൊത്തം ഉല്പാദനം | ഉല്പാദന ക്ഷമത |
|---|---|---|---|
| നെല്ല് (ഒന്നാം വിള) | 1051 ഹെ | 462.84 ടൺ | |
| നെല്ല് (രണ്ടാം വിള) | 1051 ,, | 358. 65 ,, | |
| പയർ | 20 ഹെ | 10.35 ,, | |
| പച്ചക്കറികൾ | 80 ,, | 18.55 ,, | |
| തെങ്ങ് | 270 ,, | 7425000 എണ്ണം | |
| വാഴ | 80 ,, | 264.45 ടൺ | |
| മരച്ചീനി | 100 ,, | 235.00 ,, | |
| കുരുമുളക് | 10 ,, | 8.00 ,, | |
| കശുമാവ് | 70 ,, | 8.00 ,, | |
| റബ്ബർ | 400 ,, | 176.00 ,, | |
| കവുങ്ങ് | 10 ,, | 6.00 ,, | |

## പഞ്ചായത്തിൽ 1051 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നു
## കൈവശ വിസ്തീർണ്ണം താഴെ ചേർക്കുന്നു.

| വാർഡ് നമ്പർ | നാമമാത്ര കർഷകൻ 1 ഹെക്ടറിൽ താഴെ | ചെറുകിട കർഷകൻ 1 - 2 ഹെക്ടർ | വൻകിട കർഷകൻ 2 ഹെക്ടറിന് മേൽ |
|---|---|---|---|
| 1 | 25 | 84 | 16 |
| 2 | 40 | 79 | 4 |
| 3 | 52 | 82 | 4 |
| 4 | 16 | 61 | 3 |
| 5 | 22 | 97 | 4 |
| 6 | 63 | 72 | 7 |
| 7 | 48 | 96 | 4 |
| 8 | 72 | 47 | 5 |
| 9 | 80 | 69 | 3 |
| 10 | 34 | 76 | - |
| 11 | 29 | 41 | 3 |

### *കൃഷിഭവൻ*

കാവശ്ശേരി പഞ്ചായത്തിൽ കൃഷിഭവൻ പ്രവർത്തിച്ചു വരുന്നു. ഇതോടനുബന്ധിച്ച് കാർഷിക വികസന സമിതിയും പ്രവർത്തിക്കുന്നു. കർഷകർക്ക് വേണ്ട നിർദ്ദേശങ്ങളും ആനുകൂല്യങ്ങളും നടപ്പിൽ വരുത്തുന്നത് കൃഷിഭവൻ മുഖേന യാണ്. സമയാസമയങ്ങളിൽ കർഷകർക്ക് വേണ്ട നിർദ്ദേശങ്ങളും കൂടുതലായി യഥാസമയത്തു തന്നെ കർഷകർക്ക് ആവശ്യമായ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ സംവിധാനം ഉണ്ടാകണം. ഫീൽഡ് സ്റ്റാഫ് പാടശേഖരങ്ങളിൽ വേണ്ട സമയത്ത് കർഷകർക്ക് വേണ്ട നിർദ്ദേശങ്ങളും ഉപദേശങ്ങളും നൽകണം. കേരവികസന സമിതിയും ഇതോടനുബന്ധിച്ച് പ്രവർത്തിക്കുന്നു.

## പാടശേഖര സമിതികൾ

നിലവിൽ 16 പാടശേഖര സമിതികൾ ഉണ്ട്. പ്രവർത്തനമാന്ദ്യം പാടശേഖര സമിതികൾക്ക് പലതിനും ഉണ്ട്. സജീവമായി പ്രവർത്തിക്കുന്നവയും ഉണ്ട്. കൃഷിഭവനിലൂടെയുള്ള പലവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ പാടശേഖര സമിതികൾ ശ്രമിക്കുന്നു. കർഷകരുടെ കൂട്ടായ്മയുടെ ആവശ്യകത സമിതികൾ സജീവമാക്കുവാൻ ആവശ്യമാണ്. സെമിനാർ, ചർച്ചകൾ, ക്യാമ്പുകൾ, വർഷാ വർഷങ്ങളിലെ വാർഷിക പദ്ധതി എന്നിവ നടത്തി സമിതികൾ സജീവമാക്കാം. ജനപ്രതിനിധികൾ കൃഷിവകുപ്പു ഉദ്യോഗസ്ഥർ, ബാങ്ക് അധികൃതർ എന്നിവർ പ്രസ്തുത യോഗങ്ങളിൽ പങ്കെടുത്ത് നിർദ്ദേശങ്ങളും വിദ്ഗ്ദോപദേശങ്ങളും പ്രസ്തുത മീറ്റിംഗുകളിൽ നൽകാം. എല്ലാവർഷവും സമിതികൾ വാർഷിക യോഗവും ഭാരവാഹികളെ തെരഞ്ഞെടുക്കലും വേണം. ജനപ്രതിനിധികൾ കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, ബാങ്ക് അധികൃതർ എന്നിവർ പ്രസ്തുത യോഗങ്ങളിൽ പങ്കെടുത്ത് നിർദ്ദേശങ്ങളും വിദഗ്ദോപദേശങ്ങളും നൽകണം. കൃഷി വകുപ്പ് നൽകുന്ന ആനുകൂല്യങ്ങൾ സമയാസമയങ്ങളിൽ യഥാർത്ഥ കർഷകർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്താൻ പഞ്ചായത്തുതലത്തിൽ മോണിറ്ററിംഗ് സെൽ രൂപീകരിക്കാവുന്നതാണ്.

**ജൈവവളം :-**

കമ്പോസ്റ്റ് കുഴി നിർമ്മാണത്തിന് കുഴി ഒന്നിന് സർക്കാരിൽ നിന്നും 25 രൂപ സബ്സിഡിയായി നല്കിയിട്ടുണ്ട്. വർദ്ധിച്ച ഭൂമി നിരക്കുള്ള ഈ കാലഘട്ടത്തിൽ ഈ തുക അപര്യാപ്തമാണ്. ജൈവവളങ്ങൾക്ക് പ്രാമുഖ്യം നല്കുന്ന ഈ കാലഘട്ടത്തിൽ തുക വർദ്ധിപ്പിച്ച് കമ്പോസ്റ്റ് വള നിർമ്മാണം ബോധവൽക്കരിക്കണം. ജൈവവളം സസ്യങ്ങൾക്ക് മുലപ്പാൽ പോലെയാണ്.

കൃഷിഭവനിലൂടെ കമ്പോസ്റ്റ് കുഴികൾക്ക് കൊടുത്ത സബ്സിഡിയുടെ വിവരം (കുഴി ഒന്നിന് 25 രൂപ നിരക്കിൽ

| | | |
|---|---|---|
| 94 - 95 | - | Rs. 3,500.00 |
| 95 - 96 | - | Rs. 7,000.00 |

### കാവശ്ശേരി ഗ്രാമപഞ്ചായത്ത്
### 3.5 നടീൽ വസ്തു വിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993 - 94 | 1994 - 95 | 1995 - 96 |
| തെങ്ങ് | 450 | 725 | 1300 |
| കശുമാവ് | 800 | - | - |
| കുരുമുളക് | 1000 | - | - |
| കവുങ്ങ് | - | - | - |
| വാഴ | - | 1000 | - |
| പ്ലാവ് | - | 16 | - |
| മാവ് | 110 | 122 | - |
| ഞാവൽ | 24 | 50 | - |
| ചെറി | 5 | 15 | - |
| നെല്ലി | 3 | 738 | - |
| മാതളം | 3 | 738 | - |
| കൊയ്യ | - | 40 | - |
| ഗ്രാമ്പു | - | - | 150 |

## കാവശ്ശേരി ഗ്രാമപഞ്ചായത്ത്
## 3.6 ദുരിതാശ്വാസ വിതരണം

| പ്രശ്നബാധിത പ്രദേശത്തിൻെറ വിസ്തീർണ്ണം (ഹെക്ടർ) | | | | | ധനസഹായം ലഭിച്ചവരുടെ എണ്ണം | വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|
| വർഷം | വെള്ളപ്പൊക്കം | വരൾച്ച | കൊടുങ്കാറ്റ് | ഉരുൾപൊട്ടൽ | | |
| 1993 - 94 | 15 ഹെക്ടർ | - | - | - | 68 | 1200 kg നെൽ വിത്ത് 88 kg ഉഴുന്ന് വിത്ത് |
| 1994 - 95 | 70 ,, | - | - | - | 354 | 5600 kg നെൽ വിത്ത് |
| | 103 ,, | - | - | - | 138 | 777678/ |
| 1995 - 96 | - | - | - | - | - | - |

## കാവശ്ശേരി ഗ്രാമപഞ്ചായത്ത് 3.7 തെങ്ങ് കൃഷിസംബന്ധിച്ച വിവരങ്ങൾ

| തെങ്ങ് എണ്ണം | | | | | രോഗംബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| വാർഡ് നമ്പർ | തെങ്ങുകൃഷി (ഹെക്ർ) | കായ്ക്കാത്തത് (എണ്ണം) | കായ്ക്കുന്നത് (എണ്ണം) | ആകെ | റൂട്ട് വിൻറ്റ് | ലീപ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡർ | മറ്റു ള്ളവ | ആകെ |
| 1 | 40 ഹെ. | 3700 | 6800 | 10500 | | | | | | |
| 2 | 4.5 ,, | 200 | 800 | 1000 | | | | | | |
| 3 | 3.0 ,, | 250 | 600 | 850 | | | | | | |
| 4 | 3.5 ,, | 225 | 700 | 925 | | | | | | |
| 5 | 3.0 | 150 | 700 | 850 | | | | | | |
| 6 | 2.75 | 225 | 550 | 775 | | | | | | |
| 7 | 4.0 | 300 | 800 | 1100 | | | | | | |
| 8 | 5.0 | 250 | 1050 | 1300 | | | | | | |
| 9 | 4.0 | 200 | 900 | 1100 | | | | | | |
| 10 | 8.0 | 600 | 1500 | 2100 | | | | | | |
| 11 | 7.25 | 300 | 1250 | 1550 | | | | | | |

# കാവശ്ശേരി ഗ്രമപഞ്ചായത്ത്
## 3.3 കാർഷികോപകരണങ്ങൾ

| വാർഡ് | ഉഴവുപരകരണങ്ങൾ | | | | മരുന്നു തളി ഉപകരണങ്ങൾ | | | | |
|---|---|---|---|---|---|---|---|---|---|
| | ട്രാക്ടർ | ട്രില്ലർ | നാടൻ കലപ്പ | റോക്ക് സ്പെയർ | നാപ്സ്റ്റാക്ക് സ്പെയർ | പവ്വർ സ്പ്രെയർ | മെതി യന്ത്രം | തെങ്ങു കയറ്റ യന്ത്രം | ഷോർട്ടബിൾ പമ്പുസെറ്റ് |
| 1 | - | - | 2 | - | 4 | - | - | - | 4 |
| 2 | - | - | - | - | 2 | 1 | - | - | - |
| 3 | 1 | 1 | - | - | 4 | - | - | - | - |
| 4 | - | - | - | - | - | 2 | - | - | 2 |
| 5 | - | - | - | - | - | - | - | - | 3 |
| 6 | 1 | - | - | - | - | - | - | - | - |
| 7 | 2 | - | - | - | - | - | - | - | 4 |
| 8 | 1 | - | - | - | - | - | - | - | - |
| 9 | 1 | 1 | - | - | 12 | - | - | - | 3 |
| 10 | 1 | 1 | - | - | 12 | - | - | - | 3 |
| 11 | 1 | - | - | - | - | - | - | - | 12 |

## കാവശ്ശേരി ഗ്രാമപഞ്ചായത്ത്

### 3.3. രാസവള കീടനാശിനി വിപണനം

| ക്രമ നമ്പർ | സ്ഥാപന ത്തിന്റെ പേര് | 1993 - 94 രാസവളം | കീടനാശിനി ദ്രവം | ഖരം | 1994 - 95 രാസവളം | കീടനാശിനി ദ്രവം | ഖരം | 1995 - 96 രാസവളം | കീടനാശിനി ദ്രവം | ഖരം |
|---|---|---|---|---|---|---|---|---|---|---|
| 1 | SCB Kazhani | 28 MT | - | | 35 MT | - | - | 35 MT | - | - |
| 2 | രാജകുമാർ ചുങ്കം | 15 MT | - | - | 18 NT | - | - | 19 MT | - | - |
| 3 | TCB നാരയണ മൂർത്തി TPm | 12 MT | 175 ലി | 80 kg | 14ടൺ | 180 L | 60 kg | 135 ടൺ | 200L | 65 kg |
| 4 | K. A. ബാല- ഗോപാലൻ ഇരട്ടകുളം | 8 ടൺ | - | - | 10 | - | - | 10 ടൺ | - | - |
| 5 | ഹരിദാസ് കഴനി | 7 ടൺ | - | - | 8 ടൺ | - | - | 8 ടൺ | - | - |
| 6 | രാധാകൃഷ്ണൻ | 5 ടൺ | 75 ലി | 52 Kg | 5 NT | 70 ലി | 50 kg | 6 MT | 80 nf | 60 kg |
| 7 | കുഞ്ഞികൃഷ്ണൻ നായർ | 6 Mt | 90 ലി | 70 kg | 6 MT | 88 ലി | 68 kg | 8 MT | 92ലി | 65 kg |
| 8 | T. K. G നായർ പാടൂർ | 10 MT | - | - | 12MT | - | - | 6 Mt | - | - |
| 9 | ചന്ദ്രൻ കടംപിടി | 5 MT | - | - | 6 MT | - | - | 5 MT | - | - |
| 10 | കൃഷ്ണകുമാർ കഴനി | 6 MT | - | - | - | 7 MT | - | 8 MT | - | - |
| | ആകെ | 102 MT | 340 ലിറ്റർ | 202 kg | 121 MT ലിറ്റർ | 338 kg | 178 MT | 124 ലിറ്റർ | 372 kg | 190 kg |

പയറുവർഗ്ഗങ്ങൾ:-

നെൽകൃഷിയോളം തന്നെ പ്രാധാന്യം നല്കിയിരുന്ന വിളകളാണ് ഉഴുന്ന്, പയറ്, മുതിര. പണ്ട് പറമ്പുകളിലും മറ്റും ഒന്നാം വിളയായി ഇവ കൃഷി ചെയ്തിരുന്നു. മഴയെ മാത്രം ആശ്രയിച്ചാണ് അന്നത്തെ കൃഷി രീതി.

തെങ്ങ്:-

അടുത്ത കാലത്തായി തെങ്ങ് കൃഷി വളരെ അധികം വ്യാപിച്ചിട്ടുണ്ട്. നാടൻ ഇനങ്ങൾക്കു പുറമെ അത്യുല്പാദനശേഷിയുള്ള തെങ്ങിൻ തൈകളും വെച്ച് പിടിപ്പിച്ചിട്ടുണ്ട്. എന്നാൽ ജലസേചന സൗകര്യമുള്ള തോട്ടങ്ങൾ വളരെ കുറവാണ്. രാസവളങ്ങളും ഇപ്പോൾ തെങ്ങിന് പ്രയോഗിക്കുന്നുണ്ട്. വളരെ കുറഞ്ഞതോതിലെ രോഗബാധിത കണ്ടുവരാറുള്ളു. പ്രധാനമായും ചെന്നീരോലിപ്പും, കൊമ്പൻ ചെല്ലിയുടെ ശല്യവും കീടനാശിനികൾ പ്രയോഗിച്ചാൽ ഇവയുടെ ശല്യവും തീരും.

കുരുമുളക് :-

അപൂർവ്വം ചിലതെങ്ങിൻ തോട്ടങ്ങളിലും, വീട്ടുവളപ്പിലുള്ള വൃക്ഷങ്ങളുടെ ചുവട്ടിലും കുരുമുളക് കൃഷി ചെയ്തു വരുന്നു. നാടൻ ഇനമായ കരിമുണ്ടയാണ് അധികവും. അപൂർവ്വമായി പന്നിയൂർ -12 ഉം ഉണ്ട്. ഭൂതവാട്ടം എന്നരോഗം ഇവിടെ ഈ കൃഷിയെ ബാധിച്ചിട്ടുണ്ട്. ഇക്കാരണം കൊണ്ട് താല്പര്യപൂർവ്വം കൃഷിചെയ്ത പലരും ഇതിൽ നിന്ന് പിൻവാങ്ങിയിട്ടുണ്ട്.

കവുങ്ങ് :-

അങ്ങിങ്ങായി മൂന്ന് ഹെക്ടറോളം സ്ഥലത്ത് കവുങ്ങു കൃഷി ചെയതുവരുന്നു. മംഗളയും, പഴയ നാടൻ ഇനങ്ങളും ഉണ്ട്. ജലസേചനത്തിനുള്ള അസൗകര്യങ്ങളും പരിജ്ഞാനം ഇല്ലായ്മയുമാണ് ഈ കൃഷി കുറവ് വരുവാൻ കാരണം. മാഹാളി രോഗവും, വേരു ചീയൽ രോഗവും ചിലപ്പോൾ കണ്ടുവരാറുണ്ട്.

വാഴ :-

വീടുവളപ്പുകളിലും പുറം തൊടികളിലും മാത്രമായി നിന്നിരുന്ന വാഴ കൃഷി ഇപ്പോൾ നെൽവയലുകളിലും വ്യാപിച്ചിരിക്കുന്നു. നേന്ത്രവാഴ കൃഷിക്കാണ് പ്രാധാന്യം. എന്നാൽ മറ്റു തരം വാഴ കൃഷിയും ഇല്ലാതില്ല. അതിവർഷവും, ശക്തിയായ കാറ്റും വാഴ കൃഷിക്ക് ദോഷമാകാറുണ്ട്. കൂമ്പടപ്പു രോഗം അപൂർവ്വമായി കണ്ടുവരാറുണ്ട്.

മരച്ചീനി :-

ഈ പഞ്ചായത്തിലെ പ്രദേശമായ തെന്നിലാപുരം, പത്തനാപുരം, മുത്താനോട്ട്, ആറാപ്പുഴ, പാടൂർ എന്നിവടങ്ങളിൽ വ്യാപകമായി കൃഷി ചെയ്തു വന്നിരുന്നു. ഉല്പന്നത്തിന് ന്യായവില ലഭിക്കാത്തതും, ഉല്പാദന ചിലവ് വർദ്ധനയും, കമ്പോളം കണ്ടെത്താനുള്ള വിഷമവും കാരണം ഇതിൻെറ കൃഷി വളരെ കുറഞ്ഞുവരുകയാണ്.

ഇഞ്ചി, കച്ചോലം, മഞ്ഞൾ :-

വീട്ടുവളപ്പിൽ മാത്രം ഒതുങ്ങിയിരുന്ന ഇഞ്ചി നെൽപാടങ്ങളിലും കൃഷിചെയ്തുവരുന്നു. അപൂർവ്വമായി കച്ചോലവും, മഞ്ഞളും കൃഷി ചെയ്തു വരുന്നുണ്ട്. മൂട്ചീയൽ ഇഞ്ചി കൃഷിയെ കാര്യമായി ബാധിക്കുന്നതുമൂലം പ്രസ്തുത കൃഷിയിൽ കർഷകർക്ക് താല്പര്യവും കുറഞ്ഞിട്ടുണ്ട്.

കൂർക്ക, ചേന, ചേമ്പ്, കാവത്ത് :-

ഈ ഇനങ്ങൾ വളരെ കുറച്ച് വീടുവളപ്പുകളിൽ മാത്രം ഒതുങ്ങിനില്കുന്നു.

റബ്ബർ:-

ഞാറ്റടിക്ക് മാത്രം നീക്കിവെച്ച പള്ളിയാലുകളിലും, പറമ്പുകളിലും, കുന്നിൻ ചരിവുകളിലും ഇന്ന് യഥേഷ്ടം റബ്ബർ തോട്ടങ്ങളായി രൂപാന്തരപ്പെട്ടുവരുന്നു. ഈ കൃഷിക്ക് വേണ്ട ആനുകൂല്യങ്ങൾ റബ്ബർ ബോർഡിൽ നിന്നും യഥാസമയം ലഭിക്കുന്നുണ്ട്. മറ്റു കൃഷികളെ അപേക്ഷിച്ച് ഇത് വളരെ ലാഭകരമാണ് എന്ന വിശ്വാസവും, അനുഭവവും കാരണം കർഷകർ ഈ കൃഷി ചെയ്യുവാൻ ഒട്ടു മടികാട്ടുന്നില്ല

മൾബറി :-

വളരെയേറെ കൃഷിക്കാർ താല്പര്യപൂർവ്വം കടന്നുവന്ന രംഗമാണ് മൾബറി കൃഷി. എന്നാൽ വിപണനത്തിനുള്ള അസൗകര്യവും, ഉല്പന്നത്തിന് ന്യായവില ലഭിക്കായ്മയും കാരണം കർഷകരും ഈ കൃഷിയെ വിട്ടൊഴിഞ്ഞിരിക്കയാണ്. മൾബറി കൃഷി ആവശ്യമായി എടുത്ത പല വായ്പകളും കർഷകൻെറ നിലവിലുണ്ടായിരുന്ന

സാമ്പത്തിക ഭദ്രതയെ തന്നെ തകർത്തു. ഇത് പഴയ കൊക്കൊ കൃഷിയെ ഓർമ്മിപ്പിക്കുന്നു.

പച്ചക്കറി :-

ഒന്നാം വിളകാലത്ത് പൊടിവിതയ്ക്ക് ശേഷം വരമ്പുകളിൽ പയർ, വെണ്ട, തുവര മുതലായവ കൃഷിചെയ്തിരുന്നു. കൂടാതെ വീടുകളുടെ തൊടികളിൽ അത്യാവശ്യം ഗാർഹിക ആവശ്യത്തിനുള്ള പച്ചകറികാം ധാരാളം കൃഷി ചെയ്തിരുന്നു. പച്ചമുളക്, വഴുതിന എന്നിവയും അടുക്കളയോട് ചേർന്ന് കൃഷിചെയ്തിരുന്നു. അടുക്കളത്തോട്ടത്തിന്റെ അവിഭാജ്യഘടകമായ വഴുതിനകൃഷിക്ക് ഒരു ചൊല്ലുതന്നെയുണ്ട്.

''അടുക്കളയ്ക്ക് അടുത്തുവെക്കണം
തൈ അകലെ വെക്കണം
അരിവെച്ചു പറിക്കണം
കായ് അരിവെക്കാതെ പറിക്കണം''

രണ്ടാം വിള വരമ്പ് മാട്ടത്തിന്ശേഷം വരമ്പുകളിൽ മുതിര, ഉഴുന്ന്, ചെറുപയറ് എന്നീ പയറുവർഗ്ഗങ്ങാം ധാരാളം കൃഷിചെയ്തിരുന്നു. കുഭ മാസത്തിലെ പൌർണ്ണമി നാളിൽ ചേന നടുക പതിവാണ്. ''കുഭം പിറക്ക് ചേന നട്ടാൽ കുടത്തൊളം വലുപ്പം'' എന്ന് ചൊല്ലുതന്നെയുണ്ട്.

''കർക്കിടകത്തിൽ ചേന നല്ലപോലെ വേവും കർക്കികടത്തിൽ ചേന കട്ടും തിന്നണം എന്നാണ് പഴമൊഴി''

മീനമാസത്തിലെ പൂരം നാളിൽ ശ്രീ. പരക്കാട്ട് ഭഗവതി ക്ഷേത്രത്തിലെ പൂരമാഹോത്സവത്തിന്റെ ചടങ്ങായ ഉച്ച ഈടു വെടിയുടെ മുഴക്കം ശ്രവിച്ച് മത്തൻ വിത്ത് കുത്തിയിടുന്നത് ഇന്നും ഒരാചാരമായി പഴമക്കാർ ചെയ്തു വരുന്നു.

നാടൻ പച്ചക്കറികാംക്ക് പ്രശസ്തിപിടിച്ചു പറ്റിയ പ്രദേശമാണ് ഓന്നാം വാർഡിലെ പത്തനാപുരം, മുത്താനോട് ആറാപ്പുഴ എന്നീ സ്ഥലങ്ങാം നാടൻ വഴുതിന, വെണ്ടക്ക, പടവലം, ക്യപക്ക, പച്ചമുളക്, മത്തൻ, കുമ്പളങ്ങ, വെള്ളരി, ചീര തുടങ്ങിയ പച്ചക്കറികാം മണ്ണിന്റെ രീതിക്കനുസരിച്ചും, സീസൺ അനുസരിച്ചും കൃഷിചെയ്തു വരുന്നു.

''മണ്ണറിഞ്ഞ് വിത്തിടണം ഗോത്രമറിഞ്ഞ്
പെണ്ണെടുക്കണം''

എന്നാണ് ചൊല്ല്

പഞ്ചായത്തിന്റെ മറ്റു ചില ഭാഗങ്ങളിലും വേനൽ പള്ളം വെയ്ക്കാറുണ്ട്. എന്നാൽ ഉല്പാദനത്തിനനുസരിച്ച് വിപണനത്തിനുള്ള അസൗകര്യവും, കർഷകർക്ക് അധ്വാനത്തിന് അനുസരിച്ചുള്ള പ്രതിഫലം ലഭിക്കുന്നില്ല. ഇപ്പോാം നാടൻ വിത്തിനങ്ങാം ഉപയോഗിക്കുന്ന കർഷകർക്ക്, കാർഷിക സർവ്വകലാശാല മുഖാന്തിരമുള്ള മുന്തിയ വിത്തുകാം നല്കുകയും, ആവശ്യമായ നിർദ്ദേശങ്ങളും സാമ്പത്തിക സഹായവും യഥാസമയം നല്കുകയാണെങ്കിൽ ഈ മേഖലയിൽ പച്ചക്കറി സുലഭമായി ലഭ്യമാകുന്നതാണ്.

പ്രശ്നങ്ങാം:-

1. തക്കസമയത്ത് കനാൽ വെള്ളം കിട്ടുന്നില്ല -ഫലം ഉണക്കം.
2. തൊഴിലാളികളുടെ ദൌർലഭ്യം
3 ജൈവ വളത്തിന്റെ അപര്യാപ്തത
4. യഥാസമയം കാർഷിക വായ്പ ലഭിക്കുവാനുള്ള വിഷമം
5. കൃഷിഭവനിൽ നിന്നുള്ള സേവനം ശരിയാം വണ്ണം ലഭിക്കായ്മ
6. രാസവള ദൌർലഭ്യം - വേണ്ട സമയത്ത് വേണ്ടതും ലഭിക്കായക -അമിത വില.
7. ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം ഇല്ലായ്ക
8 മണ്ണ് പരിശോധനയുടെ അഭാവം.
9. കീടങ്ങളുടെ ആക്രമണം - യഥാസമയം കീടനാശിനികാം സബ്സിഡി നിരക്കിൽ ലഭിക്കായ്ക.
10. പാടശേഖര സമിതികളുടെ പ്രവർത്തനം മാന്ദ്യം
11. പാം ചാലുകളുടെയും കാഡ ചാലുകളുടെയും അപര്യപ്തത.
12 ജല ആഗമ നിർഗ്ഗമന മാർഗ്ഗാം ഫലപ്രദമല്ല.
13. പച്ചക്കറി, മരച്ചീനി എന്നിവ അടക്കമുള്ള കാർഷികവിളകാംക്ക് വേണ്ടത്ര വിപണന

സൌകര്യം ഇല്ലാത്തതിനാൽ ന്യായമായ വില ലഭിക്കുന്നില്ല.

14. തൊഴിലാളികളുടെ വർദ്ധിച്ച വേതനനിരക്ക്.
15. സമയാസമയങ്ങളിൽ വളച്ചെടിവിത്ത്, നെൽ വിത്ത്, ചുണ്ണാമ്പ് എന്നിവ ലഭിക്കുന്നില്ല.
16. കാർഷിക വൃത്തിക്ക് (കൃഷി പണിക്ക്) അർഹിക്കുന്ന അംഗീകാരമില്ലായ്മ
17. കേരവികസന സമിതിയുടെ പ്രവർത്തനം സജീവമാക്കണം.
18. ഇരുപ്പുകൃഷി സ്ഥലങ്ങൾ വ്യാപകമായി ഇഷ്ടിക നിർമ്മാണം നടക്കുന്നു.
19 കൃഷിയോട് ആഭിമുഖ്യമില്ലാത്ത വിദ്യാഭ്യാസ സമ്പ്രദായം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഇല്ലായ്മ.
20. ചേരാമംഗലം പ്രോജക്ടിന്റെ ആയക്കെട്ട് പ്രദേശമായ മരുതമ്പാടം, മാടമ്പിക്കാട്, പടിഞ്ഞാറെ തറ തുടങ്ങിയ പ്രദേശങ്ങളിൽ കഴിഞ്ഞ 10 വർഷത്തിലേറെയായി കനാൽ വെള്ളം കിട്ടാറില്ല.

നിർദ്ദേശങ്ങളും പരിഹാരമാർഗ്ഗങ്ങളും

1. കർഷകതൊഴിലാളികൾക്ക് ഏകീകരിച്ചകൂലി സമ്പ്രാദായവും ഇൻഷൂറൻസ് പദ്ധതിയും നടപ്പാക്കുക.
2. ദേശസാൽകൃത ബാങ്കുകളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും, നെടുങ്ങാടി ബാങ്ക് കാവശ്ശേരി നിന്നും കാർഷിക വായ്പ ലഭ്യമാക്കുക.
3. കമ്പോസ്റ്റ് വളം നിർമ്മിക്കുവാൻ സബ്സിഡി നിരക്ക് 25 രൂപയിൽ നിന്ന് (കുഴി ഒന്നിന്) കൂടുതൽ തുകയായി ഉയർത്തുക. സമയാസമയങ്ങളിൽ പച്ചില വളച്ചെടി വിത്തുകൾ കൃഷി ഭവൻ മുഖേന ലഭ്യമാക്കുക. ഇത് ഉപയോഗിക്കുവാനുള്ള ബോധവൽക്കരണം നടത്തുക.
4. ശാസ്ത്രീയ രീതിയിലുള്ള വളപ്രയോഗത്തെക്കുറിച്ച് കർഷകർക്ക് ബോധവൽക്കരണം നടത്തുക.
5. പാടശേഖരം സമിതികൾ വർഷാവർഷം കൃത്യമായി പുനഃസംഘടിപ്പിക്കണം. വാർഷികപൊതുയോഗങ്ങളിൽ കൃഷി വകുപ്പിലെ ഉദ്യോഗസ്ഥർ പഞ്ചായത്ത് പ്രസിഡണ്ട്, വാർഡ് മെമ്പർ കൂടി പങ്കെടുത്തിരിക്കണം. പാടശേഖരം ജനറൽ ബോഡിയിൽ 60% കർഷകരുടെയെങ്കിലും പ്രാതിനിത്യം ഉറപ്പാക്കുക. ട്രാക്ടർ, ടില്ലർ, മെതിയന്ത്രം എന്നീ വിലകൂടിയ സാമഗ്രികൾ വാങ്ങുമ്പോൾ സമിതിയുടെ അംഗീകാരം നേടണം.
6. ആവശ്യ സമയങ്ങളിൽ കൃഷി ഭവനിൽ കൂടി നേരിട്ടോ, പാടശേഖര സമിതികൾ മുഖേനയോ സൌജന്യ നിരക്കിൽ കീടനാശിനികൾ വിതരണം ചെയ്യണം
7. കൃത്രിമമായി രാസവളക്ഷാമംഈ ആണ്ടിൽ വന്നിരിക്കുന്ന (യൂറിയക്ക്) ഒരവസ്ഥാവിശേഷം ഭാവിയിൽ ഉണ്ടാവാതിരിക്കുവാൻ വേണ്ട മുൻകരുതൽ സ്വീകരിക്കുകയും വില കൂടാതിരിക്കുവാൻ ശ്രമിക്കുകയും വേണം.
8. അത്യല്പാദന ശേഷിയുള്ള നെൽവിത്തിനങ്ങൾ യഥാസമയത്തു ലഭ്യമാക്കുക. ചുണ്ണാമ്പ് സൌജന്യ നിരിക്കിൽ യഥാസമയം ലഭ്യമാക്കുക.
9. വീട്ടുവളപ്പുകളിൽ പച്ചക്കറി കൃഷി ചെയ്യുവാനുള്ള ഒരു സംസ്കാരം വളർത്തി എടുക്കണം. കാർഷിക സർവ്വകലാശാല മുഖാന്തിരം നല്ലയിനം പച്ചക്കറി വിത്തിനങ്ങൾ ലഭ്യമാക്കുക. നിലവിൽ ഒന്നാം വാർഡിലുള്ള പച്ചക്കറി സൊസൈറ്റി നിർജ്ജീവമായി കിടക്കുന്നത് പുനഃരുജ്ജീവിപ്പിക്കുക. വിദ്യാലയങ്ങൾ വഴി കുട്ടികളിൽ പച്ചക്കറി കൃഷിക്ക് പ്രോത്സാഹനം നല്കുക.
10. പഞ്ചായത്തിൽ ഒന്നാം വാർഡിലും മറ്റു പരിസരപ്രദേശങ്ങളിലും കൂടി നൂറുകണക്കിന് കുടുംബങ്ങളിലെ മുഴുവൻ അംഗങ്ങളും രണ്ടു മാസക്കാലത്തേക്ക് മരച്ചീനി സംസ്കരണത്തിൽ വ്യാപൃതരാണ്. (വാട്ടകപ്പ, ഉണക്ക കപ്പ എന്നിവ ഉണ്ടാക്കൽ) സ്വകാര്യ കച്ചവടക്കാർ ഇവരിൽ നിന്നും ചരക്ക് ചുരുങ്ങിയ വിലയ്ക്ക് വാങ്ങി കൊച്ചിയിൽ കൊണ്ടുപോയി വില്കുന്നതിനാൽ ഇവിടെ കൃ,ഷിക്കാർക്ക് ഇത് കൊണ്ട് ഉപജീവനം കഴിക്കുന്നവർക്കും ന്യായമായ പ്രതിഫലം കിട്ടാത്ത

അവസ്ഥയ്ക്ക് മാറ്റം വരുവാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കൊള്ളി കൃഷി സഹകരണ സംഘം രൂപികരിച്ച് പ്രവർത്തിക്കേണ്ടതാണ്. മരിച്ചീനി ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്റ്റാർച്ച് ഫാക്ടറിയോ, കാലിതീറ്റ ഫാക്ടറിയോ ഒന്നിലേറെ പഞ്ചായത്തുകൾ ചേർന്ന് സ്ഥാപിക്കാം.

11. നെല്ല്, വൈക്കോൽ, പുളി, റബ്ബർ, നാളികേരം എന്നിവകൊണ്ട് പ്രവർത്തിക്കുന്ന അനുബന്ധ വ്യവസായങ്ങൾ തുടങ്ങാനുള്ള സൌകര്യം ഉണ്ടാക്കണം

12. വിദ്യാഭ്യാസ സമ്പ്രദായത്തിൽ കൃഷിയോട് ആഭിമുഖ്യം വളർത്താൻകാർഷിക വൃത്തികൾക്ക് പ്രധാന്യം നല്കുന്ന പാഠ്യപദ്ധതി കൂടി ഉൾപ്പെടുത്തുക.

13. പഞ്ചായത്തിൽ നാളികേര വികസനത്തിന് TX D, D XT, കേരഗംഗ, കോമാടൻ, ലക്ഷദ്വീപ് എന്നീ തൈകൾ വിതരണം ചെയ്യുക. കേരവികസന സമിതി പുനരുജ്ജീവിപ്പിക്കുക

14. രണ്ടാം വാർഡിൽ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് ഉപയോഗിക്കാത്ത കറൻറിന് കുടിശ്ശികയായി കിടക്കുന്ന കറൻറ് ചാർജ്ജ് ഒഴിവാക്കുക.

15. വീട്ടുവളപ്പുകളിൽ മാവ്, പ്ലാവ്, നെല്ലി, മുരിങ്ങ തുടങ്ങിയ ഫലവൃക്ഷങ്ങൾ വെച്ചു പിടിപ്പിക്കുവാൻ പ്രോത്സാഹനം നല്കുക.

16. പാഡി ബോർഡം സ്ഥാപിക്കുക.

17. കൂൺകൃഷി, ഔഷധസസ്യങ്ങൾ, ഓർക്കിഡുകൾ എന്നിവയുടെ കൃഷി സമ്പ്രാദയങ്ങളെക്കുറിച്ച് പരിജ്ഞാനം നല്കുകയും സാമ്പത്തിക സഹായം നല്കുകയും ചെയ്യുക.

18. പാഴായി കിടക്കുന്ന കുളങ്ങളും, കിണറുകളും ജലസ്രോതസ്സുകളായി കണ്ടെത്തി സംരക്ഷിക്കുക.

19. ജൈവവളങ്ങളും ജൈവകീടനാശിനികളും സുലഭമായി ലഭ്യമാക്കണം.

20. ആധുനിക രീതിയിലുള്ള കൃഷി ഉപകരണങ്ങൾ കൃഷിക്കാർക്ക് സൌജന്യ നിരക്കിൽ കൃഷിക്കാർക്ക് നേരിട്ട് ലഭ്യമാക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക.

21. കൃഷി വ്യവസായികാടിസ്ഥാനത്തിലാക്കുക.

22. പഞ്ചായത്തിൽ രണ്ടു നവീന രീതിയിലുള്ള നെല്ലുകുത്തുമില്ലുകൾ ഉള്ള സാഹചര്യത്തിൽ കർഷകരും മില്ലുടമകളും കൂടി സഹകരിച്ച് തൂക്കത്തിന് നെല്ലളക്കുകയും വേണം. ബന്ധപ്പെട്ട പ്രാദേശിക പാടശേഖര സമിതികൾ ആയതിന് പ്രധാന പങ്കുവഹിക്കണം.

23. പദ്ധതികളിലെ ജനസേചന ജല വിനിയോഗ നയത്തിൽ കർഷകർക്ക അർഹമായ പ്രാമുഖ്യം വേണം.

24. ജലവിനിയോഗത്തിൽ കർഷകർക്ക് ശാസ്ത്രീയ പരിശീലനം നല്കുക.

25. ചീകോട് , തേക്ക്പാടം എന്നീ പ്രദേശങ്ങൾ മാത്രം ചേർത്ത് ഒരു ഗ്രൂപ്പ് ഫാമിങ്ങ് ഏർപ്പെടുത്തുക.

26. ആറാം വാർഡിൽ മണ്ണൊലിപ്പ് തടയാനുള്ള കയ്യാലകെട്ടാൻ വേണ്ട സാമ്പത്തിക സഹായം അനുവദിക്കുക.

27. മിച്ചഭൂമി കണ്ടെത്തിവിതരണം ചെയ്യുക.

28. കൃഷി ആവശ്യത്തിന് വൈദ്യതി എളുപ്പം ലഭ്യമാക്കുക, വൈദ്യുതിചാർജ്ജ് ഒഴിവാക്കുക.

29. പറമ്പ് കൃഷിയിലെ ഉല്പന്നങ്ങൾക്കും ഉല്പാദനബോണസ്സും രാസവള സബ്സിഡിയും അനുവദിക്കുക.

30. റബ്ബർ നർസറി തുടങ്ങുവാനുള്ള സൌകര്യം ഉണ്ടാക്കണം.

31. എല്ലാകർഷിക വിളകൾക്കും വിള ഇൻഷുറൻസ് പദ്ധതി നടപ്പാക്കുക.

32. വരൾച്ച പ്രകൃതിക്ഷോഭമായി കണക്കാക്കി കർഷകന് നഷ്ടപരിഹാരം ഉടൻ അനുവദിക്കുക. കൃഷി നശിച്ച സ്ഥലത്തിനനുസരിച്ചും കുറഞ്ഞ തോതിൽ കൃഷി നശിച്ചാലും തത്തുല്യമായ നഷ്ടപരിഹാരം കൊടുക്കുക.

തുടർന്നുള്ള വിളയക്കുള്ള സാമ്പത്തിക സഹായം ചുരുങ്ങിയ പലിശക്ക് കർഷകന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുക. വിളനാശം മൂലം തിരിച്ചടക്കുവാൻ കഴിയാതെ വന്ന ആദ്യവായ്പയ്ക്ക് പലിശ ഇളവു കൊടുക്കയും അടക്കുവാനുള്ള സമയം നീട്ടി കൊടുക്കുകയും ചെയ്യുക.

ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുവാൻ (നെല്ലിന്) കാലാകാലങ്ങളിൽ വിളവെടുപ്പിന് ഒരുമാസം മുമ്പായി സർക്കാർ താങ്ങുവില നിശ്ചയിക്കുകയും നെല്ല് മാർക്കെറ്റിങ്ങ് സൊസൈറ്റികൾ മുഖേനയോ സഹകരണസംഘങ്ങൾ മുഖേനയോ കൊയ്ത ഉടനെ സംഭരിക്കുവാൻ വേണ്ട സംവിധാനം സംജാതമാക്കുകയും വേണം. ഇത് കൊണ്ട് ഏജൻറ്മാരെ ഒഴിവാക്കുക. വഴി കർഷകന് അർഹമായ വില ലഭിക്കുകയും ചെയ്യും.

# ജലസേചനം

കിഴക്കൻ മഴകളെ മാത്രം ആശ്രയിച്ചും തോടുകളിൽ കിടകെട്ടിയും കുളങ്ങളിലെ വെള്ളം തേക്ക് കൊട്ടയിട്ട് തേകിയുമാണ് പണ്ട് കാലങ്ങളിൽ കൃഷി ചെയ്തിരുന്നത്.

1962-ൽ ചേരാമംഗലം പ്രോജക്ട് കമ്മീഷൻ ചെയ്തതോടുകൂടി പഞ്ചായത്തിലെ ഒന്നാം വില്ലേജിൽ 1017.07 ഏക്കർ No. II. വിൽ 6.90 ഏക്കർ സ്ഥലവും 1959-ൽ മംഗലം ഡാം കമ്മീഷൻ ചെയ്തതോടുകൂടി രണ്ടാം വില്ലേജിൽ 1113.97 ഏക്കറും വില്ലേജിൽ 4.76 ഏക്കറും ഇരുപ്പുകൃഷികളായി രൂപാന്തരപ്പെട്ടു. കാവശ്ശേരി വില്ലേജിലെ ചേരാമംഗലം ആയക്കെട്ട് പ്രദേശം പ്രസ്തുത പദ്ധതിയുടെ മൂന്നിലൊന്ന് വരും. പ്രസ്തുത പദ്ധതി മലമ്പുഴ ഡാം കമ്മീഷൻ ചെയ്യുന്നതിന്ന് മുമ്പ് കമ്മീഷൻ ചെയ്ത ചെറു ഡൈവർഷൻ സ്കീമാണ് ചേരാമംഗലം പ്രോജക്ട്. ഇത് കാട്ടുശ്ശേരി അംശത്തിൽ നെല്ലിയാംകുന്നം വരെ മാത്രമെ ഉണ്ടായിരുന്നുള്ളു. കാവശ്ശേരി കർഷകരുടെ നിരന്തര പരിശ്രമംകൊണ്ടുമാത്രമാണ്. കാവശ്ശേരിയിലേക്ക് നീട്ടികിട്ടിയത്. എന്നിട്ടും അത് വക്കീൽപടിവരെ മാത്രമെ ഉണ്ടായിരുന്നുള്ളു. അതിന്ന്ശേഷം ഇന്ന് കാണുന്ന രീതിയിൽ കിഴക്കെ പാടത്തേക്കും വാഴക്കച്ചിറ ഭാഗത്തേക്കും കനാലിന്ന് ദൈർഘ്യം കൂട്ടി വെള്ളം എത്തിക്കുവാൻ വേണ്ടി വളരെയധികം ക്ലേശങ്ങളും ത്യാഗങ്ങളും സഹിച്ചവരിൽ പ്രധാനിയായിരുന്നു മഞ്ഞറഞ്ഞുപോയ കിഴക്കെപൊടം ശ്രീ. കെ. വി. വെങ്കിടേശ്വരയ്യർ. ഈ പ്രദേശത്തെ മുഴുവൻ കർഷകരുടെയും നിരന്തരമായ സമ്മർദ്ദം മൂലമാണ് പ്രസ്തുത പദ്ധതി മലമ്പുഴ പദ്ധതിയിൽ ഉൾപ്പെടുത്തി അതിൻെറ ആയക്കെട്ടായി അംഗീകരിച്ചത്.

## *പഞ്ചായത്തിലെ ജലസ്രോതസ്സുകൾ*

### നടപ്പു പദ്ധതികളുടെ അവലോകനം

പഞ്ചായത്തിലെ രണ്ടു വില്ലേജുകളിൽ ചേരാമംഗലം, മംഗലം എന്നീ പദ്ധതികളുടെ കനാലുകളിൽ കാഡാ പദ്ധതിയുടെ കീഴിൽ ഫീൽഡ് ബൂത്തികൾ പലതും മുഴുവനായും ഭാഗികമായും കോൺക്രീറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്. ആയതിൻെറ വിവരണം താഴെ പട്ടികയിൽ ചേർത്ത് കൊടുക്കുന്നു.

ചേരാമംഗലം (കാഡ പണികൾ)

മംഗലം (കാഡ പണികൾ)

ഇതുകൊണ്ട് ജലവിതരണം കുറെയേറെ മെച്ചപ്പെട്ടിട്ടുണ്ടെന്ന് അധികൃതർ അവകാശപ്പെടുന്നുണ്ടെങ്കിലും 1996 ജനുവരി, ഫിബ്രവരി മാസങ്ങളിൽ രണ്ടു പദ്ധതി പ്രദേശങ്ങളുടെയും നൂറ് കണക്കിന് ഏക്കർ ഭൂമി മുഴുവനുമായും അതിലേറെ ഭാഗികമായും ഉണങ്ങി എന്നത് സത്യമാണ്.

കാവശ്ശേരി ഗ്രാമപഞ്ചായത്ത് വാർഡടിസ്ഥാനത്തിലുള്ള ജലസ്രോതസ്സുകൾ

(പട്ടിക മറുപുറം നോക്കുക)

## കാവശ്ശേരി ഗ്രാമ പഞ്ചായത്ത് (ജലസേചനം)
## വാർഡടിസ്ഥാനത്തിലുള്ള ജലസ്രോതസ്സുകൾ

| വാർഡ് നമ്പറും പേരും | തോടുകൾ, പുഴകൾ | കുളങ്ങൾ |
|---|---|---|
| 1 | 2 | 3 |
| 1. പത്തനാപുരം | 1. വാൽകട-കുറ്റിക്കാൻചിറ പത്തനാപുരം തോട്<br>2. ചേറുങ്കോട് തോട്ടുചാൽ<br>3. കൊളുമ്പിൽപാടം, വടുകനിലം<br>4. മുത്താനോട്, തോട്<br>5. അതിരായി ഒഴുകുന്ന ഗായത്രിപുഴ | 1. ചേറുങ്കോട് കുളം<br>2. മുത്താനോട്കുളം<br>3. ചമ്പാനോട്ട്കുളം |
| 2. വടക്കെത്തറ | 1. കാളിചിറതോട്<br>2. പാലക്കാതോട്<br>3. അതിരായി ഗായത്രിപുഴ | 1. അയിക്കോട്ടുകുളം<br>2. നാണുപട്ടർ കുളം<br>3. പറക്കുളം<br>4. ഈശ്വരപട്ടർകുളം<br>5. ഓട്ടുപുരകുളം<br>6. പുത്തൻകുളം<br>7. പരക്കാട്ടുകാവ് കുളം<br>8. മാടമ്പിക്കാട്കുളം<br>9. പൂണാത്തുകളം<br>10. മരുതംപാടംകുളം |
| 3. കൊങ്ങാളക്കോട് | 1. പാലക്കാതോട് (പടിഞ്ഞാറെ അതിരായി<br>2. ഒഴുകുന്നു) | 1. കൊങ്ങാളക്കോട്കുളം<br>2. നെല്ലിക്കുളം<br>3. മാരിയമ്മൻകുളം<br>4. മൂപ്പുപറമ്പ്കുളം<br>5. കാറ്റങ്കോടുകുളം<br>6. കാരക്കാറ്റുകളും |
| 4. ചുണ്ടക്കാട് | 1. തീപ്പെട്ടി കമ്പനി പടിക്കോട്ടുചാൽ<br>2. ഗായത്രിപുഴ | 1. എഴുത്തച്ഛൻകുളം<br>2. ചുണ്ടക്കാട്കുളം<br>3. പാറക്കുളം |
| 5. ഇരട്ടക്കുളം | | 1. ഇരട്ടക്കുളം<br>2. കല്ലട്ടക്കുളം<br>3. കുട്ടൻകുളം<br>4. കുണ്ടുകുളം<br>5. മുതലകുളം<br>6. എലാക്കോട്ടുകുളം<br>7. കണ്ണൻകുളം<br>8. കോതകുളം |

| വാർഡ് നമ്പറും പേരും<br>1 | തോടുകൾ, പുഴകൾ<br>2 | കുളങ്ങൾ<br>3 |
|---|---|---|
| 6. കോതപുരം | ചീകോടു മുതൽ തേക്കുപാടം കനാലിൽ വന്ന് മുട്ടുന്നതോട് | 1. അയ്യപ്പൻകുടം ഡാം<br>2. ചെറുകുളം<br>3. ചീകോട് കുളം<br>4. ആയക്കോട് കുളം<br>5. പടിഞ്ഞാറെകുളം<br>6. പള്ളിക്കുളം<br>7. തേക്കുപാടംകുളം<br>8. വടക്കത്തറകുളം<br>9. രക്കുള്ളികുളം |
| 7. തെന്നിലാപുരം | മംഗലംപുഴ | 1. മേക്കുളം<br>2. കൂട്ടാലക്കുളം<br>3. കാവ്കുളം<br>4. ദേവർകുളം<br>5. പഴയകുളം |
| 8. ഇരകുളം | പാലക്കാതോട് | 1. എരകുളം<br>2. കൈതകുളം<br>3. പൊന്നക്കാലികുളം<br>4. പൂതൻകുളം<br>5. അമ്മൻകുളം<br>6. മാടക്കാലികുളം |
| 9. ചുങ്കം | 1. കഴനിതോട്<br>2. വള്ളിക്കാട് തോട് | 1. കഴനികുളം<br>2. രക്കൻകുളം<br>3. നെയ്തക്കോട്ടുകുളം<br>4. കോതേക്കാട്ടുകുളം<br>5. അമ്പലക്കുളം<br>6. ഇട്ടക്കോട്ടുകുളം |
| 10. പാടൂർ | 1. ഗായത്രിപുഴ<br>2. മംഗലംപുഴ | 1. ഊർക്കുളം<br>2. മത്തക്കാട്ടുകുളം (ഗ്രാമക്കുളം)<br>3. കാവിൽകുളം (തെക്കെത്തറ) |
| 11. നടക്കാവ് | 1. നടക്കാവ് റോഡ്<br>2. ഗായത്രിപുഴ | 1. പുത്തൻ ഗ്രാമക്കുളം<br>2. ചാത്തൻകുളം<br>3. പണിയൻകുളം |

## കാവശ്ശേരി ഗ്രാമപഞ്ചായത്ത് 3 - 4 ജലസേചന സംവിധാനങ്ങൾ

| വാർഡ് നമ്പർ | പൊതുജലസേചന കിണർ | കുഴൽ കിണർ | കുളം | കോസ് ബാർ | ആയക്കെട്ട് ഹെക്ടർ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | - | - | 3 | - | - |
| 2 | - | - | 6 | 1 | 85 ഹെക്ടർ |
| 3 | - | - | 5 | - | - |
| 4 | - | - | 5 | - | - |
| 5 | - | - | 7 | - | - |
| 6 | - | - | 6 | - | - |
| 7 | - | - | 5 | - | - |
| 8 | - | - | 6 | - | - |
| 9 | - | - | 6 | - | - |
| 10 | - | 4 | 5 | - | - |
| 11 | - | - | 3 | 1 | - |
| ആകെ | - | 4 | 57 | 2 | 85 ഹെക്ടർ |

### മംഗലം ഡാം സെക്ഷൻ

### പണിപൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ആരംഭ വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | കാഡവർക്ക് - കഴനി ബ്രാഞ്ച് കനാൽ സ്പൌട്ട് 4, 5, 6 | 10/88 | 12/88 | 13046.00 | 33.75 ഹെ. | |
| 2. | കാഡവർക്ക് - കഴനി ബ്രാഞ്ച് കനാൽ സ്പൌട്ട് 1, 2, 3. | 10/88 | 11/88 | 22324.00 | 24.80 ഹെ. | |
| 3. | കാഡവർക്ക് - പാടൂർ ബ്രാഞ്ച് കനാൽ ടൈൽ എൻറ് | 8/88 | 2/89 | 28000.00 | 18.89 ഹെ. | |
| 4. | കാഡവർക്ക് - പാടൂർ ബ്രാഞ്ച് ഫീൽഡ് ബൂത്തി 1/228 പാടൂർ | 8/88 | 16/88 | 128500.00 | 27.68 ഹെ. | |
| 5. | കാഡവർക്ക് - ഫീൽഡ് ബൂത്തി തെന്നിലാപുരം 18/897 കി. മീ.വലതുകരം | 7/88 | 5/89 | 84000.00 | 14.4 ഹെ. | |
| 6. | കാഡവർക്ക് - കഴനി ബ്രാഞ്ച് ഫീൽഡ് ബോത്തി | 1/88 | 3/89 | 63000.00 | 35.54 ഹെ. | |
| 7. | കാഡവർക്ക് - ഫീൽഡ് .ചാനൽ സ്പൌട്ട് 41, 42, 43 വലതുകര | 11/88 | 2/89 | 61000.00 | 31.00 ഹെ. | |
| 8. | കാഡ വർക്ക് - പാടൂർ ബ്രാഞ്ച് കനാൽ സ്പൌട്ട് നമ്പ്ര് 12 മുതൽ 17 വരെ | 11/88 | 1/89 | 57000.00 | 34.61 ഹെ. | |
| 9. | കാഡ വർക്ക് പാടൂർ ബ്രാഞ്ച് കനാൽ സ്പൌട്ട് നമ്പ്ര് 1 മുതൽ 4 വരെ | 11/88 | 3/89 | 41000.00 | 19.92 ഹെ. | |
| 10. | കാഡവർക്ക് - ചീനിക്കോട് ഫീൽഡ് ബോത്തി 20/415 കി. മീ. വലതുകര | 11/88 | 6/89 | 182000.00 | 32.32 ഹെ. | |
| 11. | കാഡ വർക്ക് - പാടൂർ ബ്രാഞ്ച് കനാൽ സ്പൌട്ട് നമ്പ്ര് 6, 7, 8 | 8/88 | 12/88 | 145000.00 | 35.93 ഹെ. | |
| 12. | കാഡ വർക്ക് - ചീനിക്കോട് ഫീൽഡ് ബോത്തി സ്പൌട്ട് നമ്പ്ര് 44, 20/415 കി. മീ. | 11/88 | 5/89 | 44000.00 | 29.65 ഹെ. | |

## പണി പൂർത്തിയായതോ നടന്നുകൊണ്ടിരിക്കുന്നതോ ആയ ജലസേചന പദ്ധതികളുടെ വിവരങ്ങൾ

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ആരംഭ വർഷം | പൂർത്തിയായ വർഷം | എസ്റ്റിമേറ്റ് തുക | ആയക്കെട്ട് വിസ്തീർണ്ണം | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1. | മുപ്പുപറമ്പ് - ചേരാമംഗലം കാഡ ഫീൽഡ് ചാനൽ സ്പൌട്ട് നമ്പ്ര് 32, 33 | 1/92 | 7/94 | 119100.00 | 71.74 ഹെ. | |
| 2. | - do - സ്പൌട്ട് നമ്പ്ര് 35 | 7/91 | 9/91 | 191700.00 | 93.94 ഹെ. | |
| 3. | - do - സ്പൌട്ട് നമ്പ്ര് 36, 37 | 8/91 | 11/91 | 18800.00 | 92.90 ഹെ. | |
| 4. | വടക്കെത്തറ ബ്രാഞ്ച് - ടൈൽ എൻറ് 3-ാം റീച്ച് വടക്കേത്തറ | 11/91 | 3/92 | 32100.00 | 33.15 ഹെ. | |
| 5. | - do - 2-ാം റീച്ച് (മരുതംപാടം) | 11/91 | 3/92 | 77700.00 | 117.87 ഹെ. | |
| 6. | എരകുളം 1-ാം റീച്ച് | 3/92 | 4/93 | 147800.00 | 63.20 ഹെ. | |
| 7. | " 2-ാം റീച്ച് | 11/91 | 3/92 | 120800.00 | 73.50 ഹെ. | |
| 8. | എരകുളം ബ്രാഞ്ച് വേപ്പിലശ്ശേരി സ്പൌട്ട് നമ്പ്ര് 8, 9 | 11/91 | 3/92 | 65999.00 | 90.15 ഹെ. | |
| 9. | സ്പൌട്ട് നമ്പ്ര് 10 | 3/92 | 3/92 | 27800.00 | | |
| 10. | സ്പൌട്ട് നമ്പ്ര് 6, 7 കാക്കമ്പാറ | 11/91 | 12/92 | 110966.00 | 88.03 ഹെ. | |

## നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ചെറുകിട ജലസേചന പദ്ധതി കാവശ്ശേരി ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | പ്രവർത്തിയുടെ പേര് | ആയക്കെട്ട് വിസ്തീർണ്ണം | എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ടെങ്കിൽ അടങ്കൽ തുക | ലക്ഷ്യം | മറ്റു വിവരങ്ങൾ |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1. | പരക്കാട്ട് ഭഗവതി ക്ഷേത്രക്കുളത്തിൻെറ പുനരുദ്ധാരണം | 6.20 | 1.55 ലക്ഷം | ജലസേചനം | |
| 2. | ഗായത്രീപുഴയിൽ പാടൂര് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി | - | - | ജലസേചനം | പ്രൊപ്പോസൽ |
| 3. | യൂറോപ്യൻ സാമ്പത്തിക സമൂഹത്തിൻെറ സഹായത്തോടെ മംഗലം പുഴയ്ക്ക് കുറുകെ തെന്നിലാപുരം ആറാട്ടുകടവ് എന്ന സ്ഥലത്ത് ഒരു ക്രോസ്ബാറിൻെറ നിർമ്മാണം | - | - | ജലസേചനം | പ്രൊപ്പോസൽ |

## ജലസേചനം :- നിർദ്ദേശങ്ങൾ, സാദ്ധ്യതകൾ

ഒന്നാം വാർഡ്:

കൊതുമ്പിൽപാടം വടുകനിലംതോട് ആഴം കൂട്ടി സൈഡ് കെട്ടുകയും (ഉദ്ദേശം 1 കി.മീ. നീളം) രണ്ടാംവിളയ്ക്ക് തോട്ടിൽ നിന്ന് പാടങ്ങളിലേയ്ക്ക് വെള്ളം തിരിയുവാൻ വെൽറ്റട് ക്രോസ് ബാർ നിർമ്മിക്കുക.

കനാൽ വെള്ളം ലഭ്യമല്ലാത്ത തോലമ്പുഴ ഭാഗത്തുള്ള ഉദ്ദേശം 15 ഹെക്ടർ സ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കാൻ ചൂലനൂർ ബ്രാഞ്ച് കനാലിൽ തീത്തൽ വെട്ടിക്കുളം എന്ന സ്ഥലത്ത് ഒരു സ്ലൂയിസ് നിർമ്മിച്ച് ഫീൽഡ് ബോത്തിയും വെച്ചു കിട്ടേണ്ടതാണ്.

ആലത്തൂർ - ആറാപ്പുഴ റോഡിൽ പ്രസ്തുത റോഡിൻെറ കിഴക്ക് വശം ഉദ്ദേശം 12 ഹെക്ടർ നെൽകൃഷി മഴക്കാലത്ത് ജലനിർഗ്ഗമന സൗകര്യമില്ലാത്തതിനാൽ നശിച്ചുപോകുന്നത് ഒഴിവാക്കുവാൻ പ്രസ്തുത റോഡിൽ ഒരു കൾവർട്ട് പണിയണം.

മലമ്പുഴ ചൂലനൂർ കനാലിൽ 23.2 കി. മീറ്ററിൽ ഉള്ള 49-ാം നമ്പർ ഫീൽഡ് ബോത്തിയിൽ ഉദ്ദേശം 800 മീ. നീളം പദ്ധതിയിൽ പെടുത്തി കോൺക്രീറ്റ് ചെയ്താൽ വാലറ്റ പ്രദേശക്കാർക്ക് ഉണക്കത്തിൽ നിന്നും വിള രക്ഷിക്കാം.

മുത്താനോട് മുതൽ ചമ്പാനോട് വരെ ഒരു പുതിയ ഫാം ചാൽ നിർമ്മിച്ചാൽ അവിടെയുള്ള ജലസേചന സൗകര്യമില്ലാത്ത പറമ്പുകളിൽ ഇരുപ്പൂ കൃഷിസ്ഥലമാക്കാം.

രണ്ടാം വാർഡ് :-

ഗായത്രിപുഴയിൽ നിലവിലുള്ള ലിഫ്റ്റ് ഇറിഗേഷൻ കാര്യക്ഷമമായി പ്രവൃത്തിപ്പിക്കുവാനുള്ള സാമ്പത്തിക സഹായം നല്കി കൂടുതൽ സ്ഥലങ്ങളിലേക്ക് വെള്ളം കിട്ടുവാനുള്ള തടസ്സങ്ങളെ ഒഴിവാക്കുക. നാണു പട്ടർ ഗ്രാമക്കുളം, വില്ലേജ് ഗ്രാമക്കുളം അരിക് കെട്ടി ആഴം വർദ്ധിപ്പിച്ച് കൃഷിക്ക് ജലം സംഭരിക്കുക.

പഞ്ചായത്ത് റോഡിനരികിലൂടെ പോകുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ ലിഡിങ്ങ് 400 മീ. നീളം കെട്ടുകയോ അല്ലെങ്കിൽ പൈപ്പ് ലൈൻ ഇട്ട് റോഡ് ഗതാഗതത്തിന് സുഗമമാക്കുക.

ചേരാമംഗലം വടക്കെത്തറ ബ്രാഞ്ച് കനാലിൽ സീതാലക്ഷ്മി സ്ക്കൂളിന് മുൻവശത്തു നിന്നും വാലറ്റം വരെ കാഡാ പദ്ധതിയിൽ ഉൾപ്പെടുത്തി കോൺക്രീറ്റ് ചെയ്യുക.

മാടമ്പിക്കാടിന്ന് ചുവടെ ഗായത്രിപുഴയൽ ഒരു സംഭരണ വിയർ/ചെക്ക്ഡാം കെട്ടി ലിഫ്റ്റിൻെറ ജലസേചനത്തിന് ഉപയുക്തമാക്കുക. ഇതു കൊണ്ട് ഉദ്ദേശം 200 ഏക്കർ നെൽകൃഷി രണ്ടാം വിള ഉണക്കമില്ലാതെ കൊയ്തെടുക്കാം.

മൂന്നാംവാർഡ്:-

വടക്കെ ബ്രാഞ്ച് കനാലിൽ കൂടി ജലസേചനം സൗകര്യപ്രദമാക്കുവാൻ മെയിൻ കനാലിൽ ചുണ്ടക്കാട് ഭാഗത്തേക്കുള്ള സ്ഥലത്ത് ഷട്ടർ ഇടുക.

നാലാം വാർഡ്:-

മെയിൻ കനാലിൽ നിന്നും വാഴക്കച്ചിറയിലേക്കുള്ള 36-ാം നമ്പർ ഫീൽഡ് ബോത്തിയുടെ ബാക്കിഭാഗവും 37-ാം നമ്പർ ഫീൽഡ് ബോത്തി മുഴുവനായും കാഡ പദ്ധതികളിൽ ഉൾപ്പെടുത്തി കോൺക്രീറ്റ് ചെയ്യുക.

കിഴക്കെ പാടത്ത് തീപ്പെട്ടി കമ്പനിക്ക് മുൻ വശത്തുകൂടി പോകുന്ന തോട്ടുചാൽ കാഡ പദ്ധതിയിൽ ഉൾപ്പെടുത്തി പണി ചെയ്യുക.

അഞ്ചാം വാർഡ്:-

ഇരട്ടക്കുളം സർക്കാർ ഏറ്റെടുത്ത് വെള്ളം സംഭരിക്കുവാനുള്ള ഏർപ്പാട് ഉണ്ടാക്കുക.

പത്തോളം വരുന്ന വാർഡിലെ കുളങ്ങൾ (ഇരട്ടക്കുളം, കാരക്കാട്ടുകുളം, കുട്ടൻകുളം, പറക്കുളം എന്ന മുതലക്കുളം, കുണ്ടുകുളം, എലാക്കോട്ടുകുളം കണ്ണൻകുളം) ആഴം വർദ്ധിപ്പിച്ച് ജലം സംഭരിക്കുവാനുള്ള സംവിധാനമുണ്ടാക്കുക.

ചേരാമംഗലം മെയിൻ കനാൽ 26-ാം നമ്പർ സ്ലൂയിസ് കൊടിൽപാടത്തേക്കുള്ളത് ജലസേചന സൗകര്യമുണ്ടാക്കണം.

കൊടിൽ പാടം ഭാഗത്തേക്ക് ഒരു പുതിയ സ്ലൂയിസ് അനുവദിക്കുക.

വാർഡ് 6:-

ചീകോട് ഭാഗത്ത് വീഴുമലയിൽ നിന്നും വരുന്ന വെള്ളം തടഞ്ഞുനിർത്തി ആവശ്യാനുസരണം ഉപയോഗിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

അയ്യപ്പൻകുടം ഡാം ചോർച്ച ഒഴിവാക്കി കൃഷിക്കാവശ്യമായ രീതിയിൽ ജലസേചനം നടത്തുവാൻ വേണ്ട പരിപാടികൾ സ്വീകരിക്കുക.

വാർഡ് 7:-

വാർഡിലൂടെ പോകുന്ന മംഗലം ജലസേചന പദ്ധതിയുടെ കീഴിലുള്ള കൈ ചാലുകൾ കാഡ പദ്ധതിയിൽ ഉൾപ്പെടുത്തി കോൺക്രീറ്റ് ചെയ്യുക.

കൃഷി ആവശ്യത്തിന്ന് കുളം കുഴിച്ച് ജലസേചന സൗകര്യം ഏർപ്പെടുത്തുക.

കനാൽ ബണ്ടുകൾ ഫാം റോഡുകളാക്കുക.

വാർഡ് 8 :-

ആനമാറിയിലെ ചേരാമംഗലം കനാലിൽ നിന്നും കലാമണി വരെ ചാൽ ദീർഘിപ്പിക്കുക.

കാക്കമ്പാറ പാടശേഖരത്തിന്റെ മദ്ധ്യത്തിൽകൂടി മെയിൻ കനാലിൽ നിന്നും രണ്ട് സബ് കനാലുകൾ നിർമ്മിക്കുക.

കനാലിന്റെ വാലറ്റ പ്രദേശമായ എരകുളത്തുനിന്നും കഴനി ചുങ്കം വരെയും ഫാം ചാൽ വെട്ടണം.

പാലക്കാ തോടിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ ആഴം കൂട്ടുകയും തോടിന്റെ ഇരുവശവും കല്ല്കട്ടി ഉറപ്പ് വരുത്തുകയാണെങ്കിൽ കലാമണി ഭാഗത്ത് സാധാരണ മഴക്കാലങ്ങളിൽ ഉണ്ടാകാറുള്ള വെള്ളപൊക്കവും കൃഷിനാശവും ഒഴിവാക്കാം. പ്രസ്തുത തോടിൽ രണ്ടാം വിളയ്ക്ക് വെള്ളം തിരിക്കേണ്ട ആവശ്യത്തിലേയ്ക്കായി പല സ്ഥലങ്ങളിലായി അഞ്ചോളം വെൽറ്റഡ് ക്രോസ് ബാറുകൾ സ്ഥാപിക്കുക.

മലയടിവാരത്തുള്ള കല്ലൻ പറമ്പ് പാലക്കോട് എന്നിവിടങ്ങളിലെ നീരുറങ്ങള ജലസംഭരണികൾ ഏർപ്പെടുത്തുക.

വാർഡ് 9 :-

കഴനികുളം പുനർനിർമ്മാണം നടത്തണം.

വാർഡ് 10:-

മണ്ണൊലിപ്പ് തടയാനുള്ള പദ്ധതികൾക്ക് സാമ്പത്തിക സഹായം നല്കണം.

മംഗലം പദ്ധതിയുടെ വെള്ളം കനാലിൽകൂടി പാടൂർ, പീച്ചൻക്കോട്, കടമ്പിടി എന്നിവിടങ്ങളിലെ പാടങ്ങളിൽ പാഴാകാതെ നേരിട്ട് എത്തിക്കുവാൻ പ്രസ്തുത കനാലിന്റെ വശങ്ങളിൽ ഭിത്തി കെട്ടുക. നിലവിലുള്ള കനാൽ ഷട്ടറുകൾ നന്നാക്കുക.

പാടൂർ പോസ്റ്റാഫീസ് പരിസരം മുതൽ കരണങ്കാട് വരെയുള്ള കനാൽഭാഗം കാഡയിൽ പെടുത്തിപണിയണം. പ്രസ്തുത കനാൽ ബണ്ട് ഫാം റോഡാക്കുകയും വേണം.

പാടൂർ കനാൽ വാലറ്റ അറളി ചുവടു മുതൽ വാണിയൻതറകുളം പരിസരത്തുകൂടി 'കാഡ' കനാൽ നിർമ്മിക്കണം.

മംഗലം വാലറ്റ പ്രദേശങ്ങളായ കടമ്പടി, തെക്കുമണ്ണ് എന്നീ പ്രദേശങ്ങളിലെ ഫീൽഡ് ബൂത്തി കനാലുകൾ RB കനാൽ ഉൾപ്പെടുത്തി വീതി കൂട്ടി അരിക് കെട്ടി നിർമ്മിക്കണം.

ഗായത്രി പുഴയിലും മംഗലം പുഴയിലും വിയർ കെട്ടി പച്ചക്കറി കൃഷിക്ക് സൗകര്യം ചെയ്യണം.

പാടൂർ വില്ലേജ് ഓഫീസ് പരിസരത്തു നിന്നും തെക്കുമണ്ണ് വരെയുള്ള കനാൽ ബണ്ടിൽ വടക്കെത്തറ വരെയുള്ള 2 കി. മീ. ദൂരം ബണ്ടു ശോഷിച്ചു കിടക്കുന്നത് കോൺക്രീറ്റ് ചെയ്തു ബലവത്താക്കുകയും ബണ്ട് മുഴുവനായും ഫാം റോഡാക്കുകയും ചെയ്യുക.

കാർഷിക ആവശ്യത്തിന്ന് ട്രാക്ടർ മുതലായ ഉഴവ് യന്ത്രങ്ങൾ പാടശേഖരത്തിൽ ഇറക്കുന്നതിന്ന് മേൽപറഞ്ഞ കനാൽ ബണ്ടിൽ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കുക.

പാടൂർ കല്ലഴി കടവിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.

വാർഡ് 11:-

നടക്കാവ് തോട് പാർശ്വസംരക്ഷണം നടത്തുക.

നിലവിൽ ജലസേചനസൗകര്യമില്ലാത്ത മെച്ചോട്, കുണ്ടുതൊടി, അരട്ടാംകോട് എന്നിവിടങ്ങളിൽ കുഴകിണറുകൾ കുഴിച്ച് ജലസേചന സൗകര്യം ഉണ്ടാക്കുക.

ഗായത്രിപുഴയോരം കെട്ടി തിട്ട് ഇടിയാതെ സംരക്ഷിക്കുക.

നടക്കാവിൽ അനുവദിച്ച ജനകീയ ജലസേചന പദ്ധതി ഉടൻ നടപ്പാക്കുവാൻ ഭൂഗർഭ ജലവകുപ്പിന് നിർദ്ദേശം നല്കുക.

പൊതു ആവശ്യം :-

കനാലകളുടെ വാലറ്റ പ്രദേശങ്ങളിൽ വെള്ളം ആവശ്യത്തിന് എത്തിച്ചശേഷം മറ്റിടങ്ങളിലെ കൃഷിസ്ഥലങ്ങളിലേക്ക് വെള്ളം വിട്ടുകൊടുക്കുവാനുള്ള സംവിധാനം കർശനമായി നടപ്പാക്കണമെന്നും നിലവിൽ ഇവിടങ്ങളിലുള്ള സ്ലുയിസുകളുടെ അറ്റകുറ്റപ്പണികൾ നടത്തണം.

പോത്തുണ്ടി പുഴയിലെ ജലം ചേരാമംഗലം കനാലിൽ എത്തിക്കുവാനുള്ള സംവിധാനം വേണം.

ചേരാമംഗലം പദ്ധതി വിയറിന്ന് ഉയരം കൂട്ടി സംഭരണശേഷി വർദ്ധിപ്പിക്കുക.

കാലാകാലങ്ങളിൽ രണ്ടാം വിളയ്ക്ക് വെള്ളം തുറക്കുന്നതിന് മുൻപായി തന്നെ കനാലിലെ അറ്റകുറ്റപണികൾ തീർക്കുക.

മലമ്പുഴ അണക്കെട്ടിൽ നിന്ന് ചേരാമംഗലത്തിലേക്ക് ഇപ്പോൾ പുഴവഴി വെള്ളം വിടുന്നതിന്ന് പകരം കുമരംപുത്തൂർ വഴി ചേരാമംഗലത്ത് എത്തിക്കുകയും ചെയ്യുക.

ഗായത്രിപുഴയിൽ ഒന്നാം വാർഡിനെയും നാലാംവാർഡിനെയും ബന്ധിപ്പിക്കുന്ന ആറാപ്പുഴ ചുണ്ടക്കാട് തീപ്പെട്ടി കമ്പനി റോഡിൽ ചുണ്ടക്കാട് കടവിൽ പുഴയ്ക്ക് കുറുകെ ഒരു പാലം അല്ലെങ്കിൽ കോസ്‌വേയോ മറ്റൊ നിർമ്മിക്കുന്നതിൻെറ കൂടെ ഒരു തടയണയോ അല്ലെങ്കിൽ ബ്രിഡ്ജ് കം റെഗുലേറ്ററോ നിർമ്മിക്കാം.

ഗായത്രിപുഴയിൽ വടക്കെ നടയിൽ നിന്നും പത്തനാപുരത്തേക്ക് പോകുന്ന റോഡിൽ പാലത്തോട് ചേർന്ന് ഒരു സംഭരണി വിയർ അല്ലെങ്കിൽ റെഗുലേറ്റർ നിർമ്മിച്ച് ജലം ശേഖരിക്കുകയും 100 കുതിരശക്തിയുള്ള മോട്ടോർ ഉപയോഗിച്ചുള്ള ഒരു ലിഫ്റ്റ് ഇറിഗേഷൻ പമ്പ് സെറ്റ് സ്ഥാപിച്ച് നാലാം വാർഡിലെ ഉയർന്നപ്രദേശത്ത് കൂടി ഒഴുകുന്ന ചേരാംമംഗലം മെയിൻ കനാലിൽ വക്കീൽപടി എന്ന സ്ഥലത്ത് എത്തിക്കുക. കനാലിൽ 35, 36, 37 എന്നീ സ്ലുയിസുകളിൽ കൂടി വാലറ്റ ഭാഗങ്ങളായ മൂപ്പു പറമ്പ്, പള്ളം, വടക്കെനട, കിഴക്കെ പാടം, വാഴക്കച്ചിറ എന്നിവിടങ്ങളിലെ കൃഷിയെ രക്ഷപ്പെടുത്താം. കൂടാതെ മെയിൻ കനാലിൽ ഒരു ഷട്ടർ സ്ഥാപിച്ചാൽ വെള്ളം മെയിൻ കനാലിലൂടെ പുറകോട്ട് പോകുകയും ആയത് ആനുമാറിയിലുള്ള വടക്കെത്തറ സബ്ബ് കനാൽ സ്ലുയിസിൽ കൂടി കൊണ്ടുവന്നാൽ പൊതുവെ വരൾച്ചയുടെ പിടിയിൽ എന്നും അകപ്പെടുന്ന മൂന്നാം വാർഡിലെ കാങ്ങാളക്കോട്, ദേവസ്വം പാടം ഈടുവെടിയാൽ, നെല്ലിശ്ശേരി പാടം, കല്ലട്ടപാടം, അളിഞ്ഞോട്ടുപറമ്പ്, കൊളക്കോഴി പറമ്പ്, 2-ാം വാർഡിലെ കൊല്ലത്തറ, പുണാത്ത് കുളം, ചാത്വാർപടി എന്നിവിടങ്ങളിലെ 350 ഏക്കറിലേറെ സ്ഥലം സ്ഥിരമായി ഉണക്കത്തിൽ നിന്നും രക്ഷപ്പെടുത്താം.

പഞ്ചായത്തിലെ മംഗലം ആയക്കെട്ട് വാലറ്റ പ്രദേശങ്ങളായ ഇരകുളം, കഴനി, ചുങ്കം, പാടൂർ, തെക്കുമണ്ണ് എന്നീ പ്രദേശങ്ങളിൽ അടിക്കടി ഉണ്ടാകുന്ന ഉണക്കത്തിൽ നിന്നും സ്ഥിരമായ മോചനത്തിന് വേണ്ടി തെന്നിലാപുരം വാഴാമ്പാള്ളത്തോ അല്ലെങ്കിൽ ചീനിക്കോട്ടിലോ സംഭരണ വിയർ നിർമ്മിച്ച് പമ്പ് സെറ്റ് വഴി മംഗലം ഡാം വലതുകര മെയിൻ കനാലിൽ എരകുളം ബ്രാഞ്ച് കനാലിന്ന് മുകൾഭാഗത്തായി വെള്ളം എത്തിച്ചാൽ മേൽ പറഞ്ഞ ആയക്കെട്ടു പ്രദേശങ്ങളിലെ ഉദ്ദേശം 700 ഏക്കറിൽ കുറയാത്ത ഭൂമിക്ക് ഉണക്കഭീഷണിയിൽ നിന്നും സ്ഥിരമായ രക്ഷ നേടാം.

മുകളിലത്തെ പദ്ധതിക്ക് സഹായകമായി മംഗലംപുഴയിലെ ചെമ്മണാംകുന്നിനെയും കണക്കന്നൂരിനെയും ബന്ധിപ്പിക്കുന്ന രീതിയിൽ ബന്ധിപ്പിക്കുന്നു. തടയണയിൽ മുടക്കുംകുണ്ടിൽ എന്ന സ്ഥലത്ത് പമ്പ് സെറ്റ് സ്ഥാപിച്ച് കുഴൽവഴി

വെള്ളം മെയിൻ കനാലിൽ എത്തിച്ചാൽ പാടൂരിലെ പീച്ചങ്കോട്, കടമ്പിടി, തെക്കുമണ്ണ് എന്നിവിടങ്ങളിലെ ഇരുപ്പൂ കൃഷി സ്ഥലത്ത് പുഞ്ചകൃഷി കൂടി ചെയ്തുവരാം.

കല്ലേടിക്കടവിൽ ലിഫ്റ്റ് ഇറിഗേഷൻ വഴി മംഗലം പുഴ വെള്ളം പാടൂർ വടക്കെപ്പാടത്തേക്ക് എത്തിക്കാം. ശ്രീ ചിന്നമണിയുടെ കളത്തിൻെറ കിഴക്ക് ഭാഗത്ത് ഒരു ഇലക്ട്രിക് മോട്ടോർ പമ്പ് സെറ്റ് സ്ഥാപിച്ചെങ്കിലും പിന്നീട് അത് അവിടെ പ്രവർത്തിപ്പിച്ചില്ല - പ്രസ്തുത ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടപ്പാക്കണം.

നടക്കാവ് പ്രദേശത്ത് ഗായത്രിപുഴയിൽ ഒരു ചെക്ക് ഡാം നിർമ്മിച്ച് (സംഭരണ വിയർ) ഒരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി കമ്മീഷൻ ചെയ്യേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിനെ മറ്റു പഞ്ചായത്തുകളുമായും ബന്ധിപ്പിക്കുന്ന തരത്തിലുള്ള റോഡുകൾ പുഴകൾക്ക് കുറുകെ പാലങ്ങൾ നിർമ്മിക്കുമ്പോൾ അതിനോട് ചേർന്ന് തന്നെ ഒരു സംഭരണവിയറോ അല്ലെങ്കിൽ ബ്രിഡ്ജ് കം റെഗുലേറ്റർ നിർമ്മിക്കുവാൻ ശ്രമിക്കേണ്ടതാണ്. ഉദാ:- (1) പാടൂർ ആനവളവിൽ നിന്ന് മംഗലം പുഴ കടന്ന് മണപ്പാട് റോഡ്, (2) പാടൂർ തെക്ക് മണ്ണിൽ നിന്ന് (തോണിക്കടവ്) പുതുക്കോട് പഞ്ചായത്തിലെ കണക്കനൂരിലേക്കുള്ള റോഡ് (മംഗലം പുഴക്ക് കുറുകെ), (3) തോണിക്കടവിൽ നിന്ന് വടക്കോട്ടു ഗായത്രി പുഴ കടന്ന് തരൂർ പള്ളിക്ക് സമീപം ചേരുന്ന റോഡ്.

ഇതുകൊണ്ട് ഒരേ ചിലവിൽ വിവിധ ആവശ്യങ്ങൾ നടക്കും.

മണ്ണൊലിപ്പ് മൂലം ജലസംഭരണശേഷി കുറഞ്ഞുകൊണ്ടിരിക്കുന്ന വൻകിട ജലസേചന പദ്ധതികളായ മലമ്പുഴയുടെയും മംഗലം പദ്ധതിയുടെയും വാലറ്റ പ്രദേശമായ ഈ പഞ്ചായത്തിന് അധികകാലം ഇവയെ ആശ്രയിക്കുവാൻ സാധിക്കുകയില്ല.

സ്ഫോടനാത്മകമായ വേഗതയിൽ വികസനവും വ്യവസായവൽക്കരണവും നടന്നുകൊണ്ടിരിക്കുന്ന പാലക്കാട് പട്ടണത്തിന്ന് അടുത്ത പത്ത് വർഷങ്ങൾക്കുള്ളിൽ ഇന്നത്തേതിൻെറ ഒന്നര ഇരട്ടിയിലധികം കുടിവെള്ളം ആവശ്യമായി വരുന്ന സാഹചര്യത്തിൽ പാലക്കാടൻ വയലുകളിൽ പൂർണ്ണമായ തോതിൽ ജലസേചനം നടത്തുവാൻ സാദ്ധ്യമല്ലാത്ത ഒരു അവസ്ഥ തെളിഞ്ഞുകാണാം.

ജനകീയ ആസൂത്രണത്തിൻെറ മുന്നോടിയായി നാടൊട്ടുക്ക് സിംഹകാഹളം മുഴങ്ങുന്നു. പാലക്കാടൻ നെൽകൃഷിക്കാരൻ നടിയൽ മുതൽ കൊയ്തുവരെ വെള്ളത്തിനും, വളത്തിനും, കീടനാശിനിക്കും, തൊഴിലാളികളെ സമയത്ത് കിട്ടാതെ ആശങ്കയിൽ ജീവിച്ച് മരിക്കാൻ വിധിക്കപ്പെട്ട ഇവന്ന് ഈ ജനകീയ ആസൂത്രണം ഒരു ഉയിർത്തെഴുന്നേല്പായി തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു. !!!

# കൃഷിപഞ്ചാഗം

| മാസം | നെല്ല് | തെങ്ങ് | നനനേന്ദ്രൻ | പൊടിനേന്ദ്രൻ | വാഴ നാടൻ ഇനങ്ങൾ | മരിച്ചീനി | കുരുമുളക് | ഇഞ്ചി |
|---|---|---|---|---|---|---|---|---|
| ജനുവരി | വിത്തുകണ്ടങ്ങളിൽ കലർപ്പ് നെൽചെടി വലിക്കുന്നു. കൊയ്ത് - (2-ാം വിള) | നനയ്ക്കുവാൻ സൌകര്യമുവ്ളവർ നനയ്ക്കുന്നു. | വളപ്രയോഗം കളയെടുക്കൽ | വിളവെടുപ്പും വിത്തുകന്ന് തരംതിരക്കലും | - | വിളവെടുപ്പ് | വിളവെടുപ്പ് തെങ്ങിൻ തോപ്പുകളിൽ നനയ്ക്കുന്നു | വിളവെടുക്കൽ |
| ഫെബ്രവരി | മുണ്ടകൻ കൊയ്ത്ത് പൊളിച്ചാൽ പൂട്ട് | ജലസേചനം തേങ്ങയിടൽ | പുല്ലെടുക്കൽ രണ്ടാംവള പ്രയോഗം | കന്ന് നടീൽ | - | വിളവെടുപ്പും വിത്തുകമ്പ് ശേഖരിക്കലം | വിളവെടുപ്പും (നനയ്ക്കുന്നു) | വിളവെടുപ്പ് വിത്ത് ഇഞ്ചി ശേഖരിക്കൽ |
| മാർച്ച് | ഉഴവ് സാദ്ധ്യമെങ്കിൽ | വിത്തുതേങ്ങ ശേഖരണം - ജലസേചനം | - | - | - | - | പുതിയ തൈകൾനട്ടു നനയ്ക്കുന്നു. (തൈകൾ തയ്യാറാക്കൽ) | നടുന്നതിനുള്ള സ്ഥലം കിളച്ചിടുന്നു/പൂട്ടുന്നു |
| ഏപ്രിൽ | ഉഴവ് (സാധ്യമെങ്കിൽ) ഡയിഞ്ച് വിത്ത് വിതയ്ക്കൽ | ജലസേചനം വിളവെടുപ്പ് | മൂന്നാംവള പ്രയോഗം | - | മഴകിട്ടിയാൽ കന്നുകൾ പറിച്ച് നടും | നിലം ഒരുക്കി നടീൽ | താങ്ങ് മരങ്ങൾ നടുക കുഴി എടുക്കുക | സ്ഥലം ഒരുക്കി നല്ല മഴ ലഭിച്ചാൽ നടാം |
| മെയ്യ് | പൊടിവിത ഞാറു പാകൽ | ജലസേചനം തേങ്ങ പാകൽ തടം തുറക്കുന്നു | വളപ്രയോഗം | പുല്ലെടുത്ത് ആദ്യതന്നെ വളം കൊടുക്കൽ | കിളക്കുന്നു പുപ്പെടുക്കുന്നു കന്ന് പിരിച്ച് വെക്കുന്നു | നടീൽ കൂനയെപ്പ് | കിട, കുമിൾ നാശിനി പ്രയോഗം | നടീൽ |
| ജൂൺ | പൊടിവിതകള യെടുക്കൽ വളപ്രയോഗം വിരിപ്പ് നടീൽ അടിവളം ചേർക്കൽ | വിത്തുതേങ്ങ പാകൽ, തടം തുറക്കൽ, തൈനടൽ കുഴിയെടുക്കൽ ജൈവവളപ്രയോഗം | - | - | - | പൂപ്പെടുക്കൽ വളപ്രയോഗം മണ്ണ് ഇടീൽ | നടീൽ | നടീൽ |
| ജൂലായ് | വിരിപ്പ് നടീൽ (അടിവളം ചേർത്ത്) വിതയ്ക്ക രണ്ടും വളപ്രയോഗം | വളപ്രയോഗം (ജൈവവളം) രാസവളം | - | കളവലിക്കൽ വളപ്രയോഗം | - | രണ്ടിൽ കൂടുതലുള്ള ചിനപ്പുകൾ കളയുന്നു | രാസവളവും ജൈവവളവും | കളയെടുക്കൽ വളപ്രയോഗം, മരുന്നു തളി |
| ആഗസ്റ്റ് | നടീൽകണ്ടങ്ങളിൽ മേൽവളം | - | വിളവെടുപ്പ് വിത്തെടുക്കൽ | കളവലിക്കൽ വളപ്രയോഗം | - | കളയെുക്കൽ കൂടുതലുള്ള ചിനപ്പ് ഒടിക്കൽ വളപ്രയോഗം | കീടനാശിനി വളപ്രയോഗം | കളയെടുക്കൽ വളപ്രയോഗം മരുന്നു തളി |
| സെപ്തംബർ | കൊയ്ൽ - ഞാറ് പാകൽ, വരമ്പ് നോക്കൽ | - | വിളവെടുപ്പ് വിത്തെടുക്കുന്നു | - | - | - | രണ്ടാം വള പ്രയോഗം | കളയെടുക്കൽ |
| ഒക്ടോബർ | രണ്ടാംവിള നടീൽ അടി വളം ചെർക്കൽ | തെങ്ങിൻ തടം മൂടൽ തോട്ടം കിളക്കൽ പുതയിടൽ | കന്ന് നടീൽ | കളയെടുക്കലും വളപ്രയോഗവും | - | കളയെടുക്കൽ വളം ചേർക്കൽ | കുമിൾ നാശിനി തളിക്കൽ | കളയെടുക്കൽ |
| നവംബർ | കളവലി/നടീൽ മേൽവളം ചേർക്കൽ | വിളവെടുപ്പ് | കന്ന് നടീൽ | - | - | - കുരുമുളക് | മൂപ്പെത്തിയ പറിക്കും | മരുന്നതളി |
| ഡിസംബർ | - | നനതുടങ്ങുന്നു | കളയെടുക്കൽ വളപ്രയോഗം | വിളവെടുക്കുന്നു കന്ന്മാറ്റുന്നു | - | - | വിളയെടുപ്പ് | വിളവെടുപ്പ് |

| മാസം | കവുങ്ങ് | കശുമാവ് | റബ്ബർ | മഞ്ഞൾ | പയർ | പച്ചക്കറികൾ | വേനൽകാല പച്ചക്കറികൾ | കിഴങ്ങ് വർഗ്ഗം |
|---|---|---|---|---|---|---|---|---|
| ജനുവരി | വിത്തടക്ക ശേഖരണം ജലസേചനം | - | കറയിൽ ഗാർഡ് മാറ്റുക | വിളവെടുപ്പും | മുണ്ടകൻ വരമ്പിൽ കൃഷിചെയ്ത് പയർ തുവര വിളവെടുക്കുന്നു | അമര നനയ്ക്കുന്നു കായ് പറിക്കുന്നു | നിലം തയ്യാറാക്കൽ വിത്തിടൽ | |
| ഫിബ്രവരി | വിത്തടക്ക - ജലസേചനം | വിളവെടുപ്പ് - | തൈകളുടെ തടിയിൽ ചുണ്ണാമ്പ് പൂശുക | വിളവെടുപ്പ് വിത്തു ശേഖരണം | തുവര വിളവെടുത്ത് വിത്തെടുക്കുന്നു | അമരക്കായ വലിക്കുന്നു | കളയെടുക്കലും വളപ്രയോഗവും | മധുരക്കിഴങ്ങ് കൂർക്ക എന്നിവ വള്ളി ഉണ്ടാക്കുന്നു |
| മാർച്ച് | ജലസേചനം | വിളവെടുപ്പ് | വെട്ടിതീർത്ത പട്ടയിൽ പെട്രോളിയം ഉല്പന്നം പുരട്ടുക | - | - | - | വിളവെടുപ്പ് | ചേനകുഭത്തിൽ നടുന്നു |
| ഏപ്രിൽ | ജലസേചനം വളപ്രയോഗം നനയുള്ള സ്ഥലങ്ങളിൽ | വിത്തണ്ടി ശേഖരണം | പുതുകൃഷിക്കും ആവർത്തന കൃഷിക്കും പണികൾ ബഡ്ചെയ്യാം | നിലമൊരുക്കുക ആവശ്യത്തിന് മഴ ലഭിച്ചാൽ നടാം. | - | വിത്തുപാകൽ നടീലും (വിത്തു) | വിളവെടുപ്പ് | - |
| മെയ്യ് | മുളപ്പിച്ച തൈകൾ ഞാറ്റടിയാക്കാം | നടീൽ കുഴി എടുക്കൽ | കളയെടുക്കൽ വളമിടൽ റെയിൻ ഗാർഡുവെക്കൽ കുമിൾനാശിനി തളിക്കൽ | നടീൽ | വരമ്പുകളിൽ പയർ തുവര കുത്തിയിടുന്നു | തൈകൾ നടുന്നു | വിളവെടുപ്പ് | മധുര കിഴങ്ങിൻെറ വള്ളിനടുന്നു |
| ജൂൺ | കുമിൾ നാശിനി തളിക്കൽ നടീൽ | കുമിളനാശിനി പുരട്ടുക ഉണങ്ങിയകൊമ്പുകൾ മുറിച്ചു കളഞ്ഞ് | ആവരണകൃഷി ചെയ്യൽ | നടീൽ | വരമ്പുകളിൽ വിതക്കുന്നു | കവനീക്കൽ വളപ്രയോഗം മണ്ണ് കയറ്റൽ | - | കൂർക്കത്തല നടീൽ |
| ജൂലായ് | ജൈവവളവും രാസവളവും പ്രയോഗിക്കൽ | വളപ്രയോഗം | തൈകൾക്ക് താങ്ങ് കൊടുക്കൽ | കളവലിക്കൽ വളമിടൽ | - | കളയെുക്കാം അമര കുത്തിയിടുന്നു | - | കൂർക്കത്തല നടുന്നു |
| ആഗസ്റ്റ് | കുമിൾനാശിനി പ്രയോഗം | വളം ഇടൽ | കൂടാതെ നടീൽ റബ്ബർ വിത്ത് ശേഖരണം വിത്തു മുളപ്പിക്കൽ | - | വിളവെടുപ്പ് | വിളവെടുപ്പ് | - | - |
| സെപ്തംബർ | കിളിക്കുക (തോട്ടം) | - | റെയിൻഗാർഡ് വെച്ച മരങ്ങളിൽ ടാപ്പിങ്ങ് തുടരാം | കളനീക്കം വളമിടൽ മരുന്ന് തളി | വിളവെടുപ്പ് വിത്തുപയർ ശേഖരം | വിളവെടുപ്പ് | - | - |
| ഒക്ടോബർ | ജലസേചനം | മരുന്നു തളി | വളംചെയ്യൽ മരുന്നുതളി | - | മാടിയ വരമ്പുകളിൽ പയർ, ഉഴുന്ന്, മുതിര ചെറുപയർ എന്നിവ വിത്തിടുന്നു | വിളവെടുപ്പ് (നമ്പുകായ്കൾ) അമരയ്ക്ക് നനയ്കുനനു | - | - |
| നവംബർ | ജലസേചനം | - | പുതയിട്ട് തൈകൾക്ക് തണൽ നല്കുന്നു. നർസറി നനയ്ക്കുക | - | - | - | - | കൂർക്കകിളക്കുന്നു മധുര കിഴങ്ങ് കിളക്കുന്നു |
| ഡിസംബർ | ജലസേചനം തടിയിൽ വെള്ള | കീടനാശിനി തളിക്കുക | ഹയർ ബെൽട്ട് തെളിക്കുക | വിളവെടുപ്പ് | പച്ചതുവര വിലിക്കുന്നു | അവരയ്ക്കാ പറിക്കുന്നു. നനയ്ക്കുന്നു | - | വിളവെടുപ്പ് |

## കൃഷി ഭവനിൽ കൂടി നടപ്പാക്കിയ പദ്ധതികൾ

| | | |
|---|---|---|
| 89 - 90 | | |
| സ്പെഷൽ കോമ്പനൻറ് പ്രോഗ്രാം | | |
| (പട്ടിക ജാതിക്കാർക്ക്) | | |
| കിണറുകൾ 2 എണ്ണം | - | 12000 രൂപ |
| ബയോഗ്യാസ് 1 | - | 7000 രൂപ |
| 90 - 91 | | |
| പട്ടിക ജാതിക്കാർക്ക് തുക | | |
| കിണറുകൾ അഞ്ച് | - | 3000 രൂപ |
| ബയോഗ്യാസ് മൂന്ന് | - | 21000 രൂപ |
| 91 - 92 | | |
| പട്ടിക ജാതിക്കാർക്ക് | | |
| പമ്പ് സെറ്റ് മൂന്ന് | - | 24000 രൂപ |
| കിണറുകൾ മൂന്ന് - | - | 18000 രൂപ |
| ബയോഗ്യാസ് ഒന്ന് | - | 600 രൂപ |
| ഡി. ആർ. ഡി. എ. കിണറുകൾ ഏഴ് | - | 42000 രൂപ |
| 92 - 93 | | |
| ഐ. ആർ. ഡി. പി. | | |
| കീടനാശിനികൾ | - | 3000 രൂപ |
| കീടനാശിനികൾ | - | 8300 രൂപ |
| മരുന്നുതളി യന്ത്രങ്ങൾ | - | 11640 രൂപ |
| ഗ്രൂപ്പ് ഫാമിങ്ങ് കുമ്മായം | - | 22940 രൂപ |
| കുമ്മായം | - | 38000 രൂപ |
| കീടനാശിനികൾ | - | 23925 രൂപ |
| പമ്പ് സെറ്റ് - | - | 23925 രൂപ |
| ട്രാക്ടർ | - | 264000 രൂപ |
| രാസവള സബ്സിഡി | - | 190800 രൂപ |
| കിണറുകൾ | - | 6000 രൂപ |
| ബയോഗ്യാസ് | - | 6500 രൂപ |
| 92 - 93 | | |
| സമഗ്രനാളികേര വികസന പദ്ധതി | | |
| കിണർ | - | 600 രൂപ |
| 93 - 94 | | |
| കീടനാശിനികൾ | - | 71167 രൂപ |
| സസ്യസംരക്ഷണ യന്ത്രങ്ങൾ | - | 8400 രൂപ |
| സ്പെഷൽ കോമ്പനൻറ് പ്രോഗ്രാം | | |
| (പട്ടിക ജാതിക്കാർക്ക്) | | |
| കിണർ | - | 30000 രൂപ |
| ബയോഗ്യാസ് | - | 32500 രൂപ |

| | | |
|---|---|---|
| പ്രാധാനമന്ത്രിയുടെ പദ്ധതിപ്രകാരം | | |
| പവർടില്ലർ 2 എണ്ണം | - | 108000 രൂപ |
| (ആനമാരി, കഴനി, കല്ലേപ്പുള്ളി) | | |
| കിണർ മൂന്ന് എണ്ണം | - | 75000 രൂപ |
| പമ്പ്സെറ്റ് അഞ്ച് എണ്ണം | - | 12333 രൂപ |
| പമ്പ് സെറ്റ് മൂന്ന് എണ്ണം | - | 7500 രൂപ |
| കിണർ ഒന്ന് | - | 2500 രൂപ |
| സ്പെഷൽ കോമ്പനൻറ് പദ്ധതി (പട്ടിക ജാതിക്കാർക്ക്) | | |
| ബയോഗ്യാസ് നാല് എണ്ണം | - | 31600 രൂപ |
| കിണർ ഒന്ന് | - | 10000 രൂപ |
| 94 - 95 | | |
| സപെഷൽ കോമ്പനൻറ് പദ്ധതി (പട്ടികജാതിക്കാർക്ക്) | | |
| കിണർ ഒന്ന് | - | 10000 രൂപ |
| കിണർ നാല് എണ്ണം | - | 10000 രൂപ |
| പമ്പ് സെറ്റ് നാല് എണ്ണം | - | 10000 രൂപ |
| ഐ. ആർ. ഡി. പി. | | |
| ഉല്പാദനബോണസ് | | |
| 94 - 95 വിള | - | 95508 രൂപ |
| 94 - 95 2-ാം വിള | - | 95285 രൂപ |
| 95 - 96 1-ാം വിള | - | 202684 രൂപ |
| 95 - 96 രണ്ടാം വിള | - | 202684 രൂപ |
| സസ്യസംരക്ഷണ ഉപകരണങ്ങൾ | - | 11125 രൂപ |
| പമ്പ് സെറ്റുകൾ 25 എണ്ണം | - | 998994 രൂപ |
| കിണർ 18 എണ്ണം | - | 122988 രൂപ |
| കീടനാശിനികൾ | - | 73686 |
| ചുണ്ണാമ്പ് | - | 20000 |
| കമ്പോസ്റ്റ് കുഴി (കുഴി ഒന്നിന് 25 രൂപ വീതം) | | |
| 94 - 95 | - | 7000 രൂപ |
| 95 - 96 | - | 3500 രൂപ |
| ബയോഗ്യാസ് പദ്ധതി പ്രകാരം നാളിതുവരെ | | |
| കൊടുത്തത് | | |
| 1987 | - | 115 എണ്ണം |
| 88 - 89 | - | 3 എണ്ണം |
| 91 - 92 | - | 5 എണ്ണം |
| 92 - 93 | - | 6 എണ്ണം |
| 94 - 95 | - | 2എണ്ണം |
| ആകെ | - | 121 |

## കൃഷി (കാവശ്ശേരി ഗ്രാമപഞ്ചാ്യത്ത്)
## പഞ്ചായത്തിലെ വാർഡുകളിൽ മൺതരങ്ങളും വിളചേരുവകളും

| വാർഡ് നമ്പറും പേരും | മൺതടങ്ങൾ | പ്രധാന കൃഷികൾ | മറ്റു കൃഷികൾ | ഏത് ജലസേചന പദ്ധതിയുടെ കീഴിൽ |
|---|---|---|---|---|
| 1. പത്തനാംപുരം | ചരൽകലർന്നമണ്ണ്<br>ചെമ്മണ്ണ്, മണൽ<br>കലർന്ന മണ്ണ്,<br>ക്ലേതം കലർന്നമണ്ണ് | നെല്ല്, വാഴ<br>തെങ്ങ്,<br>പച്ചക്കറി | മരിച്ചീനി<br>റബ്ബർ, മാംബറി | മലമ്പുഴ |
| 2. വടക്കെത്തറ | മണൽ കലർന്നമണ്ണ്<br>ചർൽ കലർന്ന മണ്ണ് | നെല്ല്, തെങ്ങ് | മരച്ചീനി<br>മാംബറി | ചേരാമംഗലം<br>ലിഫ്റ്റ് ഇറിഗേഷൻ |
| 3. കൊങ്ങാളക്കോട് | മണൽകലർന്നമണ്ണ്<br>ക്ലേതം കലർന്ന മണ്ണ്<br>ചരൽ മണ്ണ്<br>കളിമൺ കലർന്ന മണ്ണ് | നെല്ല്, തെങ്ങ് | | പേരാമംഗലം |
| 4. ചുണ്ടക്കാട് | ചരൽ കലർന്ന<br>ചെമ്മണ്ണ്, ക്ലേതം<br>കലർന്ന മണ്ണ്<br>മണൽ കലർന്ന മണ്ണ്<br>കളിമൺ കലർന്ന മണ്ണ് | നെല്ല്, തെങ്ങ്<br>വാഴ | റബ്ബർ, മരച്ചീനി<br>കവുങ്ങ് | പേരാമംഗലം |
| 5. ഇരട്ടക്കുളം | മണൽ കലർന്ന മണ്ണ്<br>ചരൽ കലർന്ന മണ്ണ് | നെല്ല്, വാഴ<br>തെങ്ങ് | റബ്ബർ , മരച്ചീനി | പേരാമംഗലം |
| 6. കോതപുരം | ക്ലേതം കലർന്ന മണ്ണ്<br>ചരൽ കലർന്ന<br>ചെമ്മണ്ണ് | നെല്ല്, വാഴ<br>തെങ്ങ് | മരിച്ചീനി<br>റബ്ബർ | 1. പേരാമംഗലം<br>2. മംഗലം |
| 7. തെന്നിലാപുരം | മണൽ കലർന്ന മണ്ണ്<br>ചരൽ കലർന്ന മണ്ണ്<br>കളിമൺ കലർന്ന മണ്ണ് | നെല്ല്, തെങ്ങ്<br>വാഴ | റബ്ബർ<br>മരച്ചീനി | മംഗലം |
| 8. ഇരട്ടകുളം | മണൽ കലർന്നമണ്ണ്<br>ചുവന്ന മണ്ണ് | നെല്ല്, തെങ്ങ്<br>വാഴ | റബ്ബർ<br>മരച്ചീനി | മംഗലം |
| 9. ചുങ്കം | ചരൽകലർന്ന<br>ചുവന്നമണ്ണ്<br>മണൽ കലർന്ന മണ്ണ് | നെല്ല്<br>തെങ്ങ്<br>വാഴ | റബ്ബർ<br>മരച്ചീനി<br>പച്ചക്കറി | പേരാമംഗലം<br>മംഗലം |
| 10. പാടൂർ | ചരൽ കലർന്ന ചെമ്മണ്ണ്<br>മണൽ കലർന്ന മണ്ണ്<br>ക്ലേതം കലർന്ന മണ്ണ് | നെല്ല്<br>തെങ്ങ്<br>വാഴ | റബ്ബർ<br>മരച്ചീനി<br>പച്ചക്കറി | മംഗലം |
| 11. നടക്കാവ് | മണൽ കലർന്ന മണ്ണ്<br>ക്ലേതം കലർന്ന മണ്ണ്<br>ചരൽ കലർന്ന മണ്ണ് | നെല്ല്<br>തെങ്ങ്<br>വാഴ | റബ്ബർ<br>മരച്ചീനി | മംഗലം |

# 5 2

# മൃഗസംരക്ഷണവും മത്സ്യബന്ധനവും

കാർഷിക ഗ്രാമമായ കാവശ്ശേരി പഞ്ചായത്തിൽ ആദ്യകാലങ്ങളിൽ കന്നുകാലികൾ കർഷകരുടെ ഒരു അവിഭാജ്യഘടകമായിരുന്നു. കന്നുകാലികളെയും മറ്റും ജൈവവളങ്ങൾ നമ്മുടെ കൃഷിയിടങ്ങളെ ഫലപുഷ്ടിയുള്ളതാക്കിയിരുന്നു. എന്നാൽ സ്ഥിതി ആകെ മാറിയിരിക്കുന്നു. കർഷകരുടെ വീടുകളിലെ കാലിതൊഴുത്തിൽ കാലികൾ നാമമാത്രമായിരിക്കുന്നു. ഇന്ന് കൃഷിസ്ഥലം ഉഴവുവാൻ വളരെ ചെറിയ കർഷകർ കൂടി ട്രാക്ടറെ ആശ്രയിക്കുന്നു. അഥവാ ഉഴവുവാൻ കാലികളെ ചില ഭാഗങ്ങളിൽ ലഭിച്ചാൽ തന്നെ ട്രാക്ടർ കൂലിയേക്കാൾ വർദ്ധിച്ചിരിക്കുന്നു. കാലിവളത്തിനു പകരം രാസവളം ഉപയോഗിക്കുന്നതിൻെറ ഫലമായി മണ്ണിൻെറ ഘടന തന്നെ തകർന്നിരിക്കുന്നു.

ഇതാണ് പൊതുസ്ഥിതിയെങ്കിലും പുതിയ ജനുസ്സിൽപ്പെട്ട കന്നുകാലികൾ വളർത്തി വരുന്ന കർഷകരും ഉണ്ട്. ക്ഷീരവ്യവസായ രംഗത്ത് പുത്തൻ ഉണർവ് കാണുവാൻ സാധിക്കുന്നുണ്ട്. വീടുകളിൽ കോഴി വളർത്തൽ ഉണ്ടെങ്കിലും മുട്ടയ്ക്കുവേണ്ടി കമ്പോളത്തേയാണ് ആശ്രയിക്കുന്നത്. കൊയ്തുകാലത്ത് തമിഴ്നാട്ടിൽ നിന്ന് താറാവുകളെയും കൊണ്ട് എത്തുന്ന തമിഴ് കുടുംബക്കാർ കർഷകർക്ക് മുട്ട വിതരണം നടത്തുന്നു. കൂടാതെ, താറാവ് പട്ടിയിടൽ മൂലം മണ്ണിൻെറ വളകൂറും വർദ്ധിക്കുന്നു.

മകരകൊയ്ത്തു തീരാറാവുമ്പോഴേക്കും കർഷകർ കാലികളെ പാടങ്ങളിലേക്ക് വിടുക പതിവുണ്ട്. ഇത് കൊയ്ത്തു തീരാത്ത പാടങ്ങളിലെ വിളകൾ നശിപ്പിക്കുന്നു. അതുപോലെ വീടുകളിലെ തോട്ടങ്ങളിലും മറ്റും കടന്ന് നാശം ഉണ്ടാക്കുന്നു.

പതിനഞ്ചാമത് പഞ്ചവാർഷിക കന്നുകാലി കാനേഷുമാരി പ്രകാരം നമ്മുടെ പഞ്ചായത്തിലുള്ള പക്ഷിമൃഗാദികളുടെ എണ്ണം മറുപുറത്ത് ചേർക്കുന്നു.

| നമ്പർ | ഇനങ്ങൾ | എണ്ണം |
|---|---|---|
| 1. | സങ്കരവർഗ്ഗകാളകളും പശുക്കളും | 2481 |
| 2. | നാടൻ കാളകളും പശുക്കളും | 512 |
| 3. | ചെമ്മരിയാട് | 6 |
| 4. | പന്നികൾ | 8 |
| 5. | കോലാട് | 790 |
| 6. | പോത്തുകളും, എരുമകളും | 200 |
| 7. | പട്ടികൾ | 864 |
| 8. | മുയൽ | 27 |
| 9. | കോഴികൾ | 11324 |
| 10. | താറാവ് | 44 |
| 11. | ടർക്കി, ഗിനി മുതലായവ | 35 |

1987-ലെ കന്നുകാലി സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലുള്ള കന്നുകാലികളുടെ എണ്ണം 2936 എണ്ണവും, ആടുകൾ 465 എണ്ണവും ആയിരുന്നു.

ഇപ്പോൾ നമ്മുടെ പഞ്ചായത്തിലുള്ള കന്നുകാലികളുടെ എണ്ണം കൂടി വരുന്നതായി കാണാവുന്നതാണ്. (പ്രത്യേകിച്ച് പശുക്കളുടെ എണ്ണം) കർഷകരുടെ വരുമാനമാർഗ്ഗമായി ഉല്പാദനക്ഷമത കൂടിയ ജനുസ്സുകളെ വളർത്തുന്നതിന് താല്പര്യം കാണിക്കുന്നു.

**രോഗങ്ങൾ**

കന്നുകാലികൾക്കു വരുന്ന പ്രധാന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ക്ഷീരസന്നി മുതലായവയും കോഴികൾക്ക് വരുന്ന രോഗങ്ങൾ കോഴിവസന്ത, കോഴി വസൂരി എന്നിവയും കണ്ടുവരുന്നു. ഇവയ്ക്ക് ഫലപ്രദമായ കുത്തിവയ്പുകൾ മൃഗാശുപത്രിയിൽ നിന്നും ലഭ്യമാണ്.

1995-96 കാലയളവിൽ കാവശ്ശേരി മൃഗാശുപത്രിയിൽ ചികിത്സിച്ച കന്നുകാലികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

| നമ്പർ | ഇനങ്ങൾ | എണ്ണം |
|---|---|---|
| 1. | പശു | 2076 |
| 2. | എരുമ | 120 |
| 3. | ആട് | 205 |
| 4. | നായ | 23 |
| 5. | കോഴികൾ | 106 |

കാവശ്ശേരി മൃഗാശുപത്രിയുടെ കീഴിലുള്ള സബ് സെൻറർ എരട്ടകുളത്ത് ചികിത്സിച്ച കന്നുകാലികളുടെ എണ്ണം.

| നമ്പർ | ഇനങ്ങൾ | എണ്ണം |
|---|---|---|
| 1. | പശു | 490 |
| 2. | എരുമ | 90 |
| 3. | കോഴികൾ | 12 |

**കൃത്രിമ ബീജസങ്കലനം**

പഞ്ചായത്തിലെ കന്നുകാലികൾക്കുള്ള ബീജസങ്കലനം നടത്തിയതിൻെറ വിവരങ്ങൾ താഴെ ചേർക്കുന്നു.

| നമ്പർ | ഇനങ്ങൾ | എണ്ണം |
|---|---|---|
| 1. | പശു | 1447 |
| 2. | എരുമ | 55 |

**പേ വിഷബാധ**

പഞ്ചായത്തിൽ പേ വിഷബാധ പലഭാഗങ്ങളിലും കണ്ടുവരുന്നു. നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ് നടത്തിയിരുന്നു. ഇരുപത് നായ്ക്കളെയാണ് മൃഗാശുപത്രിയിൽ കുത്തിവയ്പ് നടത്തിയിരുന്നത്. കൂടാതെ, അലഞ്ഞു തിരിയുന്ന നായ്ക്കളെ പിടികൂടാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

**ക്ഷീരവിപണന സംവിധാനങ്ങൾ**

കാവശ്ശേരി പഞ്ചായത്തിലെ ക്ഷീരകർഷകർ പാൽ വിറ്റഴിക്കുവാൻ പ്രധാനമായും ആശ്രയിക്കുന്നത് പാൽ സൊസൈറ്റികളെയാണ്. എന്നാൽ ആകെ ഉല്പാദനത്തിൻെറ അറുപത് ശതമാനം മാത്രമേ സൊസൈറ്റികളിൽ എത്തുന്നുള്ളു. ബാക്കി സ്വകാര്യ വ്യക്തികൾക്കും സ്വന്തമായും പ്രയോ

ജനപ്പെടുത്തുന്നു.

പഞ്ചായത്തിൽ ആനന്ദ് മാതൃകയിൽ അഞ്ച് പാൽ സൊസൈറ്റികൾ പ്രവർത്തിക്കുന്നു.

1. പത്തനാപുരം
2. ചുണ്ടക്കാട്
3. കഴനി - ചുങ്കം
4. പാടൂർ
5. ഇരട്ടക്കുളം

**മുട്ട - മാംസം എന്നിവ**

നമ്മുടെ പഞ്ചായത്തിലെ മിക്ക ജനങ്ങളും മുട്ടയ്ക്കുവേണ്ടി ആശ്രയിക്കുന്നത് മറ്റു സംസ്ഥാനങ്ങളിൽ നിന്നും വരുന്നവയെയാണ്. ഇവിടെ ഒരു അംഗീകൃത അറവുശാല ഇല്ല എന്നുള്ളത് മാംസത്തിൻെറ ഗുണനിലവാര തകർച്ചയ്ക്ക് ഇട നൽകുന്നു. സ്വകാര്യ വ്യക്തികൾ നടത്തി വരുന്ന അറവുശാലകളുടെ സ്ഥിതി വളരെ ശോചനീയമാണ്.

**കാലിത്തീറ്റ, കോഴിത്തീറ്റ തുടങ്ങിയവയുടെ വിപണി**

പഞ്ചായത്തിൽ മേച്ചിൽ സ്ഥലങ്ങളുടെ അഭാവം മൂലം കന്നുകാലികളെ വളർത്തുന്നതിന്ന് പ്രധാനമായും കാലിത്തീറ്റകളെയാണ് ആശ്രയിക്കുന്നത് വളരെയധികം വില കൊടുത്ത് കാലിത്തീറ്റ കർഷകർക്ക് വാങ്ങേണ്ടിവരുന്നു. വൈക്കോൽ സുലഭമായി ലഭ്യമാകുന്നുണ്ടെങ്കിലും കുറച്ചു ദിവസത്തിനുള്ളിൽ അവയെല്ലാം തന്നെ മറ്റു സ്ഥലങ്ങളിലേക്ക് കയറ്റി അയക്കപ്പെടുന്നു. തന്മൂലം ഇവിടെ കൊയ്ത്തിനു മുമ്പ് വൈക്കോൽ ക്ഷാമം നേരിടുന്നു.

**പ്രശ്നങ്ങൾ**

1. കാലിത്തീറ്റ, കോഴിത്തീറ്റ എന്നിവയുടെ വില വർദ്ധന.
2. പാലിന് ഉല്പാദനത്തിനനുസരിച്ചുള്ള വില ലഭിക്കുന്നില്ല.
3. കോഴിവളർത്തുന്നതിന്നു വേണ്ട സാങ്കേതിക പരിജ്ഞാനം ഇല്ലായ്മ.
4. പേ വിഷ ബാധയെക്കുറിച്ച് ആളുകൾക്കുള്ള അജ്ഞത.
5. യഥാസമയം വൈദ്യസഹായം ലഭിക്കുന്നില്ല.
6. കാലിത്തീറ്റ, കോഴിത്തീറ്റ മുതലായവയുടെ അഭാവം.
7. മൃഗാശുപത്രിയുടെ ദൂരം കാരണം 10, 11 വാർഡുകളിലെ കർഷകർക്കുള്ള ബുദ്ധിമുട്ട്.
8. വായ്പാ സൗകര്യങ്ങളുടെ അഭാവം
9. മൃഗാശുപത്രിയിലെ അസൗകര്യങ്ങൾ.
10. കന്നുകുട്ടികളുടെ ശൈശവ മരണം.
11. പാടൂരിൽ ഒരു ICDPO sub centre ആവശ്യമാണ്.

**സാധ്യതകൾ**

1. കന്നുകുട്ടിപരിപാലന പദ്ധതി, പേവിഷ നിർമ്മാർജ്ജന, വന്ധ്യതാ നിവാരണ ക്യാമ്പുകൾ MLPP, SCP, TSP എന്നിവയെ കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കാവുന്നതാണ്.
2. മുട്ട ഉല്പാദനത്തിനും, മാംസം ഉൽപാദനത്തിനും കൂടുതൽ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്.
3. മൃഗാശുപത്രിക്ക് സ്വന്തമായ കെട്ടിടം, ലാബററ്ററി, ഓപ്പറേഷൻ തിയേറ്റർ, മൈക്രോസ്കോപ്പ്, ഫോൺ, കർഷക പരിശീലന ഹാൾ, വാഹനം എന്നിവ ഏർപ്പെടുത്താവുന്നതാണ്.
4. പഞ്ചായത്തിലെ പുറമ്പോക്ക് സ്ഥലങ്ങൾ ഫോറസ്റ്റ് വനം ഭൂമികളും മേച്ചിൽ സ്ഥലമാക്കി ഉപയോഗപ്പെടുത്താവുന്നതാണ്.
5. കാലിവളർത്തലിന് ശാസ്ത്രീയമായ അറിവ് ഏർപ്പെടുത്താവുന്നതാണ്.
6. സഹകരണ മേഖലയിൽ മുട്ടയ്ക്കും, മാംസത്തിനുമായി കോഴി വളർത്തൽ കേന്ദ്രം തുടങ്ങാവുന്നതാണ്.
7. ബ്ലോക്കടിസ്ഥാനത്തിലോ, താലൂക്ക് അടിസ്ഥാനത്തിലോ കാലിത്തീറ്റ, കോഴിത്തീറ്റ ഫാക്ടറികൾ ആരംഭിക്കാവുന്നതാണ്.
8. പാടൂരിൽ ഒരു ICDP sub centre തുടങ്ങാവുന്നതാണ്.

# മത്സ്യബന്ധനം

പഞ്ചായത്തിൻെറ അതിർത്തികളിലൂടെ ഗായത്രിപുഴയും, മംഗലം പുഴയും ഒഴുകുന്നുണ്ട്. നിരവധി കുളങ്ങളും, തോടുകളും കിണറുകളും ഇവിടെ ഉണ്ട്.

മീൻപിടുത്തം പ്രധാന തൊഴിലാക്കി ജീവിക്കുന്ന കുടുംബങ്ങൾ ഇവിടെ കണ്ടുവരുന്നില്ല.

പഞ്ചായത്തിൽ മത്സ്യകൃഷി തുടങ്ങുവാൻ സന്നദ്ധതയുള്ള വ്യക്തികൾ ധാരാളമുണ്ടെങ്കിലും അവയ്ക്കുവേണ്ട പ്രോത്സാഹനം ലഭിക്കുന്നില്ല. മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കുന്നതിന്ന് ബുദ്ധിമുട്ട് നേരിടുന്നുണ്ട്.

അടുത്ത കാലത്തായി മത്സ്യങ്ങൾക്ക് ഉണ്ടായ രോഗം മൂലം നിരവധി മത്സ്യങ്ങൾ ചത്തൊടുങ്ങി. അവയ്ക്ക് വേണ്ട പ്രതിവിധി എവിടെ നിന്നും ലഭിക്കുകയുണ്ടായില്ല.

മറ്റു സ്ഥലങ്ങളിൽ നിന്നും വരുന്ന മത്സ്യങ്ങൾ ധാരാളമായി ഉപയോഗിച്ചുവരുന്നു. ചില സമയങ്ങളിൽ മത്സ്യങ്ങളുടെ ഗുണനിലവാര തകർച്ച ഗുണഭോക്താക്കളെ വെട്ടിലാക്കുന്നു.

# 5 3

# വ്യവസായം
# ഊർജ്ജം

കാവശ്ശേരി പഞ്ചായത്ത് വ്യവസായരംഗത്ത് പിന്നോക്കാവസ്ഥയാണ് ഉള്ളത്. പഞ്ചായത്തിൽ ഒരു “മിനി ഇൻറസ്ട്രി” എന്ന് കൊട്ടിഘോഷിച്ച് തുറക്കപ്പെട്ട വ്യവസായമേഖല, തുടങ്ങുന്ന അവസരത്തിൽ എല്ലാ മുറികളിലും പലവിധ വ്യവസായങ്ങൾ തുടങ്ങി. കുറച്ച് കഴിഞ്ഞപ്പോൾ ഓരോന്നായി അടയ്ക്കപ്പെട്ടു. വ്യവസായ സംരംഭകർക്ക് മുൻബാക്കിയാക്കിയ പല കടകെണികളും കൊടുക്കേണ്ടി വരുന്നതിനാൽ, താങ്ങാനാവാത്ത ബാദ്ധ്യത വരുന്നതുമൂലം, വ്യവസായങ്ങൾക്ക് പിടിച്ചു നിൽക്കാൻ കഴിയുന്നില്ല. സഹകരണ മേഖലയിൽ തുറക്കപ്പെട്ട “ഹംസം” തീപ്പെട്ടി കമ്പനിയും അടഞ്ഞ അദ്ധ്യായമായി മാറിയിരിക്കുന്നു.

പരമ്പരാഗത വ്യവസായങ്ങൾ എല്ലാം തന്നെ ഒരു കാലത്ത് വൻമുന്നേറ്റമായിരുന്നു. ഇന്നവ തേഞ്ഞുമാഞ്ഞ് അപ്രത്യക്ഷമായികൊണ്ടിരിക്കുകയാണ്. പലരും തങ്ങളുടെ തൊഴിൽ ഉപേക്ഷിച്ച് പലവിധ തൊഴിലുകളിലേക്ക് ചേക്കേറിയിരിക്കുകയാണ്. അസംസ്കൃത വസ്തുക്കളുടെ ലഭ്യമില്ലായ്മ, ഉല്പന്നത്തിന് ന്യായവില കിട്ടാതെ ഇടത്തട്ടുകാരുടെ ചൂഷണം, കൂലി ലഭിക്കായ്മ, സാമ്പത്തിക പരാധീനത, യന്ത്രവല്ക്കരണമില്ലായ്മ, തൊഴിൽ നൈപുണ്യത്തിൻെറ കുറവ് എന്നിവയാണ് ഈ മേഖലയിലെ പ്രധാന കാര്യങ്ങൾ.

സ്വകാര്യമേഖലയിലെ വ്യവസായങ്ങൾ പലതും ലാഭത്തിലാണ്. 1 എണ്ണം നഷ്ടത്തിലാണ് ഹരിജൻ വെൽഫയർ സൊസൈറ്റി (ഫർണീച്ചർ). ആര്യവൈദ്യശാല കോയമ്പത്തൂരിൻെറ മരുന്നുണ്ടാക്കുന്ന ഫാക്ടറി ഇപ്പോൾ ഒന്നും ഉണ്ടാകാതെ ഒരു ഉല്പന്നം മാത്രം ഉണ്ടാക്കികൊണ്ടിരിക്കുന്നു.

ഒരു പൊതുമേഖലാ സ്ഥാപനമോ, ഗവ: വ്യവസായ സ്ഥാപനമോ ഇല്ലെന്നത് ഈ പഞ്ചായത്തിൻെറ പിന്നോക്കാവസ്ഥയെ എടുത്തു കാണിക്കുന്ന ചിത്രമാണ്.

## പഞ്ചായത്തിൻെറ ലൈസൻസ് ഫീ സംബന്ധിക്കുന്ന പട്ടികയാണ് താഴെ

| വ്യവസായം - വ്യാപാരം | ഹോട്ടലുകൾ | സാധാരണ കടകൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|
| 96 | 5 | 108 | 4 | 213 |

## ഇൻറസ്ട്രിയൽ വകുപ്പിലൂടെ കഴിഞ്ഞ അഞ്ചുവർഷം (1992-1997) നൽകിയ സഹായങ്ങളുടെ പട്ടിക

| സ്കീമുകൾ | നമ്പർ | ശുപാർശ തുക | നമ്പർ | അനുവദിച്ച തുക | ബാക്കി |
|---|---|---|---|---|---|
| ഹരിജൻ എൻറർപെർമിസ് ഡവലപ്പ്മെൻറ് പ്രോഗ്രാം ലോൺ | 15 | 155430.00 | 15 | 155430.00 | ഇല്ല |
| ടൂൾ കിറ്റ് (100% ഗ്രാൻറ്) | 21 | 10500.00 | 21 | 10500.00 | ഇല്ല |
| ആർ. എ. പി. 1/3 സബ്സിഡി | 1 | 3000.00 | 1 | 3000.00 | ഇല്ല |
| ജനറൽ സബ്സിഡി 15% സ്റ്റേറ്റ് ഇൻവെസ്റ്റ്മെൻറ് സബ്സിഡി | 1 | 64000.00 | 1 | - | 64000.00 3/97-ന് മുമ്പ് അനുവദിക്കും. |
| വനിതകളുടെ ഇൻറസ്ട്രി 50% സ്ബസിഡി കെട്ടിടത്തിനും + മെഷിനും | 1 | 28824 | 1 | 28800.00 | ഇല്ല |
| **ബാങ്ക് ലോൺ** | | | | | |
| പി. എം. ആർ. വൈ | 3 | 188500.00 | 2 | 91500.00 | ഇല്ല |
| **കോമ്പോസിറ്റ് ലോൺ** | | | | | |
| | 2 | 56738.00 | 2 | 56738.00 | ഇല്ല |

സ്വയം തൊഴിലിന് അനുവദിച്ച തുകയുടെ കണക്ക് ലഭ്യമല്ല. ഇൻറസ്ട്രി വകുപ്പിൽ നിന്നു തന്നെ എസ്. എസ്. ഐ. യൂണിറ്റായി 63 വ്യവസായങ്ങൾ പഞ്ചായത്തിന് അകത്ത് നൽകിയിട്ടുണ്ട്.

**പാരമ്പര്യ വ്യവസായങ്ങൾ - കുടിൽ വ്യവസായങ്ങൾ**

1. കളിമൺ പാത്ര നിർമ്മാണ രംഗത്ത് ആകെ 350 സ്ത്രീ പുരുഷന്മാർ പണിയെടുക്കുന്നു. ഇന്ന് മൺപാത്രത്തിന് ആവശ്യക്കാർ കുറഞ്ഞപ്പോൾ അവരുടെ തൊഴിൽ മേഖല മാറ്റേണ്ടി വന്നു. അവർക്ക് മിക്സിങ്ങ് മെഷ്യനുകൾ, മോട്ടോറുകൾ, സാമ്പത്തിക സഹായം, പുതിയ നൈപുണ്യ പരിശീലനം നൽകി നവീകരിച്ചാൽ സഹകരണ മേഖലയിൽ വളർത്തിയാൽ പുരോഗതി നേടും.
2. ഓട്ടുപാത്ര നിർമ്മാണത്തിന് 100-ൽ താഴെ സ്ത്രീ പുരുഷന്മാർ ജോലി ചെയ്യുന്നു. ഓട് കിട്ടാതെ വരിക, കരിയുടെ താങ്ങാനാവാത്ത വില, കൂലി ലഭിക്കായ്മ, ഈ രംഗത്തെ ഭീഷണികളാണ്. 5 പേർ മോട്ടറുകൾ വെച്ച് ജോലി ചെയ്യുന്നു. പുതിയ നൈപുണ്യ പരിശീലനം, ടൂൾകിറ്റ്, യന്ത്രങ്ങൾ, സാമ്പത്തിക സഹായം ഹീറ്ററുകൾ സഹകരണ അടിസ്ഥാനത്തിൽ നൽകിയാൽ ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കാം.
3. കയർ :- പൊള്ളാച്ചിയിൽ നിന്നും കയർ കൊണ്ടുവന്ന് വിൽക്കുന്നു. മുമ്പ് ഇവിടെ ഉണ്ടാക്കിയിരുന്നതാണ്. യന്ത്രങ്ങളുടെ വരവ് ആ ഭാഗം താറുമാറാക്കി 50-ൽ പരം ആളുകൾ പണിയെടുക്കുന്നു.
4. പുളി :-സീസൺ ആയാൽ പല ഭാഗങ്ങളി

ലേക്ക് കയറ്റി അയക്കുന്നു. സാമ്പത്തിക സഹായവും, യന്ത്രങ്ങളും നൽകിയാൽ പുളിയിലെ നാരുകൾ മാറ്റി പായ്ക്ക് ചെയ്താൽ ഈ വ്യവസായം പുരോഗമിക്കും. 200-ൽ കൂടുതൽ ആളുകൾ ജോലി ചെയ്യുന്നു.

5. ഓടയും, മുളയും ഉപയോഗിച്ച് കൊട്ട, വട്ടി, മുറം, പരമ്പ്, തട്ടിക എന്നിവ ഉണ്ടാക്കുന്നു. അസംസ്കൃത വസ്തുക്കളുടെ വില കാരണവും, ഉൽപ്പന്നങ്ങൾക്ക് മിത വില ലഭിക്കാതെയും 100-ൽ താഴെ ആൾക്കാർ തൊഴിൽ മാറിയിരിക്കുന്നു. മോട്ടറുകൾ, അസംസ്കൃത വസ്തുക്കൾ എന്നിവ ന്യായവിലയ്ക്ക് ലഭ്യമാക്കി സഹകരണ സ്ഥാപനം മുഖേന കച്ചവടം നടത്തിയാൽ നല്ല പുരോഗതി നേടും.

6. ഓല പായ നെയ്ത്ത്, ഓലകുട എന്നിവ കാര്യമായി നടക്കുന്നില്ല. 100-ൽ താഴെ സ്ത്രീകളും, 50 പുരുഷന്മാരും ഈ ജോലി സ്വീകരിച്ചവരായി ഉണ്ട്. അസംസ്കൃത വസ്തുക്കളുടെ കുറവ്, അമിത വില എന്നിവ പ്രതികൂലമായി ബാധിക്കുന്നു. പായ പായ്ക്കിംഗിനും, തൊപ്പികുടയും വൻ സാധ്യതയുള്ള വ്യവസായമാണ്.

7. ബീഡി തെറുപ്പ് - പലരും പല കമ്പിനികളുടെ ലേബലിൽ അസ്ഥിര തൊഴിലാളികളായി പണിയെടുക്കുന്നു. ബീഡി തെറുക്കുന്ന ദിവസം 1000 എണ്ണത്തിന് 39/- രൂപ ലഭിക്കുന്നു. ഇവരെ ഒന്നിപ്പിച്ചാൽ ഉദാ: ദിനേശ് ബീഡി സംഘംപോലെ പ്രവർത്തിക്കാൻ സജ്ജരാക്കിയാൽ 300 കുടുംബങ്ങൾ പുരോഗമിയ്ക്കും.

8. വെടികെട്ട് - ഈ പഞ്ചായത്ത് വളരെ പേരുകേട്ടതാണ് ഈ രംഗത്ത്. കരിമരുന്നും, ബാക്കി അസംസ്കൃത വസ്തുക്കളുടെ ലഭ്യത കുറവ്, സാമ്പത്തിക കുറവ് എന്നിവ ഈ ഭാഗത്തെ ന്യൂനതകളാണ്. 100-ൽ പരം കുടുംബങ്ങൾ പണിയെടുക്കുന്ന മേഖലയാണ്.

9. പപ്പടം ഉണ്ടാക്കുന്ന 70 ആളുകൾ ഉണ്ട്. ഉഴുന്നുമാവിൻെറ വില, അതിനുവേണ്ട പദാർത്ഥങ്ങളുടെ വില എന്നിവ മൂലം വളരെ ദയനീയമാണ് രംഗം. മഴകാലത്ത് പപ്പടം ഉണ്ടാക്കുന്ന തരത്തിൽ ഹീറ്ററുകൾ, മിക്സിംഗ് മെഷ്യനുകൾ എന്നിവക്ക് സാമ്പത്തിക സഹായം നൽകിയാൽ കയറ്റുമതിയ്ക്ക് സാധ്യതയുള്ളതാണ്.

10. ഇരുമ്പുപണി, കത്തി നിർമ്മാണം എന്നിവയ്ക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമല്ല, യന്ത്രസഹായമില്ലാതെ, കരിയുടെ വില, സാമ്പത്തിക വിഷമം ഉണ്ടാകുന്നു. 150 ആളുകൾ ഈ വിഭാഗത്തിൽ ഉണ്ട്. അവർക്ക് കാര്യമായ സഹായങ്ങൾ ചെയ്താൽ വൻപുരോഗതിയ്ക്കു സാധ്യതയുണ്ട്.

11. നൂൽനൂല്പ്, പനയുടെ ഈറ, പനച്ചക്കര എന്നിവയ്ക്ക് വൻ സാധ്യതയുള്ള മേഖലയാണിത്. സംഘടിതരല്ലാത്തതിനാൽ ശോഭിക്കാതെ പോകുന്നു. 100-ൽ കൂടുതൽ ചെത്ത് തൊഴിലാളികൾ ഈ രംഗത്ത് ഉണ്ട്. സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവരുടെ ഉൽപന്നങ്ങൾക്ക് വിപണനസൗകര്യം ഉണ്ടാക്കുക. സ്വർണ്ണപ്പണിക്കാർ, മരആശാരി, കല്ലാശാരി എന്നിവരുടെ മേഖല തെറ്റില്ല. എന്നാലും കൊത്ത് ശില്പങ്ങൾ നിർമ്മിക്കുന്നവരുടെ എണ്ണം താരതമ്യേന കുറഞ്ഞിരിക്കുന്നു.

ചെറുകിട: തീപ്പെട്ടി കമ്പനികൾ, ഇഷ്ടിക ഉണ്ടാക്കൽ, കരിങ്കൽ ക്വാറി, നെല്ലു കുത്ത് വ്യവസായം (വലുത്), സ്വാമില്ലുകൾ, വിജയ് റബ്ബർ പ്രോഡക്ട്സ്, കിണർ റിങ്ങ്, സിമിൻറ് ഗ്രിൽസ്, ഇ. എസ്. പി. സ്ലാബ് നിർമ്മാണം, സിമിൻറ് പൈപ്പ്, ലിജാ സോപ്പ്സ്, മരഫർണീച്ചറുകൾ, ഇരുമ്പ് ഗ്രിൽസ്, സ്റ്റീൽ അലമാര നിർമ്മാണം.

ഫാക്ടറി: 3 എണ്ണം. കെ. എം. കെ. ക്ലേ വർക്സ്, കുമാർ ക്ലേ വർക്സ്, ആര്യവൈദ്യഫാർമസി (കോയമ്പത്തൂർ)

ഈ വ്യവസായ സ്ഥാപനങ്ങൾ തൊഴിലാളികളുടെ എണ്ണം, വേതനം എന്നിവ കാണിക്കുന്ന പട്ടിക മറുപുറത്ത് കൊടുത്തിരിക്കുന്നു.

| വ്യവസായസ്ഥാപനങ്ങൾ | എണ്ണം | സ്ത്രീ | പുരുഷന്മാർ | സ്കിൽ | വേതന നിരക്ക് ഹെൽപ്പർ I | II | സ്ത്രീ |
|---|---|---|---|---|---|---|---|
| എൻജിനീയറിംഗ് വർക്സ് (അലമാര, ഗ്രിൽസ്) | 3 | - | 12 | 100 | 40 | 30 | - |
| സ്വാമിൽ | 4 | 1 | 18 | 100 | 80 | 60 | 40 |
| തീപ്പെട്ടി കമ്പനി | 2 | 29 | 11 | 50 | 40 | - | 21 |
| നെല്ലുകുത്ത് മില്ല് | 9 | 45 | 29 | 60 | - | - | 35 |
| ക്വാറി (കരിങ്കല്ല്) | 8 | 30 | 16 | 80 | - | - | 35 |
| വിജയ് റബ്ബർ പ്രോഡക്ട്സ് | 1 | - | 4 | 60 | 59 | - | - |
| ക്ലേ ഫാക്ടറി | 2 | 20 | 9 | 60 | - | - | 35 |
| ഇഷ്ടിക ചൂള | 30 | 1000 | 500 | 80 | - | - | 40 |
| പ്ലാസ്റ്റിക് (കുടങ്ങൾ, പൈപ്പ്) | 1 | 4 | 2 | - | 40 | - | 25 |
| മരഫർണീച്ചർ | 2 | - | 7 | 100 | - | - | - |
| ലിജാ സോപ്പ്സ് | 1 | 5 | 2 | 60 | - | - | 35 |
| റിങ്ങ് വർക്സ്, സ്ലാബ് | 3 | 2 | 6 | 100 | 80 | - | 35 |
| ആര്യവൈദ്യഫാർമസി | 1 | 3 | 1 | 81 | - | - | 75 |

സഹകരണ മേഖലയിൽ പനയുടെ ഈരയിൽ നിന്നും ബ്രഷ് ഉണ്ടാക്കുന്ന നാര് എടുക്കുന്ന യൂണിറ്റ് അടുത്ത കാലത്തായി പ്രവർത്തിക്കുന്നു.

വ്യവസായങ്ങൾക്കെല്ലാം ആവശ്യമായ അസംസ്കൃതവസ്തുക്കൾ പഞ്ചായത്തിൽ കിട്ടുന്നവയാണ്. മണ്ണ്, മണൽ, കരിങ്കല്ല്, മരങ്ങൾ എന്നിവ ഉപയോഗിക്കുന്നു. ഭൂരിഭാഗം അസംസ്കൃതവസ്തുക്കളും പല പഞ്ചായത്തിൽ നിന്നും, ടൗൺ പ്രദേശങ്ങളിൽ നിന്നും സംഭരിക്കുന്നു.

തീപ്പെട്ടിയുടെ സാധനങ്ങൾ ശിവകാശിയിലേക്കും, റബ്ബർ പ്രോഡക്ട്സ് റീട്രേയിഡിംഗിനായി പല കമ്പനികൾക്കും, ഇഷ്ടിക വിവിധഭാഗങ്ങളിൽ കേരളത്തിനകത്തും പുറത്തും പോകുന്നു. കുടങ്ങൾ, പൈപ്പ് എന്നിവ കേരളത്തിൽ വിൽക്കുന്നു. ലിജാ സോപ്പ് കേരളത്തിൽ മാത്രം വിൽക്കുന്നു. റിംഗ് വർക്സ് പഞ്ചായത്തിനകത്തും, പുറത്തുമായി ചെയ്യുന്നു. ആര്യവൈദ്യശാലയിൽ ഉണ്ടക്കുന്നവ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ വിൽക്കുന്നു.

നവീന രീതിയിൽ കഴനി-ചുങ്കത്ത് സ്വകാര്യ മേഖലയിൽ മോഡേൺ റൈസ്മിൽ 1 കോടി രൂപ ചിലവിൽ പണി പൂർത്തിയാകുന്നു. പണിയെടുക്കുന്നവർക്കു താമസിക്കാൻ സൗകര്യം അടക്കം ചെയ്തിരിക്കുന്നു. 1997-ൽ ആദ്യത്തോടെ പ്രവർത്തനം ആരംഭിക്കും.

**പ്രശ്നങ്ങൾ:-**

1. പരമ്പരാഗത ചെറുകിട വ്യവസായങ്ങൾക്ക് സഹകരണ മേഖലയില്ലാത്ത അവസ്ഥ. ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരാക്കുന്നു.
2. സാമ്പത്തിക സഹായം യഥാസമയം ലഭിക്കുന്നില്ല.
3. ലോൺ അനുവദിക്കേണ്ട ബാങ്ക് സ്ഥാപനങ്ങൾ ലോൺ കൊടുക്കാതിരിക്കുക.
4. സ്വയം തൊഴിൽ ലോൺ പാസ്സാക്കിയാൽ ബാങ്ക് സഹായിക്കാൻ സന്നദ്ധത കാണിക്കാതിരിക്കുക.
5. സബ്സിഡി യഥാസമയം ലഭ്യമല്ല.
6. ലൈസൻസ് തുടങ്ങിയവ ചുവപ്പ് നാടയിൽപെട്ട് കാലതാമസം വരുക.
7. വ്യവസായസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുപകരം ചില ഭാഗത്ത് നിന്ന് നിരുത്സാഹപ്പെടുത്തുന്നു.

8. വ്യവസായത്തിന് വൈദ്യുതിയുടെ കാലതാമസം, വോൾട്ടേജ് കുറവ് എന്നിവയും പ്രശ്നമാണ്.
9. പൊതുമേഖല സ്ഥാപനമോ, ഒരു ഫാക്ടറിയോ ഇല്ലാത്തതുകൊണ്ട് കുറേ തൊഴിൽ അന്വേഷകർ അന്യനാട്ടിൽ ജോലി ചെയ്യുന്നു.
10. സ്വന്തം നാട്ടിൽ ഉണ്ടാക്കുന്ന വസ്തുവിനോട് മതിപ്പ് കുറവ്.
11. അസംസ്കൃത വസ്തുക്കളുടെ അമിതമായവില
12. പരമ്പരാഗത വ്യവസായങ്ങളിൽ ഉള്ളവർക്ക് പുതിയ നൈപുണ്യ പരിശീലനം കിട്ടുന്നില്ല.
13. വ്യവസായ വികസന സമിതിയുടെ കുറവ്.

**സാധ്യതകൾ:-**

കൊള്ളികൊണ്ട് കന്നുകാലി തീറ്റ ഉണ്ടാക്കുന്ന ഒരു ഫാക്ടറി. വറ്റൽ, വാട്ടകപ്പ, കുളമ്പ് എന്നി സംസ്കരിക്കാനാവശ്യമായ നൂതന പരിപാടികൾ ഉൾകൊള്ളിച്ച് തുടങ്ങാം. ബീഡി തെരപ്പ് സഹകരണ മേഖലയിൽ വൻ സാദ്ധ്യതയുണ്ട്.

നാളികേരം ഉപയോഗിച്ച് കൊപ്ര, ചിരട്ട ഉപയോഗിച്ച് അലങ്കാര വസ്തുക്കൾ, ചകിരി ഉപയോഗിച്ച് കയർ, ഓല ഉപയോഗിച്ച് മടയാം, ഇളനീർ പായ്ക്കറ്റിംഗ് എന്നിവയ്ക്ക് വൻസാധ്യതയുണ്ട്.

നെയ്ത്ത് ശാല, ഓട്ട് പാത്ര നിർമ്മാണം, മരം കടയിൽ യൂണിറ്റ്, ഫർണീച്ചർ, ഇഷ്ടിക, ഈർച്ചമിൽ, റൈസ്മിൽ, ഫ്ളവർ മിൽ, ഐസ് ഫാക്ടറി, ചെരുപ്പ് നിർമ്മാണം, കല്പൂരം, ചന്ദനതിരി, വയ്ക്കോൽ ഉപയോഗിച്ച് ഡിസൈൻ വർക്സ്, കടലാസു നിർമ്മാണം, അലുമിനിയം ഫാക്ടറി, പ്ലാസ്റ്റിക് ഫാക്ടറി, പഴയ ഇരുമ്പ് ഉപയോഗിച്ച് പല സാധനങ്ങൾ ഉണ്ടാക്കുന്ന ഫാക്ടറി എന്നിവ സഹകരണ മേഖലയിലോ, പൊതുവായോ, സ്വകാര്യമേഖലയിലോ സാദ്ധ്യതകളുണ്ട്.

ഇലക്ട്രോണിക് റിപ്പേർസ്, ലെയ്ത്ത് വർക്സ്, വയർകൊണ്ട് പല സാധനങ്ങൾ ഉണ്ടാക്കൽ, വർക്ക്ഷോപ്പ് എന്നിവ തുടങ്ങാം.

പരമ്പരാഗത വ്യവസായങ്ങളിലെ കളിമൺ ഉപയോഗിച്ച് പൂച്ചെട്ടി, ഓട് ടൈൽസ്, അലങ്കാര സാധനങ്ങൾ എന്നിവ ഉണ്ടാക്കാം. ഓല, പായ, പട്ടയുടെ പായ പായ്ക്കിങ്ങിന് ഉപയോഗിക്കാം. തൊപ്പിക്കുട വൻസാധ്യതയാണ്. പുളി സംസ്കരിച്ചാൽ കയറ്റുമതി സാധ്യത, പപ്പടം നവീകരിച്ചാൽ നല്ല നേട്ടമാണ്. വിദേശത്ത്പോലും പോയി വന്ന വെടികെട്ട് ആധുനീകരിച്ചാൽ പഞ്ചായത്തിന് ഗുണം ചെയ്യും. പഞ്ചായത്തിന് പച്ചക്കറി വിൽപ്പനശാല ആവശ്യമാണ്.

തുടങ്ങിയവ സഹകരണ അടിസ്ഥാനത്തിൽ ആയാൽ അതിൻെറ ഗുണഭോക്താക്കൾക്ക് വളരെയേറെ ഗുണം ചെയ്യുന്നതായി മാറും ഇത്തരം സ്ഥാപനങ്ങൾ.

പാടൂരിൻെറ ഏറ്റവും അറ്റത്ത് കുറച്ച് സ്ഥലവും തെന്നിലാപുരത്തും, പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ വ്യവസായം തുടങ്ങുന്നതിന് ആവശ്യമായ സ്ഥലങ്ങൾ ലഭ്യമാകും.

ഇഷ്ടിക, ഓട് എന്നിവ കർണ്ണാടക മോഡലിൽ യന്ത്രവൽക്കരണത്തിലൂടെ ആധുനികവൽക്കരിക്കണം.

# ഊർജ്ജം .

ശാസ്ത്രീയമായി ഊർജ്ജം എന്നാൽ പ്രവർത്തി ചെയ്യുവാനുള്ള കഴിവാണ്. ഇങ്ങനെ പ്രവർത്തിചെയ്യുവാനുള്ള കഴിവിന് വേണ്ടി മനുഷ്യൻ വിവിധ തരത്തിലുള്ള ഊർജ്ജസ്രോതസ്സുകളെ ആശ്രിക്കുന്നു. ഇതിൽ പ്രധാനമായും വരുന്നത് വാണിജ്യ ഇന്ധനങ്ങളായ കൽക്കരി, എണ്ണ, പ്രകൃതി വാതകം, വൈദ്യുതി എന്നിവയും, വിറക്, തെങ്ങ് ഉൽപന്നങ്ങൾ, റബ്ബർ, കായത്തോട് ചപ്പ്ചവറുകൾ എന്നിവയാണ്. കൂടാതെ കാർഷികമേഖലയിലെ കന്നുകാലികളും, മനുഷ്യദ്ധ്വാനവും ഊർജ്ജസ്രോതസ്സുകളിൽ പെടുത്താം. ആണവോർജ്ജം ഒഴിച്ച് മറ്റെല്ലാ ഊർജ്ജസ്രോതസ്സുകളുടെ ഉറവിടം സൂര്യനാണ്.

അധികവും ഗ്രാമങ്ങൾ ഉൾക്കൊള്ളുന്ന നമ്മുടെ പഞ്ചായത്തിൽ ജനങ്ങളുടെ മുഖ്യ ഗാർഹികോപയോഗത്തിന് ഊർജ്ജസ്രോതസ്സ് വിറകാണ്. രണ്ടാംസ്ഥാനം വൈദ്യുതിക്കാണ്. തുടർന്ന്, എണ്ണ, പ്രകൃതി വാതകം, ബയോഗ്യാസ് ചപ്പ്ചവറുകൾ എന്നിവയ്ക്കാണ്. കൽക്കരി ഉപയോഗം പഞ്ചായത്തിൽ തീരെ ഇല്ലെന്ന്തന്നെ പറയാം. എന്നാൽ റബർ കൃഷി പഞ്ചായത്തിൽ വ്യാപകമായി ഉണ്ടെങ്കിലും റബർ തോട് ഇന്ധനമായി ഉപയോഗിക്കുന്നത് വളരെ കുറച്ചാണ്.

പഞ്ചായത്തിലെ പ്രധാന ഊർജ്ജസ്രോതസ്സായവിറക് ഗാർഹിക ഉപയോഗത്തിനും, ചെറുകിട വ്യവസായത്തിൽപ്പെട്ട ഇഷ്ടിക നിർമ്മാണത്തിനുമായാണ് ഉപയോഗിക്കുന്നത്. വിറകിന്റെ വിതരണം പഞ്ചായത്തിൽ പ്രധാനമായും, വിറക് ഏജൻസികൾ, വിറക് പേട്ട, സ്വയം ശേഖരണം എന്നിവയിലൂട്ടെയാണ്. ഗാർഹിക ഉപയോഗത്തിന് ആവശ്യമായ വിറകിന്റെ ഭൂരിഭാഗവും സ്വയം ശേഖരണത്തിലൂടെയാണ്. വിറക് ഏജൻസികൾ അവരുടെവിതരണം മുഖ്യമായും നടത്തുന്നത് നവംബർ ഏപ്രിൽ മാസം വരെയുള്ള ഇഷ്ടിക നിർമ്മാണത്തിലേക്കാണ്. വിറക് പേട്ടയിലെ വിറക് മുഖ്യമായും ഗാർഹിക ഉപയോഗത്തിനാണ്. ഒരു വർഷം ശരാശരി 18,500 ടൺ വിറക് ഗാർഹിക ഉപയോഗത്തിന് ആവശ്യമായി വരുന്നു. 1357 ടൺ വിറക് പേട്ടകൾ മുഖേന വിതരണം ചെയ്യുന്നു.

പഞ്ചായത്തിൽ 5 വർഷകാലയളവിനുള്ളിൽ ഇഷ്ടിക നിർമ്മാണം വ്യാപകമായതോടുകൂടി, വിറകിന്റെ വിതരണത്തിന്റെ നല്ലൊരു ശതമാനം ഈ ആവശ്യത്തിനായി ഉപയോഗിക്കുന്നു. ഇതുമൂലം പഞ്ചായത്തിലെ വമ്പിച്ച വനനശീകരണത്തിനും കരിമ്പന ക്കൂട്ടങ്ങളുടെ വ്യാപകമായ നിർമ്മാർജനത്തിനും ഇടവരുത്തി. ഇത് വിറകിന്റെ ലഭ്യത കുറയുന്നതിനും, വില കൂടുന്നതിനും ഇടവരുത്തി. സാധാരണക്കാരന്റെ ജീവിതത്തിൽ വിറകിന്റെ ലഭ്യതയിലുള്ള കുറവും, വിലവർദ്ദനവും, വലിയ ഒരു പ്രശ്നമായിരിക്കുകയാണ്. ഇഷ്ടിക നിർമ്മാണം, കർണ്ണാടക സംസ്ഥാനത്തെ പോലെ ആധുനികവൽക്കരിച്ചില്ലെങ്കിൽ പഞ്ചായത്തിൽ പാരിസ്ഥിക പ്രശ്നങ്ങൾക്ക് ഇത് കാരണമാകും. വിറകിന്റെ വിലനിലവാരത്തിന് ശാസ്ത്രീയമായ ഒരു അടിസ്ഥാനമില്ല വില നിശ്ചയിക്കുന്നത് സ്വകാര്യ വ്യക്തികളാണ്. അതിൽ സർക്കാരിനോ പഞ്ചായത്തിനൊ ഇടപെടുവാൻ കഴിയുന്നില്ല.

പഞ്ചായത്തിലെ വീടുകളിൽ കൂടുതൽ ഭാഗവും ഭിത്തിയില്ലാതെ പരമ്പരാഗതമായ മൂന്ന് കല്ല് അടുപ്പുകളാണ് ഉപയോഗിക്കുന്നത്. ദക്ഷതയുള്ള അടുപ്പുകൾ വളരെ കുറവാണ്. ആകെ 365 അടുപ്പുകൾ മാത്രമാണ് പഞ്ചായത്തിൽ ഉള്ളത്. പ്രചരണത്തിന്റെ അഭാവം, ലഭിക്കുവാനുള്ള മാർഗ്ഗങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ, സാമ്പത്തിക ബുദ്ധിമുട്ട്, ദരിദ്രജനവിഭാഗങ്ങൾക്ക് ദക്ഷതയുള്ള അടുപ്പുകളിൽ ഉപയോഗിക്കുവാനുള്ള വിറക് വാങ്ങുവാനുള്ള കഴിവില്ലായ്മ എന്നിവയാണ്. ദക്ഷത കൂടിയ അടുപ്പുകൾ സ്ഥാപിക്കുന്നതിന് വിലങ്ങുതടിയായി നിൽക്കുന്ന ഘടകങ്ങൾ.

കാവശ്ശേരി പഞ്ചായത്തിന് വൈദ്യുതി ലഭിക്കുന്നത് നെന്മാറ 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നാണ്. പഞ്ചായത്തിലെ വൈദ്യുതി വിതരണം ആലത്തൂർ ഇലക്ട്രിക്കൽ മേജർ സെക്ഷൻ, പാടൂർ ഇലക്ട്രിക്കൽ സെക്ഷൻ, എന്നിവ വഴിയാണ് നിയന്ത്രിക്കുന്നത്. മേലാർക്കോട്, ആലത്തൂർ, എന്നീ പഞ്ചായത്തുകൾ കടന്ന് ഏറ്റവും അവസാനമാണ് കാവശ്ശേരി പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത്. ഇടുക്കി പദ്ധതിയിൽ നിന്ന് ഉദ്പാദിപ്പിക്കുന്ന വൈദ്യുതി ഇടുക്കിലൈൻ വഴിയാണ് നെന്മാറ 110 കെ. വി. സബ്സ്റ്റേഷനിൽ എത്തുന്നത്. നിലവിൽ പഞ്ചായത്തിൽ 25 LT ട്രാൻസ്ഫോർമറുകളാണ് ഉള്ളത്. 96 ഒക്ടോബർ മാസം വരെയുള്ള കാലയളവിൽ പഞ്ചായത്തിൽ ആകെ 2304 വീടുകൾക്ക് വൈദ്യുത കണക്ഷൻ നൽകിയിട്ടുണ്ട്. മൊത്തം 46 % വീടുകൾക്ക് വൈദ്യുത കണക്ഷൻ നൽകിയിട്ടുണ്ട്.

ട്രാൻഫോർമറുകളുടെ ശേഷിയും പഞ്ചായത്തിലെ ഉപഭോക്താക്കളുടെ ആവശ്യകതയും തമ്മിൽ താരതമ്യം ചെയ്യുമ്പോൾ ട്രാൻസ് ഫോർമറുകൾ അധിക ഭാരം വഹിക്കുന്നതായി കാണുന്നു. ഉപഭോക്താക്കളുടെ എണ്ണത്തിലും കണക്റ്റഡ് ലോഡിലും വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്നു.

പഞ്ചായത്തിലെ ഊർജ്ജ ഉപഭോഗത്തി

List of Transformers and their strength of capacity

| | | KVA |
|---|---|---|
| 1. | ചുണ്ടക്കാട് | 100 |
| 2. | ആനമാറി | 63 |
| 3. | ഇരട്ടക്കുളം | 100 |
| 4. | ഇരട്ടക്കുളം ബോർവെൽ | 100 |
| 5. | വക്കീൽ പടി | 100 |
| 6. | മൂപ്പുപറമ്പ് | 100 |
| 7. | അമീനാ | 100 |
| 8. | മുത്താന്റോട് | 100 |
| 9. | ഈടുവെടിയാൽ | 100 |
| 10. | ലിഫ്റ്റ് ഇറിഗേഷൻ I | 160 |
| 11. | ലിഫ്റ്റ് ഇറിഗേഷൻ II | 160 |
| 12. | കലാമണി | 100 |
| 13. | വെള്ളപ്പാറ | 100 |
| 14. | തെന്നിലാപ്പുരം | 50 |
| 15. | ഇരകുളം | 100 |
| 16. | HMI | 100 |
| 17. | പുഴക്കൽ പള്ളി | 100 |
| 18. | വാവുള്ളിയാപുരം | 160 |
| 19. | കല്ലേപ്പള്ളി | 63 |
| 20. | തെക്കുമുറി | 63 |
| 21. | കടമ്പിടി | 50 |
| 22. | നടക്കാവ് | 160 |
| 23. | മണക്കാട് | 100 |
| 24. | ആനവളവ് | 100 |
| 25. | പനങ്കാവ് | 100 |
| 26. | ചീനിക്കോട് | 63 |
| 27. | പാടൂർ മിനി | 160 |
| 28. | പ്ലാഴി - 11160 | |
| 29. | പ്ലാഴി - 2 | 63 |
| 30 | ഈടുവെടിയാൽ | 160 |
| 31. | പത്തനാപുരം | 100 |
| 32. | ആറാപ്പുഴ | 160 |

ന്റെ 75 % വും ഗാർഹികാവശ്യത്തിനായാണ് ഉപയോഗിക്കുന്നത്. വാണിജ്യ ആവശ്യത്തിനായി 12 % കാർഷക ആവശ്യത്തിനായി 8 % വ്യാവസായിക ആവശ്യത്തിനായി 5 % ഉപയോഗിക്കുന്നു. ഈ റിപ്പോർട്ട് രൂപീകരിച്ചുകൊണ്ടിരിക്കുമ്പോൾ നിലവിൽ പഞ്ചായത്തിന് ഏറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത് പാടൂരിലെ റബർ വർക്സാണ്. എന്നാൽ അടുത്ത് തന്നെ പ്രവർത്തനം ആരംഭിക്കുവാൻ പോവുന്ന മോഡേൺ റൈസ് മില്ല് എന്ന സ്ഥാപനമായിരിക്കും എറ്റവും കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നത്.

പഞ്ചായത്തിലെ ഉപഭോക്താക്കൾ കൂടുതലായി അഭിമുഖീകരിക്കുന്നത് വോൾട്ടേജ് ക്ഷാമമമാണ്. നെന്മാറ സബ്സ്റ്റേഷനിൽ നിന്നും ലഭിക്കുന്ന വോൾട്ടേജ് യഥാർത്ഥത്തിൽ ലഭിക്കേണ്ടതിന്റെ 75 % മാത്രമാണ്. പീക്ക്ലോഡ് സമയത്താണെങ്കിൽ ഇത് 45 % മായി ചുരുങ്ങുന്നു. പഞ്ചായത്തിൽ നിലവിൽ വോൾട്ടേജ് ക്ഷാമം ഉണ്ടെങ്കിലും മിക്ക ഉപഭോക്താക്കളും 60 ന്റെ ബൾബുകളാണ് ഉപയോഗിക്കുന്നത്. വോൾട്ടേജ് ക്ഷാമത്തിൽ നിന്ന് രക്ഷ നേടുന്നതിനുവേണ്ടി സാമ്പത്തികമായി മുന്നിൽ നിൽക്കുന്ന ഉപഭോക്താക്കൾ സ്റ്റപ്പ് അപ്പ് ട്രാൻസ്ഫോർമറുകൾ ഉപയോഗിക്കുന്നു.

പഞ്ചായത്തിലെ അതിരൂക്ഷമായ വോൾട്ടേജ് ക്ഷാമം ഉണ്ടാവാനുള്ള കാരണങ്ങളായി വിലയിരുത്തുന്നത് ഈ പഞ്ചായത്ത് വൈദ്യുതി ലഭിക്കുന്ന നെന്മാറ സബ്സ്റ്റേഷനിൽ നിന്നാണ്. മൂന്നു പഞ്ചായത്തുകൾ കടന്നുവന്നശേഷമാണ് നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത്. ഇത് കൂടുതൽ പ്രസരണ നഷ്ടത്തിന് ഇടവരുത്തുന്നു. പഞ്ചായത്തിലെ സമ്പന്ന വൈദ്യുത ഉപഭോക്താക്കൾ സ്റ്റെപ്പ് അപ്പ് ട്രാൻസ്ഫോർമറുകൾ ഉപയോഗിക്കുന്നതിനാൽ പാവപ്പെട്ട ഉപഭോക്താക്കൾക്ക് അർഹമായി ലഭിക്കേണ്ട വോൾട്ടേജ് ലഭിക്കാത്ത ഒരു സ്ഥിതിവിശേഷം നിലനിൽക്കുന്നു. പ്രധാന വൈദ്യുത നഷ്ടം പ്രേക്ഷണ വിതരണ നഷ്ടമാണ്. ഇതിന്റെ സാങ്കേതിക കാരണങ്ങൾ ട്രാൻസ്ഫോർമറുകളുടെ അതികഭാരവും, വളരെ ദൈർഘ്യമുള്ള വിതരണ ലൈനുകളുമാണ്.

പഞ്ചായത്തിൽ 14 % മീറ്ററുകൾ കേടാണ്. വീടുകളിലെ കറക്ക്ണറ്റഡ് ലോഡ് വൈദ്യുത ബോർഡിൻെറ റജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നതിനാൽ 60 ശതമാനം കൂടുതലായി കാണുന്നു. ആറ് മാസത്തിൽ ഒരിക്കൽ മീറ്റർ പരിശോദിച്ച് ബില്ല് നൽകുന്ന സമ്പ്രദായമാണ് ഇവിടെ നിലവിലുള്ളത്. വൈദ്യുത മോഷണം പഞ്ചായത്തിൽ ചെറിയ തോതിൽ ഉണ്ട്.

പ്രധാനപ്പെട്ട ഗാർഹിക ഊർജ്ജ ആവശ്യകത വെളിച്ചം, പാചകം, വെള്ളം ചൂടാക്കൽ എന്നിവക്കാണ്. സമ്പന്ന വീടുകളിൽ കൂടുതലായും വൈദുത ഉപയോഗം ഗാർഹിക ഉപകരണം പ്രവർത്തിക്കുന്നതിനും ജലസേചനത്തിനും ആണ്. പാവപ്പെട്ട ഉപഭോക്താക്കൾ വെളിച്ചത്തിനുവേണ്ടി മാത്രമാണ് വൈദ്യുതി ഉപയോഗിക്കുന്നത്.

ഊർജ്ജസ്രോതസ്സിലെ മൂന്നാമത്തായി ഉപയോഗിക്കുന്ന ഇന്ധനമായ മണ്ണെണ്ണ വിളക്ക് കത്തിക്കുന്നതിനും, സ്റ്റൗവ് കത്തിക്കുന്നതിനുമായി ഉപയോഗിക്കുന്നു. എണ്ണയുടെ ഉപഭോഗം കൂടുതലും വിളക്ക് കത്തിക്കുന്നതിന് നിലവിലുള്ള പവർക്കട്ട് എണ്ണ ഉപയോഗം വർദ്ധിപ്പിച്ചിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിൽ ഒരു വർഷത്തിൽ 22363 ലിറ്റർ മണ്ണെണ്ണ 4,419 കാർഡ് ഉടമകളിലൂടെ വിതരണം ചെയ്യുന്നു. ഇതിൽ 385 മണ്ണെണ്ണ പെർമിറ്റ് ഉണ്ട്.

ബയോഗ്യാസ് കോവർഗ്യാസ് എന്നിവ വളരെ ചുരുങ്ങിയ എണ്ണം കുടുംബങ്ങളിൽ ഉപയോഗിക്കുന്നു. ഗോബർഗ്യാസ് പദ്ധതി പഞ്ചായത്തിൽ പരാജയമായി കാണുന്നു. ശരിയായ രീതിയിലുള്ള നിർമ്മാണം നടക്കാത്തതുകൊണ്ട് അത് പരാജയപ്പെടുവാൻ കാരണം. പല വ്യക്തികളും സബ്സിഡിയിലൂടെയുള്ള വായ്പകൾ മുഖേന ഗോബർ ഗ്യാസ് പ്ലാൻറുകൾ സ്ഥാപിച്ചുവെങ്കിലും മുഴുവൻ നിർമ്മാണ ദിശയിൽ തന്നെ പരാചയപ്പെട്ടതിനാൽ വായ്പകൾ തിരിച്ച് അടയ്ക്കുവാൻ കഴിയാതെ കർഷകർ വിഷമിക്കുന്നു. ബയോഗ്യാസ്, ഗോബർ ഗ്യാസ് എന്നിവ പഞ്ചായത്തിൽ വ്യാപകമാക്കാൻ കഴിയാത്തതിന് പ്രധാനപ്പെട്ട കാരണങ്ങൾ വേണ്ടത്ര ചാണകം ലഭ്യമല്ലാത്ത അവസ്ഥയും, പ്ലാൻറിൻെറ പ്രവർത്തിപ്പിക്കുന്നതിലേക്കായി തൊഴിലാളികളുടെ കുറവും കന്നുകാലി വളർത്തൽ ലാഭകരമല്ലാത്ത ഒരു സ്ഥിതി വിശേഷം നിലനിൽക്കുന്നതുകൊണ്ട് പഞ്ചായത്തിൽ നിലവിൽ ......... ഗോബർ ഗ്യാസും, ബയോഗ്യാസ് പ്ലാൻറുകളും ഉണ്ട്.

പഞ്ചായത്തിലെ മറ്റ് ഊർജ്ജസ്രോതസ്സുകൾ എന്ന് പറയപ്പെടുന്ന ജൈവാവശിഷ്ടങ്ങൾ ചപ്പ്ചവറുകളാണ്. ഈ ഊർജ്ജസ്രോതസ്സ് കൂടുതലായി ഉപയോഗിക്കുന്ന പാവപ്പെട്ട ജനവിഭാഗങ്ങളാണ്. ഡിസംബർ മുതൽ ഏപ്രിൽ മാസം വരെയുള്ള കാലഘട്ടത്തിൽ ഭക്ഷണം വേവിക്കുന്നതിനും, നെല്ല് വേവിക്കുന്നതിനുമായി ഉപയോഗിക്കുന്നു. കൂടാതെ കേരഉൽപ്പന്നങ്ങളും ഇന്ധനമായി ഉപയോഗിക്കുന്നു.

**അവലോകനം**

1. കഴിഞ്ഞ 4 വർഷത്തിനുള്ളിൽ കാവശ്ശേരി പഞ്ചായത്തിൽ താഴെ പറയുന്ന ഇലക്ട്രിക് കണക്ഷൻ കൊടുത്തിട്ടുണ്ട്.

| | | |
|---|---|---|
| ഗാർഹിക കണക്ഷൻ | - | 350 |
| വാണിജ്യ കണക്ഷൻ | - | 20 |
| കാർഷിക ആവശ്യത്തിന് കണക്ഷൻ | - | 35 |
| വ്യാവസായികാ-വശ്യത്തിന് കണക്ഷൻ | - | 12 |

2. ഹരിജൻ കോളനി ഐ.എച്ച്. ഡി. പി. പ്രകാരം, മൂത്താനോട്, കല്ലട്ടപറമ്പ് എന്നിവ വൈദ്യുതീകരിച്ചു.
3. വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനായി താഴെ പറയുന്ന സ്ഥലങ്ങളിൽ ട്രാൻഫോർമർ സ്ഥാപിച്ചു. ഇരട്ടക്കുളം, തെക്കുമുറി, ചീനിക്കോട്, മണക്കാട് കൂടാതെ ഊടുവെടിയൽ, നടക്കാവ് പാടൂർ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവിടങ്ങളിൽ ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി കൂട്ടി.
4. കല്ലേപ്പുള്ളിയിൽ നിന്നും വടക്കുമുറി ഭാഗത്ത് സിംഗിൾ ഫെയിസ് മാറ്റി ത്രിബിൾ ഫെയിസ് ആക്കുക.

കൃഷി ആവശ്യത്തിനും, കുടിവെള്ളത്തിനും വേണ്ടി സ്ഥാപിച്ച കാവശ്ശേരി ലിഫ്റ്റ് ഇറിഗേഷ

ൻെറ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ 11 കെ. വി. ലൈൻ വലിച്ചു ട്രാൻസ്ഫോർമർ സ്ഥാപിച്ചു.

**പ്രശ്നങ്ങൾ**

1. വാർഡ് II ൽ ത്രീഫേസ് ലൈൻ ആവശ്യമാണ്.
2. അയ്യപ്പൻ കൂടം ടാമിൻെറ പടിഞ്ഞാറുഭാഗത്ത് കാറ്റിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള മാർഗ്ഗം കണ്ടെത്തണം.
3. വാർഡ് 8ൽ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ ഒരു സൗരോർജ്ജ പ്ലാൻറ് സ്ഥാപിക്കണം.
4. വാർഡ് 10ൽ പീച്ചൻകോട്, കടമ്പിടി എന്നിവിടങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക, പാടൂർ വാണിയതറ കടമ്പടി, തെന്നിലാപുരം, തേക്കുപാടം, കുന്നുംപുറം, കോതപുരം പള്ളിക്കുളം ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
5.

I പഞ്ചായത്തിൽ വൈതൃുതി എത്താത്ത പ്രദേശങ്ങൾ പത്തനാപുരം, കോങ്ങാട്ടുമുറി,

II മാടമ്പിക്കാട്, ലക്ഷംവീട്, പള്ളം, കമ്പിനി പറമ്പ്, ചേരിക്കൽ

III മൂപ്പുപറമ്പ്, കൊറ്റംകോട്, കെങ്ങാളക്കോട്, ആലിങ്കൽ പറമ്പ്

IV ഉച്ചാർകുളം, പരിസരം, വാഴക്കചിറ, കുംബാരതറ, കിഴക്കേപാടം

V ചുണ്ടക്കാട് രാമസ്വാമി ചെട്ടിയാരുടെ മില്ലിന് തെക്കോട്ട് ആനമാറി വരെയും കിഴക്കോട്ട് കൊടിൽ പാടത്തേക്കും കാരാട്ടുകുളം ഹരിജൻ കോളനിയിലേക്കും

VI ആയക്കോട്, കോതപുരം, കാഞ്ഞിരകുളമ്പ്, പള്ളിക്കുളം, തെന്നിലാപുരം ഗ്രാം പറമ്പ്, തേക്കുപാടം, രക്കുള്ളി, വഴുകകോട്

VII തേക്കുപാടം, ചീനിക്കോട്, പള്ളത്തൊടി, താഴാമ്പള്ളം, വാഴാമ്പള്ളം, വലിയ കളം

VIII മന്ദംപറമ്പ്, പീച്ചോട്, പാലത്തൊടി, ലക്ഷംവീട്, എരിക്കുളം,

IX മുണ്ടൻകോളനി, വള്ളിക്കാട്, മണ്ണാന്തറ, തലേശ്ശൻ പറമ്പ്, കുംബാരതറ ആന്തോട്

X വടക്കേത്തറ, തെക്കേത്തറ, ലക്ഷംവീട് കോളനി, കടമ്പിടി, പറമ്പത്ത്

XI നടക്കാവ് ഹരിജൻ കോളനി, കുണ്ടുതൊടി, നടക്കാവ് പള്ളം

6. സ്ട്രീറ്റ് ലൈറ്റ് ആവശ്യമുള്ള പ്രദേശങ്ങൾ

I വടക്കേനട മുതൽ പത്തനാപുരം പടിഞ്ഞാറെ മുറി വരെ

പത്തനാപുരം - ലക്ഷം വീട് വരെ, ഞാറക്കോട്

പത്തനാപുരം - കോങ്ങാട്ടുമുറി

II ലക്ഷംവീട് - മാടമ്പിക്കാട്

വടക്കേനട, മരുതംപാടം, വടക്കേത്തറ കൊല്ലത്തറ

III മുപ്പുപറമ്പ്, കൊറ്റംകോട്, നെല്ലിത്തറ, മുല്ലക്കൽ ഗ്രാമം, ആലിങ്കൽ പാളയം, മാല്യാംകുളം

IV മദ്രസക്കുപുറകുവശം, വാഴക്കചിറ, പാറപ്പുറം, കല്ലത്താണി പറമ്പ്, വക്കീൽ പടിയുടെ വടക്കുഭാഗം, ചേരാമംഗലം കനാൽ ടാങ്ക് റോഡിൽ മെയിൻ റോഡ് ചില ഭാഗങ്ങൾ, കുംബാരത്തറ, കിഴക്കേപ്പാടം, കൊടിൽപ്പാടം, പുഴയ്ക്കൽ, കോക്രാട്

V ചുണ്ടക്കാട് നിന്ന് ആനമാറി നൊച്ചിപറമ്പ് വരെ

വടക്കേപറമ്പ് റോഡിൽ കൊടിൽ പാടം വരെ

ഇരട്ടക്കുളം ഭാഗത്തുനിന്നും കനാൽ വരമ്പിലൂടെ വടക്കു ഭാഗത്തേയ്ക്ക് 1/2 കരാക്കുളം, പാതിരപറമ്പ്, പുലിക്കോട്

VI ഇരട്ടക്കുളം - തെന്നിലാപുരം, ഇരട്ടക്കുളം - കോതപുരം, കുറുവട്ട, തെന്നിലാപുരം വടക്കേത്തറ, കിഴക്കേത്തറ - തേക്കുപാടം, പള്ളിക്കുളം, ഇരട്ടക്കുളം - ചീക്കോട്, ..മ്മ. ങ്കഗ്നRsRsന്ദ്വന്ദ കുന്നുംപ്പുറം, വടക്കേത്തറ, ഗ്രാംപറമ്പ്

VII പടിഞ്ഞാറെത്തറ, പള്ളത്തൊടി, ചീനീക്കോട്, സ്വാമികോവിൽ, നാവക്കോട് തേക്കുപാടം, ചീർമ്പകാവ്, വാഴാമ്പള്ളം, താഴാമ്പള്ളം മേൽവീട്, കമ്മാന്തറ, തണ്ണീർപന്തൽ

VIII ഏരുകുളം, പള്ളിക്കുളം, മന്ദംപറമ്പ്, വാലിപ്പറമ്പ്, പാലതൊടി, മുട്ടാളക്കൽ, പീച്ചോട്, കാറകുളം

IX വള്ളിക്കാട്, തലയച്ചൻപറമ്പ്, മുണ്ടൻകോളനി, മണ്ണാന്തറ, ചെമ്പംകാട്, കുന്നുംപുറം

X പീച്ചൻകോട് റോഡ്, തോണിക്കടവ് റോഡ്, തോണിക്കടവ് ആനവളവ്, ചെന്മണ്ണാംകുന്നിൽ, മിനി വടക്കേത്തറ വാണിയൻ തറ, ഗായത്രിപ്പുഴ റോഡിൽ ഹോസ്പിറ്റൽ റോഡിൽ, എടത്തിൽ പടി തെക്കേത്തറ റോഡിൽ പടിഞ്ഞാറെ ഗ്രാമം, മിനി എസ്റ്റേറ്റ് മുതൽ തോണിക്കടവ് വരെ തെക്കുമണ്ണ്, പൊരുള്ളിപ്പാടം,

XI ആശുപത്രി, പാടൂർ ഇടത്തിൽ പടി, പാടൂർ കുണ്ടുതൊടി, മെച്ചോട്, കല്ലേപ്പുള്ളി ഗായത്രി പുഴ റോഡ്, നടക്കാവ് - പള്ളം റോഡ്, പാടൂർ നേത്യാം പറമ്പ്, നടക്കാവ്

എല്ലാ വാർഡുകളിലും 5 വീതം സോഡിയം വേപ്പർ ലാമ്പ് സ്ഥാപിക്കണം.

## പഞ്ചായത്ത് തല പ്രവർത്തന സാധ്യതകൾ

1. വീടുകൾ തോറും ദക്ഷതയുള്ള അടുപ്പുകൾ സ്ഥാപിക്കുക, അതിലേക്കായി 'അനർട്ട്' സൗജന്യമായി പരിഷത്ത് അടുപ്പ് വിതരണം ചെയ്യുന്നുണ്ട്. പഞ്ചായത്തിന്റെ നേതൃത്വത്തിൽ അനർട്ടിൽ വെച്ച് നൽകുന്ന സെൽഫ് എംപ്ലോയി വർക്സ് (S.E.W) പരിശീലനത്തിലേക്ക് കുറച്ച് വ്യക്തികളെ നിയമിക്കുകയും, അവരുടെ സേവനം സൗജന്യമായി ലഭിക്കുന്ന ഈ അടുപ്പ് ഫിറ്റ് ചെയ്യുവാൻ ഉപയോഗിക്കാം. ഒരു അടുപ്പിന് 50 രൂപ എന്ന തോതിൽ S.E.W മാർക്ക് അനർട്ട് നൽകുന്നതാണ്.
2. ദക്ഷതകൂടിയ വിളക്കുകൾ പ്രഷർകുക്കറുകൾ എന്നിവയ്ക്ക് നിലവിലുള്ള സബ്സിഡിക്കുപുറമെ പഞ്ചായത്ത് തല പ്രത്യേക സബ്സിഡി നൽകുന്നത് നന്നായിരിക്കും.
3 മെച്ചപ്പെട്ട അടുപ്പുകളുടെ മോൾഡുകൾ രണ്ടോ, മൂന്നോ പഞ്ചായത്തുകൾ ചേർന്ന് നിർമ്മിക്കാം. ഇതിനായുള്ള പരിശീലനം മുണ്ടൂരിലുള്ള IRTC യിൽ നിന്നും ലഭ്യമാണ്. പുറംപോക്കുകളിലും, വഴിയോരത്തിലും വേലിയിലും തരിശായുള്ള സ്ഥലങ്ങളിലും സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിലും വനവൽക്കരണ പരിപാടി നടപ്പിലാക്കാം.
5. നാലോ, അഞ്ചോ, പശുക്കൾ ഉള്ള വീടുകളിൽ ബയോഗ്യാസ് സ്ഥാപിക്കുന്നതിനായി പഞ്ചായത്തിൽ നിന്നും സബ്സിഡി നൽകാം.
6. പഞ്ചായത്തിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, അങ്കൺവാടികൾക്കും അനർട്ടുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റി അടുപ്പ് സ്ഥാപിക്കാം.
7. കേന്ദ്രീകൃതമായ നാലോ അഞ്ചോ പഞ്ചായത്തുകളെ ചേർത്ത് ഏതാണ്ട് 500 - 600 പശുക്കളുടെ ചാണകം ഉപയോഗിച്ച് കമ്മ്യൂണിറ്റി ബയോഗ്യാസ് പ്ലാൻറിലൂടെ വൈദ്യുതോൽപ്പാദനത്തിന് സാധ്യത ഉണ്ട്.
8. പഞ്ചായത്തിൽ സൗരതാപ ഹീറ്ററുകൾ ഉപയോഗിച്ച് വെള്ളം ചൂടാക്കാൻ ഉപയോഗിക്കാം.
9. പഞ്ചായത്ത് തല ഊർജ്ജ വിതരണം പഞ്ചായത്തുകളെ ഏൽപ്പിക്കാൻ സംസ്ഥാന ഗവൺമെൻറും വൈദ്യുത ബോർഡും വേണ്ട നടപടികൾ സ്വീകരിക്കണം.
10. സ്ട്രീറ്റ് ലൈറ്റുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് പഞ്ചായത്തുകളുടെ സഹകരണത്തോടെ വേണ്ട നടപടികൾ സ്വീകരിക്കുക.
11. പ്രേക്ഷണ വിതരണം കുറയ്ക്കുന്നതിന് 'ജംബർ' മെച്ചപ്പെടുത്തുക. ട്രാൻസ്ഫോർമറുകളുടെ പുനർക്രമീകരിക്കുക.
12. ലോ വോൾട്ടേജ് (പഞ്ചായത്തിലെ) ക്ഷാമം പരിഹരിക്കുന്നതിന് പഴയന്നൂരിൽ പുതുതായി പണിക്കഴിപ്പിച്ചിട്ടുള്ള 11 കെ. വി. സബ്സ്റ്റേഷനിൽ നിന്ന് മെൻ വലിക്കുന്നതിനു വേണ്ടിയുള്ള നടപടികൾ തുടങ്ങണം.
13. വടക്കഞ്ചേരി സബ്സ്റ്റേഷനിൽ നിന്ന് അണക്കപാറ വഴി 11 കെ. വി. ലൈനിൽ നിന്ന് ഇരട്ടക്കുളം ലൈനിൽ ഘടിപ്പിക്കുക.
14. കണക്റ്റഡ് ലോഡ് വർഷത്തിൽ ഒരിക്കൽ പരിശോധിക്കുക.
15. ഇലക്ട്രിക്ക് ലൈനിൽ വീണു കിടക്കുന്ന മരച്ചില്ലകളും മറ്റും പഞ്ചായത്തിന്റെ സഹകരണത്തോടെ ഇലക്ട്രിസിറ്റി വിഭാഗം നീക്കം ചെയ്യുക.
16. പഴയ വയറിംഗ് മാറ്റാനുള്ള നിയമം കർശനമായി നടപ്പിലാക്കുവാനുള്ള ശ്രമം ഇലക്ട്രിസിറ്റി ബോർഡിന്റെ ഭാഗത്ത് നിന്നും ഉണ്ടാവുക.
17. പവർ കപ്പാസിറ്ററുകൾ വേണ്ട ഇടങ്ങളിൽ ഉപയോഗിക്കുവാൻ ഉപഭോക്താക്കളെ പ്രേരിപ്പിക്കുക.
18. ഇലക്ട്രിസിറ്റി ബോർഡും, പഞ്ചായത്തും ഏകോപിച്ചുകൊണ്ടു മെറ്റീരിയത്സുകളുടെ ആവശ്യകത പരിഹരിക്കുക.
19. വാർഡ് തോറും പരാതി പുസ്തകം ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്ത് വെച്ച് അതിലെ പരാതി അനുസരിച്ച് KSEB Lain Man പരിഹാരം കാണേണ്ടതാണ്. ആഴ്ചയിൽ ഒരിക്കൽ AE ഈ പരാതി പുസ്തകം പരിശോധന ചെയ്യേണ്ടതാണ്.
20. വൈദ്യുതി ലൈൻ ലൂസായി തൂങ്ങിക്കിടക്കുന്നത് വലിച്ചുകെട്ടാൻ KSEB ശ്രദ്ധിക്കുക.

# 5 4

# വിദ്യാഭ്യാസം

## ആമുഖം

കേരളത്തിൽ 1990-ൽ സമ്പൂർണ്ണ സാക്ഷരത കൈവരിച്ചു. ഇത് മൂന്നാം ലോക രാഷ്ട്രങ്ങൾക്ക് തന്നെ മാതൃകയായി മാറിയിരിക്കുകയാണ്. കേരളം സമ്പൂർണ്ണ സാക്ഷരത നേടിയെങ്കിലും ഇനിയും കുറെ പഞ്ചായത്തുകൾ ഉദ്ദേശിച്ച നിലവാരത്തിലേക്ക് എത്തുവാൻ കഴിഞ്ഞിട്ടില്ല. കാവശ്ശേരി പഞ്ചായത്തിൽ 1991-ലെ സെൻസസ് പ്രകാരം മൊത്തം 79.34% മാണ് സാക്ഷരത നിരക്ക്. ഇതിൽ പുരുഷന്മാരുടേത് 89.62%, സ്ത്രീകളുടെത് 71.80% വും ആകുന്നു. വിദ്യാഭ്യാസ മേഖലയിൽ എണ്ണത്തിലുള്ള മികവ് ഗുണപരമായ കാര്യങ്ങളിൽ ദൃശ്യമല്ല.

കാവശ്ശേരി പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസസ്ഥാപനം രണ്ടാം വാർഡിലെ പ്രൈമറി സ്ക്കൂളാണ് - സീതാലക്ഷ്മി ലോവർ പ്രൈമറി സ്ക്കൂൾ. തുടർന്ന് ശ്രീ. വീരരാഘവയ്യർ എസ്. ആർ. വി. സ്ക്കൂൾ. സ്ഥാപിച്ചു. പിൽക്കാലത്ത് ശ്രീ. കെ. സി. പഴനിമല ആ സ്ക്കൂൾ ഏറ്റെടുക്കുകയും 1957-ൽ ഹൈസ്ക്കൂളാക്കി ഉയർത്തുകയും ചെയ്തു. പ്രൈമറി തലം മുതൽ ഉന്നത വിദ്യാഭ്യാസതലം വരെ വിദ്യാഭ്യാസസ്ഥാപനങ്ങൾ ഏർപ്പെടുത്തിയവരെ ഈ അവസരത്തിൽ നന്ദിപൂർവ്വം സ്മരിക്കുന്നു.

ഔപചാരിക വിദ്യാഭ്യാസരംഗത്ത് എയ്ഡഡ് മേഖലയിൽ 6 പ്രൈമറി സ്ക്കൂളുകളും, രണ്ട് യു. പി. സ്ക്കൂളുകളും, ഒരു ഹൈസ്ക്കൂളും, ഒരു കോളേജും, ഗവണ്മെൻറ് മേഖലയിൽ ഒരു എൽ. പി. സ്ക്കൂളും, അൺഎയ്ഡഡ് മേഖലയിൽ ഒരു ഇംഗ്ലീഷ് മീഡിയം എൽ. പി. സ്ക്കൂളും പ്രവർത്തിക്കുന്നു. വിദ്യാഭ്യാസരംഗത്ത് പിന്നോക്കം നിൽക്കുന്ന മേഖലയാണ് ഇത്. 10-ാം ക്ലാസിലെ പൊതുപരീക്ഷയിൽ പഞ്ചായത്തിലെ ഹൈസ്ക്കൂളിൽ സംസ്ഥാന ശരാശരിയിലും താഴെയാണ് വിജയശതമാനമെന്നത് ഇതിന് ദൃഷ്ടാന്തമാണ്. (ശതമാനം 27% മാത്രം പഴയ MER പ്രകാരമുള്ള പാടൂർ എ. എൽ. പി. സ്ക്കൂളിൽ 5-ാം തരം വരെ നിർത്തി എൽ. പി. യും, യു. പി. യും അല്ലാത്ത സ്ഥിതിയിലാണ്. പഞ്ചായത്ത് പരിധിയിൽ

കർഷകരും, കർഷക തൊഴിലാളികളുമാണ് കൂടുതൽ. അതുകൊണ്ട് തന്നെ സാമ്പത്തികമായ ബുദ്ധിമുട്ട് വിദ്യാഭ്യാസരംഗത്ത് പ്രതിഫലിക്കുന്നു. ഇതുമൂലം കുട്ടികൾ പ്രൈമറി വിദ്യാഭ്യാസംപോലും പൂർത്തിയാക്കുന്നതിനിടയിൽ പഠനം നിർത്തി പോകുന്നു. അതേപോലെ കുട്ടികൾ തുടർച്ചയായി അദ്ധ്യയനത്തിന് വരുന്നതിന്റെ അഭാവവും ഉണ്ടാകുന്നു. ശക്തമായ അദ്ധ്യാപക രക്ഷാകർതൃ സമിതിയുടെ പ്രവർത്തനം മിക്ക സ്ക്കൂളുകളിലും ഇല്ലെന്നുള്ളത് പഠന നിലവാരത്തെപോലും ബാധിക്കു ന്നു. പാഠ്യ, പാഠ്യാനുബന്ധ പ്രവർത്തനങ്ങളിലും നമ്മുടെ നില മെച്ചമല്ല. നിലവിൽ 2 പാരലൽ കോളേജുകളും പ്രവർത്തിക്കുന്നു.

**സാങ്കേതിക സ്ഥാപനങ്ങൾ:-**

നമ്മുടെ പഞ്ചായത്തിൽ 3 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ട്. രണ്ടും സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നു. ടൈപ്പ്റൈറ്റിംഗ് & ഷോർട്ട്ഹാൻറ് അഭ്യസിപ്പിക്കുന്നു. മറ്റു വേറെ സാങ്കേതിക സ്ഥാപനങ്ങൾ ഒന്നും ഈ പഞ്ചായത്തിൽ ഇല്ല. പിന്നോക്കം നിൽക്കുന്ന കാവശ്ശേരി പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസം അഭ്യസിപ്പിക്കുവാൻ കഴിയാത്ത ഒരു അവസ്ഥ ഇതു മൂലം നിലനിൽക്കുന്നു.

**വിദ്യാലയ സ്പോർട്ട്സ്:-**

ഒട്ടുവളരെ മഹത്പ്രതിഭകളെ സ്പോർട്ട്സ് ദേശീയരംഗത്ത് സംഭാവന ചെയ്ത ഒരു പഞ്ചായത്താണ് കാവശ്ശേരി. ഹാൻറ് ബോൾ, ഹോക്കി, ബാസ്ക്കറ്റ്, അത്ലറ്റ്സ് എന്നീ രംഗങ്ങളിൽ നല്ല നേട്ടം കാഴ്ചവെക്കാൻ ഏക ഹൈസ്ക്കൂളായ കെ. സി. പി. ഹൈസ്ക്കൂളിന് കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് നിർദ്ദിഷ്ട സ്പോർട്സ് സ്ക്കൂൾ കാവശ്ശേരിയിൽ സ്ഥാപിക്കണം. നീന്തൽ താരങ്ങളെ വാർത്തെടുക്കുന്നതിന് കാവശ്ശേരി ഇരകുളം മഹത്തായ സംഭാവന നൽകിടിയിട്ടുണ്ട്. ഇരകുളത്ത് അക്വാറ്റിക് സ്റ്റേഡിയവും, കോംപ്ലക്സും സ്ഥാപിക്കേണ്ടതാണ്.

**പ്രശ്നങ്ങൾ**

1. അക്കര യു. പി. സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തുക.
2. പാടൂർ എ. എൽ. പി. സ്ക്കൂൾ യു. പി. ആയി ഉയർത്തുക.
3. തെന്നിലാപുരം യു. പി. സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തുക.
4. കെ. സി. പി. ഹൈസ്ക്കൂൾ +2 വിദ്യാഭ്യാസം ഏർപ്പെടുത്തുക.
5. വക്കീൽപടി കേന്ദ്രീകരിച്ച് ഒരു പുതിയ എൽ. പി. സ്ക്കൂൾ സ്ഥാപിക്കുക.
6. ഗവ: കോളേജ് പരിസരത്ത് ഒരു എൽ. പി. സ്ക്കൂൾ സ്ഥാപിക്കുക.
7. ജി. എൽ. പി. സ്ക്കൂൾ, കാവശ്ശേരിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കലും, യു. പി. സ്ക്കൂളായി ഉയർത്തുകയും ചെയ്യുക.
8. കുണ്ടുതൊടി (പാടൂർ) ഒരു എൽ. പി. സ്ക്കൂൾ സ്ഥാപിക്കുക
9. കെ. സി. പി. ഹൈസ്ക്കൂളിൽ കമ്പ്യൂട്ടർ പഠന സൗകര്യം ഏർപ്പെടുത്തണം.
10. പഞ്ചായത്ത് അതിർത്തിയിൽ ഒരു ITI യോ, വൊക്കേഷനൽ ഹയർ സെക്കണ്ടറി സ്ക്കൂളോ സ്ഥാപിക്കുക.
11. അക്കര യു. പി. സ്ക്കൂളിൽ സ്ക്കൂൾ സൊസൈറ്റി സ്ഥാപിക്കുക.
12. എല്ലാ വിദ്യാലയങ്ങളിലും ഒഴിവുള്ള അധ്യാപക തസ്തിക നികത്തുക.
13. അധ്യാപക വിദ്യാർത്ഥി അനുപാതം 1:30 ആക്കുക.
14. കായിക പഠനത്തിന് കളിസ്ഥലം നിർമ്മിക്കണം.
15. KCPHS, HAUP അക്കര, KUPS തെന്നിലാപുരം എന്നിവിടങ്ങളിൽ സ്കൗട്ട്സ്, NCC എന്നീ യൂണിറ്റുകൾ രൂപീകരിക്കുക.
16. 5-ാം തരം വരെ വിദ്യാർത്ഥികൾക്ക് സൗജന്യ യൂണിഫോം ഏർപ്പെടുത്തുക.
17. വിദ്യാർത്ഥികളുടെ യാത്രാക്ലേശം ലഘൂകരിക്കാൻ 'Students only' Bus ഏർപ്പെടുത്തുക.
18. ALPS കാവശ്ശേരി, SRVLPS കഴനി എന്നിവിടങ്ങളിലേക്ക് റോഡ് സൗകര്യം ഇല്ല.
19. പ്രീ-പ്രൈമറി സ്ക്കൂളുകൾ എല്ലാ എൽ. പി. സ്ക്കൂളിലും തുടങ്ങുക.
20. നിർദ്ധനരായ വിദ്യാർത്ഥികളെ സഹായിക്കാൻ മോണിറ്റിംഗ് ഫണ്ട് രൂപീകരിക്കുക.

21. എല്ലാ സ്ക്കൂളുകളിലും ജലഅതോറിറ്റി വക പൈപ്പ് ലൈൻ നീട്ടി ശുദ്ധജല സൗകര്യം ചെയ്യുക.
22. എല്ലാ സ്ക്കൂളുകളിലും മൂത്രപ്പുര നിർബന്ധമായും നിർമ്മിക്കുക.
23. സ്ക്കൂൾ അറ്റകുറ്റപണികൾക്ക് ഗ്രാൻറ് വർദ്ധിപ്പിക്കുക.
24. എല്ലാ വിദ്യാലയങ്ങളിലും പഠനോപകരണങ്ങൾ, ഭൗതിക സാഹചര്യങ്ങൾ കൂട്ടുകയും, വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുക.
25. 5 അദ്ധ്യാപകർക്ക് ഒരു റിസർച്ച് അദ്ധ്യാപകനെ നിയമിക്കുക.
26. ഉച്ചഭക്ഷണം കൊടുക്കാൻ ആവശ്യമായ ചെലവ് മുഴുവൻ ഗവണ്മെൻറ് വഹിക്കുക.
27. ബേബി ക്രഷ് എല്ലാ വാർഡുകളിലും സ്ഥാപിക്കുക.
28. പഞ്ചായത്ത് തലത്തിൽ കലാ - കായിക മേളകൾ നടത്തുക.
29. ആവശ്യമായ കളിസ്ഥലം നിർമ്മിക്കുക.
30. നിർദ്ദിഷ്ട സ്പോർട്ട്സ് സ്ക്കൂൾ കാവശ്ശേരിയിൽ സ്ഥാപിക്കുക. ഇരകുളത്ത് അക്വാറ്റിക് സ്റ്റേഡിയവും, കോംപ്ലക്സും സ്ഥാപിക്കുക.
31. ടി. വി., റേഡിയോ എല്ലാ സ്ക്കുളുകൾക്കും നൽകുക.
32. സമ്പാദ്യശീലം വളർത്തുവാൻ സഞ്ചയിക പദ്ധതി ഏർപ്പെടുത്തുക.
33. എല്ലാ സ്ക്കൂളുകളിലും Sports day, Arts എന്നിവ നടത്തുക.
34. എല്ലാ സ്ക്കൂളിലും വൈദ്യപരിശോധന നിർബന്ധമാക്കുക.
35. 1, 2, 4, 5, 6, 7, 8 എന്നീ വാർഡുകളിൽ വായനശാലയും, ഗ്രന്ഥശാലയും, ഒരു ടി. വി. യും സ്ഥാപിക്കുക.
36. പാടൂർ, കല്ലേപ്പുള്ളി എന്നീ ഗ്രന്ഥശാലകൾക്ക് കെട്ടിടം പുതുക്കി നൽകുകയും, കൂടുതൽ പത്രങ്ങളും, മാസികകളും, ഗ്രന്ഥങ്ങളും നൽകുക.

സാധ്യതകൾ

1. PTA പ്രവർത്തനം കാര്യക്ഷമമാക്കുക. PTA ഭാരവാഹികൾക്ക് സ്ക്കൂൾ ദൈനദിന പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനും, അഭിപ്രായം രേഖപ്പെടുത്തുന്നതിനും, അവ നടപ്പാക്കുന്നതിനും വേണ്ട നിയമനടപടികൾ സ്വീകരിക്കുക.
2. പഞ്ചായത്ത് സ്ക്കൂൾ കോംപ്ലക്സുകൾ ശക്തമാക്കുക.
3. അതിലേക്കായി സ്ക്കൂൾതല, വാർഡ്തല, പഞ്ചായത്തുതല വിദ്യാഭ്യാസ സമിതികളും പഞ്ചായത്തുതല അക്കാദമിക് കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തനം നടത്തുക.
4. മധ്യവേനൽ അവധി കാലങ്ങളിൽ അധ്യാപകർക്ക് "ഇൻസർവ്വീസ് കോഴ്സ്" ഏർപ്പെടുത്തുക.
5. കാർഷിക പ്രവർത്തനങ്ങളിൽ കുട്ടികളെ തൽപരരാക്കുവാൻ സ്ക്കൂളിനെ കൃഷിഭവനുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കുക.
6. 100% ക്ലാസ് കയറ്റം അവസാനിപ്പിച്ച് വിദ്യാഭ്യാസ നിലവാരം ഉയർത്തുക.
7. ഉച്ചക്കഞ്ഞി എല്ലാവിദ്യാർത്ഥികൾക്കും നൽകയും, പാചക ചെലവ് കാലോചിതമായി പരിഷ്ക്കരിക്കുകയും ചെയ്യുക.
8. യു. പി. യ്ക്കും, ഹൈസ്ക്കൂളിനും വായനശാല, ലാബറട്ടറി സൗകര്യം ഏർപ്പെടുത്തുക.
9. പഞ്ചായത്ത് ഓഫീസിൽ ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കുക.
10. തുടർസാക്ഷരത പരിപാടി പുനഃസ്ഥാപിക്കുക.
11. നിലവിലുള്ളപൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാൻ പുതിയ അൺഎയ്ഡഡ് വിദ്യാലയങ്ങൾ അനുവദിക്കാതിരിക്കുക.
12. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കാൻ ക്രഷുകൾ സൗജന്യമായി യൂണിഫോം വിതരണം, പഠനോപകരണം എന്നിവ സന്നദ്ധ സംഘടനകളിലൂടെ പഞ്ചായത്തിൻെറ സഹകരണത്തോടെ നടപ്പിലാക്കുക.
13. പ്രൈമറി വിദ്യാഭ്യാസരംഗത്ത് അധ്യാപനത്തിന് എല്ലാ വിഷയങ്ങളും വേണ്ട രീതി

യിൽ പഠിപ്പിക്കാൻ കഴിയുന്ന ടി. ടി. സി. അധ്യാപനം കഴിഞ്ഞിട്ടുള്ളവരെ നിയമിക്കുക.

14. കുട്ടികൾക്കുള്ള സ്കോളർഷിപ്പും, ഗ്രാൻറും വർദ്ധിപ്പിക്കുക.

15. തൊഴിലുന്മുഖ വിദ്യാഭ്യാസം അടിസ്ഥാനമാക്കിയുള്ള വിദ്യാഭ്യാസം പ്രൈമറി തലം തൊട്ടുതന്നെ തുടങ്ങാൻ സിലബസ് പരിഷ്കരിക്കുക.

16. മാതൃഭാഷ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കാൻ ആകർഷകമായ നടപടികൾ വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുക.

17. അധ്യായന സമയം കാലത്ത് 8 മണി മുതൽ 1 മണി വരെയാക്കിയാൽ കുട്ടികളുടെ പഠന നിലവാരം കുറച്ചുകൂടി മെച്ചപ്പെടുത്താൻ കഴിയും.

18. സ്ക്കൂൾ കോംപ്ലക്സിൻെറ നേതൃത്വത്തിൽ പാര കരിക്കുലർ ആക്റ്റിവിറ്റീസ് നടപ്പിലാക്കുക.

19. പബ്ലിക് റീഡിംഗ് റൂം - പാടൂർ, ജയഭാരത് വായനശാല - കല്ലേപ്പുള്ളി എന്നീ സ്ഥാപനങ്ങൾക്ക് ശോചനീയമായ കെട്ടിടങ്ങൾക്ക് പഞ്ചായത്ത് പുതിയ കെട്ടിടം നിർമ്മിച്ച് നൽകുക. കൂടുതൽ പുസ്തകങ്ങളും, പത്രമാസികകളും നൽകുക.

20. വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ വായനശാല സ്ഥാപിക്കാനുള്ള സംവിധാനം ചെയ്യണം.

21. വിദ്യാഭ്യാസത്തിന് തടസ്സം നിൽക്കുന്ന അനന്തര ജോലികളിൽ നിന്നും അദ്ധ്യാപകരെ ഒഴിവാക്കുക.

22. 4-ാം വാർഡിൽ എൽ. പി. സ്ക്കൂൾ സ്ഥാപിക്കണം.

23. ALPS -കാവശ്ശേരി, SRVLPS കഴനി, PCALPS കലാമണി - കെട്ടിടം പുതുക്കി പണിയുക.

24. GLP - സ്ക്കൂളിൽ പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.

25. മാനേജ്മെൻറ് സ്ക്കൂളുകളിൽ അധ്യാപകനിയമനം PSC വഴിയാക്കുക.

26. അധ്യാപകരുടെ ഒഴിവ് നികത്തുക.

27. 1000 - ത്തിലധികം വിദ്യാർത്ഥികളുള്ള സ്ക്കൂളുകൾക്ക് ക്ലർക്ക് പോസ്റ്റ് അനുവദിക്കുക.

• • •

## കാവശ്ശേരി ഗ്രാമപഞ്ചായത്ത്

| ക്രമ നമ്പർ | സ്ക്കൂളിൻെറ പേര് | L.P., U.P., H.S. | ഉടമസ്ഥത |
|---|---|---|---|
| 1. | എ. എൽ. പി. സ്ക്കൂൾ, പാടൂർ | L.P. | എയ്ഡഡ് |
| 2. | കെ. ഇ. എം. എ. എൽ. പി. സ്ക്കൂൾ, കഴനി | L.P. | " |
| 3. | എസ്. ആർ. വി. എൽ. പി. സ്ക്കൂൾ, കഴനി | L.P. | " |
| 4. | പി. സി. എ. എൽ. പി. സ്ക്കൂൾ, കാവശ്ശേരി | L.P. | " |
| 5. | എ. എൽ. പി. സ്ക്കൂൾ, കാവശ്ശേരി | L.P. | " |
| 6. | ഗവ: എൽ. പി. സ്ക്കൂൾ, കാവശ്ശേരി | L.P. | ഗവ: |
| 7. | എ. കെ. വി. എം. എൽ. പി. സ്ക്കൂൾ, ഇരട്ടകുളം | L.P. | എയ്ഡഡ് |
| 8. | എച്ച്. എ. യു. പി. സ്ക്കൂൾ, അക്കര | U.P. | " |
| 9. | കരുണ യു. പി. സ്ക്കൂൾ, തെന്നിലാപുരം | U.P. | " |
| 10. | കെ. സി. പി. എച്ച്. സ്ക്കൂൾ, കാവശ്ശേരി | L.P. | " |
| 11. | എൻ. ഇ. സ്ക്കൂൾ, കാവശ്ശേരി | L.P. | അൺഎയ്ഡഡ് |
| 12. | ശ്രീനാരായണ കോളേജ്, ആലത്തൂർ | കോളേജ് | എയ്ഡഡ് |

## സ്ക്കൂളുകളുടെ പൊതുവിവരം - 1995-96

| വിദ്യാർത്ഥികളുടെ എണ്ണം | | | അദ്ധ്യാപകരുടെ എണ്ണം | | |
|---|---|---|---|---|---|
| ആൺ | പെൺ | ആകെ | M. | F. | ആകെ |
| 139 | 169 | 308 | 6 | 4 | 10 |
| 87 | 91 | 178 | 2 | 4 | 6 |
| 54 | 47 | 105 | 2 | 2 | 4 |
| 82 | 90 | 172 | 2 | 4 | 6 |
| 86 | 93 | 179 | 2 | 5 | 7 |
| 52 | 66 | 118 | 1 | 3 | 4 |
| 137 | 128 | 265 | 3 | 6 | 9 |
| 586 | 532 | 1118 | 6 | 28 | 34 |
| 234 | 250 | 484 | 10 | 10 | 20 |
| 1153 | 1015 | 2168 | 24 | 44 | 68 |
| 38 | 30 | 68 | - | 4 | 4 |
| 613 | 569 | 1082 | 26 | 15 | 41 |

# 5 5

# പൊതുജനാരോഗ്യവും കുടിവെള്ളവും

## ആരോഗ്യം

നീതിപൂർവ്വമായ വിതരണം നടക്കുന്ന മേഖലകളിൽ ഒരു മേഖലയാണ് ആരോഗ്യമേഖല. കേരളം ആരോഗ്യ മേഖലയിൽ 2000-ാം മാണ്ടോടേ നേടേണ്ട ലക്ഷ്യങ്ങൾ ഇപ്പോൾ തന്നെ കൈവരിച്ചിരിക്കുകയാണ്.

കാവശ്ശേരി പഞ്ചായത്ത് ഇപ്പോഴും പൊതുജനാരോഗ്യരംഗത്ത് പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ്. ഇത്രയും മോശമായ നില പഞ്ചായത്തിൽ ഉണ്ടാകുവാനുള്ള പ്രധാനകാരണം പഞ്ചായത്തിൽ സാമ്പത്തികമായി മുന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങൾ തുലോം കുറവാണ്. കൂടുതലും കർഷകതൊഴിലാളികൾ, കരകൗശലത്തൊഴിലാളികൾ, ജാതിപരമായി പിന്നോക്കം നിൽക്കുന്ന സമുദായക്കാർ എന്നിവരാണ്. അവരുടെ ഇടയിലെ അറിവില്ലായ്മ, അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ എന്നിവ ആരോഗ്യരംഗത്ത് പുരോഗതി കൈവരിക്കുന്നതിന് തടസ്സമായി നിൽക്കുന്നു.

പഞ്ചായത്തിലെ പ്രധാനപ്പെട്ട ആരോഗ്യ സ്ഥാപനം എന്നത് പാടൂരിൽ നിലകൊള്ളുന്ന പ്രൈമറി ഹെൽത്ത് സെൻറർ ആണ്. അതിൻെറ തെന്നിലാപുരം, പത്തനാപുരം, കാവശ്ശേരി എന്നീ സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. എന്നിരുന്നാലും വിദഗ്ദ്ധ ചികിത്സക്കായി ആലത്തൂർ പ്രവർത്തിക്കുന്ന താലൂക്ക് ആശുപത്രിയെയാണ് ഭൂരിഭാഗം ആളുകളും ആശ്രയിക്കുന്നത്.

ലോകബാങ്കിൻെറ സഹായത്തിൽ നാട്ടുകാരുടെ എല്ലാം സഹകരണത്തോടെയാണ് പാടൂരിലെ പോപ്പുലേഷൻ പ്രോജക്റ്റും പ്രൈമറി ഹെൽത്ത് സെൻററും തുടങ്ങിയത്. ഓപ്പറേഷൻ തിയ്യറ്റർ രോഗികൾക്ക് കിടക്കുന്നതിന് 10 കിടക്ക, ഡോക്ടർ, നേഴ്സ് എന്നിവർക്ക് താമസിക്കുന്നതിനുള്ള സൗകര്യം എന്നിവയെല്ലാം ഈ സ്ഥാപനത്തിൽ ഉണ്ടെങ്കിലും ഒന്നും വേണ്ട രീതിയിൽ പ്രവർത്തിക്കുന്നില്ല.

പഞ്ചായത്തിൽ ഭൂരിഭാഗം ആളുകളും അലോപ്പതി ചികിത്സയിലാണ് താല്പര്യം കാണിക്കു

ന്നത്. അതുകൊണ്ടായിരിക്കണം 24783-ഓളം ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ ഒരു ആയൂർവ്വേദ ആശുപത്രിയോ, ഹോമിയോപ്പതി ആശുപത്രിയോ ഇല്ലാത്തത്. ഇത് പ്രസ്തുത മാർഗ്ഗങ്ങളിലൂടെ ചികിത്സ നടത്തുന്നതിന് ജനങ്ങൾക്ക് അപ്രാപ്യമായ ഒരു അവസ്ഥയാണ് ഉള്ളത്.

പഞ്ചായത്തിൽ പാടൂർ പ്രൈമറി ഹെൽത്ത് സെൻററിൽ കഴിഞ്ഞ 5 കൊല്ലത്തിനുള്ളിൽ 15594 ഔട്ട്പേഷ്യൻസ് വന്നിരുന്നു ഇവിടെ. ഈ സ്ഥാപനത്തിനു കീഴിൽ 1 ഡോക്ടറും 22 പാരാമെഡിക്കൽ സ്റ്റാഫും ഉണ്ട്.

പഞ്ചായത്തിൽ അംഗവൈകല്യമുള്ള ആളുകൾ സർവ്വേപ്രകാരം 112 കാണുന്നു. പഞ്ചായത്തിൽ ശുചിത്വ പരിപാലനത്തിന് അത്യാവശ്യമായ കക്കൂസുകൾ കുറവാണ്. ആകെ 6725 വീടുകൾ ഉള്ള പഞ്ചായത്തിൽ കേവലം 3022 വീടുകളിൽ മാത്രമാണ് കക്കൂസുകൾ ഉള്ളത്. ഇത് സാംക്രമികരോഗങ്ങൾ അടിക്കടി പിടികൂടുന്നതിന് കാരണമാക്കുന്നുണ്ട്. ഇനിയും പകുതി വീടുകളിൽ കക്കൂസുകൾ ആവശ്യമായി കാണുന്നു. പഞ്ചായത്തിലെ ജനങ്ങളിൽ 50 % പേർക്ക് രോഗാതുരതയുള്ളവരാണ്.

പ്രതിരോധ കുത്തിവെയ്പ്പ് പഞ്ചായത്തിൽ പാവപ്പെട്ട കർഷകത്തൊഴിലാളി മേഖലയിൽ കാര്യമായി നടത്തുന്നതായി കാണുന്നില്ല. അജ്ഞതയാണ് ഇതിനു കാരണം. സർവ്വേ പ്രകാരം പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടുള്ളത് 296 കുട്ടികളിൽ മാത്രമായി ഒതുങ്ങി നിൽക്കുന്നു.

അതുപോലെ സാംക്രമികരോഗങ്ങൾ കൂടുതലായി പിടിപെടുന്നത് ജലത്തിലൂടെയാണ്. ഇതിനു മുഖ്യകാരണം പഞ്ചായത്തിലെ മിക്ക കുളങ്ങളും കിണറുകളും വേണ്ട രീതിയിൽ പരിപാലിക്കുന്നതായി കാണുന്നില്ല. കുളങ്ങളും കിണറുകളും മലിനജലം ഒഴുകി വന്ന് മലിനീകരിക്കപ്പെടുന്ന ഒരു അവസ്ഥ നിലനിൽക്കുന്നുണ്ട്. ഇത് ശുദ്ധജലം കിട്ടുവാനുള്ള ഒരു അവസ്ഥ അപ്രാപ്യമാക്കുന്ന സ്ഥിതിയാണ് ഉള്ളത്. കാലാകാലങ്ങളിൽ കിണറുകൾ ശുചീകരിക്കുന്ന നില ഈ പഞ്ചായത്തിൽ വളരെ കുറവാണ്.

### മാതൃശിശു സംരക്ഷണം

| | | | |
|---|---|---|---|
| അമ്മമാർ - | 1 കുട്ടി ഉള്ളവർ | - | 508 |
| | 2 കുട്ടികൾ ഉള്ളവർ | - | 832 |
| | 2-ൽ കൂടുതൽ കുട്ടികൾ ഉള്ളവർ | - | 888 |
| | ആകെ | - | 2228 |
| 1 വയസ്സിന് താഴെ കുട്ടികൾ (1996) | | - | 315 |

| വയസ്സ് | | അർഹരായ ദമ്പതിമാരുടെ എണ്ണം |
|---|---|---|
| 15 - 19 | - | 77 |
| 20 - 24 | - | 519 |
| 25 - 29 | - | 826 |
| 30 - 34 | - | 619 |
| 35 - 39 | - | 320 |
| 40-ൽ കൂടുതൽ | - | 95 |
| ആകെ | | 2456 |

### പ്രശ്നങ്ങൾ

1. വാർഡ് 1, 2, 3, 4, 6, 7, 8, 9 എന്നീ വാർഡുകളിൽ ഹോമിയോ, ആയൂർവേദ, ഡിസ്പെൻസറി PHC-യുടെ ശാഖ എന്നിവ വേണം.
2. പ്രൈമറി ഹെൽത്ത് സെൻററിലും ഉപകേന്ദ്രങ്ങളിലും ആവശ്യമായ ഡോക്ടർ, സ്റ്റാഫ് എന്നിവരെ നിയമിക്കുകയും അത്യാവശ്യം വേണ്ട മരുന്നുകൾ എത്തിക്കുകയും ചെയ്യുക.
3. പഞ്ചായത്തിൽ എല്ലാ വാർഡുകളിലെ വീടുകളിലും സൗകര്യം ഏർപ്പെടുത്തുക.
4. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുവാൻ വേണ്ട നടപടി പഞ്ചായത്ത് നടത്തുക.
5. എല്ലാ മാസങ്ങളിലും പൈപ്പ് വഴിയുള്ള ജലവിതരണവും പൊതുകിണറുകൾ എന്നിവയിലെ ജലവും പരിശോധനയ്ക്ക് വിധേയമാക്കി ശുചീകരിക്കുക.
6. പഞ്ചായത്തിലെ വിവിധ കേന്ദ്രങ്ങളിൽ കുന്നുകൂടുന്ന ചപ്പുചവറുകൾ നീക്കം ചെയ്യുവാനുള്ള നടപടികൾ എടുക്കണം.
7. ആലത്തൂർ ആശുപത്രിയിൽ ഒരു ഇ. എൻ. റ്റി, ദന്തൽ എന്നിവരെ നിയമിക്കുക. കൂടാതെ ഒ.

പി. വാർഡിൽ ഒരു ലേഡി ഡോക്ടറെ നിയമിക്കുക.

8. പി. എച്ച്. സി. യിലെ എല്ലാ ശാഖകളിലും ഡോക്ടറെ നിയമിക്കുക.
9. പാടൂർ പി. എച്ച്. സി. യിലെ സൗകര്യങ്ങൾ പരമാവധി ഉപയോഗിക്കുന്നതിന് രോഗികളെ കിടത്തി ചികിത്സിക്കാനുള്ള നടപടി സ്വീകരിക്കുക.
10. എല്ലാ താലൂക്ക് ആശുപത്രികളിലും ഒരു മനോരോഗവിദഗ്ദ്ധനെ നിയമിക്കുക.
11. പാടൂർ പി. എച്ച്. സി. യിലെ കേടുപാടുവന്ന കെട്ടിടങ്ങൾ നേരെയാക്കുക.
12. പാടൂർ പി. എച്ച്. സി. രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള ആശുപത്രിയായി ഉയർത്തുക.

സാധ്യതകൾ

1. പഞ്ചായത്തിൽ ജനകീയ കമ്മറ്റി രൂപീകരിച്ച് അതിൻെറ നേതൃത്വത്തിൽ ആരോഗ്യപ്രവർത്തനങ്ങൾ നടത്താവുന്നതാണ്.
2. സ്ക്കൂൾ തല ആരോഗ്യ പരിശോധന പഞ്ചായത്തിൻെറ നേതൃത്വത്തിൽ നടത്തുക.
3. പ്രാഥമികാരോഗ്യ കേന്ദ്രത്തിൻെറ പ്രവർത്തനം മെച്ചപ്പെടുത്തി ആരോഗ്യപ്രവർത്തകരുടെ കടമകളെയും ജീവനക്കാരെയും പരിചയപ്പെടുത്തുക.
4. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ ഗൃഹസന്ദർശനം നടത്തി പൊതുജനങ്ങൾക്ക് ആരോഗ്യവിദ്യാഭ്യാസത്തെക്കുറിച്ച് നിർദ്ദേശം നൽകുക.
5. ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് മാതൃശിശുസംരക്ഷണത്തിന് നേതൃത്വം നൽകുക.
6. ഓഫ്ത്താലിമിക്ക് അസിസ്റ്റൻറ് ഗൃഹസന്ദർശനം നടത്തി കണ്ണിനസുഖമുള്ളവർക്ക് വേണ്ട ചികിത്സ നൽകുക.
7. ഗ്രാമശുചീകരണവാരം വാർഡ് തലത്തിൽ ആചരിക്കുക. വീട് ശുചീകരണം, കമ്പോസ്റ്റ് നിർമ്മാണം എന്നിവയെക്കുറിച്ച് ബോധവൽക്കരിക്കുക.
8. മാനസികാരോഗ്യ ബോധവൽക്കരണം സംഘടിപ്പിക്കുക.
9. എല്ലാ വിദ്യാർത്ഥികൾക്കും ആരോഗ്യ പരിശോധന നടത്തി ഹെൽത്ത് കാർഡ് നൽകുകയും തുടർ ചികിത്സ ആവശ്യമുള്ളവർക്ക് നൽകുക.
10. പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ ഇടക്കിടെ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.
11. കക്കൂസുകൾ ഇല്ലാത്ത വീടുകളിൽ പഞ്ചായത്തിൻേറയും സന്നദ്ധസംഘടനകൾ, സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടെ സൗജന്യമായും, സ്ബ്സിഡി നൽകിയും, വായ്പ നൽകിയും കക്കൂസുകൾ സ്ഥാപിക്കുക.
12. ചപ്പുചവറുകൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഫാക്ടറികൾ സ്ഥാപിക്കുക.
13. പൊതുനിരത്തുകൾ, കുളങ്ങൾ, കിണറുകൾ എന്നീ സ്ഥലങ്ങളിൽ മലമൂത്രവിസർജനം നടത്തുന്നതിനെതിരെ ബോധവൽക്കരണം നടത്തുക. പൊതുകക്കൂസുകൾ മൂത്രപ്പുരകൾ എന്നിവ സ്ഥാപിക്കുക.
14. പഞ്ചായത്തിൽ എല്ലാ വാർഡുകളിലും പൊതുശ്മശാനങ്ങൾ ഉണ്ടാക്കുക.
15. ആരോഗ്യവിദ്യാഭ്യാസ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
16. വൃദ്ധജനങ്ങളുടെ സേവനങ്ങൾക്കായി ഒരു പ്രത്യേക സംവിധാനം പഞ്ചായത്തിൻെറ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെ തുടങ്ങുക.

• • • •

## കുടിവെള്ളം

കാവശ്ശേരി പഞ്ചായത്തിൽ ഭൂരിഭാഗം പ്രദേശങ്ങളിലും കുടിവെള്ളത്തിന് ദൗർലഭ്യം അനുഭവപ്പെടുന്നു. കുടിവെള്ളത്തിനായി ജനങ്ങൾ ആശ്രയിക്കുന്നത് കിണർ, പൈപ്പ്, കുഴൽകിണർ എന്നിവയെയാണ്. കുടിവെള്ളത്തിന് കൂടുതലായും പഞ്ചായത്തിലെ ജനങ്ങൾ കിണറുകളെയാണ് ആശ്രയിക്കുന്നത്. പഞ്ചായത്തിൽ മൊത്തം 3275 സാധാര

ണകിണറുകളും, 63 കുളങ്ങളും 2 പുഴയും, 450 പൈപ്പുകൾ, പൊതുകുഴൽ കിണറുകൾ 38 എണ്ണവും പൊതുകിണറുകൾ 70 എണ്ണവും ഉണ്ട്. ഇത്രയധികം സൗകര്യങ്ങൾ ഉണ്ടെങ്കിലും നമുക്ക് 6 കുടുംബത്തിന് ഒരു കിണർ, 10 കുടുംബത്തിന് ഒരു ടാപ്പ് 40 കുടുംബത്തിന് ഒരു കുഴൽകിണർ എന്ന ലക്ഷ്യം നമുക്ക് കൈവരിക്കുവാൻ ഇനിയും കുറെക്കാലം കാത്തിരിക്കേണ്ടിയിരിക്കുന്നു. 200 മീറ്ററിനുള്ളിൽ എല്ലാ കുടുംബത്തിനും കുടിവെള്ളം എത്തിക്കുക എന്ന ലക്ഷ്യം കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല.

പഞ്ചായത്തിലെ ഭൂരിഭാഗം കിണറുകളും ഫെബ്രുവരി മാസം മുതൽ വറ്റി വരളുന്ന ഒരു സ്ഥിതിവിശേഷമുണ്ട്. വെള്ളത്തിനുവേണ്ടി കിലോമീറ്ററോളം സഞ്ചരിക്കേണ്ട അവസ്ഥ പഞ്ചായത്തിൽ നിലനിൽക്കുന്നു. നിലവിൽ പല കിണറുകളും ഇടിഞ്ഞും ആൾമാറ ഇല്ലാതെയും നിലനിൽക്കുന്നു. പഞ്ചായത്തിൽ ഇപ്പോൾ ഉള്ള മിക്ക കുളങ്ങളും മണ്ണിട്ടു നിരപ്പാക്കുന്ന ഒരു അവസ്ഥ നിലവിലുണ്ട്.

| വർഷം | ജലജന്യരോഗങ്ങൾ | | വായുജന്യരോഗങ്ങൾ | |
|---|---|---|---|---|
| 93-94 | ഡയേറിയ | 102 | അഞ്ചാംപനി | 7 |
| 94-95 | " | 105 | " | 5 |
| 95-96 | " | 97 | " | 4 |

## പ്രശ്നങ്ങൾ

### വാർഡ് I

ചേറുംകോട്ടിൽ ഉള്ള കുഴൽ കിണറിലെ വെള്ളം പമ്പു ചെയ്ത് പലഭാഗത്തേയ്ക്കും എത്തിക്കണം. നിലവിലുള്ള പൈപ്പു ലൈൻ നീട്ടണം. ഞാറക്കോട്ടു കോളനിയിൽ കിണർ കുഴിക്കണം. ഉപയോഗശൂന്യമായ കിണറുകൾ വൃത്തിയാക്കി വെള്ളം ലഭ്യമാക്കണം.

### വാർഡ് II

കുടിവെള്ളം എത്താത്ത സ്ഥലങ്ങളിലേയ്ക്ക് വാട്ടർ ടാപ്പ് കണക്ഷൻ നൽകുക. കുളങ്ങൾ വൃത്തിയാക്കി സൂക്ഷിക്കുക.

### വാർഡ് III

കുടിവെള്ളം ടാപ്പിലൂടെ രാവിലെ 6 മണി മുതൽ രാത്രി 8 മണിവരെ ലഭ്യമാക്കുക. വാട്ടർ ടാങ്ക് പ്രവർത്തനം നല്ലരീതിയിൽ നടത്തുക. ഓപ്പറേറ്റർ സ്ഥിരമായി ഉണ്ടായിരിക്കുക. കൂടുതൽ വീടുകളിലേയ്ക്ക് കണക്ഷൻ നൽകുക. കേടുവന്ന ടാപ്പുകൾ നേരെയാക്കുക.

### വാർഡ് IV

നിലവിലിരിക്കുന്ന വാട്ടർ ടാങ്കിൻെറ 200 മീറ്റർ താഴെ വരെ പൈപ്പു ലൈൻ നീട്ടുക.

### വാർഡ് V

കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മുതലക്കുളം ഹരിജൻ കോളനി, ആനമാറി, പാതിരപറമ്പ്, നൊച്ചിപ്പറമ്പ് കണ്ണാർ പറമ്പ്, ഇടത്തിൽ കോളനി, നെല്ല്യാംകുന്നം, ഇരട്ടക്കുളം, മല്ലമ്പാറ, കോതപുരം, കുറ്റിപ്പുള്ളി എന്നീ സ്ഥലങ്ങളിൽ കിണർ കുഴിക്കുക. കൊടിൽ പാടത്ത് കുഴൽ കിണർ നിർമ്മിച്ച് ക്ഷാമം പരിഹരിക്കുക.

### വാർഡ് VI

കോതപുരം, തേക്കുപാടം, കിഴക്കേത്തറ , വടക്കേത്തറ, ചീയോട്, കാഞ്ഞിരകുളമ്പ്, S.N. കോളേജ്, എന്നിവിടങ്ങളിൽ കുഴൽകിണറോ, കിണറോ കുഴിക്കുക.

### വാർഡ് VII

വാർഡിൽ എല്ലാ പ്രദേശത്തും കുടിവെള്ളം എത്തിക്കാൻ നിലവിലുള്ള കിണറുകൾ നന്നാക്കുകയും, മംഗലം പുഴയിൽ നിന്ന് ചെക്ക് ഡാമുകെട്ടി പൈപ്പ് ലൈൻ ഇടുക.

### വാർഡ് VIII

വേപ്പിലശ്ശേരി, പീച്ചോട്, കാക്കമ്പാറ, പള്ളിക്കുളം, മുട്ടാളയ്ക്കൽ, എരകുളം, മന്ദുംപറമ്പ് എന്നിവിടങ്ങളിൽ കിണറുകൾ കുഴിക്കുക. കേടുവന്ന കിണറുകൾ നേരാക്കുക.

### വാർഡ് IX

ഗായത്രിപ്പുഴയിൽ ചെക്കുഡാം നിർമ്മിച്ച് കഴനി കുന്നിൻപുറത്ത് വാട്ടർ ടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ വഴി ശുദ്ധജലം എത്തിക്കുക. നിലവിലുള്ള കുഴൽ കിണർ, കിണർ എന്നിവ വൃത്തിയാക്കുകയും നേരാക്കുകയും ചെയ്യുക.

കഴനികുളം വൃത്തിയാക്കി പ്രയോജനപ്പെ

ടുത്തുക.

വാർഡ് X

പീച്ചൻകോട്, കടമ്പിടി, കുംബാരത്തറ, നായാടി കോളനി, തെക്കേത്തറ, ലക്ഷംവീട്, തെക്കുമണ്ണ് കമ്മാന്തറ, പടിഞ്ഞാറെത്തറ എന്നിവിടങ്ങളിൽ കിണറോ, കുഴൽ കിണറോ, പൈപ്പ് വഴിയുള്ള ജലവിതരണമോ നടപ്പിലാക്കുക.

പീച്ചൻകോട്, ഹരിജൻ കോളനി തെക്കേത്തറ എന്നിവിടങ്ങളിലെ കുഴൽ കിണറുകൾ നേരാക്കുക. ജലക്ഷാമം ഉള്ള മറ്റു പ്രദേശങ്ങളിലേയ്ക്കായി 7 കിണറുകൾ നിർമ്മിക്കുക. നിലവിൽ മണക്കാട്ടിൽ ഉള്ള PHC - യുടെ ടാങ്ക് നേരാക്കി ഗായത്രിപുഴയിൽ നിന്ന് ജലം പമ്പ് ചെയ്ത് ജലക്ഷാമമുള്ള പ്രദേശങ്ങളിൽ എത്തിക്കുക.

പഞ്ചായത്തിലെ മുഴുവൻ ഇടിഞ്ഞുതൂർന്ന 75 കിണറുകൾ, കുളങ്ങൾ എന്നിവ പുനരുദ്ധരിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ എടുക്കുക.

വാർഡ് XI

മംഗലം പുഴയിൽ ചെക്ക് ഡാം കെട്ടി തെന്നിലാപുരം മലയുടെ മുകളിൽ ജലസംഭരണി കെട്ടി അതിൽ നിന്നും ജലവിതരണം ഇപ്പോൾ വിതരണം നടക്കാത്ത 6,. 7, 10, 11 വാർഡുകളിൽ പൈപ്പ് ലൈൻ വഴി വിതരണം ചെയ്യുക.

പൈപ്പ് ലൈൻ ഇല്ലാത്ത വാർഡുകളിൽ 7 വീതം പുതിയ കിണറുകൾ നിർമ്മിക്കുക.

സാധ്യതകൾ

1. റോഡുകൾക്കുവേണ്ടി പഞ്ചായത്ത് ചിലവിടുന്ന തുക കുടിവെള്ളത്തിനായി നീക്കിവെക്കാനുള്ള നിയമം ഉണ്ടാവണം.
2. 7-ാം വാർഡിലെ ചെക്കുഡാമിൽ നിന്ന് വാട്ടർ ടാങ്ക് കെട്ടി പൈപ്പ് ലൈൻ ഉപയോഗിച്ച് വാർഡിലെ കുടിവെള്ളക്ഷാമം തീർക്കാം.
3. ഗായത്രിപുഴയിൽ നിന്നും ജലം പമ്പ് ചെയ്ത് പീച്ചൻകോട് ഭാഗത്ത് ഒരു ടാങ്ക് നിർമ്മിച്ച് അതിൽ നിന്നും പൈപ്പ് വഴി പ്രസ്തുത പ്രദേശങ്ങളിൽ ജലം എത്തിക്കുക.
4. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ സഹായത്തോടെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ മുഴുവൻ കിണറുകളും ക്ലോറിനേറ്റ് ചെയ്യുക.

# 5 6

## ഗതാഗതം

കാവശ്ശേരി പഞ്ചായത്തിൽ നിലവിൽ വേണ്ടത്ര നല്ല രീതിയിലുള്ള റോഡ് ശൃംഖലയില്ല. പഞ്ചായത്തിൻെറ മൊത്തം റോഡിൻെറ ദൈർഘ്യം 75.93 കി.മി. ഇതിൽ പഞ്ചായത്തിൻെറ കീഴിൽ ടാർ ചെയ്ത റോഡിൻെറ നീളം 13.8 കി.മി. വരും. പഞ്ചായത്തിൽ പ്രധാനമായ പി.ഡബ്ലിയു ൻെറ കീഴിൽ വരുന്ന റോഡുകൾ ചുണ്ടക്കാട്ടിൽ നിന്ന് പഴയന്നൂരിലേക്ക് പോകുന്ന റോഡ് ഏകദേശം 8 കി.മി. വരും. കൂടാതെ ചുങ്കത്തുനിന്നും വാവുള്ളിയാപുരം വരേയും, ഇരട്ടക്കുളം മുതൽ തെന്നിലാപുരം വരേയും വരുന്ന റോഡുകൾ PWD വിഭാഗത്തിൽ വരുന്നു. ആദ്യമായി കാവശ്ശേരി പഞ്ചായത്തിൽ ബസ്സ് സർവ്വീസ് ശ്രീദേവി വിലാസം (കരിവണ്ടി) തുടങ്ങിയത് ശ്രീ. കെ. സി. പഴനിമലയും, കെ.സി. വേലായുധനുമാണ്.

കഴിഞ്ഞ 5 വർഷത്തിനുള്ളിൽ പുതുതായി 9.5 കി.മി. റോഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഗതാഗത സൗകര്യം വർദ്ധിപ്പിക്കുന്നതിനായി ഈ കാലയളവിനിള്ളിൽ 1147732 രൂപ പഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിൻെറ ശറാശരി റോഡിൻെറ നീളം 1.89 കി.മി. /സ്ക്വയർ കി.മി. ആണ്. ഇത് സംസ്ഥാന ശരാശരിയെക്കാൾ ......... പഞ്ചായത്തിൽ ഇനി 53.18 കി.മി. റോഡ് മെറ്റൽ ചെയ്യുവാനുണ്ട്.

പാലത്തിൻെറ കാര്യം പരിശോധിക്കുമ്പോൾ പഞ്ചായത്തിൻെറ ഉള്ളിൽ 2 പാലങ്ങളാണ് നിലനിൽക്കുന്നത്. വടക്കേനടയേയും, പത്തനാപുരത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലവും ഗായത്രി പുഴയിലും തെന്നിലാപുരത്തേയും ചിനിക്കോടിനേയും തമ്മിൽ ബന്ധിപ്പിക്കുന്ന ഒരു പാലം മംഗലം പുഴയിലും പണികഴിപ്പിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയേയും തൃശൂർ ജില്ലയേയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്ലാഴി പാലം ഒരു പ്രധാനപ്പെട്ട ഗതാഗതമാർഗ്ഗമാണ്.

കുറെ വർഷങ്ങൾക്കുമുമ്പ് (15 വർഷം) കാവശ്ശേരി പഞ്ചായത്തിൽ പാടൂരിൽ നിന്നും മണപ്പാടത്തേയ്ക്കു പോകുവാൻ ഒരു തോണി യാത്ര സൗകര്യം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ആ സൗകര്യം ഇല്ല. തോണിക്കടവ്ഭാഗത്ത് മംഗലപുഴയിലും, ചീനിക്കോട് ഭാഗത്ത് മംഗലം പുഴ, പന്നിക്കോട് ഭാഗം, കൂട്ടല മുക്കും (മംഗലം, പുഴയും ഗായത്രിപുഴ ഭാഗത്തും, കോങ്ങാട്ടുമുറി ഭാഗത്ത് ഗായത്രി പുഴയി

ലും തോണി മാർഗ്ഗം യാത്ര ചെ

## പഞ്ചായത്തിലെ നിലവിലെ റോഡുകൾ

| Sl.No. | റോഡിന്റെ പേര് | വാർഡ് | റോഡിന്റെ തരം | നീളം കി.മി. |
|---|---|---|---|---|
| 1. | വടക്കേനട - പത്തനാപുരം റോഡ് | I | ടാർ | 3 കി.മി. |
| 2. | പത്തനാപുരം - തോലമ്പുഴ റോഡ് | I | മണ്ണ് | 1.5 കി.മി. |
| 3. | കോങ്ങാട്ടുമുറി റോഡ് | I | മണ്ണ് | 1.5 കി.മി. |
| 4. | ആറാപ്പുഴ - മുത്താനോട് റോഡ് | I | മണ്ണ് | 2 കി.മി. |
| 5. | ഞാറക്കോട് റോഡ് | I | മണ്ണ് | 500 മീ. |
| 6. | പത്തനാപുരം - ആറാപ്പുഴ റോഡ് | I | മണ്ണ് | 1.5 കി.മി. |
| 7. | ഗ്രാമം - മാടമ്പിക്കാട് റോഡ് | II | മണ്ണ് | 2 കി.മി. |
| 8. | വടക്കേത്തറ റോഡ് | II | മണ്ണ് | 1 കി.മി. |
| 9. | പഞ്ചായത്താഫീസ് - വടക്കേത്തറ റോഡ് | II | മണ്ണ് | 600 മീ. |
| 10. | വടക്കേനട - പള്ളം | II | മണ്ണ് - ടാർ | 600 മി. |
| 11. | അംശകച്ചേരി - ആനമാറി റോഡ് | III | ടാർ | 2 കി.മി. |
| 12. | മൂപ്പ് പറമ്പ് റോഡ് | III | മണ്ണ് | 750 മി. |
| 13. | മുല്ലക്കൽ ഗ്രാമം റോഡ് | III | മണ്ണ് | 500 മി. |
| 14. | നെല്ലിത്തറ ഗ്രാമം റോഡ് | III | മണ്ണ് | 300 മി |
| 15. | കെ.സി.പി.എച്ച്.എസ് റോഡ് | III | മെറ്റൽ | 300 മി |
| 16. | കൊങ്ങാളക്കോട് റോഡ് | III | മെറ്റൽ | 300 മി |
| 17. | കോക്രാട് റോഡ് | IV | മണ്ണ് | 500 മി |
| 18. | ചുണ്ടക്കാട് നൊച്ചിപറമ്പ് - നെല്ലിയാംകുന്ന് | IV | ടാർ | 2 കി.മി. |
| 19. | ചുണ്ടക്കാട് തീപ്പെട്ടി കമ്പനി റോഡ് | IV | മണ്ണ് - മെറ്റൽ | 1.5 കി.മി. |
| 20 | വക്കീൽ പടി - പാറപ്പുറം റോഡ് | IV | മണ്ണ് - മെറ്റൽ | 750 മി. |
| 21. | കിഴക്കേപ്പാടം (ചുണ്ടക്കാട് റോഡ്) | | | |
| 22. | വാഴക്കച്ചിറ റോഡ് - പെരിങ്ങാട് റോഡ് | IV | മണ്ണ് | 3 കി.മി. |
| 23. | ചുണ്ടക്കാട് - പെരിങ്ങാട് റോഡ് | IV | മണ്ണ് | 1 കി.മി. |
| 24 | ചുണ്ടക്കാട് - കുമ്പാരത്തറ റോഡ് | IV | മെറ്റൽ | 150 മീ |
| 25. | മല്ലമ്പാറ റോഡ് | V | മെറ്റൽ | 500 മി |
| 26 | കോതപുറം റോഡ് | V | മണ്ണ് | 500 മി |
| 27. | ചരപറമ്പ് - പുലിക്കോട് റോഡ് | V | മണ്ണ് | 1 കി.മി. |
| 28. | കൊഴിൽപ്പാടം റോഡ് | V | മണ്ണ് | 500 മി. |
| 29. | പള്ളിക്കുളം - ഹരിജൻ കോളനി റോഡ് | VI | | |
| 30 | എരട്ടക്കുളം കോതപ്പുറം റോഡ് | VI | മണ്ണ് | 2 കി.മി. |
| 31 | കോതപുറം - കാക്കമ്പാറ റോഡ് | VI | മെറ്റൽ | 1.5 കി.മി. |
| 32. | പാലത്തൊടി - കാക്കമ്പാറ | VI | മെറ്റൽ | 500 മി. |
| 33. | എരകുളം - ഇരട്ടകുളം | VI | മെറ്റൽ | 3 കിമി |
| 34. | കുന്നിൻ പുറം - ഹരിജൻ കോളനി റോഡ് | VI | മണ്ണ് | 500 മി |
| 35. | തെന്നിലാപുരം - കമ്മാന്തറ റോഡ് | VII | മണ്ണ് | 700 മി |
| 36. | പാടൂർ - ചിനിക്കോട് റോഡ് | VII | മെറ്റൽ | 3 കിമി |
| 37. | ചീനിക്കോട് - അയിനിക്കാവ് റോഡ് | VII | മെറ്റൽ | 1 കിമി |

| Sl.No. | റോഡിൻെറ പേര് | വാർഡ് | റോഡിൻെറ തരം | നീളം കി.മി. |
|---|---|---|---|---|
| 38. | തേക്കുപാടം റോഡ് | VII | മണ്ണ് | 1 കി.മി. |
| 39. | തെന്നിലാപുരം ഹരിജൻ കോളനി റോഡ് | VII | മണ്ണ് | 500 മി |
| 40. | ചീനിക്കോട് - സ്വാമി കോവിൽ റോഡ് | VII | മണ്ണ് | 1 കി.മി |
| 41. | തെന്നിലാപുരം - ഗ്രാമം റോഡ് | VII | മെറ്റൽ | 500 മി |
| 42. | തെന്നിലാപുരം - വാഴാമ്പള്ളം റോഡ് | VII | മണ്ണ് | 750 മി |
| 43. | കലാമണി വേപ്പിലശ്ശേരി റോഡ് | VIII | മെറ്റൽ | 1 കി.മി. |
| 44. | ചുങ്കം എരക്കുളം റോഡ് | VIII | ടാർ | 1 കി.മി. |
| 45. | എരകുളം - തെന്നിലാപുരം റോഡ് | VIII | ടാർ | 3 കി.മി. |
| 46. | പീച്ചോട് - വേപ്പിലശ്ശേരി റോഡ് | VIII | മണ്ണ് | 1 കി.മി. |
| 47. | വേപ്പിലശ്ശേരി - വാണിയത്തറ റോഡ് | VIII | മണ്ണ് | 500 മി |
| 48. | വാലിപറമ്പ് - മന്ദം പറമ്പ് റോഡ് | VIII | മണ്ണ് | 500 മി |
| 49. | വേപ്പിലശ്ശേരി - ചെറിയപാലത്തൊടി റോഡ് | VIII | മണ്ണ് | 200 മി |
| 50. | കല്ലംപറമ്പ് - മുട്ടാളക്കൽ ഹരിജൻ കോളനി റോഡ് | VIII | മണ്ണ് | 200 മി |
| 51. | ആന്തോട് റോഡ് | IX | മണ്ണ് | 700 മി |
| 52. | എരകുളം - കുന്നിമ്പുറം കല്ലേപ്പുള്ളി റോഡ് | IX | ടാർ | 1.5 കി.മി. |
| 53. | വടക്കുമുറി റോഡ് | IX | മണ്ണ് | 1 കി.മി. |
| 54. | കഴനി ഗ്രാമം റോഡ് | IX | മണ്ണ് | 500 മി |
| 55. | കഴനി തെക്കേത്തറ റോഡ് | IX | മണ്ണ് | 500 മി |
| 56. | മണ്ടപറകോളനി റോഡ് | IX | മെറ്റൽ | 1 കി.മി. |
| 57. | വള്ളിക്കാട് ഹരിജൻ കോളനി റോഡ് | IX | | 500 മി |
| 58. | തലേശ്ശൻ പറമ്പ് റോഡ് | IX | മെറ്റൽ | 200 മി |
| 59. | ചുങ്കം - ചെറുകാട് റോഡ് | IX | ടാർ | 1 കി.മി. |
| 60. | ചെമ്പുക്കാവ് കൂമ്പാരത്തറ | IX | മെറ്റലിംഗ് | |
| 61. | കഴനികുന്നിൻ പുറം - മന്ദംപടി | IX | മെറ്റലിംഗ് | |
| 62. | പാടൂർ - തരൂർ റോഡ് | X | മണ്ണ് | 1.5 കി.മി. |
| 63. | പാടൂർ - വാണിയന്തറ റോഡ് | X | മെറ്റൽ | 2 കി.മി. |
| 64. | കടമ്പിടി റോഡ് | X | മണ്ണ്, ടാർ | 2 കി.മി. |
| 65. | തെക്കുമണ്ണ് - ഗായത്രി പുഴ റോഡ് | X | മെറ്റൽ | 3 കി.മി. |
| 66. | പാടൂർ - ചീനിക്കോട് റോഡ് | X | മെറ്റൽ | 2 കി.മി. |
| 67. | പാടൂർ - അരങ്ങാട്ടുകടവ് മണ്ണപ്പാടം റോഡ് | X | മണ്ണ് | 1.5 കി.മി. |
| 68. | പാടൂർ - വേട്ടുപത്തറ റോഡ് | XI | മണ്ണ് | 1 കി.മി. |
| 69. | പാടൂർ - കിഴക്കേഗ്രാമം റോഡ് | XI | മണ്ണ് | 750 മി |
| 70 | നടക്കാവ് - പള്ളം ഹരിജൻ കോളനി റോഡ് | XI | മണ്ണ് | 1 കിമി. |
| 71. | പാടൂർ - ലിഫ്ട് ഇറിഗേഷൻ റോഡ് | XI | മണ്ണ്-മെറ്റൽ | 750 മി |
| 72. | കല്ലേപ്പുള്ളി - തെക്കുമുറി റോഡ് | XI | മണ്ണ് | 750 മി |
| 73. | കല്ലേപ്പുള്ളി - അത്തിപ്പൊറ്റ പാലം റോഡ് | XI | മണ്ണ് | 750 മി |
| 74. | പാടൂർ - കുണ്ടുതൊടി റോഡ് | XI | മെറ്റൽ | 2 കി.മി. |
| 75. | പാടൂർ മെച്ചോട് റോഡ് | XI | മണ്ണ് | 2 കി.മി. |
| 76 | പനങ്കാവ് തെക്കേത്തറ | XI | മെറ്റൽ | 500 മി |

| | |
|---|---|
| I | ആറാട്ടുപുഴ കൊളങ്കാരക്കാട് റോഡ് |
| II | പഞ്ചായത്ത് to ലക്ഷംവീട് കനാൽബണ്ട് റോഡ് |
| III | ആലിങ്കൽപ്പറമ്പ് മുതൽ കൊങ്ങാളക്കോട് വരെ, പഞ്ചായത്ത് ഓഫീസ് to കോട്ടപ്പറമ്പ് നെല്ലിത്തറ - കൊങ്ങാളക്കോട് |
| IV | കിഴക്കേപ്പാടം, പുഴയ്ക്കൽ, കൊടിൽപ്പാടം, മുസ്ലീം പുള്ളി ചുണ്ടക്കാട് പിൻവശം, തീപ്പെട്ടികമ്പനി റോഡ് to കുംബാരതറ റോഡ്, കോക്രാട്, വക്കീൽപ്പടിയുടെ വടക്കുഭാഗം, തീപ്പെട്ടി കമ്പനിയുടെ തെക്കുവടക്ക് റോഡ് |
| VI | ചീക്കോട് - വഴുകക്കോട്, തെന്നിലാപുരം കിക്കേത്തറ മുതൽ വടക്കത്തറ വരെ കനാൽ വരമ്പ് റോഡ്, വടക്കേത്തറ മുതൽ ചീനിക്കോട് വരെ - എടമലക്കുന്ന് വരെ<br>കിഴക്കേത്തറ മുതൽ തേക്കുപാടം, മംഗലം റോഡ്, ചെറുകുളം കോതപുരം റോഡ് |
| VII | സ്വാമികോവിൽ പാടൂർ റോഡ്, ചീനിക്കോട് എടമലക്കുന്ന് റോഡ്, തെന്നിലാപുരം തെക്കേക്കുളം |
| VIII | കലാമണി വേപ്പിലശ്ശേരി റോഡ്, വാണിയത്തറ - കുരിക്കത്തറ റോഡ്, വേപ്പിലശ്ശേരി മുതൽ പീച്ചോട് വരെ റോഡ് |
| IX | തലേശ്ശംപറമ്പ് - മാടമ്പിക്കാട് റോഡ് |
| X | പെരുളിപ്പാടം റോഡ്, മണക്കാട് കരുണക്കാട് റോഡ്, കാവുങ്കൽ കോളനി, തെക്കേത്തറ, തെക്ക് മണ്ണ് റോഡ്, പീച്ചങ്കോട്, പറമ്പത്ത് ഭാഗം റോഡ്, കമ്മാന്തറ റോഡ് |
| XI | കല്ലേപ്പുള്ളി - കുന്നേക്കാട് റോഡ്, നടക്കാവ് കുണ്ടുതൊടി റോഡ്, കുണ്ടുതൊടി മെച്ചോട്ട് റോഡ്, പാടൂർ നേത്യാംപറമ്പ് റോഡ്, |

**പ്രശ്നങ്ങൾ:-**

I **അടിയന്തിരമായി അറ്റകുറ്റപണികൾ നട ത്തേണ്ട റോഡുകൾ**

**വാർഡ് I**

1. വടക്കേ നട മുതൽ പത്തനാപുരം വരെ അതിനോടൊപ്പം മറ്റു റോഡുകൾ

**വാർഡ് II**

1. മാടമ്പിക്കാട്, ലക്ഷംവീട്, പള്ളം, കമ്പനി റോഡ്

**വാർഡ് III**

1. മുല്ലയ്ക്കൽ ഗ്രാമം, നെല്ലിത്തറ, മൂപ്പു പറമ്പ്, കൊറ്റംങ്കോട്, കെ.സി.പി. റോഡ്

**വാർഡ് IV**

1. കുമ്പാരത്തറ റോഡ്

**വാർഡ് V**

1. ആനമാറി മുതൽ കൊങ്ങാളക്കോട് വരെ 1 കി.മി.
2. പുലിക്കോട് ഭാഗത്ത് പടിഞ്ഞാറ് PWD റോഡിൽ നിന്നും തുടങ്ങി കൊടിൽ പാടത്തിന് തെക്കുവരെ ചരപറമ്പ് റോഡ് 1 കി.മി.

**വാർഡ് VI**

1. ആയക്കോട്, കാഞ്ഞിരക്കുളമ്പ്,തേക്കുപാട് കോതപുരം, ചീക്കോട്, പഴുകക്കോട്, പണ്ടാരമട

**വാർഡ് VII**

1. തെന്നിലാപുരം ചുങ്കം റോഡ്
2. കന്മാന്തറ പള്ളത്തൊടി വഴി ചീനിക്കോട് റോഡ്

**വാർഡ് VIII**

1. വാപുള്ളിപ്പതി - എരക്കുളം - എരട്ടക്കുളം റോഡ്
2. കലാമണി പാലത്തൊടി, വേപ്പിലശ്ശേരി - പീച്ചോട് റോഡ്

**വാർഡ് IX**

1. നിലവിലുള്ള എല്ലാ റോഡും

**വാർഡ് X**

1. നിലവിലുള്ള എല്ലാ റോഡും പുതുതായി നിർമ്മിക്കേണ്ട റോഡും.

വാർഡ് XI

1. കല്ലേപ്പുള്ളിവടക്കുമുറി റോഡ്
2. കല്ലേപ്പുള്ളി ഇടമല റോഡ്

II റോഡ് ആവശ്യമുള്ള സ്ഥലങ്ങൾ

വാർഡ് I

1. പത്തനാപുരം - പടിഞ്ഞാറെ മുറി
2. പത്തനാപുരം - കോളനി റോഡ്
3. പത്തനാപുരം - ആറാപ്പുഴ
4. പത്തനാപുരം - തോലമ്പുഴ
5. ചേറുംകോട് മുത്താനോട് പുഴയ്ക്ക് ഇറങ്ങുന്ന ഭാഗം
6. പത്തനാപുരം - ആനക്കല്ല് കാട് വരെ കനാൽ ബണ്ട് വീതി കൂട്ടി
7. പത്തനാപുരം - കോങ്ങാട്ടുമുറി
8. ആറാപ്പുഴയിൽ നിന്ന് പുളയ്ക്കൽ കാട് വഴി വെങ്ങന്നൂർ വരെ
9. ഞാറക്കോട് 1.60 കി.മി. മെറ്റൽ ചെയ്യുക. കൾവർട്ട് കെട്ടുക.

വാർഡ് II

1. ഈടുവെടിയാലിൽ നിന്നും വടക്കേത്തറ റോഡ്
2. ലക്ഷംവീട്, മാടമ്പിക്കാട് ഭാഗത്തേയ്ക്ക്
3. വടക്കേനട - പള്ളം ഭാഗത്തേയ്ക്ക്
4. വടക്കേത്തറ - പൂണാത്ത് കളം റോഡ്
5. ഗ്രാമം പടിഞ്ഞാറെത്തറ

വാർഡ് III

1. മൂപ്പുപറമ്പ് - കൊറ്റംക്കോട് റോഡ്
2. മുപ്പുപറമ്പ് - കൊങ്ങാളക്കോട് റോഡ്
3. കോട്ടുപറമ്പ് - പാളയം റോഡ്

വാർഡ് IV

വാഴക്കച്ചിറ, പാറപ്പുറം, കല്ലത്താണി പറമ്പ്, കൂമ്പാരത്തറ

വാർഡ് V

1. ആനമാറി കനാൽ മുക്കിൽ നിന്ന് കിഴക്കോട്ട് കൊടിൽ പാലം ഭാഗത്തേയ്ക്ക് $1^1/_2$ കി.മി. കനാൽ കടന്ന് ചുണ്ടക്കാട് ചേരും വരെ.
2. ആനമാറി കനാൽ മുക്കിൽ നിന്ന് കനാൽ ക്രോസ്സ് ചെയ്ത് കാരംക്കാട്ടുകുളം ഹരിജൻ കോളനിയിലേക്ക് 500 മി.
3. കൊടിൽ പാടത്തുനിന്നും നെൽപാടത്തുകൂടി കടന്ന് ചുണ്ടക്കാട് PWD റോഡിൽ ചേരും വരെ 500 മീ.
4. ആനമാറി നൊച്ചിറമ്പ് ട്രാൻസ്ഫോർമർ ഭാഗത്തുനിന്നും വടക്കോട്ടിടറങ്ങി കിഴക്കുഭാഗത്തേയ്ക്ക് ചരൽ പറമ്പ് ഭാഗത്തേയ്ക്ക് 500 മീ. പുലിക്കോട് മുതൽ ചരപറമ്പ് വരെ 1 കി.മി.
5. നെടുംകുന്ന് ഹൈവേയിലുള്ള ലിമിറ്റഡ് സ്റ്റോപ്പ് മുതൽ ചുങ്കത്ത് വരെ പോകുന്ന മെയിൻ കനാലിൽ കൂടെ പോകുന്ന റോഡ് വീതികൂട്ടി ഗതാഗത യോഗ്യമാക്കണം.
6. ആനമാറി പാതിരപ്പറമ്പ് റോഡ് 500 മി.
7. കല്ലട്ടപറമ്പ് ഹരിജൻ കോളനി റോഡ്

വാർഡ് VI

1. ആയക്കോട് 2. കിഴക്കേത്തറ തേക്കുപാടം അമ്പാലപറമ്പ് 3. ഇരട്ടക്കുളം തേക്കുപാടം 4. ചെറുകുളം കോതപുരം 5. ചെറുകുളം കാഞ്ഞിരക്കുളമ്പ് 6. കിഴക്കേത്തറ പടിഞ്ഞാറെത്തറ (കനാൽ റോഡ്) 7. കുറുവട്ട കോളേജ് 8. കിഴക്കേത്തറ അണക്കപ്പാറ 9. S.N. കോളേജ് കുന്നിമ്പുറം റോഡ് വീതി കൂട്ടുക.

വാർഡ് VII

1. ചീനിക്കോട്, സ്വാമികോവിൽ, പടിഞ്ഞാറെത്തറ സ്കൂൾ, പള്ളിത്തൊടി റോഡ്, ചീനിക്കോട് വരെ.
2. നാവക്കോട് തെക്കേക്കുളം മംഗലം റോഡ്
3. തെന്നിലാപുരം കഴനി റോഡ്
4. കമ്മാന്തറ ഉച്ചർകുളം (മേൽവീട് വഴി) അമ്പലപ്പറമ്പ് കൊളരിപ്പൊറ്റ വഴി പള്ളത്തൊടി
5. ചീനിക്കോട് കോളനി റോഡ്

വാർഡ് VIII

1. മന്ദംപറമ്പ്, എരകുളം, എരകുളം, പാലത്തൊടി ലക്ഷംവീട്, പീച്ചോട്, മുട്ടാള,വാണിയന്തറ,
2. മന്ദംപറമ്പ് റോഡ് വാലിപ്പറമ്പിൽ നിന്ന് തുടങ്ങി മന്ദംപറമ്പിൽ അവസാനിക്കുന്നു. അത് മെയിൻ റോഡിൽ എത്തിക്കുവാൻ കേവലം 300 മീറ്റർ കൂടി ദീർഘിപ്പിക്കുക.

വാർഡ് IX

1. കല്ലേപ്പുള്ളി തെന്നിലാപുരം റോഡ്
2. കഴനി മുക്കിൽ മഠം റോഡ്
3. ആന്തോട് റോഡ്,
4. മുണ്ടൻ കോളനി റോഡ്, എരക്കുളം റോഡിൽ മുട്ടിക്കുക.
5. മണ്ണാത്തറ റോഡ് 6. വള്ളിക്കാട് റോഡ്
7. ചെമ്പൻകാട് കുമ്പാരത്തറ റോഡ്,
8. തീപ്പെട്ടി കമ്പനി റോഡ്, ഇരക്കുളത്തു നിന്ന് കഴനിയിലേക്ക് സ്കൂളിന്റെ മുൻ ഭാഗത്തു കൂടി റോഡ്
9. കാളത്തോട് കുന്നിൻപുറം റോഡ്

വാർഡ് X

1. കടംമ്പിടി, പീച്ചംകോട് 2. തെക്കേത്തറ ആനവളവ്, 3. ലക്ഷംവീട് കോളനി റോഡ്, കടമ്പടി നടപ്പ്, ലിങ്ക് റോഡുകൾ 4. തെക്കു മണ്ണ് റോഡ്, 5. പാടൂർ വില്ലേജ് ആഫീസ് മുതൽ തോണിക്കടവ് റോഡിൽ ചേരുന്ന "ങ്ങ കനാൽ ബണ്ട് റോഡ് തെക്കേത്തറ
6. കുന്നത്ത് മുതൽ പണിക്കനാർ കടവുവ രെയുള്ള നെല്ലുചിക്കാൻ പാറ മുതൽ (തെ ക്കേത്തറ)
7. മിനിഎസ്റ്റേറ്റുവരെ
8. പീച്ചംകോട് കടമ്പടി (റോഡ്)
9. മണക്കാട് കരണക്കാട് റോഡ് (വില്ലേജ് FMB)

വ ാർഡ് XI

1. കല്ലേപ്പുള്ളിയിൽ നിന്ന് ഗായത്രീ പുഴയി ലേയ്ക്കുള്ള റോഡ്
2. നടക്കാവ് പള്ളം റോഡ്
3. കിഴക്കേ ഗ്രാമം റോഡ്
4. കുണ്ടുതൊടി - കുന്നുംപുറം റോഡ്
5. പാടൂർ മെച്ചോട് റോഡ്

മറ്റു പൊതുപ്രശ്നങ്ങൾ

വാർഡ് 2

1. വടക്കേത്തറ റോഡ് 2 സൈസും കരിങ്കല്ലു കൊണ്ട് കെട്ടി ഗതാഗത യോഗ്യമാക്കുക.
2. ലക്ഷംവീട്ടിലേക്ക് കനാൽ വഴി റോഡു വേണം. ഈടുവെടിയാൽ മുതൽ ലക്ഷംവീട്ടിലേക്ക് റോഡ് എത്തിക്കുക.

വാർഡ് 4.

1. പാലക്കാട് പഴയന്നൂർ റൂട്ടിൽ KSRTC ബസ്സ് വേണം

   പാലക്കാട് തിരുവില്ലാമല റൂട്ടിൽ KSRTC ബസ്സ് വേണം

   പാലക്കാട് കോഴിക്കോട് റൂട്ടിൽ KSRTC ബസ്സ് വേണം
2. എല്ലാ ലിമിറ്റഡ് സ്റ്റോപ്പ് ബസ്സും മലമലമു ക്കിൽ നിർത്തുവാനുള്ള സൗകര്യം വേണം.
3. ചുണ്ടക്കാട്ടിലും, വക്കീൽ പടിയിലും ഒരു Waiting Shed നിർമ്മിക്കണം.

വാർഡ് 7

1. സ്കൂൾ ഓഫീസ് സമയങ്ങളിൽ ബസ്സ് സർവ്വീസ് നടത്തുക.

വാർഡ് 9

1. കഴനി ചുങ്കത്തു നിന്ന് കുന്നിമ്പുറം വഴി കല്ലേപ്പുള്ളിയിലൂടെ ബസ് ഗതാഗതം വേണം

വാർഡ് 10

1. പാടൂർ വഴി ഓടിക്കൊണ്ടിരിക്കുന്ന KSRTC Transport ബസ്സ് ഓടിക്കുവാൻ ശ്രമം നടത്തുക.
2. അരങ്ങാട്ടുകടവ്, തോണിക്കടവ്, ഗായത്രി പുഴയിൽ പഴമ്പാലക്കോട്ടേക്ക് 3 പാലങ്ങൾ നിർമ്മിക്കണം.
3. പാടൂർ പീച്ചൻകോട് നായാടി കോളനി റോഡ് ഉടനടി ഗതാഗതയോഗ്യമാക്കുക.
4. തോണിക്കടവ് തെക്കുമണ്ണ് റോഡ് ഉടനടി ഗതാഗതയോഗ്യമാക്കുക.

വാർഡ് 11

1. കല്ലേപ്പുള്ളിയിൽ ഒരു Waiting Shed സ്ഥാപി ക്കുക.
2. ആലത്തൂർ, പാടൂർ വഴി പഴയന്നൂർ റൂട്ടിൽ KSRTC ബസ്സ് സർവ്വീസ് നടത്തുക.

5 7

# ഭവന നിർമ്മാണം

# സാമൂഹ്യക്ഷേമം

നമ്മുടെ പഞ്ചായത്തിൻെറ വിസ്തീർണ്ണം 3046 ഹെക്ടർ ആണ്. ഇതിൽ 491 ഹെക്ടറോളം ഭൂമി പുറംപോക്കാണ്. ബാക്കിയുള്ളവയിൽ 1332 ഹെക്ടർ പുരയിടവും 1823 ഹെക്ടറോളം വിസ്തീർണ്ണം വരുന്ന പ്രദേശം നിലവുമാണ്.

1991-ലെ കാനേഷുമാരി കണക്കുപ്രകാരം 4703 വീടുകളിലായി 4896 കുടുംബങ്ങഠം താമസിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ പതിനൊന്ന് വാർഡുകളിൽ നിന്നും ഗ്രാമസഭകഠം മുഖേന ലഭിച്ച കണക്ക് പ്രകാരം 6822 വീടുകളുള്ളതായി കാണാം. ഏറ്റവും കൂടുതൽ വീടുകഠം 10-ാം വാർഡിലും (848) ഏറ്റവും കുറവ് 6-ാം വാർഡിലുമാണ് (450). കുടുംബങ്ങളുടെ വ്യക്തമായ കണക്ക് ഇനിയും ലഭിക്കേണ്ടിയിരിക്കുന്നു.

നികുതിയടച്ചുകൊണ്ടിരിക്കുന്ന വീടുകഠം 5812-ഉം നികുതിയൊഴിവ് 1066-ഉം ആണ്. മൊത്തം വീടുകളിൽ തരക്കേടില്ലാത്ത വീടുകഠം 5600-ഓളം വരും. 550 എണ്ണം മോശപ്പെട്ടവയും 475-ഓളം വീടുകഠം വളരെ മോശവുമാണ്. ഭവനരഹിതരായ കുടുംബങ്ങളുടെ എണ്ണം 1000-ൽ അധികം വരും. 3500-ഓളം വീടുകഠംക്ക് കക്കൂസ് ഇല്ല.

പഞ്ചായത്തിലെ വീടുകളിൽ 4574 ഓട്ടുപുരയും 629 ഓലപ്പുരയും 437 കുടിലുകളും 1238 കോൺക്രീറ്റ് കെട്ടിടങ്ങളും ഉള്ളതായി കണക്കുകളിലൂടെ മനസ്സിലാക്കാം. മോശപ്പെട്ട വീടുകളിൽ ഓടുമേഞ്ഞ വീടുകളും ഉണ്ട്. പരമ്പരാഗത ശില്പമാതൃകയിലുള്ള ഏതാണ്ട് 500-ഓളം വീടുകഠം ഉണ്ട്. 45000-ഓളം വീടുകഠം മുൻകാലങ്ങളിലുള്ളവയിൽ നിന്നും വ്യത്യസ്തമായിട്ടുള്ളയാണ്.

ഇടത്തരക്കാരും മേൽത്തരക്കാരുമായിട്ടുള്ളവർ കോൺക്രീറ്റ് വീടുകഠം പണിയുന്നതിലാണ് അധികവും താല്പര്യം കാണിക്കുന്നത്. മരത്തിൻെറ വില, പണിക്കൂലി ഇവയുടെ ആധിക്യമാണ് ഇവയ്ക്ക് കാരണമായി പറയപ്പെടുന്നത്. വീടുപണി ഒരു ആർഭാടകരമായി കാണുന്നവരും കൂട്ടത്തിലുണ്ട്.

ഓരോ സമുദായവും പ്രത്യേകം പ്രത്യേകം പ്രദേശങ്ങളിലായി വീടുകഠം പണിത് താമസി

ക്കുന്ന പ്രവണത നിലനിന്നിരുന്നതായി കാണാവുന്നതാണ്. എന്നാൽ ഈ പ്രത്യേകതകൾക്ക് മാറ്റം വന്നു കാണുന്നുണ്ട്.

മുൻകാലങ്ങളിൽ കൂട്ടുകുടുംബ വ്യവസ്ഥ നിലനിന്നിരുന്നു. വൻപത്തായപുരകളിൽ മക്കളും പേരമക്കളുമായി ധാരാളം കുടുംബങ്ങൾ താമസിച്ചിരുന്നു. എന്നാൽ ഇതിൽ നിന്നും മാറി ഭാര്യ, ഭർത്താവ്, മക്കൾ എന്ന രീതിയിൽ ചെറിയ കുടുംബമായി താമസിക്കാനുള്ള താല്പര്യമാണ് അധികംപേരിലും കാണുന്നത്. ഇതുകൊണ്ട് തന്നെ പാരമ്പര്യരീതിയുള്ള വീടുകൾ പൊളിച്ചു മാറ്റപ്പെടുന്നു. പാതയോരങ്ങളിലുള്ള നെൽപ്പാടങ്ങളും മറ്റും നികത്തി വീടുകൾ പണിയുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്.

അവലോകനം:-

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 1991-ലെ കണക്കുപ്രകാരം 27783 ആണ്. ഇതിൽ 11913 പുരുഷന്മാരും 12866 സ്ത്രീകളുമുണ്ട്. 6 വയസ്സിന് താഴെയുള്ളവരായി 1757 ആൺകുട്ടികളും 1711 പെൺകുട്ടികളുമുണ്ട്. ഹരിജൻ വിഭാഗത്തിൽപ്പെട്ട 3291 പുരുഷന്മാരും 3508 സ്ത്രീകളുമുണ്ട്. പാർപ്പിടങ്ങളുടെ ലഭ്യത ഇനിയും ഉണ്ടാവേണ്ടിയിരിക്കുന്നു.

പഞ്ചായത്തിലെ വാർഡുകളിൽ 25 മുതൽ 75 വരെ കുടിലുകളുള്ള സ്ഥിതിവിശേഷവും ഇന്നുണ്ട്. 10, 11, 6 വാർഡുകളിലാണ് ഇവ കൂടുതലായുള്ളത്. ഇതിൽത്തന്നെ പുറംപോക്കിൽ താമസിക്കുന്നവരുമുണ്ട്.

നിർമ്മാണ സാമഗ്രികളുടെ ലഭ്യത കുറവാണ്. പ്രത്യേകിച്ച് മരം - തേക്ക്, വീട്ടി, ഇരുപൂൾപോലെയുള്ള നല്ലയിനം മരങ്ങളും, പ്ലാവ്പോലെയുള്ള തടിയിനങ്ങളും വിരളമാണ്. തേക്ക് വെച്ച് പിടിപ്പിക്കുന്നതിനുള്ള ഭൂപ്രദേശം 7, 9, വാർഡുകളിൽ ഉണ്ട്. ഇത് ഉപയോഗപ്പെടുത്താവുന്നതാണ്. ഇപ്പോഴുള്ള കായ്ഫലങ്ങൾ നൽകുന്ന മാവ്, പ്ലാവ് തുടങ്ങിയ ഇനങ്ങൾക്ക് പകരമായി ഇവ തന്നെ തടിയായി വളരുന്ന പഴയ ഇനങ്ങൾ തന്നെ വെച്ചു പിടിപ്പിക്കണം. ഇങ്ങനെ മരങ്ങളുടെ ദൗർല്ലഭ്യം പരിഹരിക്കാവുന്നതാണ്. വേപ്പ്, കഴനിപോലെയുള്ള നാടൻ ഇനങ്ങൾ ഒഴിഞ്ഞ പറമ്പുകളിൽ നട്ടുവളർത്താനുള്ള താല്പര്യം ഉണ്ടാവണം.

പഞ്ചായത്തിൽ നിർദ്ധന വിഭാഗക്കാർക്കും ഹരിജൻ വിഭാഗക്കാർക്കും ഭവനനിർമ്മാണധന സഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ വിവിധ ഭവനപദ്ധതി മുഖേന (ബാങ്കുകൾ, ഹൗസിംഗ് ബോർഡുകൾ) വായ്പകൾ എടുത്ത് വീട് നിർമ്മിച്ചുവരുമുണ്ട്. ഇതിൽ ഭൂരിഭാഗവും ഇടത്തരക്കാരാണ്. പഞ്ചായത്ത് മുഖേന JRY പദ്ധതിമൂലം നിർമ്മിച്ച വീടുകൾക്ക് പൂർണ്ണത കൈവരിച്ചിട്ടില്ല. നിർമ്മിച്ചവയിൽത്തന്നെ അറ്റകുറ്റപ്പണികൾ നടത്തേണ്ടവയുണ്ട്. വൈദ്യുതി ഭൂരിഭാഗത്തിലും ലഭ്യമല്ല. SC വിഭാഗത്തിൽപ്പെട്ടവർക്ക് അനുവദിച്ച വീടുകളിലും വൈദ്യുതി ലഭ്യമല്ലാത്തവയുണ്ട്. വീടുകൾക്ക് വേണ്ടി അനുവദിക്കുന്ന സംഖ്യ കുറവാണ്. സ്വന്തമായി വീടില്ലാതെ വാടകവീടുകളിൽ താമസിക്കുന്നവരും ചെറിയ ചെറിയ വീടുകളിൽ ഞെങ്ങിഞെരുങ്ങി ഒന്നിലധികം കുടുംബങ്ങൾ തിങ്ങിക്കഴിയുന്ന അവസ്ഥയുമുണ്ട്.

മണൽ, ഇഷ്ടിക, കരിങ്കല്ല് ഇവയുടെ ലഭ്യത പഞ്ചായത്തിലുണ്ട്. എങ്കിലും ഇവയിൽ കൂടുതലും പഞ്ചായത്തിന് വെളിയിലും ജില്ലയ്ക്ക് പുറമേയ്ക്കും ഒഴുകുന്നുണ്ട്. ഇതിനുള്ള പരിഹാരങ്ങൾ കാണേണ്ടിയിരിക്കുന്നു. ഈ പഞ്ചായത്തിലെ ഭവന നിർമ്മാണത്തിന് ആവശ്യമായുള്ളവ കഴിച്ച് പുറം പഞ്ചായത്തിലേക്കോ , ജില്ലകളിലേക്കോ ഒരു പ്രത്യേകകരം ഈടാക്കികൊണ്ട് ഇതിന് പരിഹാരം കാണാവുന്നതാണ്. ഇങ്ങനെ വരുമ്പോൾ പഞ്ചായത്ത് നിവാസികൾക്ക് നിർമ്മാണ സാമഗ്രികളുടെ ദൗർല്ലഭ്യം ലഘൂകരിക്കാം. പഞ്ചായത്തിന് ഒരു വരുമാനമാർഗ്ഗവുമാക്കി മാറ്റാം.

വീടുവെയ്ക്കുന്നതിനുള്ള വായ്പ ലഭിക്കുന്നതിന് സൗകര്യക്കുറവുകളുണ്ട്. നിർദ്ധനരും പാവപ്പെട്ടവരുമായ മുന്നോക്കക്കാരിലും പിന്നോക്കക്കാരിലുംപെട്ട വീടുകളില്ലാത്ത എല്ലാവർക്കും വീട് പണിയുന്നതിനുള്ള സൗകര്യം ഉണ്ടാവേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ളവരെ കണ്ടെത്തുന്നതിനുവേണ്ടി പഞ്ചായത്തിലെ ഓരോ വാർഡുകളിലും പ്രത്യേകം പ്രത്യേകം സർവ്വേ നടത്തണം. ഈ സർവ്വെ നടത്തുന്നതിൽ വാർഡ് മെമ്പർ, വാർഡിലെ സന്നദ്ധസംഘടനകളുടെ ഓരോ പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടികളിലെ ഓരോ പ്രതിനിധികൾ തുടങ്ങിയവർ ഉൾപ്പെടെയുള്ള ഒരു സമിതി

നേതൃത്വം കൊടുക്കണം. അർഹരായവർക്ക് മുൻഗണനാക്രമത്തിൽ ആയത് ലഭ്യമാക്കണം.

ഇടത്തരക്കാരിൽപ്പെട്ടവർക്ക് ധനസഹായം - വായ്പാസൗകര്യം ലഭ്യമാക്കുന്നതിൽ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. വിവിധ ബാങ്കുകൾ മുഖേനയും ഹൗസിംഗ് ബോർഡ് മുഖേനയും വായ്പ നൽകുന്നുണ്ടെങ്കിലും അനുഭവത്തിൽ ഗുണമില്ല. ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടി വിവിധ ബാങ്കുകൾ നിശ്ചിത എണ്ണം വായ്പ പഞ്ചായത്തുകൾക്ക് നിശ്ചയിക്കേണ്ടതാണ്. അതനുസരിച്ചിട്ടുള്ള വായ്പാപേക്ഷകളാണ് സ്വീകരിക്കേണ്ടത്.

ഹരിജൻ കോളനികളിലും ലക്ഷംവീടുകളിലുമായി ധാരാളം ആളുകൾ താമസിക്കുന്നുണ്ട്. പഞ്ചായത്തിൽ ലക്ഷംവീട് കോളനികളുണ്ട്. ഇവ അധികവും ശോചനീയാവസ്ഥയിലുമാണ്. ഇവയ്ക്കുള്ള പരിഹാരം സർക്കാർ ധനസഹായത്തോടെ അറ്റകുറ്റപ്പണികൾ നടത്താനുള്ള ശ്രമം അടിയന്തിരമായി പഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാവണം.

$1^1/_2$ സെൻറ് സ്ഥലം സ്വന്തമായുള്ളവർക്ക് വീട് നൽകാൻ എല്ലാ ഭവനനിർമ്മാണ ഏജൻസികളും നിലവിലുള്ള നിയമം ലഘൂകരിക്കണം.

സാധ്യതകൾ:- ഹൗസിംഗ് കോംപ്ലക്സ്

1. പഞ്ചായത്തിലെ 6, 7, 9, 10 വാർഡുകളിൽ കൂടുതൽ പ്രദേശങ്ങൾ ഭവനയോഗ്യമായിട്ടുണ്ട്. ഇവയിൽ കൂടുതൽ വാസയോഗമ്യായിട്ടുള്ള പ്രദേശങ്ങൾ തെരഞ്ഞെടുത്ത് ഹൗസിംഗ് കോംപ്ലക്സുകൾ പണിയാനുള്ള നടപടി ഉണ്ടാവണം.
2. സമൂഹത്തിൽ ഏറ്റവും ദുർബ്ബല വിഭാഗത്തിൽപ്പെടുന്ന പുറംപോക്കിൽ താമസിക്കുന്നവരുൾപ്പെടെയുള്ളവർക്ക്വേണ്ടി തെരഞ്ഞെടുക്കപ്പെട്ട 200 പഞ്ചായത്തുകളിൽ 50 വീടുകൾ പണിയുന്ന പദ്ധതിയാണ് ഇത്. ഹഡ്കോയിൽ നിന്ന് ധനസഹായം ലഭിക്കുന്നു. $2^1/_2$ ഏക്കർ സ്ഥലമെങ്കിലും ഇതിന് വേണം. സർക്കാർ ഭൂമി ലഭ്യമല്ലെങ്കിൽ സ്വകാര്യഭൂമി ചുരുങ്ങിയ വിലയ്ക്ക് ഇതിനായി വാങ്ങാവുന്നതാണ്. 25-ഓ, 30-ഓ വീടുകൾ ഈ സ്കീമിൽ ഉൾപ്പെടുത്തി ആയത് പഞ്ചായത്തിന്റെ രണ്ടുഭാഗത്തായി പണിയുക. ആവശ്യക്കാരെ സർവ്വേ നടത്തി കണ്ടെത്തുകയും അവരിൽ നിന്ന് ഒരു നിശ്ചിത തുക ഈടാക്കാവുന്നതാണ്.
3. സാനുറ്റേഷൻ പ്രദാനം ചെയ്യുന്ന പദ്ധതി:-

   നിർദ്ധനരായവരുടെ വീടുകളോട് ചേർന്ന് കക്കൂസും കുളിമുറിയും നിർമ്മിച്ചുകൊടുക്കുന്ന ഈ പദ്ധതി പഞ്ചായത്തിലെ നിലവിലുള്ള കക്കൂസുകളില്ലാത്ത എല്ലാ വീടുകളിലും ഘട്ടംഘട്ടമായി പ്രയോജനപ്പെടുത്താവുന്നതാണ്. ഈ അപേക്ഷ പഞ്ചായത്ത് സ്വീകരിച്ച് ഹൗസിംഗ് ബോർഡിലൂടെ നടപ്പിലാക്കാവുന്നതാണ്.

   പഞ്ചായത്ത് നൽകിയ നാലുസെൻറ് ഭൂമിയിൽ എല്ലാവർക്കും വീട്വെച്ച് കൊടുക്കുവാൻ ഹൗസിംഗ് ബോർഡും സർക്കാറുമായി കരാറുണ്ടാക്കി ആയത് ഘട്ടം ഘട്ടമായി പൂർത്തീകരിക്കണം.

പൊതുനിർദ്ദേശങ്ങൾ

ഇടത്തരക്കാർക്കുള്ള ഭവന വായ്പാ വിവിധ വായ്പാ സഹകരണ ബാങ്കുകളുമായി സഹകരിച്ച് പഞ്ചായത്ത് നടപ്പിലാക്കുന്നപക്ഷം ഇടത്തരക്കാർക്ക് വീട് വെയ്ക്കാനുള്ള ബുദ്ധിമുട്ട് തരണം ചെയ്യാവുന്നതാണ്.

കക്കൂസുകൾ ആവശ്യമുള്ള റിപ്പോർട്ടിൽ സൂചിപ്പിച്ച 3600-ഓളം വീടുകൾക്കും വാർഡടിസ്ഥാനത്തിൽ സർവ്വേ നടത്തി വ്യക്തമായ കണക്കുകൾ തയ്യാറാക്കി ആയത് ഘട്ടങ്ങളിലായി പൂർത്തീകരിക്കാൻ ആവശ്യമായ പണം ഈ പദ്ധതിയിലേക്ക് മാറ്റിവെയ്ക്കണം.

അമിതമായ വലിപ്പത്തിലും ആഡംബരത്തിലും കോൺക്രീറ്റ് വീടുകൾ പണിയുന്നത് നിരുത്സാഹപ്പെടുത്തേണ്ടിയിരിക്കുന്നു. ഇതിന് പ്രതിവിധിയായി പഞ്ചായത്തിലേക്ക് ഒരു വരുമാനമെന്നോണം 1500 സ്ക്വയർഫീറ്റിലധികം വലുപ്പത്തിൽ പണിയുന്ന കോൺക്രീറ്റ് വീടുകൾക്ക് ചുരുങ്ങിയ ടാക്സ് 1500/- രൂപയാക്കണം. തുടർന്നുള്ള ഓരോ 100 സ്ക്വയർ ഫീറ്റിനും 200/- രൂപ വീതമെങ്കിലുമായിരിക്കണം വർദ്ധനവ്. ഇതോടൊപ്പം തന്നെ 250 സ്ക്വയർ ഫീറ്റിൽത്താഴെയുള്ള ഓടുപുരകളെ മിനിമം തുകയായ 11/രൂപയും നിജപ്പെടുത്തണം.

ദുർബലവിഭാഗങ്ങഠക്കുള്ള വായ്പാ പദ്ധതി പഞ്ചായത്തിന്റെ പൂർണ്ണ മേൽനോട്ടത്തിൽ നടത്തുന്നതോടൊപ്പം ചിലവു കുറഞ്ഞ വീടു നിർമ്മിക്കുന്ന ഏജൻസിയെ (നിർമ്മിതി കേന്ദ്ര പോലെയുള്ള) കണ്ടെത്തി ഏല്പിക്കണം. പഞ്ചായത്തിലുള്ള നിർമ്മാണത്തൊഴിലാളികളെ പ്രസ്തുത ഏജൻസിയുമായി ബന്ധപ്പെടുത്തിയാൽ ഉത്തമമായിരിക്കും. ഹരിജൻ വിഭാഗത്തിൽപ്പെട്ടവരും അല്ലാത്തവരുമായ നിർദ്ധനർക്ക് JRY പദ്ധതി പ്രകാരമുള്ള വീടു പദ്ധതി തുടർന്നും നൽകുക.

നിർമ്മാണത്തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി പഞ്ചായത്തിൽ ഒരു സഹായ സഹകരണ സംഘത്തിന് രൂപം കൊടുക്കണം.

ഓരോ വളപ്പുകളിലും നിശ്ചിത എണ്ണം പ്ലാവ്, തേക്ക്, മാവ് തുടങ്ങിയവ വെച്ചുപിടിപ്പിക്കാനുള്ള പ്രോത്സാഹനം ഉണ്ടാവണം.

# സാമൂഹ്യക്ഷേമം

സാമൂഹ്യപരമായി 50 വർഷങ്ങഠക്കിപ്പുറം പഞ്ചായത്തിൽ ധാരാളം മാറ്റങ്ങഠ ഉണ്ടായിട്ടുണ്ട്. ഓരോ വിഭാഗം ജനതയും പ്രത്യേകം പ്രത്യേകം പ്രദേശത്ത് ജീവിച്ചു വന്നിരുന്നത് ഇപ്പോഠ ഏറെ മാറ്റങ്ങഠ കാണുന്നുണ്ട്.

ബ്രാഹ്മണ സമൂഹം താമസിച്ചു വരുന്ന അഗ്രഹാരങ്ങളിൽ മറ്റു വിഭാഗങ്ങളും താമസിക്കുന്നു. പ്രത്യേകം സമുദായങ്ങഠ മാത്രം താമസിച്ചുവന്നിരുന്ന തറകളിലും ഈ മാറ്റം ദൃശ്യമാണ്. ഹരിജനങ്ങഠ താമസിക്കുന്ന അംഗീകരിക്കപ്പെട്ട ഹരിജൻ കോളനികഠ പഞ്ചായത്തിന്റെ ഒന്ന്, അഞ്ച്, എട്ട്, പത്ത് വാർഡുകളിൽ ഉണ്ട്. ഇനിയും കോളനികളായി അംഗീകരിക്കപ്പെടേണ്ടതും ഹരിജനങ്ങഠ കൂടുതൽ താമസിക്കുന്നതുമായ പ്രദേശങ്ങഠ രണ്ട്, നാല്, ആറ്, ഏഴ്, എട്ട്, ഒമ്പത് എന്നീ വാർഡുകളിൽ ഉണ്ട്.

സാമൂഹ്യമായി പുറകിൽ നിൽക്കുന്നവരാണ് കുംഭാരസമുദായത്തിൽപ്പെട്ട മൺപാത്ര-തൊഴിലാളികഠ - ഇവരെ നാല്, ഒമ്പത്, പത്ത് എന്നീ വാർഡുകളിൽ കാണാം.

വികലാംഗരായി നമ്മുടെ പഞ്ചായത്തിൽ ഉള്ള ആളുകളുടെ വ്യക്തമായ കണക്കുകഠ ലഭ്യമായിട്ടില്ല. കുട്ടികളുടെ ആരോഗ്യനിലവാരം പരിശോധിക്കുമ്പോഠ ലഘുവായ പോഷകക്കുറവുള്ളവർ ആൺകുട്ടികളിൽ 1 വയസിനു താഴെ 11% വും പെൺകുട്ടികളിൽ ഈ വിഭാഗത്തിൽ 8% വും ആണ്. 3 വയസുവരെ ഉള്ള ആൺകുട്ടികളിൽ 17% വും പെൺകുട്ടികളിൽ 16% വും ആണ്. 6 വയസുവരെ ഉള്ളവരിൽ ആൺകുട്ടികഠ 18% വും പെൺകുട്ടികഠ 16% വും പോഷകാഹാരക്കുറവുള്ളവരാണ്. മിതമായ പോഷകക്കുറവുള്ളവർ ആൺകുട്ടികളും പെൺകുട്ടികളും യഥാക്രമം 1 വയസിനു താഴെ 2% വീതവും 3 യസ്സുവരെ 11%വും 14%വും 6 വയസുവരെ 17%വും 15%വുമാണ്. ഗുരുതരമായ പോഷണക്കുറവുള്ളവർ 3 വയസിനു താഴെ 1% വീതം ഉണ്ട്. 10% ത്തോളം പേർ പ്രതിരോധ കുത്തിവെയ്പ് നടത്തുന്നില്ല. ഗർഭിണകളിൽ 50% പേർ ടി. ടി. എടുക്കാറില്ല. 10% ത്തിൽ താഴെ സ്ത്രീകഠ മാത്രമേ വീട്ടിൽ വെച്ച് പ്രസവിക്കുന്നവരായി കാണുന്നുള്ളു.

പഞ്ചായത്തിൽ കക്കൂസുകഠ ഉള്ള വീടുകളുടെ എണ്ണം നിലവിലുള്ള കണക്കുപ്രകാരം 3022 ആണ്. അതിൽ സേഫ്ടി ടാങ്ക് ഉള്ളത് 2213-ഉം ഇ. എസ്. വി. 675-ഉം മറ്റുള്ളവ 134-ഉം ആണ്. 3600-ഓളം വീടുകഠക്ക് ഇനിയും കക്കൂസുകഠ ഉണ്ടാവേണ്ടിയിരിക്കുന്നു. 89 മുതൽ 96 വരെ വീടിനും കക്കൂസിനുമായി ഹരിജനങ്ങഠക്ക് 214 കുടുംബങ്ങഠക്ക് സഹായധനം കൊടുത്തിട്ടുണ്ട്. മറ്റുപിന്നോക്ക സമുദായക്കാർക്കും ദുർബലർക്കുമായി 47 വീടുകഠ അനുവദിച്ചിട്ടുണ്ട്. ഹരിജനങ്ങഠക്കനുവദിച്ച സഹായം വീടിനും കക്കൂസുകഠക്കുമാണെങ്കിലും ഭൂരിപക്ഷം പേരും കക്കൂസുകഠക്കു ആ തുക ഉപയോഗപ്പെടുത്തിയിട്ടില്ല. 598 പേർക്ക് IRDP സ്കീം പ്രകാരം കക്കൂസുകഠ അനുവദിച്ചിട്ടുണ്ട്. ഇതിൽ 20% വും SC/ST ക്കാരാണ്.

DWCRA സ്കീം പ്രകാരം മൺപാത്ര യൂനിറ്റിന് 86 മുതൽ 94 വരെയുള്ള കാലയളവിൽ കടമ്പിടിയിൽ 18 പേർക്കും ചുണ്ടക്കാട് 18 പേർക്കും സഹായധനം നൽകിയിട്ടുണ്ട്. പായ നെയ്ത്തിന് മുതലകുളം കോളനിയിൽ 15 പേർ

ക്കും പശുവളർത്തലിന് പത്തനാപുരത്ത് 16 പേർക്കും ധനസഹായം നൽകപ്പെട്ടിട്ടുണ്ട്. ഇതിൽ പായ നെയ്ത്ത് ഒഴികെ മറ്റു യൂനിറ്റുകൾ നടന്നുവരുന്നു.

ട്രൈസം പദ്ധതി പ്രകാരം 80-81 മുതൽ 95-96 കാലഘട്ടത്തിനിടക്ക് ബാങ്കിങ്ങ്, പ്ലാസ്റ്റിക് വർക്ക്, ടൈലറിങ്ങ്, കാർപ്പൻററി, ട്രാക്റ്റർ, ഡ്രൈവിങ്ങ്, മെക്കാനിക്ക്, പ്രിൻറിങ്ങ്, പ്ലംബിങ്ങ്, റേഡിയോ, &T.V. മെക്കാനിക്, AC & റെഫ്രിജറേറ്റർ മെക്കാനിക്ക്, ഓട്ടോമെക്കാനിക് തുടങ്ങിയ ഇനങ്ങളിലായി 37 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 50% പേർ പട്ടികജാതി വിഭാഗത്തിൽപെട്ടവരാണ്.ഈ ആനുകൂല്യം ലഭിച്ചവരിൽ ഭൂരിഭാഗം പേരും അത് ഗൗരവ രൂപത്തിൽ കാണുന്നില്ല.

പഞ്ചായത്തിൽ 15 അംഗനവാടികൾ നിലവിൽ ഉണ്ട്. എന്നാൽ 7-ാം വാർഡിൽ അംഗനവാടി നിലവിലില്ല - പഞ്ചായത്തിൽ 4 മഹിളാ സമാജങ്ങൾ നിലവിലുണ്ട്. ആറാം വാർഡിൽ രണ്ട് എണ്ണവും 3, 5, വാർഡുകളിലായി ഓരോന്നുവീതവുമാണ് ഉള്ളത്.

IRDP സ്കീം പ്രകാരം തൊഴിൽ ഉപകരണങ്ങൾക്ക് സഹായത്തിന് അപേക്ഷിച്ചവർ 66. അതിൽ സഹായം നൽകിയത് 22 പേർക്കാണ്. ബാക്കി 44 പേർക്ക് ഈ ആനുകൂല്യം ഇനിയും നൽകേണ്ടിയിരിക്കുന്നു. പെൻഷൻ വിഭാഗത്തിൽ അഗതി പെൻഷൻ 181 പേർക്കും, വിധവാ പെൻഷൻ 370 പേർക്കും, വികലാംഗ പെൻഷൻ 160 പേർക്കും, അവശകലാകാരന്മാർക്കുള്ള പെൻഷൻ ഒരാൾക്കും, ക്ഷയരോഗികൾക്കുള്ള പെൻഷൻ 4 പേർക്കും, കുഷ്ഠരോഗികൾക്കുള്ള പെൻഷൻ പതിനൊന്നുപേർക്കും, കാൻസർ രോഗികൾക്കുള്ള പെൻഷൻ 10 പേർക്കും അനുവദിച്ചിട്ടുണ്ട്. കർഷക തൊഴിലാളി പെൻഷന് രണ്ടു വില്ലേജുകളിൽ നിന്നുമായി 846 പേർ അപേക്ഷിച്ചിട്ടുണ്ടെങ്കിലും ഒന്നാം വില്ലേജിൽ നിന്നും മാത്രമേ പാസാക്കിയവരുടെ കണക്ക് ലഭ്യമായിട്ടുള്ളു. തൊഴിലില്ലായ്മ വേതനത്തിനുള്ള അപേക്ഷകർ 36 ഉണ്ടെങ്കിലും അതിൽ പാസ്സയത് 11 മാത്രമാണ്. വിവാഹിതരായ സ്ത്രീകൾ ഇതിൽ 4 പേരും പാസ്സാവാത്തത് 21 പേരും ആണ്.

പ്രശ്നങ്ങൾ :-

ടാർജറ്റ് നിശ്ചയിക്കുന്നതുകൊണ്ട് എല്ലാ ആവശ്യക്കാർക്കും ധനസഹായം ലഭ്യമാകുന്നില്ല. നെടുങ്ങാടി ബാങ്ക് പോലുള്ള ചില ധനകാര്യ സ്ഥാപനങ്ങൾ വായ്പ നല്കാൻ വൈമുഖ്യം കാണിക്കുന്നുണ്ട്. IRDP പ്രകാരം വായ്പ എടുക്കുന്നവർ വായ്പ തിരിച്ചടയ്ക്കുന്നില്ല. മാത്രമല്ല, ലോൺ കൊടുത്ത ആസ്തി ദുരുപയോഗം ചെയ്യുന്നതായും കാണുന്നു. ട്രൈസം ട്രെയിനിംഗിന്സഹായധനം കിട്ടിയവർ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല. ഉപയോഗപ്പെടുത്തിയവർ തന്നെ സ്വയം തൊഴിൽ കണ്ടെത്തുന്നതിൽ താല്പര്യം കാണിക്കുകയോ ശ്രമിക്കുകയോ ചെയ്യുന്നില്ല. ചിലർ ഇതിനെ നേരംപോക്കായി കാണുന്നവരുമുണ്ട്. IRDP സർവ്വേ എടുക്കുന്ന സമയത്ത് സഹായത്തിന് അർഹരായി ഇരിക്കുന്നവർ പിന്നീട് അർഹരല്ലാതായിത്തീരുന്ന അവസ്ഥയുമാണ്. 5 വർഷത്തിനാണ് IRDP സർവ്വേ എടുക്കുന്നത്. അനർഹരായവർക്ക് വായ്പ കൊടുക്കാതിരിക്കാൻ നിയമമുണ്ടെങ്കിലും പ്രായോഗികരംഗത്ത് കാണുന്നില്ല. DWCRA യൂണിറ്റ് തുടങ്ങാൻ താല്പര്യം കാണിക്കുന്നവർ ലക്ഷ്യത്തിലെത്തിക്കുന്നില്ല. കുടുംബപരമായി ചിലർ തമ്മിലിടഞ്ഞ് നിൽക്കുന്ന അവസ്ഥയുമുണ്ട്.

അങ്കൺവാടികളിൽ കുട്ടികളെ ആഹ്ലാദിപ്പിക്കാനോ, കളിപ്പിക്കാനോ ഉള്ള സംവിധാനമില്ല. അതുകൊണ്ട് തന്നെ കളിയിലൂടെ കുട്ടികളുടെ മാനസികശേഷി വളർത്തുവാനുള്ള സൗകര്യം അവിടങ്ങളിൽ നിന്ന് കിട്ടുന്നില്ല. മൂന്നുവയസ്സു കഴിഞ്ഞ എല്ലാ കുട്ടികളും അങ്കൺവാടികളിലെത്തുന്ന അവസ്ഥയില്ല. മഹിളാസമാജങ്ങൾ പേരിനുമാത്രം രണ്ടു വാർഡുകളിലുണ്ട്. സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ മഹിളകളുടെ പങ്ക് വളരെ ശോചനീയമാണ്.

വൃദ്ധന്മാർ അവശന്മാരായി സംരക്ഷണം ലഭിക്കപ്പെടാത്ത അവസ്ഥ പഞ്ചായത്തിൻെറ ചില വാർഡുകളിലുണ്ട്. അതുപോലെത്തന്നെ കർഷക ത്തൊഴിലാളി കുടുംബങ്ങളിലെ കുഞ്ഞുങ്ങളെ ശരിയാംവണ്ണം പരിപാലിക്കാൻ അവർക്ക് കഴിയുന്നില്ല. തൊഴിലിന് പോകുമ്പോൾ കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിനുവേണ്ടി ക്രഷ് സെൻററുകൾ നടപ്പിലാക്കുക.

സാധ്യതകൾ

IRDP ടാർജറ്റ് നിശ്ചയിക്കുന്നതിന്പകരം മൊത്തത്തിലുള്ള ഗുണഭോക്താക്കളുടെ സർവ്വേ നടത്തി മുൻഗണനാ ക്രമത്തിൽ വായ്പാ സൗകര്യം അനുവദിക്കുക. ഈ സർവ്വേ നടത്തുന്നത് വളരെ ഉത്തരവാദിത്തത്തോടും ആത്മാർത്ഥതയോടും കൂടിയാവണം. ഇതിൽത്തന്നെ റജിസ്റ്റർ ചെയ്ത പലരെയും യഥാർത്ഥത്തിൽ ആവശ്യക്കാരാണോ എന്നത് ഗൗരവമായി പരിശോധിക്കണം. സർവ്വേ നടത്തുന്നത് ഉദ്യോഗസ്ഥർ എന്നതിലൊതുക്കാതെ ജനപങ്കാളിത്തത്തോടെയാവണം. വാർഡ് മെമ്പർ, സന്നദ്ധസംഘടനയുടെ ഒരു പ്രതിനിധി എന്നിവർ ഈ സർവ്വേ നടത്തുന്ന സംഘത്തിൽ ഉണ്ടായിരിക്കണം. സർവ്വേ നടത്തുമ്പോൾത്തന്നെ ഏതെല്ലാം മേഖലകളിൽ കൂടുതൽ തൊഴിലവസരങ്ങളും മറ്റ് ആവശ്യകതകളും ഉണ്ടെന്ന് മുൻകൂട്ടി കണ്ടെത്തണം.

ട്രൈസം പദ്ധതിപ്രകാരം യുവാക്കളെ അണിനിരത്തിക്കൊണ്ട് കഴനി - ചുങ്കത്ത് (9-ാം വാർഡിൽ) ഒരു ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് നടത്തുന്നതിന് എല്ലാ സാദ്ധ്യതയുണ്ട്. സ്വയം തൊഴിൽ കണ്ടെത്തുന്നതിൻെറ ഭാഗമായി സർക്കാരിൻെറ സഹായത്തോടെ ആയത് നടപ്പിലാക്കണം.

2-ാം വാർഡിൽ അഭ്യസ്തവിദ്യരായ ധാരാളം വനിതകളുണ്ട്. ഇവരെ അണിനിരത്തി പ്രിൻറിംഗ് പ്രസ്സ്, പ്ലാസ്റ്റിക്ക് വർക്ക് ഇവയിൽ ഏതെങ്കിലും നടത്താവുന്നതാണ്. സ്വയംതൊഴിൽ കണ്ടെത്തുന്നതിൻെറ ഭാഗമായി ഇത് പരിഗണിക്കേണ്ടതാണ്. 6-ാംവാർഡിൽ മഹിളകളെ അണിനിരത്തി പുസ്തക നിർമ്മാണയൂണിറ്റിന് സാധ്യതയുണ്ട്.

വനിതകൾ ചേർന്ന് 6-ാം വാർഡിലും 10-ാം വാർഡിലും ഓർക്കിഡ് പുഷ്പകൃഷി നടത്താവുന്നതാണ്. ഇതിന്ലളിതമായ വ്യവസ്ഥയിൽ സഹകരണസംഘങ്ങളിൽ നിന്നും വായ്പാ സൗകര്യം സ്വീകരിക്കാവുന്നതാണ്. ട്രൈസം പദ്ധതിപ്രകാരം പ്രിൻറിംഗ് രംഗത്ത് പരിശീലനം നേടിയ ആളുകളെ ഉപയോഗപ്പെടുത്തി പ്രിൻറിംഗ് പ്രസ്സ് പഞ്ചായത്തിൽ തുടങ്ങാവുന്നതാണ്.

അഭ്യസ്തവിദ്യരും അത്യാവശ്യം സാമ്പത്തികശേഷിയുള്ളവരുമായ ഗ്രാമീണ വനിതകളെ അണിനിരത്തി ഒരു ഗ്രാമീണ ബാങ്കിംഗ് സംവിധാനം നിലവിൽകൊണ്ടുവരാവുന്നതാണ്. പ്രാദേശികമായി 10-ഉം 20-ഉം വീടുകാർ ചേർന്ന് 'കുറി' നടത്തുന്നസമ്പ്രദായം ഇവിടുടെ പ്രദേശത്തുണ്ട്. ഇത് വാർഡടിസ്ഥാനത്തിലോ പഞ്ചായത്ത് അടിസ്ഥാനത്തിലോ ക്രമീകരിച്ച് മറ്റ് നിക്ഷേപങ്ങൾ സ്വീകരിച്ചും ഇതൊരു ബാങ്കിംഗ് രീതിയിലേക്ക് കൊണ്ടുവരാവുന്നതാണ്. വനിതകൾക്ക് ഉള്ള ഒരു തൊഴിലും സമ്പാദ്യവുമായി ഇതിനെ മാറ്റിയെടുക്കാം. സാമ്പത്തിക കുടുംബങ്ങളിലെ വന്ദ്യവയോധികരായ വൃദ്ധജനങ്ങളെ സംരക്ഷിക്കുന്നതിന് വൃദ്ധമന്ദിരം ഉണ്ടാവണം.

ഓരോ വാർഡിലും കർഷകത്തൊഴിലാളികളുടെ കുഞ്ഞുങ്ങളെ പരിപാലിക്കുന്നതിന്വേണ്ട ക്രഷുകൾ ഉണ്ടാവണം. ആയതിന് സ്ഥലസൗകര്യം തല്ക്കാലം വാടകകെട്ടിടങ്ങളിൽ കാണുകയും തുടർന്ന് സ്ഥിരം കെട്ടിടം ഉണ്ടാവുകയും വേണം. കെട്ടിടങ്ങൾ പണിയുന്നതിനുള്ള സ്ഥലം പുറപോക്ക് സ്ഥലങ്ങളിൽ നിന്നോ മറ്റ് വ്യക്തികളിൽ നിന്നോ സമ്പാദിക്കേണ്ടതാണ്.

മേൽകാര്യങ്ങൾക്കെല്ലാം തന്നെ ജനകീയ സംവിധാനമുപയോഗിച്ച് ബാങ്കുകളുടെ സേവനം തേടേണ്ടതാണ്. സാമൂഹ്യക്ഷേമവകുപ്പിൻ കീഴിലുള്ള എല്ലാ സഹായങ്ങളെക്കുറിച്ചും ബോധവല്ക്കരണം നടത്തുന്നതിന് ഗ്രാമസഭകളെ ഉപയോഗപ്പെടുത്തണം.

വീടില്ലാത്തവർ ഗ്രാമസഭാ റിപ്പോർട്ട്പ്രകാരം

| വാർഡ് | എണ്ണം |
|---|---|
| ഒന്ന് | 150 |
| രണ്ട് | 150 |
| മൂന്ന് | 100 |
| നാല് | 150 |
| അഞ്ച് | 100 |
| ആറ് | 200 |
| ഏഴ് | 150 |
| എട്ട് | 125 |
| ഒമ്പത് | 150 |
| പത്ത് | 200 |
| പതിനൊന്ന് | 150 |
| ആകെ | 1625 |

# 5 8

# വനിതക്ഷേമം

പഞ്ചായത്തിൽ വനിതാരംഗം വളരെ പുറകിലാണ്. സർക്കാറിൻെറ വനിതാക്ഷേമ പരിപാടിയിൽ ഉൾപ്പെടുന്ന ഒന്നും തന്നെ പഞ്ചായത്തിൽ ഇല്ല. പുരാണങ്ങളിൽ സീതയേയും ദ്രൗപതിയേയും ഉയർത്തികാട്ടിയിരുന്ന പാരമ്പ്യമുള്ള ആർഷഭാരത സംസ്ക്കാരം വനിതകൾക്ക് മേൽ യതൊരുവിധ പുരരോഗതിയുടെയും സ്പർശനമേൽക്കാതെ കിടക്കുന്ന ഒരു ചിത്രമാണ്. ഇന്ന് പഞ്ചായത്തിലുള്ള എല്ലാ മേഖലയിലും വനിതകളുടെ സ്ഥിതി ഇതിലൂടെ വ്യക്തമാവുന്നുണ്ടല്ലോ.

പരമ്പാരാഗത വ്യവസായരംഗത്ത്, കാർഷികമേഖലയിലും ഒരു കാലത്ത് വനിതകൾ മുന്നേറിയുരുന്നുവെങ്കിൽ ഇന്ന് അതെല്ലാം തന്നെ അനാകർഷകമായി സാമ്പത്തിക പരിതസ്ഥിതിയിൽ ഇവയിൽ നിന്ന് പിന്മാറാൻ പ്രേരിപ്പിക്കുന്നതൊഴിൽ മേഖലയിൽ നിപുണതയിലൂടെയും കൂലിയുടെയും ഏറ്റകുറച്ചിലും തീരാശാപമായിമുന്നേറുകയാണ്. കാർഷിക മേഖലയിൽ പണിയെടുക്കുവാനുള്ള വിമുഖത ഇവരെ മറ്റ് നിർമ്മാണമേഖയിലേക്ക് ചേക്കേറിപ്പിച്ചിരിക്കുന്നു.

പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 52% സ്ത്രീകളാണ്. എന്നാൽ പട്ടികജാതിയിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെക്കാളും 217 സ്ത്രീകൾ കുടുതലാണ്. മൊത്തം ജനസംഖ്യയിൽ (24,783) 1000 പുരുഷന്മാർക്ക് 1079 സ്ത്രീകൾ വരും. 1995 ലെ കണക്കനുസരിച്ച് പഞ്ചായത്തിൽ ആകെ 4703 വീടുകളും അതിൽ 4796 കുടുംബങ്ങളും ഉണ്ട്. 22% ത്തോളം വീടുകൾ വനിതകളുടെ നിയന്ത്രണത്തിലാണ്.

വിദ്യാഭ്യാസ യോഗ്യതയുള്ള സത്രീകളുടെ എണ്ണം പുരുഷന്മാരെക്കാളും 16% കുറവാണെന്ന് കണക്കുകളിലൂടെ കാണുന്നു സാക്ഷരതയിൽ 87.62 % പുരുഷന്മാരാണെങ്കിൽ 71.80% മാത്രമെ സ്ത്രീകൾ ഉള്ളൂ.

കർഷകതൊഴിലാളികൾ, അധ്യാപകർ, പാരമ്പര്യതൊഴിലുകളായ മൺപാത്രനിർമ്മാണം, കൊട്ട, വട്ടി, പരമ്പ്നെയ്ത്ത്, പായനെയ്ത്ത്, വറ്റൽ

(കപ്പ) ഇഷ്ടിക നിർമ്മാണം, തീപ്പെട്ടി, ബീഡി വ്യവസായം എന്നിവയിലും സ്ത്രീകൾ കൂടുതലയി പണിയെടുക്കുന്ന മേഖലകളാണ്. അൻപത് ശതമാനത്തിലേറെ സ്ത്രീ തൊഴിലാളികൾ ആവശ്യമുള്ള ഇവിടെയും ഭാഗികമായിട്ടാണ് തൊഴിൽ ലഭിക്കുന്നത്.

പൊതു പ്രവർത്തനത്തിൻെറ എല്ലാ മേഖലയിലും തന്നെ വനിതകളുടെ പങ്ക് വളരെയേറെ ശോചനീയമാണ്. പഞ്ചായത്ത് തലത്തിലോ വില്ലേജ് തലത്തിലോ പ്രവർത്തിക്കുന്ന വിവിധ ബഹുജനസംഘടനകളുടെ ഭാരവാഹികളിൽ വിരലിൽ എണ്ണാവുന്നത്ര പോലും ഇല്ലെന്ന് കാണക്കുകൾ കാണിക്കുന്നു.

പഞ്ചായത്തിൽ വനിതകളുടെതായ തൊഴിൽ സ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. തൊഴിൽ രഹിതരായ യുവജനങ്ങളിൽ കൂടുതലും വനിതകളാണ്.

പഞ്ചായത്തിലെ വെയിറ്റിംഗ് ഷെഡുകളിൽ പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തത് ദൂരെ നിന്ന് വന്ന് ബസ്സ് കാത്ത് നിൽക്കുന്ന സ്ത്രീകളുടെ അവസ്ഥ വളരെയധികം പരിതാപകരമാണ്.

ആരോഗ്യ വിദ്യാഭ്യാസ കാര്യത്തിലും സ്ത്രീകളുടെ അറിവും പരിമിതമാണ്. അതിനെ കുറിച്ചുള്ള ബോധവൽക്കരണം ചുരുങ്ങിതോതിലാണുള്ളത്. കുട്ടികളുടെ ആരോഗ്യ ശുചിത്വത്തിലും വേണ്ടത്ര ബോധവൽക്കരണം ഇല്ല.

**പ്രശ്നങ്ങൾ**

വനിതകൾ സംഘടിതരല്ല. വനിതകൾക്ക് ഒന്നിച്ച് ചേർന്ന് പ്രവർത്തിക്കുവാൻ മഹിളാസമാജംപോലുള്ള സാമൂഹ്യ സംഘടനകൾ ഒന്നും തന്നെയില്ല.

സ്ത്രി - പുരുഷൻ തൊഴിൽചെയ്യുന്ന എല്ലാ മേഖലയിലും വേതന ഏകീകരണമില്ലായ്മ.

വ്യവസായം തുടങ്ങുവാനുള്ള അറിവില്ലായ്മയും പരിശീലനമില്ലായ്മയും ആമേഖലകളിൽ നിന്ന് സ്ത്രീകൾ മാറി നിൽക്കുന്നു.

സാമ്പത്തിക പരാധീനത വ്യവസായങ്ങൾ തുടങ്ങുവാനും സാമൂഹിക രംഗത്ത് പ്രവർത്തിക്കുവാനും വനിതകൾക്ക് തടസ്സമായി നിൽക്കുന്നു.

സാമൂഹികമായും ആരോഗ്യപരമായും ഉള്ള കാര്യങ്ങൾ ഒന്നും തന്നെ വനിതകൾ അറിയുന്നില്ല.

കാർഷിക മേഖലയിൽ ആവശ്യത്തിന് സ്ത്രീതൊഴിലാളികളെ കിട്ടുന്നില്ല. ഉള്ളവർക്ക് തന്നെ കാർഷിക പ്രവൃത്തിയിൽ താൽപര്യമില്ല.

വിവിധ പെൻഷനുകൾ യഥാസമയത്ത് കിട്ടുന്നില്ല. അരഹാരായവർക്ക്മുഴുവനും പെൻഷൻ ലഭിക്കുന്നില്ല. വിധവകളുടെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിലേയും പെൺകുട്ടികളുടെ വിവാഹത്തിന് ലഭിക്കുന്ന ധനസഹായം യഥാസമയം ലഭിക്കുന്നില്ല.

സ്ത്രീകളുടെ ജോലിഭാരം ഇരട്ടിയാണ്. ജോലിഭാരം അവരുടെ ആരോഗ്യസ്ഥിതിയെ ബാധിക്കുന്നു. ചില കുടംബങ്ങളിൽ അനാരോഗ്യം മൂലം മരണംപോലും സംഭവിക്കുന്നു.

പൊതുരംഗത്ത് സത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്.

DWCRAപശുവളർത്തൽ യൂണിറ്റ് പത്തനാപുരത്ത് ഒന്ന് ഉണ്ട്.

സത്രീകളുടെ നേതൃത്വഗുണം വർധിപ്പിക്കുന്നതിനുള്ള പരിപാടികൾ ഒന്നും തന്നെ ഇല്ല.

മദ്യം പൂർണ്ണമായും നിരോധിക്കുകയും അതിന് കർശനമായ നിയമ നടപടികൾ പഴുതില്ലാതെ ഉണ്ടാക്കുകയും ചെയ്യണം.

സ്ത്രീധന നിരോധനം, സ്ത്രീധനപീഡനം എന്നിവ നിലവിലുള്ള നിയം മൂലം കർശനമാക്കണം.

വനിതാ സഹകരണ സംഘങ്ങളുടെ അഭാവം പഞ്ചായത്തിൽ ഒരു വലിയ പ്രശ്നമാണ്.

**സാധ്യതകൾ**

വനിതകൾക്കായുള്ള തയ്യൽ പരിശീലനകേന്ദ്രവും അതിനോടനുബന്ധിച്ച് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ്, പ്ലാസ്റ്റിക് വയർ കൊണ്ടുള്ള ഉപകരണങ്ങൾ നിർമ്മിക്കാം.

വനിത വ്യവസായ യൂണിറ്റുകളായ മസാല പൊടികഠം, വറ്റലുകഠം, ജാമുകഠം, അച്ചാറുകഠം, പപ്പടം, സോപ്പ്, ബേക്കറി ഉൽപ്പന്നങ്ങഠം, മെഴുകുതിരി, ചന്ദനത്തിരി, തീപ്പെട്ടി, കൗതുകവസ്തുക്കളുടെ നിർമ്മാണം, പ്ലാസ്റ്റിക് ഉപകരണങ്ങഠം എന്നിവ ●ൽങ“ക്ക യൂണിറ്റ് വഴി നടത്തിയാൽ വളരെയധികം സ്ത്രീകഠംക്ക് പ്രയോജനം ഉണ്ടാവും.

പശു, ആട്, കോഴി, മുയൽ, പന്നി എന്നിവ വളർത്തുന്നതിന് ഐ. ആർ. ഡി. പി. വഴി സ്ത്രീകഠംക്ക് സാമ്പത്തിക സഹായം നൽകുക.

, പച്ചക്കറി, കുറ്റിമുല്ല കൃഷി ചെയ്യുന്നതിന് ധനസഹായവും വിപണന സൗകര്യവും ചെയ്താൽ വൻസാധ്യതകഠം ഈ മേഖലയിൽ ഉണ്ടാവുന്നതാണ്.

കൈത്തറി ,നൂൽ നൂൽപ്പ്, ചർക്ക എന്നിവയിൽ ഖാദി ബോർഡിന്റെ സഹായത്തോടെ പരിശീലനം നൽകുകയും തൊഴിലിനുള്ള പദ്ധതി ഉണ്ടാക്കുകയും ചെയ്യണം.

വനിതകഠംക്ക് വേണ്ടിയുള്ള തൊഴിൽ സംരംഭങ്ങളിലുള്ള നിയമ തടസ്സം നീക്കി ഉദാരവൽക്കരണത്തിലൂടെ അവരെ വ്യവസായ രംഗത്ത് കൊണ്ടുവരാനുള്ള പ്രോത്സാഹനം കൊടുക്കേണ്ടതാണ്.

വനിതകളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും പൊതുരംഗത്ത് പ്രവർത്തിപ്പിക്കുന്നതിനും പൊതുജന സമ്പർക്കത്തിനും വ്യവസായ യൂണിറ്റുകഠം മുഖേന സാധ്യമാവും. സ്ത്രീകഠംളുടെ പ്രശ്നങ്ങഠം കൈകാര്യം ചെയ്യുന്നതിനും അവർക്ക് വേണ്ട നിയമോപദേശങ്ങളും മറ്റും നൽകുന്നതിനായി വിദഗ്ധരുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുന്ന ഫാമിലി കൗൺസിൽ സെൻററുകളുടെ പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം.

# 5 9

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

ആലത്തൂർ ബ്ലോക്കിലെ പട്ടികജാതി വിഭാഗത്തിനായി സംവരണം ചെയ്യപ്പെട്ട ഒരു പഞ്ചായത്താണ് കാവശ്ശേരി. 1991-ലെ സെൻസസ് അനുസരിച്ചുള്ള 24782 ജനങ്ങളിൽ 6799 പേരും പട്ടികജാതിക്കാരാണ്. ഇതിൽ 3291 പേർ പുരുഷന്മാരും 3508 പേർ സ്ത്രീകളുമാണ്. ഇവർ പഞ്ചായത്തിലെ മൊത്തം ജനസംഖ്യയിൽ 27.43% വരും. പട്ടികവർഗ്ഗത്തിൽപ്പെട്ട ആദിവാസികൾ എന്ന ജനവിഭാഗം (മലയർ) വളരെകാലമായി പഞ്ചായത്തിലെ ഒന്നാംവാർഡിൽ പത്തനാപുരത്ത് താമസിച്ചു വരുന്നുണ്ട്. എന്നാൽ അവരെക്കുറിച്ച് സെൻസസിലൊ പഞ്ചായത്ത് ഉൾപ്പെടെയുള്ള ഔദ്യോഗിക സ്ഥാപനങ്ങളിലെ രേഖകളിലൊ ഒന്നും തന്നെ കാണുന്നില്ല.

ചെറുമൻ, പറയൻ, മണ്ണാൻ, പാണൻ, നായാടി, കവറ എന്നീ വിഭാഗക്കാരാണ് പട്ടികജാതിക്കാരായി ഈ പഞ്ചായത്തിലുള്ളത്. ചെറുമരിൽ വളരെ കൂടുതൽ ആളുകളും കാർഷികവൃത്തിയെ മുഖ്യ തൊഴിലായി കൊണ്ടു നടക്കുന്നു. ഈരപ്പണിയും, ഞാറുവലിയുമാണ് പറയരുടെ മുഖ്യതൊഴിൽ. വസ്ത്രം അലക്കിയെടുക്കൽ പ്രധാന തൊഴിലായി മണ്ണാന്മാർ ഇന്നും തുടർന്നു വരുന്നു. ക്ഷുരകപ്പണിയും അതോടൊപ്പം ഓലക്കുട നിർമ്മാണവുമുണ്ട്. പാണസമുദായക്കാർ. എലിമാളങ്ങളിലെ നെല്ല് ശേഖരണവും പാമ്പ് പിടുത്തവും ഉപജീവനമാർഗ്ഗമായി നായാടി സമുദായം കൊണ്ടു നടക്കുന്നു. കുട്ടയും വട്ടിയും നെയ്യുന്നതൊഴിൽ കവറ സമുദായംപരമ്പരാഗതമായി സ്വീകരിച്ചുവരുന്നു.

കാലാകാലങ്ങളിൽ സർക്കാരുകൾ നടപ്പിലാക്കുന്ന ക്ഷേമ പ്രവർത്തനങ്ങളിലൂടെ ഇവരുടെ ജീവിതരീതിയിലും തൊഴിൽ രീതിയിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. കാർഷികമേഖലയിൽ ഇവർ പുരുഷന്മാരും സ്ത്രീകളും തുല്യമായ പങ്കാണ് നിർവ്വഹിക്കുന്നത്. ഇവിടെ ഈ മേഖലയിൽ പുരുഷ തൊഴിലാളിക്ക് 65-75 രൂപയും സ്ത്രീക്ക് 30-35 രൂപയും കൂലിനിരക്കുണ്ട്. എന്നാൽ കാർഷിക പ്രാധാന്യമുള്ള മേഖലയായതിനാൽ കൂലി കൊടുക്കൽ ഏറിയകൂറും നെല്ലായിട്ടാണ് നൽകാറുള്ളത്. കാർഷിക രംഗത്ത് കൊയ്ത്ത് കാലം കഴിഞ്ഞാൽ ഇഷ്ടിക

പണിക്കും മറ്റ് പണികൾക്കുമായി മറ്റ് പ്രദേശങ്ങളിലേക്ക് ഇവർ കുടുംബത്തോടെ പോകുന്നു. കുറച്ച് ആളുകൾ വിവിധ പണികൾ ചെയ്ത് വരുന്നു. തൃശൂർ ഭാഗങ്ങളിൽ തൊഴിലിനുപോകുന്ന ഇത്തരക്കാർ ഇഷ്ടികക്കളങ്ങളിൽ മുതലാളിമാരുടെ കടുത്ത ചൂഷണത്തിനിരയാവുന്നുണ്ട്. രണ്ടോ മൂന്നോ വർഷത്തേക്ക് ഇവരെ പണിയെടുപ്പിക്കുന്നതിനുവേണ്ടി പണം കടം കൊടുക്കാൻ ഇഷ്ടിക മുതലാളിമാർ തയ്യാറാവുന്നു. ദാരിദ്ര്യം കൊണ്ട് പണം വാങ്ങിയ ഈ വിഭാഗം പിന്നീട് തുക തിരിച്ചടക്കാനാവാതെ പീഡനങ്ങൾക്ക് വിധേയരാവേണ്ടി വരുന്ന അവസ്ഥയും ഈ പഞ്ചായത്തിൽ കണ്ടുവരുന്നു.

പഴയ കാലങ്ങളിൽ വിദ്യാഭ്യാസം നേടാൻ ഇവർ ശ്രദ്ധിച്ചിരുന്നില്ല. വീട്ടിലെ ദാരിദ്യവും, കുട്ടികളെ നോക്കലും വിദ്യാഭ്യാസം നേടുന്നതിന് ഇവർക്ക് കഴിയാതെ വന്നിട്ടുണ്ട്. ഇവരുടെ നില മെച്ചപ്പെടുത്തുന്നതിനുവേണ്ടി സർക്കാരുകൾ വിവിധ ക്ഷേമപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. അതുകൊണ്ട് അടുത്തകാലത്തായി വിദ്യാഭ്യാസ കാര്യങ്ങളിൽ പുരോഗതി ആർജ്ജിക്കാൻ ഇവർക്ക് കഴിയുന്നു. സർക്കാർ പ്രവർത്തനങ്ങളിലൂടെ വിദ്യാഭ്യാസ രംഗത്തേക്ക് ഇവരെ ആകർഷിക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ട് തന്നെ വിദ്യാഭ്യാസ കാര്യത്തിൽ പഞ്ചായത്തിലെ ഇതര ജനവിഭാഗങ്ങൾക്കൊപ്പമൊ തൊട്ടടുത്തോ എത്താൻ ഇവർക്ക് കഴിഞ്ഞിട്ടുണ്ട്. സർക്കാർ നൽകുന്ന പ്രോത്സാഹനങ്ങൾ വേണ്ടത്ര പ്രയോജനപ്പെടുത്താത്ത അവസ്ഥയും നിലവിലുണ്ട്. SSLC വരെ ഇത്തരം വിഭാഗങ്ങളിൽ നിന്ന് കുറഞ്ഞതോതിൽ പഠനം നടത്താൻ എത്തുന്നുണ്ടെങ്കിലും ഉപരിപഠനത്തിന് പോകുന്നവർ ദുർലഭമാണ്. സാമ്പത്തിക പരാധീനതയും, ഇതിനെ സംബന്ധിച്ച അജ്ഞതയുമാണ് ഇതിനുകാരണം.

മുൻകാലങ്ങളിൽ ഈ വിഭാഗങ്ങൾക്ക് പ്രത്യേകം പ്രത്യേകം കലയും സംസ്കാരവും ഉണ്ടായിരുന്നു. പുരാതന ആചാരങ്ങളായ തോറ്റംപാട്ട്, കതിര്, ആളുവേല, പറവേല, പൊന്നുംപൂവ് തുടങ്ങിയ ഉത്സവങ്ങൾ ഇന്നും ഇവർ നടത്തിയിരുന്നു. ഒരു കാലത്ത് ഈ പഞ്ചായത്തിൽ സജീവമായിരുന്ന പുള്ളുവൻപാട്ട് ഇന്ന് അപ്രത്യക്ഷമാണ്. പൊറാട്ടുനാടകം, ചെണ്ടവാദ്യം, പറവാദ്യം എന്നിവ ഇവരുടെ പ്രധാന കലയാണ്. തോറ്റംപാട്ടും ഇവരുടെയിടയിൽ കണ്ടുവരുന്നു. ഓരോ വിഭാഗക്കാർക്കും പ്രത്യേകം ആരാധനക്രമങ്ങളും പ്രത്യേകം പ്രതിഷ്ഠകളുമുണ്ട്. അമ്പലങ്ങളുമായി ബന്ധപ്പെട്ട ഉത്സവങ്ങളും ഇവർ നടത്താറുണ്ട്.

പറയർ, നായാടി വിഭാഗങ്ങളൊഴികെ മറ്റ് വിഭാഗങ്ങൾ ഇതരസമുദായങ്ങളുമായി ഇടപഴകിയാണ് ജീവിക്കുന്നത്. വിവാഹമുൾപ്പടെയുള്ള സാമൂഹ്യചടങ്ങുകളിൽ വേർതിരിവില്ലാത്ത ചുറ്റുപാടാണ് ഇവിടെ കണ്ടുവരുന്നത്. ഇതര ജനാധിപത്യ പ്രസ്ഥാനങ്ങളുടെ ഇടപെടലിൻെറ ഭാഗമായി ഈ ജനതക്ക് ഉയർന്ന സാമൂഹ്യബോധവും അവകാശബോധവും ആർജ്ജിക്കാൻ ഒരളവോളം കഴിഞ്ഞിട്ടുണ്ട്. രാഷ്ട്രീയ പ്രസ്ഥാനങ്ങളിലും സാമൂഹ്യസംഘടനകളിലും നേതൃനിരയിലേക്കുയരാനും ഇവർക്ക് ഈ പഞ്ചായത്തിൽ കഴിഞ്ഞിട്ടുണ്ട്. ഇവരുടെ കുട്ടികളിൽ കലാകായിക അഭിരുചി കാണാൻ കഴിയും. എന്നാൽ അവയെ പ്രോത്സാഹിപ്പിച്ച് സമൂഹത്തിൻെറ പൊതുധാരയിലെത്തിക്കാൻ ശ്രമകരമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടതുണ്ട്.

പട്ടികജാതി വികസനവകുപ്പും, പട്ടികജാതി/ വർഗ്ഗ കോർപ്പറേഷനും നിരവധി ക്ഷേമപ്രവർത്തനങ്ങൾ ഇവർക്കുവേണ്ടി പ്ലാൻ ചെയ്യുന്നുണ്ട്. എന്നാൽ ഇതിൻെറ ഗുണം യഥാർത്ഥ ഗുണഭോക്താക്കളിൽ പലപ്പോഴും എത്താറില്ല. ഹരിജനങ്ങളുടെ ഉന്നമനത്തിനു വേണ്ടി ഗവർമെൻറ് പഞ്ചായത്തിലൂടെ SCP മുഖാന്തിരം ക്ഷേമപ്രവർത്തനം നടത്തുന്നുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ JRY പ്രകാരം 22% തുക ഇവർക്കുവേണ്ടി നീക്കിവെക്കുന്നുണ്ട്.

സ്വാതന്ത്ര്യാനന്തര കാലഘട്ടങ്ങളിൽ ഇവർ ശോചനീയമായ ജീവിതമാണ് നയിച്ചിരുന്നത്. അവശത അനുഭവിക്കുന്ന ഇത്തരം ജനവിഭാഗത്തെ പുനരധിവസിപ്പിക്കുന്നതിനും സമൂഹത്തിൻെറ പൊതുധാരയിലെത്തിക്കുന്നതിനും ഗവണ്മെൻറ് തലത്തിൽ പ്രത്യേക പദ്ധതികൾ തന്നെ ആവിഷ്കരിച്ചു. ഇതിൻെറ ഭാഗമായി ഇവർ താമസിച്ച പ്രദേശങ്ങളെ കോളണികളായി പ്രഖ്യാപിച്ച് അടിസ്ഥാന സൗകര്യങ്ങൾ വരെ ഉണ്ടാക്കികൊടു

ക്കുന്നുണ്ട്. ഇപ്പോഴും അടിസ്ഥാന സൗകര്യമില്ലാത്ത നിരവധി കോളണികളുണ്ട്. IHDP കോളണിയായി അംഗീകരിക്കപ്പെട്ട കോളണികളുമുണ്ട്. ഒറ്റപ്പെട്ട താമസിക്കുന്ന കുടുംബങ്ങളും ഈ വിഭാഗത്തിലുണ്ട്.

## അംഗീകരിച്ച കോളണികൾ

മുതലകുളം കോളണി

എരകുളം കോളണി

എടത്തിൽ കോളണി (IHDP)

കല്ലട്ട കോളണി (IHDP)

വാഴാമ്പള്ളം കോളനി (IHDP)

മുട്ടാളക്കൽ കോളണി (IHDP)

## അംഗീകരിക്കേണ്ട കോളണികൾ

| | | |
|---|---|---|
| വാർഡ് 1 | - | ആറാപ്പുഴ കോളണി, മുത്താനോട് കോളണി, ചേറുംകോട് കോളനി, പത്തനാപുരം ആദിവാസി കോളണി |
| വാർഡ് 2 | - | പള്ളംകോളണി, ചേരിക്കൽ കോളണി, ഇലാക്കോട് കോളനി, വടക്കെത്തറ കോളനി |
| വാർഡ് 4 | - | പെരിങ്ങാട് കോളണി, പാറപ്പുറം കോളണി |
| വാർഡ് 5 | - | കൊടിൽപ്പാടം കോളണി |
| വാർഡ് 6 | - | കുന്നുംപുറം കോളണി, ആയക്കോട് കോളണി |
| വാർഡ് 7 | - | തെക്കേക്കളം കോളണി, ചീനിക്കോട് കോളണി |
| വാർഡ് 8 | - | കാക്കമ്പാറ - പള്ളിക്കുളം കോളണി, പാലത്തൊടി കോളണി പീച്ചോട് കോളണി, തെക്കുമുറി കോളണി |
| വാർഡ് 9 | - | വള്ളിക്കാട് കോളണി, കിഴക്കേപ്പാടം കോളണി, കുന്നുപുറം, മുണ്ടൻ കോളനി |
| വാർഡ് 10 | - | തെക്കേത്തറ, കാവുങ്ങൽ പീച്ചൻക്കോട് നായാടി കോളണി |
| വാർഡ് 11 | - | പള്ളം - നടക്കാവ് കോളണി |

**കോളണികളിലെ പ്രശ്നങ്ങൾ**

1. കോളണികളിൽ അടിസ്ഥാന സൗകര്യങ്ങളായ വെള്ളം, കക്കൂസ് എന്നിവയില്ല.
2. വൈദ്യുതി ഒട്ടുംതന്നെ ഇവരുടെ പ്രദേശങ്ങളിൽ എത്തിയിട്ടില്ല.
3. കോളണികളിലേക്ക് എത്തിപ്പെടാൻ റോഡുകളില്ല.
4. സ്വന്തമായി ഭൂമിയില്ല.
5. വീട് വെക്കാൻ 4 സെൻറ് സ്ഥലം പോലുമില്ലാത്ത നിരവധിയാളുകളുണ്ട്.
6. ഓലപ്പുരകളിൽ താമസിക്കുന്നവർ ഏറെയാണ്.
7. കൈവശഭൂമിക്ക് രേഖയില്ല.
8. ഇവർക്ക് പൊതുശ്മശാനം ഇല്ല.
9. കാർഷിക മേഖലയിലെ പണി കഴിഞ്ഞാൽ മറ്റ് പണികളൊന്നും ഇല്ലാത്തതിനാൽ ദാരിദ്ര്യം അനുഭവിക്കുന്നവരുണ്ട്.
10. കോളണികളിൽ തിങ്ങിപാർക്കുന്നതുകൊണ്ട് കക്കൂസ് നിർമ്മിക്കാൻ സ്ഥലപരിമിതി.
11. കോളണികളിലെ ശുചിത്വമില്ലായ്മ, പരിസരമലിനീകരണം എന്നിവ ഇവരുടെ ആരോഗ്യത്തെ ബാധിക്കുന്നു.
12. പകർച്ചവ്യാധികൾ കോളണികളിൽ കണ്ടുവരുന്നുണ്ട്.
13. ആനുകൂല്യങ്ങൾ കിട്ടാൻ ആഗ്രഹമുണ്ടെങ്കിലും വാങ്ങിയെടുക്കാൻ അലസത കാട്ടുന്നു.
14. ആനുകൂല്യങ്ങളെ സംബന്ധിച്ച് ഇവർക്കിടയിൽ അജ്ഞത നിലനിൽക്കുന്നു.
15. കിട്ടുന്ന ആനുകൂല്യങ്ങൾ ദുരുപയോഗം ചെയ്തുവരുന്നതായി കാണുന്നു.
16. സാമ്പത്തിക പരാധീനത വിദ്യാഭ്യാസകാര്യത്തിൽ നിഴലിക്കുന്നു.
17. കുട്ടികളെ നിർബന്ധിച്ച് വിദ്യാഭ്യാസം ചെയ്യിക്കാൻ രക്ഷിതാക്കൾ താൽപര്യം പ്രകടിപ്പിക്കുന്നില്ല.
18. ഉന്നതവിദ്യാഭ്യാസം നേടിയിട്ടും തൊഴിലില്ലാതെ അഭ്യസ്തവിദ്യർ അലയുന്നു.
19. തൊഴില് നേടാൻ പണം കൊടുക്കാനില്ലാത്തതുകൊണ്ട് തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർ കോളണികളിൽ കണ്ടുവരുന്നു.
20. ഗ്രാൻറ് വീടുകൾക്ക് വൈദ്യുതി നൽകാൻ കാലതമസം.

പ്രശ്നപരിഹാരം

അംഗീകരിക്കാത്ത കോളണികളെല്ലാം തന്നെ IHDP-യായി പ്രഖ്യാപിക്കുകയും അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യുക.

2. ഈ വിഭാഗത്തിലെ അഭ്യസ്ഥവിദ്യർക്ക് ഗവണ്മെൻറ് മേഖലയിൽ ജോലി തരപ്പെടുത്തണം.
3. ഇവർക്കുവേണ്ടി നടത്തുന്ന സ്കീമുകൾ എല്ലാം തന്നെ പ്രാവർത്തികമാക്കുന്നുണ്ടോ എന്ന പരിശോധന ഇടക്കിടെ നടത്തണം.
4. ഹരിജനങ്ങൾക്കുവേണ്ടി നടപ്പിലാക്കുന്ന സ്കീമുകൾ ഇടനിലക്കാർ തട്ടിയെടുക്കുന്നത് തടയപ്പെടണം.
5. സ്വയം തൊഴിൽ സംരംഭകർക്ക് ആവശ്യമായ ധനസഹായം ഉപാധികളില്ലാതെ നൽകുക.
6. കാലപ്പഴക്കം കൊണ്ട് ജീർണ്ണിച്ച ഗ്രാൻറ് വീടുകൾ പുനർനിർമ്മിക്കാനോ നന്നാക്കാനോ ധനസഹായം നൽകുക.
7. ഹരിജൻ വീടുകൾ വയറിംഗ് ചെയ്യാൻ ധനസഹായം നൽകണം.
8. കോളണികൾക്കെല്ലാം തന്നെ റോഡു സൗകര്യം ഏർപ്പെടുത്തണം.
9. മുതലകുളം ഹരിജൻ കോളണിയിൽ പൊതു കക്കൂസ് നിർമ്മിക്കണം.
10. കോളണികളിൽ വായനശാലകൾ നിർമ്മിക്കണം. ഇവിടെ റേഡിയോവും, ടി. വി.യും, പത്രങ്ങളും ഏർപ്പെടുത്തണം.
11. കോളണികളിൽ ശുചിത്വകാര്യങ്ങളിൽ ബോധവൽക്കരണം സംഘടിപ്പിക്കണം.
12. കോളണികളിലേക്കുള്ള പോക്കറ്റ് റോഡ് ടാർ ചെയ്യണം.
13. കോളണികളിൽ കുടിവെള്ളം എത്തിക്കണം.
14. കോളണികളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കണം.
15. പായ്നെയ്ത്ത്, പന ഈര കൊണ്ട് ഉണ്ടാക്കുന്ന സാധനങ്ങൾ എന്നിവയുടെ വിപണി കണ്ടെത്താനും ആവശ്യമായ അസംസ്കൃത സാധനങ്ങൾ സംഘടിപ്പിക്കാനും ഒരു സഹകരണ സംഘം സ്ഥാപിക്കുക.
16. കാലാകാലങ്ങളിൽ സർക്കാരുകൾ ഈ വിഭാഗത്തിനുവേണ്ടി നടത്തുന്ന വിവിധ പദ്ധതികളെ അതാത്സമയം ഇവരെ അറിയിക്കാൻ പഞ്ചായത്തിനോടനുബന്ധിച്ച് ഇൻഫർമേഷൻ സെൻറർ സ്ഥാപിക്കുക.
17. കാർഷിക പണിയായുധങ്ങൾ സൗജന്യമായി നൽകുക.
18. പാർപ്പിട സൗകര്യം സൗജന്യമായി ഏർപ്പെടുത്തുക.
19. വിവിധ കോളണികളിൽ കുളങ്ങളും കിണറുകളും സ്ഥാപിക്കുക.
20. കോളണികളിൽ ക്രഷ് ഏർപ്പെടുത്തുക.
21. ഹരിജനങ്ങൾ താമസിക്കുന്ന ലക്ഷംവീട് കോളണികളുടെ ശോചനീയാവസ്ഥ പരിഹരിക്കുക.
22. കോളണിവാസികൾക്ക് പൊതുശ്മശാനം ഏർപ്പെടുത്തുക.
23. ഹരിജൻ കുട്ടികളുടെ കായികമായ അഭിരുചി വളർത്തിയെടുക്കാൻ പഞ്ചായത്തിൽ സ്പോർട്സ് സൗകര്യം ഏർപ്പെടുത്തുക.
24. ഹരിജൻ വിദ്യാർത്ഥികൾക്ക് സൗജന്യമായ ട്യൂഷൻ സൗകര്യം ഏർപ്പെടുത്തുക.
25. തൊഴിലിനുവേണ്ടി നടക്കുന്ന മത്സര പരീക്ഷകളെ അഭിമുഖീകരിക്കാൻ ഇവരെ പ്രാപ്തമാക്കുന്ന സ്ഥിരം കോച്ചിംങ് ക്യാമ്പ് ഏർപ്പെടുത്തുക.
26. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.
27. കോളണിവാസികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ ഒറ്റപ്പെട്ട് കഴിയുന്ന പട്ടികജാതിക്കാർക്കും നൽകുക.
28. പട്ടിക വിഭാഗക്കാർക്ക് ബാലവാടി ഏർപ്പെടുത്തുക.

ഇത്തരം നടപടികളിലൂടെ 9-ാം പദ്ധതിയുടെ അവസാനത്തോടെ ഈ ജനവിഭാഗത്തെ നമ്മുടെ പഞ്ചായത്തിലെ മുഖ്യധാരയിലെത്തിക്കേണ്ടതുണ്ട്. അതിനാവശ്യമായ കർമ്മപദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്.

# 5 10

# സംസ്ക്കാരം

'ഭൗതികവും, ആദ്ധ്യാത്മീ/വും, ബുദ്ധി പരവും, ആശയപരവുമായി മനുഷ്യൻ ആർജ്ജിക്കുന്ന നേട്ടങ്ങളുടെ ആകെത്തുകയത്രേ സംസ്ക്കാരം'. അത് സാമൂഹിക മനുഷ്യമനസ്സിൻെറ വിശുദ്ധിയാണ്, വെളിച്ചമാണ്, സൗരഭ്യമാണ്, സൗന്ദര്യമാണ്. മതവിശ്വാസവും, ആചാരാനുഷ്ഠാനങ്ങളും കലയും വിനോദോപാധികളും വിദ്യാഭ്യാസവുമെല്ലാം സാംസ്ക്കാരികപുരോഗതി ലക്ഷ്യമാക്കുന്നു. അഥവാ ലക്ഷ്യമാക്കണം. ദേശത്തിൻെറ ചരിത്രത്തിലും പാരമ്പര്യത്തിലുമെല്ലാം തദ്ദേശീയരുടെ സംസ്ക്കാരത്തിൻെറ പാദമുദ്രകൾ പതിഞ്ഞിരിക്കും. ഭൗതിക ജീവിത സാഹചര്യങ്ങളുടെയും സൗകര്യങ്ങളുടെയും പരിഷ്ക്കാരത്തിൻെറയും വർദ്ധന, വികസനത്തിൻെറ ഒരംശം മാത്രമാണ്. മുഖ്യഅംശം മാനവികമൂല്യങ്ങളുടെ സംരക്ഷണവും പോഷണവും തന്നെയാണ് എന്നതു മറന്നുകൂടാ.

എടുത്തുപറയാവുന്ന പ്രത്യേകതകളില്ലാത്തതും എന്നാൽ പാലക്കാടൻ ഗ്രാമീണജീവിതത്തിൻെറ ഒട്ടുമിക്ക സവിശേഷതകളും തുടിച്ചുനില്ക്കുന്നതുമാണ് കാവശ്ശേരിയുടെ മുഖം.

ഹിന്ദുക്കളിലെ മിക്ക ജാതിഉപജാതികളിൽ പെട്ടവരും, മുസ്ലിംമതവിഭാഗങ്ങളും, ക്രിസ്ത്യാനികളും (അടുത്ത കാലങ്ങളിൽ കുടിയേറിയ, അതീവ ന്യൂനപക്ഷമാണ്) ഒരുമയോടെ പുലരുന്നു. മതമൈത്രിയുടെ പ്രതീകങ്ങൾപോലെ ഇവരുടെയെല്ലാം ആരാധനാനയങ്ങളും ക്ഷേത്രോത്സവങ്ങളും നേർച്ചകളും പെരുനാളുകളുമൊക്കെ ദേശത്തിൻെറ പൊതുസംഗമവേളയും വേദിയും തന്നെ.

ശ്രീ പരയ്ക്കാട്ടു ഭഗവതി കാവശ്ശേരിയുടെ കാവൽ മാലാഖയത്രേ. ദേശനാമത്തിലെ 'കാവ്' ഈ പരയ്ക്കാട്ടുകാവ് (ക്ഷേത്രം) തന്നെയായിരിക്കാം. ഇവിടത്തെ ആണ്ടുത്സവം - 'കാവശേരിപൂരം' ജില്ലയിലെ ക്ഷേത്രോത്സവങ്ങളിൽ ഏറ്റവും പ്രമുഖമാണ്. മീനമാസത്തിലെ വെളുത്തപക്ഷത്തിലെ പൂരം നാളിലാണിത്. മുന്നോക്കപിന്നോക്ക ജാതി വിഭാഗങ്ങളിൽ ഉൾപ്പെട്ട ഹിന്ദുക്കളുടേതായി ആചാരഅനുഷ്ഠാന ആരാധനാഭേദങ്ങൾ ഈ

കാവുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഇടവം 27-ലെ ആറംവേല മിഥുനം 27-ൻെറ താലപ്പൊലി തുലാം 27-ൻെറ കതിരുത്സവം, പൊന്നുപൂവ്, കുംഭത്തിലെ തോൽപ്പാവക്കൂത്ത്....

പൂരച്ചടങ്ങുകളുടെ കൊടിയേറ്റമാണ് കൂറയിടൽതുടർന്ന് ഒരു വാരക്കാലത്തിനിടയ്ക്കു ചെറിയാണ്ടി, വലിയാണ്ടി, പറവേല എന്നിങ്ങനെ അനുഷ്ഠാനാചാരങ്ങൾ പലത്. കാവശ്ശേരി, കഴനി, വാവുല്യാപുരം ദേശക്കാരും, പകൽപൂരം സവിശേഷം പൊടിപൊടിക്കുന്ന എസ്. എൻ. ഡി. പി. വിഭാഗവും പതിനായിരങ്ങളെ ആകർഷിക്കുന്ന 'മരുന്നുപണി'കൊണ്ട് കാതിനും കണ്ണിനും മനസ്സിനും വിരുന്നൊരുക്കുന്നു. 'ഉത്രംകൊണ്ട് കൂട്ടാഴിയെഴുതി ഉത്രംകൊണ്ട് നടയടയ്ക്കുന്ന' ഒരു മാസക്കാലം ഈ ഗ്രാമം ഉത്സവലഹരി നുകരുന്നു. പൂരം കഴിഞ്ഞ് അടയ്ക്കുന്ന നട പിന്നെ ഏഴാം നാളിലേ തുറക്കൂ - 'പഴമ്പൂര'ത്തിന്.

പുഴക്കൽ പള്ളി അയൽ പഞ്ചായത്തിൽ (തരൂർ) ആണെങ്കിലും അവിടത്തെ 'നേർച്ച' കാവശ്ശേരിയിലെ നാനാജാതി മതസ്ഥർക്ക് ഒരുപോലെ ദേശോത്സവമാകുന്നു. മൂന്നു പതിറ്റാണ്ടുകൾക്കു മുമ്പ് വിശുദ്ധ ജാറം കാണുകയും മാട്ടുമലയിൽ നിന്ന് ആദ്യത്തെ നേർച്ച വരികയും ചെയ്തതിൽ പിന്നെ കൂടുതൽ കൂടുതൽ ഭക്തി പ്രവാഹത്തോടെ പകിട്ടോടെ പള്ളി നേർച്ച തുടർന്നുപോരുന്നു. ചീനിക്കോട്ടെ ക്രിസ്ത്യൻ പള്ളിയിലെ പെരുനാളും തദ്ദേശവാസികളുടെ 'ഒരുമയും പെരുമയും' തെളിയുന്ന തിരുനാൾ തന്നെ.

കർഷകത്തൊഴിലാളികൾ, ചെറുകിട - ഇടത്തരം കർഷകർ ചില്ലറ കച്ചവടക്കാർ വിവിധ കൈത്തൊഴിലുകാർ എന്നിങ്ങനെ സാധാരണക്കാർ തന്നെ ഇവിടെ പണ്ടും ഇന്നും ഭൂരിപക്ഷം. കാലചരിത്രഗതിയെ അതിലംഘിച്ച മഹാപ്രതിഭകൾ എന്നു വിശേഷിപ്പിക്കാവുന്നവർ ഈ ദേശസന്തതികളായി ഇല്ലെങ്കിലും ചില പേരുകൾ ഓർക്കത്തക്കതായുണ്ട്. ദേശീയ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത് സമർപ്പിതചേതസ്സായി പോരാടിയ ധീരപോരാളി ശ്രീ ചേന്നാട് അച്യുതൻ നായർ, സംഗീത സപര്യയാൽ ശാശ്വത യശസ്സാർജ്ജിച്ച കാവശേരി വെങ്കിച്ച ഭാഗവതർ, പച്ചാശാസ്ത്രികൾ, സാമൂഹികരംഗത്ത് വ്യക്തിപ്രഭാവം കൊണ്ട് തിളങ്ങിയ AICC മെമ്പറായ ശ്രീ. കെ. സി. പഴനിമല, കഴനി മന്നത്ത് കൃഷ്ണൻ നായർ എന്നിങ്ങനെ.

കരിമരുന്നുപണിയിൽ ജ്വലിച്ചു നിന്ന പാരമ്പര്യം കാവശ്ശേരിയ്ക്കുണ്ട്. ഈ കലാവിദ്യയിൽ അതിപ്രശസ്തരായിരുന്ന സുബ്രഹ്മണ്യൻ ഗുരുക്കൾ, സൂര്യൻ ഗുരുക്കൾ, മാണിക്ക്യൻ, ഗുരുക്കൾ ഓണത്തല്ല് അഥവാ കയ്യാങ്കളിയിലൂടെ കായിക കലാ സിദ്ധിയുടെ മാറ്റു തെളിയിച്ച ശ്രീ കുഞ്ചുക്കുട്ടി തണ്ടാൻ ആശാൻ, ആർ. ഗോപാലൻ നായർ, പ്രശസ്ത പക്ഷിനിരീക്ഷകനും, ഗ്രന്ഥകാരനുമായിരുന്ന പ്രൊഫ. കെ. കെ. നീലകണ്ഠൻ (ഇന്ദുചൂഡൻ) എന്നീ പേരുകളും കാവശ്ശേരിയുടെ ചരിത്രത്താളുകളിലുണ്ട്. ഏഷ്യാഡിൽ പങ്കെടുത്ത് കരിമരുന്നുകൊണ്ട് മാനത്ത് കവിതയും നമ്മുടെ കീർത്തിയും വിടർത്തിയ കുപ്പൻ ഗുരുക്കൾ, ദീർഘമായ കലാജീവിതാനുഭവജ്ഞാനം കൈമുതലായുള്ള രാമകൃഷ്ണഭാഗവതർ (രമേശ്), ഇരകുളത്തെ നീന്തൽ കുളത്തിൽ പരിശീലിച്ച് പ്രശസ്തിയുടെ അപാരതീരങ്ങളിൽ നീന്തിയെത്തിയിട്ടുള്ള അസംഖ്യം കായികതാരങ്ങൾ ...... നമുക്ക് അഭിമാനം വളർത്തുന്നവരായി ഇന്നും പലരുണ്ട്.

പുസ്തകാലയങ്ങളും വായനശാലകളും കലാസമിതികളും ക്ലബ്ബുകളും എണ്ണത്തിൽ ധാരാളമുണ്ട്. ഇവിടെയും പഞ്ചായത്തിൻെറ വക സാംസ്കാരികനിലയം ഉൾപ്പെടെ. ബ്ലൂസ്റ്റാർ (പാടൂർ) ജയഭാരത് (കല്ലേപ്പുള്ളി), നവോദയ (കൊങ്ങാളക്കോട്), നവപുലരി (കാവശ്ശേരി), അക്ഷൗഹിണി (ചുങ്കം), ഗാനം (വള്ളിക്കാട്) എ. കെ. ജി. സാംസ്കാരിക നിലയം, പ്രിയദർശിനി സാംസ്കാരിക നിലയം (വലിയപറമ്പ്), സെവൻ സ്റ്റാർ (കല്ലേപ്പുള്ളി, ജോളി ബ്രദേഴ്സ് (ഇരകുളം), ഡയമണ്ട് (പത്തനാപുരം), യുവതാര (പെരിങ്ങാട്), വിജയ് (ഇരട്ടകുളം), ദർശിനി (മാടമ്പിക്കാട്), പ്രതിഭ, (തെന്നിലാപുരം), ആനമാറി നാഷണൽ സ്പോർട്സ് ക്ലബ്ബ് അരുണോദയ കലാ കേന്ദ്രം ഇരട്ടക്കുളം സാംസ്ക്കാരിക സമിതി തെന്നിലാപുരം, എന്നിങ്ങനെ കലാകായിക സമിതികളും, വായനശാലകളും, രണ്ടും ചേർന്നും, സ്ഥാപനങ്ങൾ ഏറെയുണ്ട്. വാർഷികത്തിനും വിശേഷാവസരങ്ങളിലും കലാകായികമത്സരങ്ങളും

നാടകനൃത്ത അവതരണങ്ങളും ഉണ്ടാവുകയും ചെയ്യും. പക്ഷെ, മറ്റ് ഏതു ഗ്രാമത്തിലുമെന്നപോലെ ഇവിടെയും വായനശാലകളും കലാസമിതികളും ഗുണപരമായി പ്രതിസന്ധിയിലാണ് എന്നതു സത്യം. പ്രവർത്തനവും ജനപങ്കാളിത്തവും സർക്കാർ സഹായവും ഒന്നും മതിയായ തോതിലില്ല എന്നതു തന്നെ കാരണം.

ടി. വി. യും കേബിൾ ടി. വി. യും സാർവ്വത്രികവും സാധാരണവുമായിത്തുടങ്ങിയതോടെ - സാംസ്കാരികമായ ഒരു ജീർണ്ണത വ്യാപിച്ചുതുടങ്ങിയിട്ടുണ്ട്. എങ്ങിനെയെന്നാൽ, കച്ചവടക്കണ്ണോടെ പടച്ചുവിടുന്ന കലാഭാസങ്ങളാൽ ആകൃഷ്ടരായി, പുസ്തകപാരായണത്തിനും തനത് - നാടൻ - പാരമ്പര്യ - ശുദ്ധകലാരൂപങ്ങൾ ആസ്വദിക്കാനും ആളില്ലാതായി വരുന്നു. പുതിയ വ്യാവസായികോൽപന്നങ്ങളുടെ തള്ളിക്കയറ്റത്തോടെ കൈത്തൊഴിൽ - കരകൗശല-വസ്തുക്കളുടെ കമ്പോളംപോയി, പാരമ്പര്യമായി ചെയ്തുപോന്ന തൊഴിലുകൾ തുടരാൻ പറ്റാതെയായി. ഓലക്കുട, പുൽപ്പായ, ഓലപ്പായ, കുട്ട, വട്ടി, കയർ, മൺപാത്രം, ഓട്ടുപാത്രം മുതലായവയുടെ നിർമ്മാണം ഉപജീവനമാർഗ്ഗമായിരുന്ന വിഭാഗങ്ങൾ മിക്കവാറും തൊഴിൽരഹിതരാണ് ഇന്ന്. ഓലയും പുല്ലും മണ്ണും ഓടും മറ്റുംകൊണ്ട് കമനീയമായ കലാരൂപങ്ങൾ തീർക്കാൻ കലാവിരുതുള്ളവർ ഇവരുടെ കൂട്ടത്തിലുണ്ട്.

സാംസ്ക്കാരിക കലാവേദികളിൽ നിന്നെല്ലാം അകന്ന് അടുക്കളയിലും, അകത്തളങ്ങളിലും മാത്രം ഒതുങ്ങി 'വീടാകുന്ന കൂട്ടിൽ' കഴിയുന്ന വീട്ടമ്മയാണല്ലോ ഇന്നും നമ്മുടെ മാതൃകാ വനിത - പ്രത്യേകിച്ചും ഗ്രാമങ്ങളിൽ. അപ്പോൾ പിന്നെ ഇവിടെ ഒരു വനിതാസമാജമില്ല എന്നു ഖേദിച്ചിട്ട് കാര്യവുമില്ല.

### പ്രശ്നങ്ങൾ പരിഹാരങ്ങൾ

1. ഗ്രന്ഥാലയങ്ങൾ കലാകായിക സംഘടനകൾ ഇവയുടെ പ്രവർത്തനം കാര്യക്ഷമവും സജീവവുമല്ല.
   * 'സാംസ്ക്കാരിക നിലയം കേന്ദ്രീകരിച്ച്, പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന ഗ്രന്ഥാലയങ്ങൾക്കും കലാ-കായികസമിതികൾക്കും മാർഗ്ഗനിർദ്ദേശവും സാമ്പത്തികസാഹയവും നല്കാനുള്ള സംവിധാനം ഉണ്ടാവണം.
   * ഗ്രന്ഥശാലാ സംഘത്തിൻെറ മാതൃകയിൽ, കലാ - കായികസംഘങ്ങളെ അഫിലിയേറ്റു ചെയ്ത് ഒരു സംസ്ഥാന സമിതി ആവശ്യമാണ്.
   * വിപുലമായ പുസ്തകശേഖരത്തോടെ പഞ്ചായത്ത് ലൈബ്രറി മുഴുവൻ സമയവും പ്രവർത്തിക്കണം.
   * നല്ല പുസ്തകങ്ങൾ/ ആനുകാലിക പ്രസിദ്ധീകരണങ്ങളും എല്ലാ വീടുകളിലും നേരിട്ട് എത്തിക്കുവാൻ, 'സഞ്ചരിക്കുന്ന പുസ്തകശാല' ഏർപ്പെടുത്തണം.
   * പഞ്ചായത്തിൻെറ സാംസ്കാരിക നിലയത്തോടനുബന്ധിച്ച് ഒരു ആഡിറ്റോറിയം നിർമ്മിക്കണം.
2. നാടൻ കലാരൂപങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നു. പൊറാട്ടു നാടകം, കളമെഴുത്ത്, തോറ്റംപാട്ട്, പുള്ളുവൻപാട്ട് എന്നിങ്ങനെ മണ്ണിൻെറ മണമുള്ള തനതുകലകൾ മണ്ണടിയുന്നു.
   * നാടൻകലാരൂപങ്ങൾ പരിശീലിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർക്ക് സാമ്പത്തികസാഹായം/ പെൻഷൻ ആനുകൂല്യവും (ആശാന്മാർക്ക്) നല്കണം.
   * തനതുകലകളിൽ മത്സരം നടത്തി ക്യാഷ് അവാർഡുകൾ കൊടുക്കണം.
   * നാടൻ പാട്ടുകൾ ശേഖരിച്ച് അതതു സ്ഥലത്തെ സ്ക്കൂൾ വിദ്യാർത്ഥികളിൽ താല്പര്യമുള്ളവരെ അത് പരിചയപ്പെടുത്തുക.
3. കായികരംഗം നിർജ്ജീവമായിരിക്കുന്നു. പരിശീലനത്തിനും പോഷണത്തിനും സൗകര്യങ്ങളില്ല.
   * പഞ്ചായത്തിന് സ്വന്തമായി ഒരു പൊതുകളിസ്ഥലം വേണം.
   * ഒരു ഇൻഡോർ സ്റ്റേഡിയവും ജിംനേഷ്യവും സ്ഥാപിക്കണം. സ്പോർട്സ് കൗൺസിലിൻെറ പ്രവർത്തനം പഞ്ചായത്തു തലത്തിലേക്ക് എത്തണം.
   * പരിശീലന സൗകര്യങ്ങൾ തികഞ്ഞ ഒരു നീന്തൽ കുളം അത്യാവശ്യമാണ്.
4. കരകൗശല - കൈത്തൊഴിൽ മേഖല നാമാവശേഷമാകുന്നു.
   * മൺപാത്രം/ ഓട്ടുപാത്രം നിർമ്മാണരംഗത്തുള്ളവർക്ക് സഹകരണസംഘം, യന്ത്രവൽക്കരണ സൗകര്യം ധനസഹായം എന്നീ മാർഗ്ഗങ്ങളിലൂടെ പുനരുജ്ജീവനം നൽകണം.
   * ഓല, പുല്ല്, മുള, ഈറ്റ, നാര് ഇവകൊണ്ട് കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നവർക്ക് പരി

ശീലനത്തിനും തൊഴിലിനും ഉല്പന്നങ്ങളുടെ വിപണനത്തിനും സൗകര്യങ്ങൾ ഏർപ്പെടുത്തണം.

5. സാംസ്ക്കാരിക വേദികളിൽ സ്ത്രീകളുടെ സാന്നിദ്ധ്യവും പങ്കാളിത്തവും കുറഞ്ഞു വരുന്നു.

* മഹിളാസമാജങ്ങൾ സ്ഥാപിക്കാനും നടത്താനും പ്രത്യേക സഹായവും പ്രോത്സാഹനവും നൽകുക.
* വനിതാ മെമ്പർമാർ അവരുടെ വാർഡുകളിൽ ഓരോ സമാജം സ്ഥാപിച്ച് മാതൃക കാണിക്കുക.

6. 'പുതിയ അനാചാരങ്ങൾ' എന്നു വിളിക്കത്തക്കവിധത്തിൽ മരണം, വിവാഹം എന്നിവയോട് ബന്ധപ്പെട്ട ചടങ്ങുകൾ സാധാരണക്കാരെ ശ്വാസംമുട്ടിക്കുന്നു. ധൂർത്തുകൾ കുടുംബങ്ങളുടെ സാമ്പത്തിക അടിത്തറ തകർക്കുന്നു.

* പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ, ഓരോ മതവിഭാഗത്തിനും പ്രത്യേകം സമൂഹവിവാഹം നടത്താൻ സംവിധാനമുണ്ടാകണം.
* നിർദ്ധന വിഭാഗത്തിൽപെട്ടവർക്ക് വിവാഹച്ചെലവുകൾക്ക് സാമ്പത്തിക സഹായം.
* മരണാനന്തര ചടങ്ങുകൾ, ചിലവേറിയവ ഒഴിവാക്കേണ്ടതിൻെറ ആവശ്യകത ബോധവൽക്കരണത്തിലൂടെ, ബോധ്യപ്പെടുത്തുക.

7. സാക്ഷരതാപരിപാടി സ്തംഭിച്ചു നില്ക്കുന്നു.

* നവസാക്ഷരർക്ക് തുടർവിദ്യാഭ്യാസത്തിനുള്ള 'സാക്ഷരതാ പാഠപുസ്തകങ്ങൾ' വീടുകളിലെത്തിക്കുക.
* നവസാക്ഷരർക്ക് മത്സരപരീക്ഷകൾ നടത്തി പഞ്ചായത്തിൽ നിന്ന് സമ്മാനങ്ങൾ നല്കണം.
* രണ്ടാം വാർഡിലെ ജനവിദ്യാകേന്ദ്രത്തിൻെറ പ്രവർത്തനം ത്വരിതപ്പെടുത്തുക.

8. പൊതു ടി. വി., റേഡിയോ സൗകര്യം ഇല്ല.

* എല്ലാ വാർഡുകളിലും ടി. വി./ റേഡിയോ മാധ്യമങ്ങൾ പൊതുജനത്തിന് ഉപകരിക്കുംവിധം സ്ഥാപിക്കുകയും പ്രവർത്തിപ്പിക്കുകയുംവേണം.

## *സംസ്ക്കാരം*

**ഒന്നാംവാർഡ്:-**

ഈ വാർഡിൽ ഒരു വായനശാല ആവശ്യമാണ്. സ്പോർട്സ് ക്ലബ്ബ് രൂപീകരിക്കണം. വിവിധഭാഗങ്ങളിൽ ടി. വി. സ്ഥാപിക്കണം. ഗ്രന്ഥശാല, പൊതു റേഡിയോ എന്നിവ ആവശ്യമാണ്. സാക്ഷരതാ പാഠപുസ്തകങ്ങൾ കുടുംബങ്ങളിൽ എത്തിച്ചുകൊടുക്കണം.

**രണ്ടാം വാർഡ്:-**

സാംസ്കാരിക സ്ഥാപനങ്ങളെ ഊർജ്ജസ്വലമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ഉണ്ടാവണം. അംഗനവാടിയിലും, ജനശിക്ഷണനിലയത്തിലും ടി. വി. സ്ഥാപിക്കണം.

**മൂന്നാം വാർഡ്:-**

പഞ്ചായത്തുതലത്തിൽ മഹിളാസമാജം രൂപീകരിച്ച് വനിതാ സാംസ്കാരിക നിലയങ്ങൾ സ്ഥാപിക്കണം.

വായനശാലകൾക്ക് പഞ്ചായത്തിൽ നിന്നും ഗ്രാൻറ് കൊടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കുക. നിരക്ഷരരായവരെ സാക്ഷരതാ പ്രവർത്തനങ്ങൾകൊണ്ട് എഴുതാനും വായിക്കാനും പ്രാപ്തമാക്കി. അവരുടെ വായനാശീലം വർദ്ധിപ്പിക്കാൻ പഞ്ചായത്ത് സഹായം നല്കണം. നാടൻ പാട്ടുകൾ ശേഖരിച്ച് രേഖപ്പെടുത്തുവാൻ അതാതു പ്രദേശത്തെ സ്ക്കൂൾ അധികൃതർക്ക് നിർദ്ദേശം നല്കണം.

**നാലാംവാർഡ്:-**

വാർഡിൽ ഒരു സാംസ്ക്കാരിക നിലയം വേണം.

**അഞ്ചാം വാർഡ്:-**

ഇരട്ടക്കുളം വിജയാ ആർട്സ് സ്പോർട്ട്സ് ക്ലാബ്ബിൻെറ ശോചനീയാവസ്ഥ പരിഹരിക്കണം. ഈ വാർഡിലെ കലാകായികതാരങ്ങൾക്ക് പ്രോത്സാഹനം നല്കുകയും, ക്ലബ്ബുകൾക്ക് സാമ്പത്തിക സഹായം നൽകുകയും ചെയ്യുക. ഇരട്ടക്കുളം സ്ക്കൂളിൻെറ ശോചനീയാവസ്ഥ പരിഹരിക്കണം. ഒരു സാംസ്ക്കാരിക നിലയം സ്ഥാപിക്കണം. കൊങ്ങാളക്കോട് ഹരിജൻ കോളനിയിൽ പ്രവർത്തിക്കുന്ന അംബേദ്ക്കർ സ്പോർട്സ് ക്ലബ്ബിന് സ്വന്തമായൊരു കെട്ടിടം അനുവദിക്കുക. കോളനിയിലെ തകർന്നു കിടക്കുന്ന ടി. വി. പ്രദർശന കേന്ദ്രം റിപ്പയർ ചെയ്ത് പുനഃസ്ഥാപിക്കുക.

**ആറാം വാർഡ്:-**

കോതപുരം അങ്കൺവാടിയിൽ ഒരു ടി. വി. ആവശ്യമാണ്.

ഏഴാം വാർഡ്:-

അംഗൻവാടി അനുവദിക്കുക. വായനശാല, ടി. വി. വാങ്ങാൻ, ക്ലബ്ബുകൾ എന്നിവക്ക് സാമ്പത്തിക സഹായംവേണം.

എട്ടാംവാർഡ്:-

ഒരു ഗ്രന്ഥാലയം ആവശ്യമാണ്.

ഒമ്പതാം വാർഡ്:-

വാർഡ് മെമ്പറുടെ നേതൃത്വത്തിൽ ഒരു മഹിളാ സമാജം - സംഘടന രൂപീകരിക്കണം. കലാ സാംസ്ക്കാരിക സംഘടനകൾക്ക് പഞ്ചായത്ത് മുഖേന ധനസഹായം നല്കുക.

പത്താംവാർഡ്:-

പാടൂർ പബ്ലിക് റീഡിംഗ് റൂമിന് കെട്ടിടം പുതുക്കിപ്പണിയാൻ ഫണ്ട് വേണം. സാംസ്ക്കാരിക നിലയം ഒന്ന് അത്യാവശ്യമാണ്. പൊതുവായ റേഡിയോ, ടെലിവിഷൻ സെറ്റുകൾ എന്നിവ വാർഡിന്റെ വിവിധ മേഖലകളിൽ സ്ഥാപിക്കണം. വായനശാലാപ്രവർത്തനം വിപുലമാക്കാൻ ഒരു മീറ്റിംഗ് ഹാളും പണിയാനുള്ള സാമ്പത്തിക സഹായം നല്കണം.

പതിനൊന്നാം വാർഡ്:-

വായനശാലയും, ആർട്സ് † സ്പോർട്സ് ക്ലബ്ബുകളും രൂപീകരിക്കുകയും, പ്രവർത്തനങ്ങൾ നടത്താൻ സാമ്പത്തിക സാഹായം പഞ്ചായത്തിൽ നിന്നും ലഭിക്കണം. സ്ക്കൂളുകളുടേയും, കലാസംഘടനകളുടേയും വാർഷികാഘോഷങ്ങൾക്ക് ഗവ: സാമ്പത്തിക സാഹയമനുവദിക്കണം.

# 5 11

# സഹകരണം

കാവശ്ശേരി പഞ്ചായത്തിൽ പ്രധാനമായുള്ള സഹകരണ സംഘങ്ങൾ

1. കഴനി സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം നമ്പർ 1218) സ്ഥാപക വർഷം 1957.
2. ക്ഷീരോല്പാദന സഹകരണസംഘങ്ങൾ

**കഴനി സർവ്വീസ് സഹകരണ സംഘം :-**

സ്വർണ്ണപണ്ടം പണയം വെയ്ക്കൽ, അടു വളർത്തലിനും പശുവാങ്ങുന്നതിനും വിവാഹം, ഗൾഫ് യാത്രയ്ക്ക് ലോൺ കൊടുത്തുവരുന്നു.

കാവശ്ശേരി പഞ്ചാത്തിൽ 5 ക്ഷീര സംഘങ്ങൾ ഉണ്ട്.

1. പത്തനാപുരം മിൽമ സഹകരണ സംഘം
   സ്ഥാപക തിയ്യതി : 8. 10. 92
2. ചുണ്ടക്കാട്ട് സംഘം :
   സ്ഥാപക തിയ്യതി : 12. 7. 96
3. എരട്ടക്കുളം സംഘം :
   സ്ഥാപക തിയ്യതി : 17. 7. 65
4. കഴനി ചുങ്കം ക്ഷീര സംഘം :
   സ്ഥാപക തിയ്യതി : 1. 12. 93
5. പാടൂർ ക്ഷീര സഹകരണ സംഘം :
   സ്ഥാപക തിയ്യതി : 29. 6. 92
6. പട്ടികജാതി സർവ്വീസ് സഹകരണ സംഘം

മിൽമ കാരണം കർഷക തൊഴിലാളി, കർഷകർ, ഇടത്തരക്കാർ, വ്യാപാരി വ്യവസായി കൾക്കും ഉപകാര പ്രദമാകുന്നുണ്ട്.

മിൽമ സൊസൈറ്റിയിലൂടെ വായ്പ സൗകര്യം ഉണ്ടാക്കുക, കാർഷിക ലോൺ അല്ലാതെ ബഹുജനങ്ങൾക്ക് ഉപകാരപ്രദമായ ലോണുകൾ നൽകണം, സഹകരണ ബോധവൽക്കരണം ജനങ്ങൾക്ക് നൽകണം. താഴെക്കിടയിലുള്ള ആൾക്കാരെ ഉയർത്താനാവശ്യമായ വായ്പ സൗകര്യം അത്യാവശമാണ്.

ഇനിയും കാവശ്ശേരി പഞ്ചായത്തിൽ ക്ഷീരോല്പാദന സഹകരണസംഘം, കയർ ഉൽപ്പാദന സഹകരണ സംഘം വനിത വ്യവസായ

സഹകരണ സംഘം, സഹകരണ മാർക്കറ്റ് ഇവ ഉണ്ടാകണം.

കാർഷിക ഉല്പന്നങ്ങൾ ന്യായമായ വിലക്ക് ശേഖരിച്ച് വിറ്റഴിക്കാനുള്ള സംവിധാനം വേണം.

കഴനി സഹകരണ ബാങ്കിന് ശാഖ തുടങ്ങണം. മാവേലി സ്റ്റോറുകൾ ഓരോ വാർഡിലും അനുവദിക്കുക. ഓരോ വാർഡിലും ആഴ്ചകൾ തോറും സഹകരണ ചന്തകൾ സംഘടിപ്പിക്കണം. വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവരുടെ സഹകരണ സംഘങ്ങൾ നിലവിൽ വരണം

നാലാം വാർഡ് ചുണ്ടക്കാട് അനുവദിച്ച ക്ഷീരോൽപാദക സഹകരണ സംഘം ഇപ്പോൾ പ്രവർത്തിച്ചു വരുന്നത് 2-ാം വാർഡിലുള്ള വടക്കേനടയിലാണ്. അത് മാറ്റി ചുണ്ടാക്കാട് സ്ഥാപിക്കണം.

കഴനി സഹകരണ ബാങ്ക് മുഖേന സാധുക്കളായ പെൺകുട്ടികളെ വിവാഹം ചെയ്തു കൊടുക്കുന്നതിനും, ഗൾഫിൽ പോകുന്നവർക്കും സാമ്പത്തിക സഹായം കൊടുത്തുവരുന്നു.

ഹ്രസ്വകാല വായ്പകളായും 46.07 ലക്ഷം മധ്യകാല വായ്പയായി 14.72 ലക്ഷം രൂപയും നൽകിയിരിക്കുന്നു.

സ്വർണ്ണാഭരണപണയം, വസ്തു പണയം വിദേശത്ത് ജോലിക്ക് പോകുന്നവർക്കുള്ള ധനസഹായം, വീട് റിപ്പയർ, കുടംബാംഗങ്ങളുടെ വിവാഹത്തിന് സാധാരണവായ്പകൾ, കൺസംഷൻ വായ്പ ഇതെല്ലാം കൂടി 101.69 ലക്ഷം രൂപ വായ്പകളായി നൽകിയിരിക്കുന്നു.

നൽകിയ വായ്പകളിൽ കാലാവധികഴിഞ്ഞുകിട്ടാനുള്ളവ

ഹ്രസ്വകാലം കാർഷികവായ്പ 16.23 ലക്ഷവും മധ്യകാലം കാർഷിക വായ്പ 2.01 ലക്ഷവും സ്വർണ്ണാഭരണ പണയം 5.75 ലക്ഷം രൂപയും മറ്റുള്ളവയിൽ 4.23 ലക്ഷം രൂപ കാലാവധി കഴിഞ്ഞ് കിട്ടാനള്ളവയാണ്. രാസവള വ്യാപാരവും തുണികച്ചവടവും ഉത്സവകാല ചന്തകളും ഈ ബാങ്കിന്റെ കീഴിലുണ്ട് ഇങ്ങനെയൊക്കെയാണെങ്കിലും ബാങ്കിന്റെ പ്രവർത്തനം ലാഭത്തിലാണ്.

| | | |
|---|---|---|
| കഴനി സർവ്വാസ് കോ ഓപ്പറേറ്റീവ് പ്രവർത്തന പരിധി | : | കാവശ്ശേരി പഞ്ചായത്തും തരൂർ പഞ്ചായത്തിന്റെ വാവുള്ളിയാപുരംഅംശവും ചേർന്നതാണ്. |
| പ്രവർത്തനം ആരംഭിച്ചവർഷം | : | 1957 |
| ആദ്യത്തെ പ്രസിഡണ്ട് | : | ടി. പി. കേശവമേനോൻ |
| ആകെയുള്ള അംഗങ്ങൾ | : | 15,514 |

| | ''എ'' ക്ലാസ്സ് | ''ബി' ക്ലാസ്സ് | ''സി'' ക്ലാസ്സ് |
|---|---|---|---|
| എണ്ണം | 6721 | B-1 സർക്കാർ | 8792 |
| ഓഹരിയുടെ വില | അഞ്ച് രൂപ | 50 രൂപ | 1 രൂപ |

| | | |
|---|---|---|
| അംഗീകൃത ഓഹരി മൂലധനം | : | 25,20000 രൂപ |
| പിരിഞ്ഞു കിട്ടയത് | : | 9,500000 |
| സർക്കാർ ഓഹരി | : | 1 ലക്ഷം രൂപ |

| സൊസൈറ്റി പേർ | നോൺ മെമ്പർ (സെപ്. 96) | മെമ്പർ | 92 - 93 | 93 - 94 | 94 - 95 | 95 - 96 |
|---|---|---|---|---|---|---|
| ഇരട്ടകുളം | 15 | 35 | 30,000 ലി | 63,000 ലി | 85,000 ലി | 83,000 ലി |
| കഴനി | 90 | 30 | - | 19,33807 | 1,01,663 ലി | 1,11,976 ലു |
| പത്തനാപുരം | 13 | 47 | 3485 ലി | 51,188 ലി | 70,514 ലി | 72,085 ലി |
| ചുണ്ടക്കാടം (4 മാസത്തെ) | 30 | 15 | - | - | - | 967 ലി |
| പാടൂർ | 50 | 55 | - | - | - | 1,16,165 ലി |

മേൽ കാണിച്ച പട്ടികയിൽ മെമ്പർമാരുടെ കണക്ക് 96 സെപ്റ്റംബറിലെയാണ്. 4 വർഷത്തെ 5 ക്ഷീര സഹകരണ സംഘത്തിൽ ഒരോവർഷവും അളന്ന പാലിൻെറ അളവാണിത്. പലരും തുടക്കം മാത്രമാണ് ഉള്ളത്. പുതിയ സംരഭകർ വാരുന്നതു കാണുന്നില്ല.

പ്രശ്നങ്ങൾ

കൊള്ളി (മരച്ചീനി) പച്ചക്കറി എന്നിവ സഹകരണ സൊസൈറ്റി സ്ഥാപിക്കുക.

വാർഡ് 1

ജൈവ പദാർത്ഥങ്ങൾ (വളം) വാർഡിൽ ഒരു സഹകരണ സംഘം സ്ഥാപിക്കണം

വാർഡ് 2

അഞ്ച് വർഡിന് ഒരു സഹകരണ സംഘം സ്ഥാപിക്കണം

രണ്ട് ആം ജാമ്യത്തിൽ ചുരുങ്ങിയത് 25,000 രൂപ ഇന്നു ലഭ്യമല്ല. ഓട്ടുപാത്ര നിർമ്മാണം, കത്തിവ്യവസായം പ്രോത്സാഹിപ്പിക്കാൻ ഒരു സഹകരണസംഘം അനിവാര്യമാണ്.

വാർഡ് 3

ക്ഷീരോൽപാദന സഹകരണ സംഘം, കയർ ഉൽപന്ന സഹകരണസംഘം, വനിതാ വ്യാവസായ സഹകരണ സംഘം, സഹകണമാർക്കറ്റ് എന്നിവ സ്ഥാപിക്കണം.

ഉദ്യോഗസ്ഥന്മാരുടെ പെരുമാറ്റ രീതി, ഒരുകാര്യത്തിനുപോയാൽ കിട്ടാനുള്ള വിഷമം എന്നിവ ഉപഭോക്ക്താവിനു ഉണ്ടാകുന്ന വിഷമം മാറ്റണം.

വാർഡ് 6

വനിതാ ടൈലിറിംഗ് സഹകരണ സംഘം ഉരട്ടകുളം ഭാഗത്ത് സ്ഥാപിക്കുക, കന്നുകാലി വളർത്തൽ സഹകരണസംഘം, പാൽ സംസ്കരണം വിതരണ സൗകര്യം ഉണ്ടാക്കുക.

വാർഡ് 7

പുതിയ സഹകരണ സംഘങ്ങൾ രൂപീകരിക്കണം. കഴനി - സർവ്വീസ് സൊസൈറ്റിയുടെ ശാഖ 7-ാം വാർഡിൽ ഉണ്ടാവണം. ഹരിജൻ, സൊസൈറ്റി, ക്ഷീരോൽപാദന സൊസൈറ്റി എന്നിവ അത്യാവശമാണ്. പഞ്ചായത്തിലെ മുഴുവൻ കൃഷിക്കാരിൽ നിന്ന് നെല്ല് സംഭരിച്ച് റൈസ് മില്ലിൽ അരച്ച് വിതരണം ചെയ്യണം. അത് സഹകരണ അടിസ്ഥാനത്തിൽ ചെയ്യുക.

വാർഡ് 10

കോപ്പറേറ്റീവ് ബാങ്കിൻെറ ഒരു ശാഖ 10ാം വാർഡിൽ തുടങ്ങുക. കളിമൺ വ്യവസായ സഹകരണസംഘം നിലവിലുള്ള 4 സെൻറ് സ്ഥലത്ത് തുടങ്ങി പ്രവർത്തനം ആരംഭിക്കണം. കർഷിക ഉല്പന്ന സഹകരണ സംഘം സ്ഥാപിക്കണം. ക്ഷീരോൽപ്പാദന സഹകരണ സംഘം തോണിക്കടവിൽ സ്ഥാപിക്കുക. പലിശ കുറച്ച് വായ്പ നൽകി തൊഴിൽ രഹിതരുടെ തൊഴിലില്ലായ്മ പരി

ഹരിക്കണം.

വാർഡ് 11

കാർഷിക ഉൽപ്പന്ന സഹകരണ സംഘം സ്ഥാപിക്കുക.

വാർഡ് 5

ക്ഷിരോൽപാദന സഹകരണസംഘം, റെഡിമെയ്ഡ് വസ്ത്രനിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.

പലവ്യജ്ജന സാധനങ്ങൾ ജനമദ്ധ്യങ്ങളിലേക്ക് മാവേലി സ്റ്റോറുകൾപോലെയുള്ള സഹകരണ സ്റ്റോർ വഴി എല്ലാ വാർഡുകളിലും വിതരണം ചെയ്യുക. വ്യവസായ - കാർഷിക സഹകരണ സംഘം എല്ലാ വർഡുകളിലും ആരംഭിക്കുക.

## സാധ്യതകൾ

1. രാഷ്ട്രീയത്തിന് അതീതമായി അപേക്ഷ നൽകുന്ന എല്ലാവർക്കും അംഗത്വം നൽകണം.
2. മിൽമ സൊസൈറ്റിയിലൂടെ പശുക്കളെ വാങ്ങാനുള്ള ലോൺ സൗകര്യമാക്കുക.
3. സഹകരണ ബോധവൽകരണം സാധാരണ ജനങ്ങളിൽ എത്തിക്കുക.
4. വായ്പക്ക് അപേക്ഷിച്ചവർക്ക് മുഴുവൻ പേർക്കും വായ്പ അനുവദിക്കുക.
5. വായ്പയുടെ പലിശ നിരക്ക് കുറഞ്ഞ രീതിയിൽ ആക്കുക.
6. സഹകരണ സംഘങ്ങൾ ഇതര മേഖലകളിലേക്ക് വ്യാപിപ്പിക്കുക.
7. സഹകരണ അടിസ്ഥാനത്തിൽ വാർഡിൽ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ ശേഖരിച്ച് കർഷകന് ന്യായമായ വില ലഭിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.
8. 50 സെൻറ് സ്ഥലത്തിൽ കൂടുതൽ ഉള്ളവർക്ക് മാത്രമേ ഇന്ന് ലോൺ അനുവദിക്കുന്നുള്ളു. അത് മാറ്റി ഇത്ര സ്ഥലം എന്നതു മാറ്റി ലോൺ അനുവദിക്കാനുള്ള സൗകര്യം ഉണ്ടാക്കുക.

ഈ അർത്ഥത്തിൽ സഹകരണ മേഖല തഴച്ച് വളർന്ന് ജനങ്ങളിലേക്ക് എത്തുന്ന ദിവാസ്വപ്നങ്ങൾക്ക് സാക്ഷാത്കാരം ഉണ്ടാകട്ടെ.

# 5 12

# വിഭവസമാഹരണം

കാവശ്ശേരി ഗ്രാമ പഞ്ചായത്ത് കേരളത്തിലെ പഞ്ചായത്തുകളിൽ താഴ്ന്ന വരുമാനമുള്ള ഒന്നാണ്. ഈ ഗ്രാമ പഞ്ചായത്ത് സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്. നെൽകൃഷിമാത്രം ആശ്രയിച്ചു കഴിയുന്ന കുറേ കൃഷിക്കാരും കർഷക തൊഴിലാളികളും മാത്രം കൈമുതലുള്ള ഈ പഞ്ചായത്ത് വിഭവസമാഹകരണ രംഗത്ത് പുതിയ വെല്ലുവിളികളെ നേരിടുന്നു. ഉയർന്ന ധനകാര്യ സ്ഥാപനങ്ങളോ ധനാഗമ മാർഗ്ഗങ്ങളുള്ള വ്യവസായ സ്ഥാപനങ്ങളോ ഈ കുഗ്രാമത്തിൽ ഇല്ല. സ്വന്തം ഫണ്ടിൽ നിന്ന് ഇതുമൂലം അിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ പഞ്ചായത്ത് ആരംഗത്ത് മുട്ട് മടക്കേണ്ടി വരുന്നു. കാലാകാലങ്ങളിൽ അനുവദിക്കപ്പെടുന്ന വിവിധ ഫണ്ടുകളാണ് പഞ്ചായത്തിന്റെ ദൈന്യംദിന കാര്യങ്ങൾ പോലും നടത്തി വരുന്നത്

## *ധനകാര്യസ്ഥാപനങ്ങൾ*

ധനകാര്യസ്ഥാപനങ്ങൾ കഴനി - സർവ്വിസ് കോപ്പറേറ്റീവ് ബാങ്ക്, നെടുങ്ങാടി ബാങ്ക് എന്നിവയാണ്. ആകെയുള്ള നമ്മുടെ സഹകരണ മേഖലയിൽ അല്ലാതെയുള്ള ഒരു ഷെഡ്യൂൾ ബാങ്കാണ് നെടുങ്ങാടി ബാങ്ക്. ജനങ്ങൾക്ക് ഉപകാരപ്രദമാകേണ്ട ധനകാര്യ സ്ഥപനം ഉപദ്രവകരമാകുന്ന സ്ഥിതി വിശേഷമാണ് നെടുങ്ങാടി ബാങ്ക് ഇന്ന് കാണുന്നത്. IRDP ലോണുകൾക്ക് പോലും ഉപഭോക്തക്കളെ നട്ടം തിരിപ്പിക്കുന്ന സമ്പ്രദായമാണ് ഈ ബാങ്കിൽ നിന്നും ലഭിക്കുന്നത്.

സാധ്യതകൾ

1. തൊഴിൽ എടുക്കുന്നവർക്കു മുഴുവൻ തൊഴിൽ നികുതി ഏർപ്പെടുത്തുക.
2. കേബിൾ ടി. വി.യ്ക്കും വീടുകളിലുള്ള ടി. വി, ഫ്രിഡ്ജ് എന്നിവയ്ക്കും നികുതി ചുമത്തുക.
3. നായ്ക്കൾക്കും കർശനമായി ലൈസൻസ് ഫീസ് ചുമത്തുക.
4. ഇഷ്ടിക നിർമ്മാണത്തിന് വ്യക്തമായ ലൈസൻസ് ഫീ, 1 ലക്ഷം കല്ലിന് 250/- രൂപ

## ധനാഗമ മാർഗ്ഗങ്ങളുടെ 10 വർഷത്തെ താരതമ്യം

### *വരവ്*

| നമ്പർ | ധനാഗമ മാർഗ്ഗങ്ങൾ | 1985 - 86 രൂപ | 1995 - 96 രൂപ |
|---|---|---|---|
| 1 | തൊഴിൽ നികുതി | 39,729 | 84,190 |
| 2 | കെട്ടിട നികുതി | 82,630 | 2,17,260.90 |
| 3 | വിനോദ നികുതി | 29,073 | 37,462.27 |
| 4 | അധിക വിനോദ നികുതി | 17,662 | 22,668.91 |
| 5 | സംസ്ഥാന നികുതി വിഹിതം | 1,08,086 | 2,41,721 |
| 6 | അൺ ടൈഡ് ഫണ്ട് | - | 3,55,500 |
| 7 | ഗ്രാൻറുകൾ | 76,047 | 2,60,524 |

### *ചിലവ്*

| നമ്പർ | ധനാഗമ മാർഗ്ഗങ്ങൾ | 1985 - 86 രൂപ | 1995 - 96 രൂപ |
|---|---|---|---|
| 1 | എസ്റ്റാബ്ലിഷ്മെൻറ് | 79,783 | 3,55,648 |
| 2 | പൊതുമരാമത്ത് | 32,579 | 5,66,568 |
| 3 | വികസന ചെലവുകൾ | 21,468 | 2,00,394 |
| 4 | കടം തിരിച്ചടവ് | 7,382 | 10,890 |

വെച്ച് എത്ര ചൂളയാണ് ഉള്ളത് അത്രയും ലൈസൻസ് ഫീസ് ചുമത്തുക.

5. പഞ്ചായത്തിൽ ഒരു ട്രഷറി സമ്പ്രദായം ഏർപ്പെടുത്തുക. തന്മൂലം ''നിത്യനാണയനിധി'' സ്കീമിലൂടെ പണം ശേഖരിക്കുക.
6. വീട്ടു നികുതി കാലോചിതമായി മാറ്റം വരുത്തുക.
7. വികസന പ്രവർത്തനങ്ങൾക്ക് മനുഷ്യശേഷി 15% ഉപയോഗിക്കാൻ ശ്രമിക്കുക.
8. ഗൾഫ് രാജ്യങ്ങളിൽ നിന്ന് സാമ്പത്തിക ഭദ്രത നേടിയ ആളുകളെ വ്യാവസായ രംഗത്ത് ഉയർത്തി കൊണ്ടുവരാൻ ശ്രമിക്കുക.
9. പഞ്ചായത്തിൽ നടക്കുന്ന കാല്യാണങ്ങൾ നിർബന്ധമായും റജിസ്റ്റർ ചെയ്യുകയും ഫീസ് ചുമത്തുകയും ചെയ്യുക.
10. പുതിയ ഒരു ദേശസാൽകൃത ബാങ്ക് ശാഖ തുറക്കുക.

ഗ്രാമ സഭകളിലൂടെ കിട്ടിയ ജനങ്ങളുടെ ആശയ അഭിലാഷങ്ങൾ പൂർത്തിയാക്കുവാനും, വികസന പ്രവർത്തനങ്ങളിൽ ഗ്രാമീണ ജനതയുടെ അദ്ധ്വാനവും സഹകരണവും ഒരു പുത്തൻ ഉണർവിനുള്ള പുതിയ വികസന സംസ്കാരം ഉണ്ടാക്കുവാനും കഴിയട്ടെ!!



# ഉപസംഹാരം

കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ ജനകീയാസൂത്രണ പ്രസ്ഥാനത്തിൻെറ തിരശ്ശീല ഉയരുന്നത് ജില്ലാതല പരിശീലകരെ കണ്ടെത്തുന്നതിലൂടെയാണ്. ജില്ലാതല പരിശീലകരായി വി. ജനാർദ്ദനൻ മാസ്റ്റർ കഴനി, കെ. വാസുമാസ്റ്റർ, കെ. കെ. രാധാകൃഷ്ണൻ മാസ്റ്റർ നടക്കാവ്, എസ്. സുരേഷ്കുമാർ മാസ്റ്റർ കഴനി ചുങ്കം, വി. വാസുദേവൻ മാസ്റ്റർ പാടൂർ, എം. രാജമ്മ പാലത്തൊടി എന്നിവരും,

ജില്ലാ ആസൂത്രണ ബോർഡിൻെറ പ്രതിനിധികളായി എ. ഉണ്ണികുമാർ മാസ്റ്റർ കാവശ്ശേരി, സി. രവീന്ദ്രൻ മുത്താനോട്, ടി. വേലായുധൻ തെന്നിലാപുരം എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

സെപ്തംബർ 12, 13, 14 തിയ്യതികളിൽ ആലത്തൂർ പഞ്ചായത്ത് കമ്യൂണിറ്റിഹാളിൽ വെച്ച് നടന്ന പരിശീലന കളരിയിൽ ഈ ടീമിനോടൊപ്പം പഞ്ചായത്ത് സെക്രട്ടറിയും പ്രസിഡണ്ടും പങ്കെടുത്തു. പരിശീലനത്തിനുശേഷം കെ. വാസുമാസ്ററെ പഞ്ചായത്തിലെ ജില്ലാതല പരിശീലകരുടെ കൺവീനറായും കോ- ഓർഡിനേറ്ററായും തിരഞ്ഞെടുക്കപ്പെട്ടു.

ആദ്യത്തെ പഞ്ചായത്ത് തല ശില്പശാല 19 - 9 - 96 ന് കാലത്ത് 9 മണി മുതൽ 6.30 വരെ കെ. സി. പി. സ്കൂളിൽ നടന്നതിൽ 9 വനിതകളടക്കം 84 പേർ പങ്കെടുത്തു. ശനി, ഞായർ ദിവസങ്ങളിലായി പതിനൊന്നു വാർഡുകളിലേയും വിശേഷാൽ ഗ്രാമസഭ പൂർത്തീകരിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ വികസന റപ്പോർട്ടിലേക്ക് വേണ്ടി സ്വീകരിക്കുകയും ചെയ്തു. 12 - 10 - 96 ന് പ്രത്യേക യോഗം പഞ്ചായത്തിൽ വിളിച്ചും 1 - 1- 96 നകം വിവ രങ്ങൾ ശേഖരിക്കാൻ പ്രത്യേകം പ്രത്യേകം ഗ്രൂപ്പുകൾക്ക് ചുമതല തീരുമാനിക്കുകയും ചെയ്തു. ആവശ്യമായ രേഖകളും കണക്കുകളും 60% മാത്രമെ ഇപ്പോഴും ലഭ്യമായിട്ടുള്ളു.

രണ്ടാംഘട്ട ജില്ലാതല പരിശീലനം ഒക്ടോ : 22, 23, 24 തിയ്യതികളിൽ ആലത്തൂർ പഞ്ചായത്ത് കമ്യൂണിറ്റിഹാളിൽ നടന്നു. ആദ്യഘട്ടത്തിൽ പങ്കെടുത്ത് കെ. സുരേഷ്കുമാർ, സി. രവീന്ദ്രൻ എന്നിവർ

പിന്മാറുകയും പകരം കെ. മുഹമ്മദാലി മാസ്റ്ററും, ജെ. രവീന്ദ്രൻ പിള്ള മാസ്റ്ററും ശിവരാമകൃഷ്ണനും പരിശീലകരായി നിരദ്ദേശിക്കപ്പെട്ടു.

സംസ്ഥാന ഗവൺമെൻറിൻെറ ആഹ്വാന പ്രകാരം നവംബർ ഒന്ന് പുനരർപ്പണദിനമായി ആച രിച്ചു. പുനരർപ്പണ ദിനത്തിൻെറ പഞ്ചായത്ത്തല ഉൽഘാടനം പത്തനാപുരം - കോങ്ങാട്ടുമുറി റോ ഡിൻെറ പ്രവർത്തനത്തിന് തുടക്കമിട്ടു. പഞ്ചായ ത്തിൽ ജനങ്ങളുടെ പൂർണ്ണമായ അധ്വാനത്തിലൂ ടെ ആറാം വർഡിലും പത്താവാർഡിലും റോഡ് നിർമ്മാണം അന്നേദിവസം നടന്നു.

രണ്ടാംഘട്ട ലോക്കൽ റിസോർസ് പേഴ്സ ൺമാരുടെ ശില്പശാല 2 - 11- 96 നും കെ. സി. പി. സ്കൂളിൽ നടന്നു. 7 സ്ത്രീകളുൾപ്പടെ 63 പേർ പങ്കെടുത്തു. കൂടാതെ വിവിധ വകുപ്പുകളിൽ നിന്നായി 6 ഉദ്യോഗസ്ഥന്മാരും കെ. ആർ. പി. യായി ശ്രീ. വേലായുധനും പങ്കെടുത്തു. ശില്പ ശാല 12 കോർ ഗ്രൂപ്പുകൾക്കും, പഠന പര്യടന യാത്ര ക്കുള്ള ആളുകളെയും നിശ്ചയിച്ചു.

വിഭവ ഭൂപടത്തിന് വേണ്ടിയുള്ള പഠന പര്യ ടനയാത്ര നവംബർ 5. 6, തിയ്യതികളിൽ പഞ്ചാ യത്തിൽ നടന്നു. തുടർന്നു ഗ്രാമസഭകളിലെ നിർ ദ്ദേശങ്ങളുടെയും ആഭിപ്രായങ്ങളുടെയും ക്രോഡീ കരണം നടന്നു. അതോടൊപ്പം വിവിധ വകുപ്പുക ളിലെ ഉദ്യോഗസ്ഥർ, പ്രാവീണ്യമുള്ള കൃഷിക്കാർ, വ്യവസായ സംരംഭകർ എന്നിവരുമായി ആലോചി ച്ച് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ടി പ്രവർത്തനം നടത്തി. ഇതിലേക്ക് കോർഗ്രൂപ്പിൻെറ പ്രവർത്തനത്തിനു പുറമേ നാട്ടിലെ പഴമ അറിയു ന്നവരും, വിദഗ്ദരും, ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു സംഘം ഇതിന് സഹായിച്ചു. ഏതാനും സന്നദ്ധ പ്രവർത്തകരുടെയും ശാരിരികവും ബുദ്ധിപരവു മായ അദ്ധ്വാന സൃഷ്ടിയാണ് ഈ വികസനരേഖ കൃഷിഭവനിലെ ഉദ്യോഗസ്ഥർ, കാവശ്ശേരി I,II വില്ലേജ് ഓഫീസർമാർ, മൃഗാശുപത്രിയിലെ ഡോക്ടർ കെ. എസ്. ഇ. ബിയിലെ ഉദ്യോഗസ്ഥർ, ആരോഗ്യ സാമൂഹ്യക്ഷേമ വകുപ്പിലെ ഉദ്യോഗ സ്ഥർ, വി. ഇ. ഒ. എന്നിവരുടെയും കർമ്മശേഷി യുടെ ഫലമാണിത്. ഈ രേഖ സമ്പൂർണ്ണമാണെന്ന് അവകാശപ്പെടുന്നില്ല.

നമ്മുടെ പുതിയ വികസനമന്ത്രം വകുപ്പു മേധാവിത്വം ഒഴിവാക്കി കാര്യക്ഷമത വർദ്ധിപ്പിച്ച് ജനകീയ ഇടപെടലോടുകൂടി വികസനരംഗത്തെ ശക്തമാക്കി പദ്ധതികളുടെ നിർവ്വഹണ പ്രക്രിയ സുതാര്യവും കാര്യക്ഷമവുമാക്കുക എന്നതാണ്.

ജാതി മത ചിന്തകൾക്കും കക്ഷിരാഷ്ട്രീ യത്തിനും അതീതമായി വികസനം നമ്മുടേത് എന്ന ആശയത്തിലൂടെ പുതിയ വികസന സംസ്കാരത്തി ലൂടെ പുതുമാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുമെന്ന് നമുക്ക് പ്രത്യാശിക്കാം. നമ്മളിൽ ആർജിച്ചിരിക്കുന്ന ആശയുടേയും പ്രതീക്ഷയുടേയും പൂവിതളുകൾ വാടികൊഴിഞ്ഞ് പോവാതെ നല്ലനിറവും, സുഗ ന്ധവും മാധുര്യവുമുള്ള കനികളായി തീരട്ടെ എന്ന പ്രത്യാശയിൽ പഞ്ചായത്തീരാജ് സംവിധാനം പ്രാ വർത്തികമാക്കുന്നതിനുവേണ്ടി പ്രവർത്തിച്ച മഹാ ത്മജി, രാജീവ് ഗാന്ധി തുടങ്ങിയ ഇന്ത്യയിലെ ദേശീയ നേതാക്കളെ ഈ അവസരത്തിൽ സ്മരി ച്ചുകൊണ്ട് ഒമ്പതാം പദ്ധതിയുടെ വികസനരേഖ കാവശ്ശേരി ഗ്രാമപഞ്ചായത്തിൻെറ വികസന സെമിനാറിനു മുമ്പിൽ ക്രിയാത്മകമായ നിർദ്ദേ ശങ്ങൾ പ്രതീക്ഷിച്ചുകൊണ്ട് ഉപസംഹരിക്കുന്നു.

എന്ന്

**എ. ആണ്ടിയപ്പു**
ചെയർമാൻ
സ്റ്റാൻറിംഗ് കമ്മറ്റി
കാവശ്ശേരി ഗ്രാമ പഞ്ചായത്ത്

# വികസന രേഖയുടെ ശിൽപ്പികൾ

## I. കൃഷി - ജലസേചനം

1. കെ. രവി, മെമ്പർ
2. ശിവരാമകൃഷ്ണൻ - DRP
3. മണികണ്ഠൻ - കൃഷിഓഫീസർ
4. ടി. കെ. ഹരിദാസ്
5. വി. കെ. പ്രഭാകരച്ചഛൻ
6. സി. രാമനുണ്ണിനായർ
7. എ. പ്രഭാകരൻ

## II. മൃഗസംരക്ഷണം

1. ഡോ. ബിജു - വെറ്ററിനറി ഓഫീസർ
2. അഹമ്മദ് കബീർ - വൈ: പ്രസിഡണ്ട്, കാവശ്ശേരി
3. കെ. കെ. രാധാകൃഷ്ണൻ - DRP
4. എം. കെ. മാധവൻകുട്ടി
5. എം. രവീന്ദ്രൻ
6. പരമേശ്വരൻ നായർ
7. എം. സെയ്തലവി

## III. വ്യവസായം

1. എ. ആണ്ടിയപ്പു - മെമ്പർ
2. എ. ഉണ്ണികുമാരൻ - DRP
3. അസീസ്മാസ്റ്റർ
4. രാമസ്വാമി ചെട്ടിയാർ

## IV. ഗതാഗതം - ഊർജ്ജം

1. ഇ. സി. വേലായുധൻ
2. വാസുദേവൻ മാസ്റ്റർ - DRP
3. ആൻേറാ കണ്ണൻ
4. ഉണ്ണി ചുണ്ടക്കാട്

## V. ഭവന നിർമ്മാണം - സാമൂഹ്യക്ഷേമം

1. വി. പൊന്നുകുട്ടൻ - പഞ്ചായത്ത് മെമ്പർ
2. കെ. മുഹമ്മദാലി - ഡി. ആർ. പി.
3. അബ്ദുൾ റഹ്മാൻ - എൽ. ആർ. പി.
4. എം. കൊച്ചുകൃഷ്ണൻ - എൽ. ആർ. പി.
5. ബാലകൃഷ്ണൻ - വി. ഇ. ഓ.
6. കെ. ചന്ദ്രൻ - കൊങ്ങാളക്കോട്

## VI. വിദ്യാഭ്യാസം

1. കേശവദാസ് - മെമ്പർ
2. രവീന്ദ്രനാഥൻ പിള്ള
3. ശ്രീനിവാസയ്യർ - എ. ഇ. ഒ.
4. ജി. പത്മകുമാർ
5. എം. കൃഷ്ണൻ - Rtd. AEO

## VII. സംസ്കാരം

1. പ്രൊ. രത്നാകരൻ
2. ജയകൃഷ്ണൻ
3. ഭക്തവത്സലൻ
4. ഭാസ്കരൻ മാസ്റ്റർ

## VIII. ആരോഗ്യം

1. ജയാബാലകൃഷ്ണൻ - മെമ്പർ
2. ജനാർദ്ദനൻ മാസ്റ്റർ - DRP
3. ലക്ഷ്മിനാരയണൻ - Rtd. -ഹെൽത്ത് ഇൻസ്പെക്ടർ
4. സുഭദ്രാമ്മ - Rtd. ബ്രിഗേഡിയർ

## IX. വനിതാക്ഷേമം

1. സി. സുഗുണകുമാരി - മെമ്പർ
2. എം. രാജമ്മ
3. ഭാഗ്യലക്ഷ്മി ടീച്ചർ
4. കെ. എം. രാധാഭായ് ടീച്ചർ
5. വി. എൽ. സീത - അംഗൻവാടി ടീച്ചർ
6. പ്രസന്നകുമാരി - അംഗൻവാടി ടീച്ചർ

## X. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

1. എം. കർത്യായനി - മെമ്പർ
2. ടി. വേലായുധൻ - DRP
3. വി. കറുപ്പൻ

## XI. സഹകരണം

1. കെ. വി. മൈഥിലി - മെമ്പർ
2. സി. രവീന്ദ്രൻ - DRP
3. കെ. ബാലകൃഷ്ണൻ നായർ,
4. കെ. കെ. മണി

## XI. വിഭവസമാഹരണം

1. എം. കെ. കാദർ - മെമ്പർ
2. കെ. വാസുമാസ്റ്റർ - DRP

# കുറിപ്പുകൾ

# കുറിപ്പുകൾ



ഒഴിവുകഴിവുകളിൽ എനിക്ക് താല്പര്യമില്ല. കാര്യങ്ങൾ ചെയ്തുകാണുന്നതാണ് എനിക്കിഷ്ടം